# സരസൻ



ഓണം വിശേഷാൽപ്രതി 50 NP

# ആരോഗ്യവും നിത്യയൗവ്വനവും കാംക്ഷിക്കുന്നവർ

## ആരോഗ്യസംവർദ്ധക ഔഷധങ്ങളിൽ അഗ്രിമമായ ഞങ്ങളുടെ സുപ്രസിദ്ധ

# "മൃഗമദാദിരസായനം"



തന്നെ സേവിക്കുക. ശരീരത്തെ സവിശേഷം പുഷ്ടിപ്പെടുത്തും. അടി, ഇടി, വീഴ്ച ഇവകളാൽ സംഭവിക്കുന്ന കേടുപാടുകൾ പോക്കും. ശരീരശോഷം, ചുമ, നെഞ്ചുവേദന, ശ്വാസംമുട്ടൽ, വായുവികാരങ്ങൾ, നിദ്രാഭംഗം, നാഡിവൈകല്യം, മലബന്ധം ഇവകളെ ശമിപ്പിക്കാൻ നല്ലതു്.

**പ്രസവരക്ഷയ്ക്കു് അത്യുത്തമം.**

**സ്ത്രീപുരുഷഭേദമെന്യേ ഏവർക്കും സേവിക്കാം.**

**വില: റാത്തൽ ഒന്നുക്കു് 5 രൂ. 75 ന: പ:**

സ്റ്റോക്കിസ്റ്റന്മാർ:— 1 മെ: രാജൻ മെഡിക്കൽസ്റ്റോഴ്സ്, പുത്തൻചന്ത, തിരുവനന്തപുരം 2 മാതേവൻമെഡിക്കൽസ്റ്റോഴ്സ്, ചെന്തിട്ട, തിരുവനന്തപുരം–3. 3. ചന്ദ്രികാ മെഡിക്കൽസ്റ്റോർ, ഉള്ളൂർ, തിരുവനന്തപുരം 4 ഗോപി & കമ്പനി, മെയിൻറോഡ്, മാർത്താണ്ഡം 5 എൻ. തിരവിയം,കെമിസ്റ്റ്സ്, നാഗർകോവിൽ 6 വെസ്റ്റേൺ മെഡിക്കൽസ്റ്റോഴ്സ്, ചിന്നക്കട, കൊല്ലം 7 ജി. ദാമോദരൻ, കെമിസ്റ്റ്സ്, കടയ്ക്കാവൂർ 8 കമലാ മെഡിക്കൽസ്റ്റോഴ്സ്, കുന്നിക്കോട് 9 ജൂപ്പിററർ മെഡിക്കൽസ്റ്റോഴ്സ്, കായംകുളം 10 പരീതുകുഞ്ഞ് & സൺസ്, മർച്ചൻറ്സ്, പുനലൂർ 11 പി. കെ. രാഘവൻപിള്ള, മർച്ചൻറ്, കുണ്ടറ 12 ശശി മെഡിക്കൽസ്റ്റോഴ്സ്. കഴക്കൂട്ടം 13 കെ. ടി. ജോർജ്ജ് & സൺസ്, തിരുവല്ലാ 14 സി. ജെ. ജോൺ & കൊ, കെമിസ്റ്റ്സ്, വൈക്കം 15 പ്രഭാത് മെഡിക്കൽസ്റ്റോർ, ചെങ്ങന്നൂർ 16 പി. എസ്. കെ. സ്റ്റോഴ്സ്, മുണ്ടക്കയം 17 കളരിക്കൽ മെഡിക്കൽസ്റ്റോഴ്സ്, കോട്ടയം 18 മെഡോണാ എമ്പോറിയം, ചങ്ങനാശേരി 19 യുണൈററഡ് മെഡിക്കൽസ്റ്റോഴ്സ്, ചങ്ങനാശേരി 20 പുലമൺ മെഡിക്കൽസ്റ്റോഴ്സ്, പുലമൺ ജംഗ്ഷൻ, കൊട്ടാരക്കര 21 എസ്. ഡി. വി. എ. ഫാർമസി, അടൂർ 22 ബാലു മെഡിക്കൽ സ്റ്റോഴ്സ്, വടക്കൻപറവൂർ 23 പ്രമീളാ സ്റ്റോഴ്സ്. ഓച്ചിറ 24 ജനതാ സ്റ്റോഴ്സ്, കരുനാഗപ്പള്ളി 25 അബ്ദുൽ റസാക്ക്, മർച്ചൻറ്, ചവറ 26 പോപ്പുലർ മെഡിക്കൽസ്റ്റോഴ്സ്, വർക്കല 27 എം. പി. ജോസഫ്, മരുന്നുവ്യാപാരം, ചാത്തന്നൂർ 28 പി. സി. ശേഖർ, മർച്ചൻറ്, നെയ്യാററിൻകര 29 എം. അബ്ദുൽറഹീം, മർച്ചൻറ്, ബാലരാമപുരം 30 ബാലാ & ബ്രദേഴ്സ്, മെഡിക്കൽ സ്റ്റോഴ്സ്, പാറശാല 31 ന്യൂ കൊളംബൊ ഫാർമസി, പത്തനംതിട്ട 32 കേരളാഫാർമസി, നെടുമങ്ങാട് 33 ശ്രീചിത്രാ മെഡിക്കൽസ്റ്റോർ, അഞ്ചൽ 35 പി. കെ. രാഘവൻപിള്ള, കെമിസ്റ്റ്, കുണ്ടറ.

വി. പി. ഏർപ്പാടിനു് ഞങ്ങൾക്കെഴുതുക—

വി. പി. ചാർജ്ജ് 1 രൂ. 95 ന: പ. ഫോൺ നമ്പർ 586.

## മാനേജർ, എസ്സ്. ഡി. ഫാർമസി, മുല്ലയ്ക്കൽ—ആലപ്പുഴ.

**(Alleppey P. O.)**

**ബ്രാഞ്ചുകൾ:— അമ്പലപ്പുഴ, ചേർത്തല, കുത്തിയതോടു്, പാലാ, എടത്വാ, തോപ്പുംപടി (കൊച്ചി), തൊടുപുഴ, തൃശ്ശൂർ, ചങ്ങനാശ്ശേരി, തിരുവനന്തപുരം, മട്ടാഞ്ചേരി (കൊച്ചി), എറണാകുളം.**

1-9-60
KUMAR NEWS AGENCY
CHENTHITTA
TRIVANDRUM
ശ്രീ കൃഷ്ണ വിലാസം
മലയിൻകീഴ്

# സരസൻ

## ★ ഓണം വിശേഷാൽപ്രതി ★

പുസ്തകം 16 | ചങ്ങനാശേരി ★ സെപ്തംബർ 1960 | ലക്കം 5

# വാർഷികാഭിവാദനങ്ങൾ!

ഓണക്കോടിയുമായി പതിവിൻപടി മഹാബലിചക്രവത്തി ഇക്കൊല്ലവും കേരളത്തിലേക്ക് എഴുന്നെള്ളുകയാണ്. പാട്ടുപാടുന്ന മുളങ്കാട്ടുകളും, പൊട്ടിച്ചിരിച്ചുകൊണ്ടു ചാഞ്ചാടുന്ന കൊച്ചരുവികളും, കളഗീതം പൊഴിക്കുന്ന കുഞ്ഞിക്കിളികളും ആ വിശിഷ്ടാതിഥിയെ സല്ക്കരിച്ച് ഉപചരിക്കുന്നതിന് തയ്യാറായിക്കഴിഞ്ഞു. അങ്ങനെ അനവദ്യമായ ആനന്ദം അലതല്ലുന്ന പൊന്നോണപ്പുലരിയിൽ കേരളജനതയോടൊപ്പം ആ പൗരാണികാചാര്യക്ക് അകമ്പടിസേവിക്കാൻ സരസനും ഒരു വാർഷികോപഹാരവുമായി ഇക്കൊല്ലവും ഇതാ രംഗപ്രവേശംചെയ്യുന്നു! മഹാബലിയ്ക്കുന്നപോലെ ഞങ്ങളുടെയും ആഗ്രഹലക്ഷ്യങ്ങൾ ഏറെക്കുറെ ഒന്നുതന്നെയാണെന്നു പറയാം. ഐശ്വര്യപൂർണ്ണമായ നാടിനെയും, നാട്ടുകാരെയും കണ്ടു സാതൃപ്തിയടയുക! പ്രതീക്ഷാനുസരണമുള്ള സംതൃപ്തി പെട്ടെന്ന് ലഭിക്കുക പ്രയാസമാണെന്നു ഞങ്ങൾക്കറിയാം. എങ്കിലും കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് അല്പമായ പുരോഗതിയെങ്കിലും കാണുന്നുണ്ടെങ്കിൽ നിരാശകൂടാതെ കഴിക്കാമായിരുന്നു.

കഴിഞ്ഞവഷത്തെ അപേക്ഷിച്ച് ഇക്കൊല്ലം വളരെയേറെ ബന്ധുക്കൾ ഞങ്ങൾക്കുണ്ടായിട്ടുണ്ട്. എല്ലാവരുടെയും വീടുകളിൽ കയറി കുശലാന്വേഷണം നടത്തത്തക്കവിധം കൂടുതൽ പ്രതികൾ പുറത്തയക്കേണ്ടതായ ചുമതല ഞങ്ങൾ മറന്നിട്ടില്ല. എങ്കിലും സാധനങ്ങളുടെ വിലക്കൂടുതലും, വിഭവങ്ങൾ എത്തിച്ചേരുന്നതിനുണ്ടായ കാലതാമസവുംമൂലം ഞങ്ങളുടെ പ്രതീക്ഷകൾ മുഴുവൻ ഫലപ്രദമാക്കുവാൻ സാധിക്കാതെപോയിട്ടുണ്ടെന്നുള്ള വസ്തുത മാന്യബന്ധുക്കൾ ക്ഷമിക്കണമെന്നഭ്യർത്ഥിക്കുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും സഹൃദയരെ കഴിയുംവിധം തൃപ്തിപ്പെടുത്താനുള്ള മുതൽക്കൂട്ടുകളോടുകൂടി ആവുന്നത്ര ബന്ധുക്കളെ ഞങ്ങൾ സ്വീകരിക്കുവാനാണ് തീർച്ചപ്പെടുത്തിയിട്ടുള്ളത്. പതിനായിരക്കണക്കിനുള്ള ഞങ്ങളുടെ ബന്ധുക്കളുടെ സഹകരണമുണ്ടെങ്കിൽ പ്രതിബന്ധങ്ങൾ ഞങ്ങൾക്ക് വെറും തൃണമാണ്. മാന്യബന്ധുക്കൾക്കെല്ലാവർക്കും ഞങ്ങളുടെ വാർഷികാഭിവാദനങ്ങൾ!

കൂടാതെ ഈ വാർഷികച്ചടങ്ങിലേക്ക് വിഭവങ്ങൾ അയച്ചുതന്നു സഹായിച്ച മാന്യ തൂലികാബന്ധുക്കളോടുള്ള കൃതജ്ഞതയും ഈ അവസരത്തിൽ ഞങ്ങൾ രേഖപ്പെടുത്തിക്കൊള്ളട്ടെ!

# തിരുവോണപ്പെണ്ണിന്റെ തിരുനെററിയിൽ നീലായുടെ ഒരു നീലക്കുറി!

**സെപ്തംബർ 2-ാംതീയതിമുതൽ പ്രദർശനമാരംഭിക്കുന്നു!**



★

കുമാരി, ശാന്തി, പങ്കജവല്ലി,
എസ്സ്. പി. പിള്ള,
ബാലചന്ദ്രൻ, തിക്കുറിശ്ശി,
കൊട്ടാരക്കര, ബഹദൂർ
മുതലായവർ അഭിനയിച്ച

★

നീലായുടെ

# ★ പൂത്താലി ★

(മലയാളം)

സ്റ്റുഡിയോ: മെരിലാൻഡ്. ★ സംവിധാനം: സുബ്രഹ്മണ്യം.

NAZY

## a Kumaraswamy & Co., RELEASE.

# ചെറുക്കനെ കിട്ടി, പക്ഷേ---!

## എൻ. പി. ചെല്ലപ്പൻനായർ



"പനപട്ടു, പാട്ടോം ഒഴിഞ്ഞു, എന്നുവച്ചു കളഞ്ഞതു നന്നായില്ല മോനെ." കുഞ്ഞിഅപ്പച്ചി കരവുവച്ചാണു പറഞ്ഞതു്. അവരുടെ ഒരു മകൾ കുഞ്ഞിക്കുട്ടിയും ഞാനുമായി കുറെ മമതയിലായിരുന്നു ഒരു കാലത്തു്. അവൾഉള്ളപ്പോഴെല്ലാം ഞാൻ ആ വീട്ടിൽ മുറയ്ക്കുപോകും: ചെന്നാൽ എളുപ്പമൊന്നും ഇറങ്ങിപ്പോരികയില്ല, കാര്യമൊന്നുമില്ലെങ്കിലും ചുമ്മാ വർത്തമാനം പറഞ്ഞുകൊണ്ടിരിക്കും, ചിരിക്കും, ബഹളം കൂട്ടും—കുഞ്ഞിക്കുട്ടിയെ ആരും കൊണ്ടുപോകുന്നതിനുമുമ്പു് കാലൻ അവളെ കൊണ്ടുപോയി. പിന്നെ അധികമൊന്നും ആ വീട്ടിൽ പോയിട്ടില്ല.

"ഞാൻ അങ്ങിനെ ഒന്നും കരുതിയിട്ടില്ലപ്പച്ചീ. നേരംകിട്ടാറില്ല. പണ്ടേപ്പോലെ തെണ്ടിത്തിരിയാൻ." ഇൻഡ്യൻ പ്രധാനമന്ത്രിയോടൊപ്പം ജോലിത്തിരക്കുള്ളവനാണു ഞാൻ, എന്നൊരു ഭാവമായിരുന്നു എൻെറ മുഖത്തപ്പോൾ. ജോലിയാണെങ്കിൽ യഥാർത്ഥത്തിൽ ഒരു ചുക്കുമില്ല. എന്നാലും ചെന്നോണ്ടിരുന്നിടത്തു ചെല്ലുന്നില്ലെന്നു പരാതിപറയുമ്പോൾ ഒരു കാരണം പറയേണ്ടെ.

"ഓ! ചേട്ടൻ ഇപ്പോൾ വലിയ ആളാണമ്മെ. നമ്മളേപ്പോലെയുള്ള പാവങ്ങളുടെ വീട്ടിൽ വരിക ഒരു കുറച്ചിലായിരിക്കും." തള്ളയുടെ തലയാകുന്ന ഘോരഘോരവനത്തിൽ, നഖാദ്യായുധങ്ങളുമായി "ശ്രൂ" "ശ്രൂ" എന്നു ഫൂൽക്കാരംചെയ്തുകൊണ്ടു്, നായാട്ടുനടത്തുന്ന ബേബി എനിക്കിട്ടൊരു തോണ്ടുതോണ്ടി. ഞാൻ അവളുടെ മുഖത്തേക്കുനോക്കി. ശൃംഗാരം അങ്ങിനെ പട്ടംപറത്തുകയാണു്, ആ കൺകോണുകളിൽ തങ്ങിനിന്നുകൊണ്ടു്. ഞാൻ അങ്ങോട്ടേങ്ങും നോക്കിയില്ല, എന്നിട്ടും ചുമ്മാ അവൾമാറുമറച്ചുകിടന്നിരുന്ന ആ സാരിത്തുമ്പു് ഒന്നുകൂടി വിതിർത്തിട്ടു. പക്ഷെ വെളഞ്ഞ തേങ്ങായാണോ, വെള്ളത്തിൽ പൊങ്ങിക്കിടക്കും.

"മോനേ ഞാനിപ്പോൾ വിളിച്ചുവരുത്തിയതു് ഒരു അത്യാവശ്യകാര്യം പറയാനാ. അപ്പച്ചിയെ വിചാരിച്ചു്, ഒഴിഞ്ഞു പറയരുതു്. ബേബിക്കുഞ്ഞിനു വയസ്സിപ്പോൾ മുപ്പത്തിനാലു കഴിഞ്ഞു. എത്രപേരുവന്നു പറഞ്ഞതാ. അവൾക്കു് ആരേം പിടിച്ചില്ല. അതൊക്കെ കഴിഞ്ഞകാര്യം. ഞാൻ അവളേ നിന്നെ ഏല്പിക്കുവാ—" കുഞ്ഞിഅപ്പച്ചി എൻെറമുഖത്തേക്കു നോക്കി.

ഞാൻ ഒന്നു ഞെട്ടി. എൻെറ വയററിൽ ഒരു തീ. മുപ്പത്തിനാലു വയസ്സുണ്ടു് ബേബിക്കുഞ്ഞിനു്. പൊണ്ണത്തടിച്ചിയാണു്. കാലുകളിൽ നോക്കിയാൽ ചേർത്തലയിലെ മാടമ്പിതപമുണ്ടു്. പോരാത്തതിനു് കോങ്കണ്ണും. അവളെ എന്നെ ഏല്പിക്കുന്നതായി ഒരു ഓർഡിനൻസു പാസ്സാക്കിയിരിക്കുന്നു, അവളുടെ മുത്തിത്തള്ള. എനിക്കാണെങ്കിൽ ഒരു ഭാര്യയും മൂന്നു പിള്ളേരും ഉണ്ടു്. ഇനിയും ഒന്നിനേക്കൂടി—ആ ഭാരം താങ്ങാൻ എന്നേക്കൊണ്ടാവില്ല. പക്ഷെ എങ്ങിനെപറയും, കുഞ്ഞിയപ്പച്ചിയോടതു്.

"എൻെറ കുഞ്ഞിനെ ഇനിയും ഇങ്ങനെ നിർത്തിക്കൊണ്ടിരിക്കുവാൻ എൻെറ മനസ്സനുവദിക്കുന്നില്ല. അവളുടെ പ്രായക്കാരികളു് ആറും ഏഴും പെററു, അതുകൊണ്ടു് അവൾക്കൊരു ചൊവ്വുള്ളകൊച്ചനെ എവിടുന്നെങ്കിലും എൻെറമോൻ അന്വേഷിച്ചു തന്നേ മതിയാവൂ."

ആവൂ! വല്യമ്മയുടെ നോട്ടം എന്നെയല്ല. ആ ഭാരം ഞാൻ താങ്ങേണ്ടതില്ല. സമാധാനമായി. പക്ഷെ പ്രശ്നംഅതിലും കുഴഞ്ഞതാണു്. ഒരാളുവേണം ബേബിക്കുഞ്ഞിനു്. അവളെയും, ഹോപ്പ് സ്റ്റെപ്പ് ആൻറ ജംപു കൊണ്ടു് കഴിയുന്നതുംവേഗം ആറേഴെണ്ണത്തിൻെറ ത

ള്ളയാക്കി, കൂട്ടുകാരികളോടൊപ്പം എത്തിക്കാൻ പ്രാപ്തിയുള്ള ഒരാൾ. അതിനു കഴിവുള്ള പലരേയും അറിയാം എനിക്ക്. അമ്പർ കൃത്യം നിർവഹിക്കും. പക്ഷെ പരസ്യമായി കൃത്യഭാരം തലയിൽ ചുമക്കുകയില്ല.

"അമ്മ മിണ്ടാതിരിയമ്മേ. എനിക്കു ഭർത്താവുംവേണ്ടാ, എന്നെ എങ്ങും അയക്കുകേം വേണ്ട." ബേബി തലവെട്ടിത്തിരിച്ച് ഈർഷ്യകാട്ടിപ്പറഞ്ഞു. പറച്ചിൽ വെറുതെയാണെന്നു സ്പഷ്ടം. ഒരുവനെ ഭർത്താവായി ഒന്നു കിട്ടാത്തതാമസം, അവന്റെ കഴുത്തിൽ ഇറുകിത്തൂങ്ങാൻ, എന്ന് ആ ഭാവംതന്നെ പ്രഖ്യാപിക്കുന്നുണ്ട്. ഇതുവരെ തന്നെ വെറുമെനെ ഇരുത്തി താമസിപ്പിച്ചതിന്, ഇങ്ങു വരട്ടെ, അയാളോടു ഞാൻ സമാധാനം ചോദിക്കുന്നുണ്ട്: എന്ന് കാലുഷ്യം കണ്ണുകളിൽ എഴുതിയിട്ടുമുണ്ട്.

"ഒരുത്തൻ വന്നാൽ അവന്റെ ഏക്കം ചൊല്ലും കേട്ട് നടന്നേപറ്റൂ. ഒരു കുടുംബോം ഭരിക്കണം. അവൾക്ക് ഒരുത്തന്റെ വരുതികേട്ടു നടക്കാൻ മേലാ–" അപ്പച്ചി പരുഷംപറഞ്ഞു.

"എനിക്കാരുടേം വരുതികേൾക്കാൻ വയ്യാ. എന്നെ ഒന്നു തല്ലിയാൽ ഞാൻ അയാളെ രണ്ടു തല്ലും." ബേബിയുടെ മുഖത്തേക്ക് എങ്ങുനിന്നോ ഒരു ഉറപ്പ് വഴിഞ്ഞിറങ്ങി. താറാവ് കരയിൽനിന്നും വെള്ളത്തിലേക്കിറങ്ങുന്നമട്ടിൽ. നല്ല അനുസരണയും വിനയവും ഉള്ള ഭാര്യയെ ആയിരിക്കും കിട്ടുക; വല്ല അത്താഴക്കാരനും വന്നു കയറിയാൽ; ഞാൻ മനസ്സിൽ എണ്ണി.

"ആകട്ടപ്പച്ചീ. അപ്പച്ചി വിഷമിക്കേണ്ട. നമ്മുടെ ബേബിക്കുഞ്ഞിന് അനുരൂപനായ ഒരാളുവേണം: അതുയല്ലെയുള്ളു. കൊണ്ടുത്തരാമെന്ന് ഞാൻ ഏല്ക്കുന്നു—"

ആ വീട്ടിൽനിന്നും പുറത്തിറങ്ങിയപ്പോഴാണ്, എന്റെ വാഗ്ദാനത്തിന്റെ ഗൗരവം ഞാൻ മനസ്സിലാക്കിയതു്. മുപ്പത്തിയഞ്ചു വയസ്സുള്ള ബേബിക്കുഞ്ഞിന് അനുരൂപനായ ഒരു പുരുഷൻ! എവിടെപ്പോകും ഞാൻ. മുപ്പത്തഞ്ചുകാരിയുടെ ഭർത്താവിന് നാല്പതു വയസ്സെങ്കിലുംവേണം. നാല്പതുകാരന്മാർ എല്ലാംതന്നെ പ്രായേണ അപ്പൂപ്പന്മാരായിരിക്കും. പിന്നെ വിവാഹത്തൊഴിലാളികൾ ഉണ്ട്. ട്രേഡ്യൂണിയൻ അടിസ്ഥാനത്തിൽ സംഘടിതരല്ലെങ്കിലും, വീരന്മാർ, വിരുതന്മാർ. ഒരുവളെ വിവാഹംകഴിക്കും. അവളുടെ കഴുത്തിലേതും കാതിലേതും പറിച്ചു വിററിട്ട്, അവളെ ഉപേക്ഷിക്കുക. പിന്നെ വേറൊരുവളെ ബാന്ധവിക്കുക. പിന്നെയും ആഭരണവിക്രയം നടത്തുക. അവൾ പ്രസവത്തിനുപോകുന്ന തക്കം നോക്കി വേറൊരിടത്തേക്കു കടക്കുക. അങ്ങിനെ ലോകോപകാരാർത്ഥം അവിശ്രമം പണിയെടുക്കുന്ന ഒരു സംഘം തൊഴിലാളികൾ. അറിഞ്ഞുകൊണ്ട് എങ്ങിനെയാണ്; അങ്ങിനെയൊരു മഹാപാപത്തിനു കൂട്ടുനിൽക്കുക. ബേബിക്കാണെങ്കിൽ വലിയ സ്വത്തില്ല. ഒരു പറമ്പും കുറച്ചു നിലവുമേയുള്ളു. സൌന്ദര്യമാണെങ്കിൽ—അതുണ്ടായിരുന്നെങ്കിൽ അവളെ ആരെങ്കിലും എന്നേ റാഞ്ചിക്കൊണ്ടുപോകുമായിരുന്നു. 'കട്ടുവളരെപ്പേർവന്ന് മുട്ടുപാടുകിടന്നു, അവൾക്കു പിടിച്ചില്ല' എന്നെല്ലാം ആ മുതുക്കിപറഞ്ഞതു് ശുദ്ധ നുണ. എല്ലാ തള്ളമാരും ആ വിധം പൊങ്ങച്ചം പറയും.

ബൽജിയത്തിൽ "ഇക്കോസിനസ്സ്" എന്നൊരു ഗ്രാമമുണ്ട്. എല്ലാ വർഷവും ജൂൺ 6–ാംനു- ആ ഗ്രാമത്തിൽ ഒരു വിവാഹച്ചന്ത കൂടാറുണ്ട്. അവിവാഹിതകളായ അനവധി സുന്ദരികളും വിവാഹകാംക്ഷികളായ അനവധി യുവാക്കന്മാരും ആ ചന്തയിൽ കൂടും. എല്ലാം പററങ്ങളായും ഒററതിരിഞ്ഞും നടക്കും. പെണ്ണുങ്ങൾ ബൽജിയംകാരികളായിരിക്കണമെന്നു നിർബന്ധമുണ്ട്. ആണുങ്ങൾ ഏതു രാജ്യക്കാരായാലും വിരോധമില്ല. ഈ വിവാഹച്ചന്തമൂലം ലോകപ്രസിദ്ധമായിത്തീർന്നിട്ടുണ്ട് ഇക്കോസിനസ് ഗ്രാമം. പെണ്ണിനും ആണിനും ഇഷ്ടമുള്ളവരെ വിവാഹത്തിനുവേണ്ടി തെരഞ്ഞെടുക്കാം. ഒരു കാര്യം നിർബന്ധമുണ്ട്, തെരഞ്ഞെടുക്കപ്പെടുന്ന യുവാവിന്റെ അന്നത്തെ കുടിയ്ക്കും തീററിക്കും സിഗററ്റിനും എല്ലാം ഉള്ള ചിലവ് അയാളെ തെരഞ്ഞെടുക്കപ്പെടുന്ന പെണ്ണു വഹിക്കണം—അത്തരം ചിന്തകൾ നമ്മുടെ രാജ്യത്തും അങ്ങും ഇങ്ങും ഉണ്ടായിരുന്നെങ്കിൽ!–പക്ഷെ കുടിയും തീററിയും എല്ലാം കഴിഞ്ഞുപോയാൽപിന്നെ അവളെ കണ്ടിട്ടേയില്ലെന്ന് ആണയിട്ടു പറയുന്ന ദുഷ്യന്തന്മാരാ കേരളീയയുവാക്കന്മാരിൽ അധികവും. വിവാഹച്ചന്ത വന്നതുകൊണ്ടും ബേബിയുടെ പ്രശ്നം അവസാനിക്കുന്നില്ല. ഏൾക്കേണ്ടായിരുന്നു, പക്ഷെ ഏററുപോയി.

അപൂർവ്വം ചിലരെ കണ്ടുകിട്ടി! അന്വേഷിച്ചു—ആ തൈക്കിളവിയെ വേൾക്കാൻ വിഭാര്യന്മാർപോലും തയ്യാറായില്ല. വിവാഹമോചനം നേടിയവരെ തേടിനടന്നു. അവർ എന്നെ കാണുമ്പോൾ, ആ ഭദ്രകാളിയുടെ ദല്ലാൾ വരുന്നു എന്നുപറഞ്ഞ് ഒളിക്കാൻ തുടങ്ങി. നേർവഴി പററുകില്ലെന്നുകണ്ടപ്പോൾ കുറുക്കുവഴി എടുത്തു ഞാൻ. പത്രത്തിൽ "ആവശ്യമുണ്ട്" എന്ന ശീർഷകത്തിൽ, സുന്ദരിയും പാചകവിദഗ്ദ്ധയും, തയ്യൽ, സംഗീതം മുതലായ കലകളിൽ നിപുണതയും, ഒരു തികഞ്ഞ മഹിളാസംഘം പ്രവർത്തകയും, ധനികയും കുലീനയുമായ കുമാരിയെ വേൾക്കാൻ, നാല്പതോടടുത്തു പ്രായമുള്ളവനും, പ്രാരാബ്ധങ്ങളില്ലാത്തവനും, സുന്ദരനും ധനികനും ആരോഗ്യവാനുമായ ഒരാളെ ആവശ്യമുണ്ട്: ഉദ്യോഗം പ്രതിബന്ധമല്ല; ഫോട്ടോയും ജാതകവും വ്യവസ്ഥകളും സഹിതം അപേക്ഷിക്കുക—എന്നെല്ലാം പരസ്യംചെയ്തു. അപേക്ഷകൾ തുരുതുരാ വരുമെന്നു ഞാൻ അന്ധാളിച്ചു, വന്നില്ല, ഒരു പൂഞ്ഞാൻമാത്രം ആ ചൂണ്ടയിൽ കൊത്തി. അയാളുമായി എഴുത്തുകുത്തായി. അയാളെ സംബന്ധിച്ചിടത്തോളം അവൾക്കു സ്വത്തുപോരാ. അഥവാ വിവാഹം കഴിക്കണമെങ്കിൽ അവൾക്കുള്ള സ്വത്തുമുഴുവൻ മുൻകൂറായി അയാളുടെപേർക്ക് എഴുതിക്കൊടുക്കണം. ആ വ്യവസ്ഥ എങ്ങിനെ സ്വീകരിക്കാനാണ്. കല്യാണംകഴിഞ്ഞ് ഒരാഴ്ച കഴിയുമ്പോൾ. അയാൾ കുറെ അടിയും ഇടിയും കൊടുത്ത് ബേബിയേയും കുഞ്ഞിഅപ്പച്ചിയേയും പുറത്താക്കിയാൽ എന്തുചെയ്യും. പൂഞ്ഞാന്റെ അപേക്ഷ തള്ളി. ഹും! പരസ്യക്കൂലിയിനത്തിൽ നല്ല ഒരു തുക നഷ്ടപ്പെട്ടതുമാത്രം മിച്ചം: ബേബി കയ്യാലയുടെ മുകളിൽക്കൂടി ഇപ്പോഴും തല വെളിയിലേക്കിട്ടുകൊണ്ടുനിൽക്കുന്നതേയുള്ളു. എങ്കിലും ഒരു ലാഭം ഉണ്ടായി, ആ പരസ്യക്കച്ചവടത്തിൽ: നാല്പതോളം വയസ്സുള്ളവനും, കാഴ്ചയിൽ സാമാന്യം സുന്ദരനും, തൊഴിലിൽ പള്ളിക്കൂടം വാദ്ധ്യാരും, കൊക്കപ്പുഴു രോഗിയെങ്കിലും ഉല്പാദനശേഷി തീരെ നശിച്ചിട്ടില്ലാത്തവനുമായി കോമൻനായർ എന്നൊരു പണക്കൊതിയൻ ബ്രഹ്മചാരി, വിവാഹയജ്ഞത്തിൽ യജമാനസ്ഥാനം വഹിക്കുവാൻ വിസമ്മതമില്ലാതെ, കൊങ്ങനാട്ടു ജീവിച്ചിരിപ്പുണ്ടെന്നുള്ള ഒരറിവ്.

ഫൽഗുനൻആശാരി നല്ലവനാണ്. സ്വർണ്ണമില്ലാത്ത ഒരു "കനകോജ്ജ്വല സ്വർണ്ണജ്ജ്വലറി മാർട്ടി"ന്റെ ഉടമസ്ഥനാണ്. സ്വർണ്ണാഭരണക്കുറിച്ചിട്ടികളുടെ ഒരു മുഴുത്ത വാധാതാവ്. യശശ്ശരീരനായ കായങ്കുളം കോലപ്പൻ എന്ന ഭാവനാസമ്പന്നന്റെ ഒരു അടുത്തബന്ധു. എന്റെ ഒരു ബഹുമാന്യസുഹൃത്താണെന്നും വച്ചുകൊള്ളു. ബേബിക്ക് പൊല്പുള്ള ഒരു ഭർത്താവിനെ കണ്ടുപിടിച്ചുകൊടുക്കുന്നതിലുള്ള എന്റെ ചുമതലയും കോമൻനായർ എന്ന ബ്രഹ്മചാരിയുടെ പണക്കൊതിയും എല്ലാം അറിഞ്ഞ ആ സ്നേഹിതൻ എനിക്കുവേണ്ടി ഒരു സ്വർണ്ണാഭരണവിതരണപദ്ധതി തയ്യാറാക്കി. ത്രിവത്സരപദ്ധതിയും പഞ്ചവത്സരപദ്ധതിയും ഒന്നുംഅല്ല. അയാളുടെ കനകോജ്ജ്വല സ്വർണ്ണജ്ജ്വലറിമാർട്ടിൽ 5 രൂപാ മുടക്കിയാൽ ആദ്യത്തെ നറുക്കു

വീഴുകയാണെങ്കിൽ 5001 രൂപായുടെ സ്വർണ്ണാഭരണങ്ങൾ യാതൊരു ബാദ്ധ്യതയും കൂടാതെ ഉടൻ ലഭിക്കും. നറുക്കു വീണാൽ പിന്നെ ആ വ്യക്തി പണം വയ്ക്കേണ്ട ആവശ്യമേയില്ല; ചുമ്മാ ഇരുന്നുകൊണ്ടാൽ മതി. അതുകൂടാതെ ആ നറുക്കുകിട്ടുന്ന ആളിന്, പ്രതിവർഷം പത്തുപവൻവീതം, അഞ്ചുകൊല്ലങ്ങളിൽ തിരുവോണദിവസം കിട്ടുകയും ചെയ്യും. ആദ്യത്തെ നറുക്കെടുപ്പ്, ഭാരതാംബികയെ പൊൻനീരാളപ്പുതപ്പ് പുതപ്പിച്ചുകൊണ്ടെത്തുന്ന ആഗസ്റ്റ് 15-ന്.

പ്രതിദിന പത്രങ്ങളുടെയും വാരികകളുടെയും മാസികകളുടെയും വെള്ളപ്പുറങ്ങളിൽ, ചുവപ്പും നീലവും ഇടകലർന്ന വർണ്ണത്തിലുള്ള ബ്ളൗസണിഞ്ഞുകൊണ്ടു നൈലോൺ വസ്ത്രങ്ങൾ ധരിച്ച ഒരു സുന്ദരിയേപ്പോലെ ആ പരസ്യം പ്രത്യക്ഷപ്പെട്ടു. എനിക്കൊന്നും മനസ്സിലായില്ല. എങ്കിലും പരസ്യത്തിന്റെ ചിലവുകൾ മുഴുവൻ എന്റെ ക്ഷീണിച്ച മുതുകിൽകയറി.

"ഇനിയുമോ സുഹൃത്തേ?" ഞാൻ ചോദിച്ചു.

"നിങ്ങളുടെ ബേബിയെ ചിട്ടിയിൽ ചേർത്തുതരണം. പിന്നെ ഒരാഴ്ച കാത്തിരിക്കണം." ഫൽഗുനൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

"ഏററു. പക്ഷേ ഇനിയും എന്നെ പരീക്ഷയിലേക്കു തള്ളിവിടരുതേ. ഇതുവരെയായി ഈ നശിച്ച പെണ്ണുകാര്യത്തിന് എന്റെ സമ്പാദ്യത്തിൽ പകുതി ചിലവായി." ഞാൻ അയാളെ അറിയിച്ചു.

"ചുമ്മാതൊക്കുമോ. ഒരു മൂത്തിത്തള്ളയുടെ വയസ്സുവരുന്ന കരുപ്പട്ടിപ്പത്തായത്തിന്, ഒരു കണവനെ കിട്ടേണ്ട കാര്യമാ. അമ്മിണി ഇമ്മിണി ചിലവൊക്കെ വരും" ശില്പിവര്യൻ വീണ്ടും കുലുങ്ങിച്ചിരിച്ചു.

അടുത്തയാഴ്ചയിലെ, പങ്കജാക്ഷിമാർ ഭർതൃശ്രേയസ്സിനു വ്രതംനോക്കുന്ന തിങ്കളാഴ്ചദിവസം, വൈകുന്നേരം കൈയിൽ ഒരു മാസിക നിവർത്തുപിടിച്ചുകൊണ്ടു, കോമൻനായർ അയാളുടെ കൊങ്ങനാട്ടുസ്കൂളിൽനിന്നും വരാറുള്ള വഴിയേ ഞാൻ നടന്നു. അയാളുടെ ഫോട്ടോ കണ്ടുള്ള പരിചയമേയുള്ളു എനിക്കയാളെ. എങ്കിലും ആ ശുകബ്രഹ്മം ദൂരെനിന്നു വരുന്നതു കണ്ടപ്പോൾ എനിക്കു പെട്ടെന്നു മനസ്സിലായി. അടുത്തെത്തിയപ്പോൾ ഞാൻ അയാളോടു ചോദിച്ചു:—

"സാറേ! ഈ പാണൻപറമ്പുബംഗ്ലാവിൽ കുമാരി ബേബി ആരാ? അറിയുമോ?"

കോമൻ— ഉം? എന്താ? എന്തുപററി ആ ചിങ്കളത്തിന്? ചത്തുപോയോ?

ഞാൻ— പരമഭാഗ്യവതിയാണു സാർ ആ മഹതി. ഒരിയ്ക്കൽ വയ്ക്കുകയേ വേണ്ടിവന്നുള്ളു. ഇതാ അവൾക്ക് കനകോജ്ജ്വലജ്ജ്വലറിമാർട്ടിന്റെ ആദ്യനറുക്കു വീണിരിക്കുന്നു. അയ്യായിരത്തിഒന്നുരൂപയുടെ ഇഷ്ടമുള്ള സ്വർണ്ണാഭരണം ഉടൻ. പിന്നെ അഞ്ചു വർഷത്തേക്കു് ആണ്ടിൽ പത്തുപവൻവീതം സമ്മാനവും.

കോമൻ— ങേ? എന്ത്? എന്ത്—?

ഞാൻ— ഇനിയൊട്ടു വെക്കുകേംവേണ്ടാ—

കോമൻ— ആർക്ക്? പാണൻപറമ്പിലെ ബേബിക്കോ?

ഞാൻ— അതെന്നേ. പാണൻപറമ്പിൽ കുമാരി ബേബിക്ക്. ഫോട്ടോയും ഇട്ടിരിക്കുന്നു. കണ്ടിട്ട് നല്ല കെട്ടുറപ്പ്. വിവാഹംചെയ്താൽ എന്തെന്നു് ഞാൻ ആലോചിക്കുകയാണ്.

കോമൻ— എവിടെ? ഇങ്ങോട്ടു തരു ആ മാസിക.

എന്റെ കയ്യിൽനിന്നും കോമൻനായർ ആ മാസിക തട്ടിപ്പറിക്കുകതന്നെ ചെയ്തു. ഒരാവർത്തി, രണ്ടാവർത്തി, മൂന്നാവർത്തി വായിച്ചു അയാൾ ആ പരസ്യം. അതിനുശേഷം തന്റെ കീശയിൽനിന്നും ഒരു ഫോട്ടോ എടുത്തു് ആ ഫോട്ടോയും പരസ്യത്തിലെ ഫോട്ടോയും അയാൾ, ഫൽഗുനൻ ആശാരി സ്വർണ്ണപ്പൊടിനോക്കുന്ന സൂക്ഷ്മതയോടെ ഒത്തുനോക്കി.

"ഇപ്പോൾ പവന് എന്തു വിലയുണ്ട്?" എന്നോടൊരു ചോദ്യം.

"ബോംബയിൽ മൊത്തവില എഴുപത്തഞ്ചുരൂപാ അൻപതു നയാപൈസ" വാങ്ങിക്കുന്നവനല്ലെ വിലയറിയാവു. ആട്ടിടയനോട് ആനയുടെ വിലചോദിക്കുകയാണയാൾ. എനിക്കൊരു വിവരവുമില്ല, പവന്റെ വിലയെപ്പററി. എങ്കിലും ഒരു മുണ്ടിച്ച പവൻ വ്യാപാരിയുടെ മട്ടിൽ ഞാൻ മറുപടി പറഞ്ഞു.

"എഴുപത്തഞ്ചെന്നു വച്ചോ. അപ്പോൾ ആഭരണത്തിനും അമ്പതുപവനും കൂടി എന്തു വിലയായി?" ഒരു കണക്കുകൂട്ടൽജോലി എന്നെ ഏൽപ്പിക്കുകയാണയാൾ. പള്ളിക്കൂടത്തിൽ പഠിച്ചിരുന്ന കാലത്തേ കണക്കിനു വളരെ മോശമായിരുന്നു ഞാൻ. പള്ളിക്കൂടംവിട്ടതിൽ പിന്നെ കൂട്ടൽ; കുറയ്ക്കൽ, ഗുണിയ്ക്കൽ, ഹരിയ്ക്കൽ എല്ലാം എന്റെ ഭാര്യയാണ് എനിക്കുവേണ്ടി ചെയ്യുന്നത്. ആ എന്നോടാണ് ആ മഹാപാപി ഒരു ഭയങ്കരൻ കണക്കുചെയ്യാൻ പറഞ്ഞത്. എങ്കിലും ഞാൻ ഗുണിക്കലും കൂട്ടലും തുടങ്ങി. എന്റെ വിഷമംകണ്ടു് അയാൾ തന്നെ പറഞ്ഞു.

"എല്ലാംകൂടി എണ്ണായിരത്തി എഴുനൂററി അൻപത്തൊന്നു രൂപാ—താൻ പ



റഞ്ഞതു ശരിയാണ്. അവൾ മഹാ ഭാഗ്യവതിയാണ്. ഈശ്വരാനുഗ്രഹമുള്ളവൾ. പക്ഷെ അവളെ വിവാഹംചെയ്യാമെന്നൊന്നും താൻ മോഹിക്കേണ്ട. ഞങ്ങളുടെ വിവാഹനിശ്ചയം ഏതാണ്ടായിരിക്കുകയാണ്."

ശുദ്ധ നുണ. എനിക്ക് ഒന്നു ചിരിച്ചാൽക്കൊള്ളാമെന്നു തോന്നി. പക്ഷെ ചിരിച്ചില്ല. ആ മഹാഭാഗ്യവതിയെ കിട്ടുകയില്ലെന്നറിഞ്ഞതിലുള്ള നിരാശ നല്ലവണ്ണം നടിച്ചു.

"നിങ്ങൾ നോക്കിക്കഴിഞ്ഞല്ലോ, ഈ മാസിക ഞാൻ എടുത്തോട്ടേ?...." കൊങ്ങനാട്ടുസ്ക്കൂളിലെ ബൃഹസ്പതി ചോദിച്ചു.

"ആ ഭാഗ്യവതിയെ എനിക്കു കിട്ടുകയില്ലെന്നു തീർച്ചയായി. പിന്നെ എനിക്കെന്തിനാണ് ആ മാസിക. എടുത്തുകൊള്ളൂ. ഹും! അഞ്ചു രൂപാ വച്ചു. കിട്ടിയതു് എണ്ണായിരത്തി എഴുനൂററമ്പതു രൂപാ. കനകോജ്ജ്വല ജ്വവലറി മാർട്ടിനെപ്പോലെയുള്ള പത്തു കമ്പനികളിലെ ആദ്യ നറുക്കു കിട്ടിയാൽ അപ്പോൾ എത്ര രൂപയാകും. നൂറുരൂപാനോട്ടടിക്കുന്നതിലും ലാഭമുള്ള വ്യവസായം. സാറു മഹാ ഭാഗ്യവനാണു സാറേ." ഞാൻ സാറിന്റെ വയററിൽ ആഞ്ഞൊരു കുത്തുകുത്തി കൈകൊണ്ടു്. കുട്ടൻകപ്പ തിന്ന മാടിനൊപ്പം, സാറ്, കൂനി തല താഴ്ത്തി. മലമ്പനിക്കാരൻ, കുളിരുകൊണ്ട് ഹ ഹ ഹ എന്നു ശബ്ദിക്കുന്നതുപോലെ ആഹ്ളാദംകൊണ്ടു് കോമൻനായർ ഒന്നു ചിരിച്ചു.

"നിങ്ങൾ ഏതാണ്?" വേഗം മുന്നോട്ടു നടക്കുന്നതിനിടയിൽ കോമൻനായർ എന്നോടു ചോദിച്ചു.

"അല്ലെ! എന്നെ അറിയില്ലെ. മണിയുടെ ജ്യേഷ്ഠൻ." എനിക്കറിയാം, ഏതു മണി, സ്വർണ്ണമണിയോ, വീരമണിയോ, മട്ടളമണിയോ എന്നൊന്നും ചോദിക്കാൻ സാറു നിൽക്കുകയില്ലെന്നു്.

അടുത്ത ദിവസം നടന്നു, പാണൻപറമ്പിൽ കുഞ്ഞിയമ്മയുടെ മകൾ കുമാരി ബേബിയും കൊങ്ങനാട്ടുപള്ളിക്കൂടത്തിലെ സഹായാദ്ധ്യാപകൻ ആയുഷ്മാൻ കോമൻനായരും തമ്മിലുള്ള വിവാഹനിശ്ചയം. കോമൻനായർക്കു് ഉടനെ വിവാഹം നടത്തണം. മൂന്നാമത്തെ ദിവസം മുക്കോല കോവിലിൽവച്ചു് വിവാഹവും നടന്നു. കുഞ്ഞിഅപ്പച്ചി പരുഷംപറഞ്ഞു, വിളിക്കേണ്ടോരെയെല്ലാം വിളിച്ചു് കുടുംബസ്ഥിതിയനുസരിച്ചു് പൊടിപൂരമായി തന്റെ മകളുടെ വിവാഹം ഒന്നു നടത്താൻ കോമൻനായർ സമയംകൊടുത്തില്ലെന്നു്.

"അപ്പോൾ എങ്ങിനെയിരിക്കുന്നു, എന്റെ നറുക്കെടുപ്പ്?" കനകോജ്ജ്വല സ്വർണ്ണാഭരണക്കറിയെടുപ്പുകാരൻ എന്നോടു ചോദിച്ചു, ഏതാണ്ടു രണ്ടു മാസം കഴിഞ്ഞൊരു ദിവസം.

"താൻ മഹാനായ കോലപ്പനെ കവച്ചുവച്ചു." ഞാൻ തലകുലുക്കി.

"അത്രയും പറയാറായിട്ടില്ല. ഇതു് ആ എരപ്പാളി കോമൻനായർ ഭാര്യയ്ക്കു വേണ്ടി എഴുതിയ മൂന്നാമത്തെ കത്തു്. ഉടൻ താഴെപ്പറയുന്ന പട്ടികയനുസരിച്ചുള്ള അയ്യായിരത്തിയൊന്നുരൂപയ്ക്കുള്ള ആഭരണങ്ങളും ആദ്യത്തെ ഇൻസ്റ്റാൾമെൻറായ പത്തു പവനും മൂന്നു ദിവസത്തിനകം എത്തിച്ചുകൊടുക്കണമെന്നു്. ദാരിദ്ര്യവാസി! എന്തു മറുപടി എഴുതണമെന്നു് ഞാൻ ആലോചിക്കുകയാണ്." ഫൽഗുനൻ ആശാരി ഒരെഴുത്തെടുത്തു് എന്റെ കയ്യിൽ തന്നു. ഞാൻ വായിച്ചു. കിടുകിടു കുറെ ചിരിച്ചു. കീശയിൽ നിന്നും പേനയെടുത്തു് ആ എഴുത്തിന്റെ പുറത്തുതന്നെ അയയ്ക്കേണ്ട മറുപടിയുടെ നക്കൽ എഴുതിക്കൊടുത്തു.

രണ്ടുമൂന്നുദിവസംകഴിഞ്ഞ് വധൂവരന്മാരെങ്ങിനെയിരിക്കുന്നു എന്നു കണ്ടറിയാൻ ഞാൻ പാണൻപറമ്പിലെത്തി. ഛർദ്ദിക്കുവാൻ മുററത്തേയ്ക്കു കാലുംനീട്ടി അരത്തിണ്ണയിൽ ഇരിക്കുന്ന ഗർഭിണിയെപ്പോലെ, തലയും താങ്ങി കുനിഞ്ഞിരിക്കുകയാണ് കോമൻനായർ. ഗർഭിണിയുടെ മുതുകുതലോടുന്ന ഭർത്താവിനെപ്പോലെ, ഭാര്യ അയാളുടെ മുതുകു തലോടിക്കൊണ്ടു് അടുത്തു നിൽപ്പുണ്ടു്. എന്നെ കണ്ടയുടൻ കോമൻനായർ വിളിച്ചു പറഞ്ഞു.

"പെണ്ടാതീ! ആ കള്ളബഡുവാ പററിച്ചല്ലൊ."

ഞാൻ— ഏതു കള്ളബഡുവാ?

കോമൻ— ആ കനകോജ്ജ്വല രത്നാഭരണജ്ജ്വവലറിമാർട്ടുകാരൻ.

ഞാൻ— പററിച്ചോ? എങ്ങിനെ? ഛെ! അങ്ങിനെ വരികയില്ല.

കോമൻ— (തന്റെ കയ്യിൽ അമർത്തിപ്പിടിച്ചിരുന്ന ഒരെഴുത്തു് നിവർത്തിക്കാട്ടിക്കൊണ്ടു്) ബേബിക്കു നറുക്കുവീണ ചിട്ടികഴിഞ്ഞിട്ടു് ആറെണ്ണം ആയിരിക്കുന്നു. എന്നിട്ടും ആ റാസ്ക്കൽ എഴുതിയിരിക്കുന്നതു കേൾക്കണം—

പ്രിയപ്പെട്ട ബേബിയമ്മെ! നിങ്ങളുടെ മൂന്നാമത്തെ എഴുത്തും കിട്ടി. നിങ്ങളുടെ കത്തുകണ്ടാൽ ഒരു ആഭരണച്ചിട്ടി മാത്രമെ ഞങ്ങൾക്കുള്ളു എന്നു തോന്നും. വട്ടമററതിയായ മൂന്നു സ്വർണ്ണാഭരണച്ചിട്ടികളുടേതു കൊടുക്കാൻ കിടക്കുന്നു. പിന്നെയും വാച്ചുചിട്ടി, റേഡിയോ ചിട്ടി, വെങ്കലപാത്രച്ചിട്ടി, മരസ്സാമാനച്ചിട്ടി എന്നിങ്ങനെ എത്രയെണ്ണമുണ്ടു് ഞങ്ങൾക്കു്. ഞങ്ങൾ എപ്രകാരം ഞങ്ങളുടെ കടക്കാർക്കു് പണം കൊടുക്കാൻ ഉദ്ദേശിക്കുന്നു എന്നു് നിങ്ങൾക്കറിഞ്ഞുകൂടാ എന്നു തോന്നുന്നു. നറുക്കു് എടുക്കുമെന്നു് ചിട്ടിവയ്യോലയിൽ പ്രസ്താവിച്ചിട്ടുള്ള ഓരോ ദിവസവും, കടക്കാരുടെ പേർ നറുക്കെഴുതിയിട്ടു്, കുലുക്കി എടുക്കുകയാണിപ്പോൾ. നറുക്കു കിട്ടുന്ന കടക്കാരനു് വ്യവസ്ഥയനുസരിച്ചു് സാധനങ്ങൾ കൊടുക്കും. എഴുതിയതിരിക്കട്ടെ. മേലൽ സാധനങ്ങളും സമ്മാനത്തുകയും ചോദിച്ചുകൊണ്ടു് ഞങ്ങൾക്കെഴുത്തയച്ചാൽ, നിങ്ങളുടെ പേർ എഴുതിയ നറുക്ക് നറുക്കുപെട്ടിയിൽ ഇടുകയുണ്ടാവുകയില്ലെന്നു് ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു." അയാൾ നെടുതായി ഒന്നു നിശ്വസിച്ചു.

ഞാൻ എഴുതിക്കൊടുത്ത മറുപടി, അങ്ങനെതന്നെ പകർത്തി അയച്ചിരിക്കുകയാണ്, എന്റെ സ്വർണ്ണാഭരണച്ചിട്ടിത്തലയാൾസ്നേഹിതൻ.

കോമൻനായർ ഭാര്യയുടെ മുഖത്തു നോക്കിക്കൊണ്ടു പറഞ്ഞു—

"ഓ! ഇനിയും ആശിക്കേണ്ട—എന്റെ ബേബിക്കുട്ടിക്കു് കിട്ടാൻ യോഗമുണ്ടു്. അനുഭവിക്കാൻ യോഗമില്ല."

"വേണ്ടാതീനം പറഞ്ഞാലുണ്ടല്ലൊ, ഭർത്താവാണെന്നൊന്നും ബേബി കൂട്ടാക്കത്തില്ല, മൂക്കുനോക്കി ഒരിടിതരും. എന്റെ അനുഭവയോഗക്കുറവുകൊണ്ടുമാത്രമാണോ കൂവാ, അതെല്ലാം കിട്ടാതെപോയതു്?"—ആ ശീലാവതി ഭർത്താവിന്റെ മുഖത്തേക്കു് ഒന്നു തുറിച്ചു നോക്കി. അയാൾ ഒന്നു കുറുകി.

"അല്ലല്ല. അനുഭവയോഗക്കുറവെന്റേതാ." കോമൻനായർ സമ്മതിച്ചു.

"എന്നാലും ആ കനകോജ്ജ്വലജ്ജ്വലറിമാർട്ടുകാരൻ ഒരു ഉപകാരിയാണ്." ഞാൻ ഒന്നു കൊളുത്തി. ബേബി വഴുതിപ്പോകുന്ന സാരി ഒന്നു കുത്തിപ്പിടിച്ചു് നേരേയിട്ടുകൊണ്ടു് എന്റെ മുഖത്തുനോക്കി പുഞ്ചിരിയോടെ കണ്ണിറുക്കി.

—o—

റബ്ബർ
മുദ്രകൾ
മലയാപ്രസ്സ്
ആററിങ്ങൽ.

# ★ മാവേലിത്തോററു ★

—വിജയൻ—

(തുള്ളൽ)

വൻപെഴം നമ്മുടെ മുമ്പിൽ കിടക്കുന്ന
നമ്പൂരിശ്ശോ! ഒന്നു മാറിക്കിടക്കെടോ
അൻപാർന്നു കേരളോദ്ധാരകൻ മാവേലി
ത്തമ്പുരാനേ നീയറിയാത്തതത്ഭുതം!
കഷ്ടംകവർന്നും ജനങ്ങൾതൻ ജീവിതം
മുട്ടിച്ച പാർട്ടിബ് ഭരണക്കൂടത്തിന്റെ
രാഷ്ട്രീയച്ചൂരൽക്കസേരയിൽ വാണുള്ള
മൂട്ടയാംമുഖ്യനെന്നുള്ളോരഹങ്കൃതി
നേട്ടംനിനക്കുണ്ടതതെന്നോടെടുക്കേണ്ട
ചേഷ്ടികേടെങ്കിൽ ചെറുത്തുനോക്കീടെടോ
നീട്ടിപ്പിടിച്ചു വഴിതടഞ്ഞിങ്ങനെ
ശ്രേഷ്ഠതഭാവിച്ചിരുന്നാൽ ഫലമില്ല
എന്തെടോ ഞാനീപ്പറയുന്നകേട്ടിട്ടും
കുന്തംകണക്കു മിഴിച്ചു കിടക്കുന്നു
പന്തികേടേശാതെ നീ വഴിവിട്ടുമുൻ
മന്ത്രിത്വമോർത്തു ഗമിക്കെടോ മൂപ്പിലേ!
ഉൽക്കടഭാഷിതമേവം മഹാബലി
യുദ്ധരിച്ചപ്പോൾ ചുമച്ചും ഞരങ്ങിയും
ബദ്ധ്വാപിനമ്പൂരിയക്ഷരമുരച്ചിദം
ബുദ്ധിമതേ താങ്കളാരെന്നറിഞ്ഞു ഞാൻ
മൂരാച്ചിവർഗ്ഗത്തലവനല്ലേ ഭവാൻ
കേരളബൂർഷ്വാധി രാജനല്ലേ ഭവാൻ
ഒന്നായിതെല്ലാമടക്കി സ്വായത്തമായ്
മന്നവനെന്നുള്ള വ്യാജേന വാഴവേ
ചോരനീരാക്കിപ്പണിയെടുത്തീടുന്ന
വീരനൊരുപയ്യനായുള്ള വാമനൻ
നേരിട്ടെതിരിട്ടു നിങ്ങടെ ചെങ്കോലു
ദൂരെത്തെറിപ്പിച്ചു നിങ്ങളേം കൂട്ടരേം



പാരാതെ പാതാളക്കുണ്ടിലാഴ്ത്തീലയോ
നേരേയതൊക്കെയീഞങ്ങളറിഞ്ഞെടോ!
ഉണ്ടൽവെടിഞ്ഞവനെന്നിട്ടീരാജ്യത്തെ
തെണ്ടികൾക്കായി പതിമ്മൂന്നരവീതം
സെൻറായ് തിരിച്ചു കൃഷിക്കുകൊടുക്കയാ
ണുണ്ടായതക്കഥ നിങ്ങളറിയുമോ?
അന്നുതുടങ്ങിയാപ്പയ്യൻെറ കൂട്ടർക്കു
കമ്മ്യൂണിസച്ചേരിയെന്നുപേരായതും
ആ വർഗ്ഗരത്നപരമ്പരയിലഹ
മോഹരിക്കാരനായ് തീർന്നതു വാസ്തവം
നേരേയറിവില്ല ഞങ്ങടെ ചെയ്തികൾ
പാരം ഭവാനതുകൊണ്ടു കയർക്കയാം
കേൾക്കെടോ വൃദ്ധാ! ഒരായിരം ബില്ലുകൾ
പാസ്സാക്കിവിട്ടവനാണീ മഹീരണൻ!
നാണംവെടിഞ്ഞിരുപത്തെട്ടുമാസങ്ങ
ളോണമായിട്ടു കഴിഞ്ഞവൻ ഞാനെടോ
പത്തുസചിവരോടൊത്തങ്ങു കേരളം
കുത്തിക്കവർന്നു സുഖിച്ചവൻ ഞാനെടോ
ശക്രാവതാരമോ എന്നുതോന്നിച്ചൊരാ
കൊക്കരക്കാലനലകുപന്താടിയ
മക്രോണിവർഗ്ഗത്തിനാശാനഹമെന്ന
വസ്തുത താങ്കളറിയാതിരിക്കില്ല;
അക്കഥപോകട്ടെയിന്ത്യനതിർത്തിയെ
മിക്കതും ഭേദിച്ചുകേറുവാൻ ചൈനായ്ക്കു
ഉൾക്കരുത്തുകേനനൽപിൻബലം നൽകിയ
മക്കടെ മന്ത്രി'യീമ്മെമ്സ്സ്'ഞാനെടോ!

[മട്ടുമാറി]

വഴക്കേവം തുടന്നപ്പോൾ വഴിക്കാരൊത്തിരിക്കൂടി
മുതുക്കനോടേററുമുട്ടാൻ തയ്യാറായ നിലകണ്ടു
പതുക്കെത്തന്നരിവാളുമുയർത്തിക്കൊണ്ടെഴുന്നേററു
തെരിക്കെന്നു നിലമാറിയതുകണ്ടിട്ടു മാവേലി
നിനച്ചേവം "തിരുവോണദിനത്തിൽ ഹാ!
മഹാപാപം
വരുത്തിവയ്ക്കുകിൽ നാട്ടാക്കതുദുഃഖപ്രദമാകും
ക്ഷമിക്കാമിക്കുറിക്കൂടിയതല്ലെങ്കിൽ മഹാമോശം"
തെരിക്കെന്നുപിന്നെയൊന്നും പറയാതെ
വന്നപാടെ
തിരിച്ചങ്ങു നടകൊണ്ടു പാതാളപുരംനോക്കി
ജയിച്ചെന്നു വൃദ്ധനപ്പോൾ വിളിച്ചുകൂവി
യെങ്ങോപോയി.


"അവൻെറ മന്ത്രിസഭ തകർത്തു" ക്ഷയത്തിൻെറ നരകത്തിൽനിന്നും
ആരോഗ്യത്തിൻെറ സുഖത്തിലേയ്ക്കു്

S. K. P's കരിംകുരങ്ങു രസായനം

നരകത്തേയും സ്വർഗ്ഗത്തേയും വേർതിരിക്കുന്ന ഒരേ ഒരു മതിൽ രോഗപീഡയാണ്. അതില്ലെങ്കിൽ നരകമില്ല. രോഗരാജനായ ക്ഷയമാണ്; നരകത്തിൻെറ മുഖ്യമന്ത്രി. അവൻെറ മന്ത്രിസഭയ്ക്കു് തകർച്ചയുണ്ടാക്കുന്നതിനു കരുത്തുള്ള ഒരു ഇടതുപക്ഷം ഇന്നു് S. K. P's കരിംകുരങ്ങുരസായനം മാത്രമാണ്. അത്യദ്ധ്വാനംകൊണ്ടും മലമൂത്രാദി വേഗതകളെ തടയുന്നതുകൊണ്ടും ശിഥിലമായിത്തീരുന്ന ശരീരഘടനയിൽ ക്ഷയം തുടങ്ങിയ മഹാരോഗങ്ങളുടെ അണുക്കൾ നാലുവഴിയിലൂടെയും പാഞ്ഞെത്തുന്നു. ഈ കുടിയേററപ്പാർപ്പുകാരെ കയ്യുടൻ പുറത്താക്കിയില്ലെങ്കിൽ നിങ്ങൾ നരകത്തിലാകും. അതിനാൽ ഇടവിടാതുള്ള പനി. ആഹാരത്തിൽ വെറുപ്പ്, ഉന്മേഷക്കുറവ്, ഒച്ചയടപ്പ്, ചുമ, ഇവ അനുഭവപ്പെടുമ്പോൾ ഞങ്ങളുടെ S. K. P's കരിംകുരങ്ങുരസായനം ഉപയോഗിച്ചുതുടങ്ങുക. ക്ഷയത്തിൻെറ നരകയാതനയിൽനിന്നും ആരോഗ്യത്തിൻെറ സ്വർഗ്ഗസുഖത്തിലേയ്ക്കു നിങ്ങളെയുയർത്തും.

വില ഒരു പൗണ്ടിന് 5 രൂപാ.

ശ്രീകൃഷ്ണാ ഫാർമസി, ആററിങ്ങൽ

ബ്രാഞ്ചുകൾ— തിരുവനന്തപുരം; നാഗർകോവിൽ, പുനലൂർ; വിതുര, കോട്ടാർ, തക്കല, തിരുനൽവേലി; വള്ളിയൂർ, മധുര (പാലസ് റോഡ്)

വി. പി. ഏർപ്പാടുകൾക്കു്, ശ്രീകൃഷ്ണാ ഫാർമസി ആഫീസ്, തിരുവനന്തപുരം-1 എന്ന വിലാസത്തിലെഴുതുക. വി. പി. ക്കു് 3 രൂപാ അഡ്വാൻസ് അയച്ചിരിക്കേണ്ടതാണ്.

പ്രൊപ്രൈററർ: ബി. എൻ. ശ്രീധരനുണ്ണി.

# ലംഗ്ക്യാൻസറും ത്രോട്ട്ക്യാൻസർ അനന്തരം

മലയാററൂർ രാമകൃഷ്ണൻ

ആ ഇംഗ്ലീഷ് പത്രത്തിൻെറ ഞായറാഴ്ചപ്പതിപ്പ് 'എൻെറ മുന്നിൽ പരന്നു കിടക്കുകയാണ്. അതിൻെറ അധിപരെ ഒന്നു കയ്യിൽകിട്ടിയാൽ ഞാൻ ഇ. ശി. നി. 323-ാം വകുപ്പനുസരിച്ചുള്ള ഒരു കുററം (ലഘു ദേഹോപദ്രവം) ചെയ്യാൻ മുതിർന്നേനെ. പുകവലിക്കാരിൽ സിംഹഭാഗവും ലംഗ്ക്യാൻസറിനു വിധേയമാകുന്ന ക്രൂരസത്യം (?) പേരിനു പിന്നിൽ ധാരാളം അക്ഷരങ്ങളുള്ള ഒരു ഡോക്ടർലേഖകൻ വിളംബരം ചെയ്തിരിക്കയാണ് ആഴ്ചപ്പതിപ്പിൽ.



സാധാരണഗതിയിൽ ആ ലേഖനം എൻെറ ശ്രദ്ധയിൽ പെടേണ്ടതല്ല. വാരഫലവും "ലിബ്രാ" വിഭാഗത്തിൽപെട്ട ബഹുജനങ്ങളുടെ സാമാന്യസ്വഭാവവും മററും അച്ചടിച്ചുവിട്ടിരിക്കുന്ന ഒരു പേജിൻെറ വലത്തെ മൂലയിൽ. ഒന്നരക്കോളത്തിനകത്ത്, നാണംകുണുങ്ങിയായ ഒരു ഹൈസ്ക്കൂൾ പെൺകിടാവിനെപ്പോലെ, ആ ക്യാൻസർലേഖനം അടങ്ങിയൊതുങ്ങിക്കഴിയുകയാണ്. പുതിയതരം ചോളികളെപ്പററിയുള്ള സചിത്രലേഖനമാണ് അടുത്ത പേജിൽ. ഒരാഴ്ചക്കാലത്തെ അപകടസാദ്ധ്യതകളെപ്പററി ജോത്സ്യൻ, പ്രഫസർ കുക്കുടശാസ്ത്രി അവർകൾക്കു പറയാനുള്ളതെന്താണെന്നു നോക്കിയശേഷം, ഞാൻ ചോളികളുടെനേക്കു തിരിയാൻ ഭാവിച്ചപ്പോൾ ക്യാൻസർ ലേഖനത്തിൻെറ ഏതാണ്ടു നാടകീയമായ തലവാചകം എന്നെ പിടിച്ചുനിർത്തി.

"ഇഫ് യു വാണ്ട് ടു ലിവ്" (ചെറിയ ടൈപ്പ്) "സ്പിററ് ഔട്ട് ദാററ് സിഗരററ്!" (വെണ്ടക്ക)

നിങ്ങൾക്കു ജീവിക്കണമെന്നുണ്ടെങ്കിൽ ആ സിഗററു് തുപ്പിക്കളയു!

സർവരാജ്യതൊഴിലാളികളേ സംഘടിക്കുവിൻ, എന്നൊക്കെപ്പറയുന്നപോലെയുണ്ടു് ആ തലവാചകം.

എൻെറ ചുണ്ടിലപ്പോൾ ഒരു സിഗററു് എരിയുന്നുണ്ടായിരുന്നു. സാധനം ബക്ലിലിയാണ്. കത്തിച്ചു് രണ്ടുവലി പാസ്സാക്കിയതേയുള്ളു. അപ്പോഴാണ് ആ സിഗററുവിരുദ്ധമുദ്രാവാക്യം കാണുന്നതു്. ആഹ്വാനം ചെവിക്കൊണ്ടു് സിഗററു് തുപ്പിക്കളയുകയോ? (ഇതു ഞാൻ ഉറക്കെ ചോദിക്കുകയും അടുത്തു് ഒരു പഴയ നാടകക്കാരനുണ്ടായിരിക്കയും ചെയ്താൽ, ക്ഷണത്തിൽ മറുപടി കിട്ടിയേനെ; "ച്ഛായ്! ലജ്ജാവഹം!")

സിഗററു് ലേശമൊന്നു വിറച്ചു.

എനിക്കു് പെട്ടെന്നൊരു തീരുമാനം കൈക്കൊള്ളാനായില്ല.

ആ ലേഖനം മുഴുവനും വായിച്ചശേഷം ഞാൻ മാനസാന്തരപ്പെടുന്നപക്ഷം, ഇതാവും എൻെറ അവസാനത്തെ സിഗററു്. അപ്പോൾ അതു തുപ്പിക്കളയുന്നതു ശരിയല്ല. കസേരയിൽ മലർന്നുകിടന്നു് മെല്ലെ മെല്ലെ വലിക്കണം. പുകച്ചുരുളുകൾ നോക്കി നെടുവീർപ്പിടണം. നഷ്ടപ്പെടുമെന്നുറപ്പായ കാമുകിയോടു വിടവാങ്ങുമ്പോലെ വളരെ സാവധാനത്തിലേ അതിനോടു് ഗുഡ്ബൈ പറയാവു.

പക്ഷെ ലേഖനത്തിൻെറ ഉള്ളടക്കം ആ ഭയങ്കരൻ തലവാചകത്തെ സമർത്ഥിക്കുന്നതരത്തിലുള്ളതാകയാൽഇനിയങ്ങോട്ടുള്ള ഓരോകവിൾ പുകയും മരണത്തിൻെറ നേക്കുള്ള ഓരോ ചുവടുവയ്പാണത്രേ.

ഒടുവിൽ, ദുർബലനായ ഞാൻ ഒരു "രാജിഫോർമുല" സ്വീകരിച്ചു. സിഗററു് ആഷ്ട്രേയുടെ വക്കത്തിൽ പ്രതിഷ്ഠിച്ചു. ഒരു ഞായറാഴ്ചദിവസത്തിൻെറ പ്രശാന്തതയെ ഭഞ്ജിക്കാൻപോരുന്ന ഈ ലേഖനം തെരഞ്ഞെടുത്ത പത്രാധിപരേയും അതിനു തലവാചകം കൊടുത്ത സബ് എഡിററരേയും ശപിച്ചു.

ലേഖനത്തിൻെറ ഒന്നാം ഖണ്ഡികയിലൂടെ കണ്ണോടിച്ചപ്പോൾ ഭയം വർദ്ധിച്ചു. സിഗരററിൽ 'നിക്കോട്ടിൻ' എന്നൊരു സാധനമുള്ളതായി കേട്ടിട്ടുണ്ടു്. ഇതാ, ഈ ഡോക്ടർ പറയുന്നു മറെറാരു കടുത്ത വിഷംകൂടിയുണ്ടെന്നു്—'പൈറോബെൻസീൻ.' ഏതാനും ഗ്രെയിൻ പൈറോബെൻസീൻ മതിയത്രെ മനുഷ്യരാശിയെ ആകമാനം ഉന്മൂലംചെയ്യാൻ. ശരിയായിരിക്കുമോ? (എങ്കിലെന്തിനാണ് ഹൈഡ്റജൻബോംബും ഇൻടർകോൺടിനൻറൽ ബലാസ്റ്റിക്ക്മിസ്സൈലും?)

അമ്പരപ്പോടെ ഞാൻ മുന്നോട്ടുനോക്കിയിരുന്നപ്പോൾ ശ്രീമതി ചോളീമാഹാത്മ്യം വായിക്കാൻ പത്രമെടുത്തുകൊണ്ടുപോയി.

അതു നന്നായി. അല്ലെങ്കിൽ ഞാൻ തുടർന്നു വായിച്ചേനെ—കൂടുതൽ ഭയന്നേനെ.

ഞാനറിയാതെ എൻെറ കൈ ആഷ്ട്രേയിലെ സിഗരററിനെ തേടിച്ചെന്നു. ഞാൻ ഒന്നു വലിച്ചു. അസാന്മാർഗ്ഗികവും അപകടകരവുമായ എന്തോ ചെയ്ത മട്ടിൽ ഞാൻ പെട്ടെന്നു് സിഗററു് വീണ്ടും ട്രേയിൽവച്ചു.

സ്വഭാവങ്ങൾക്കടിമയാവരുതെന്നു പറയുന്നതെത്ര ശരിയാണ്!

നേരിയ പുകച്ചുരുളിനോടൊപ്പം പഴയ ഓർമ്മകളും ഉയർന്നുതുടങ്ങി.

ഒരു പുതിയ ഭൂഖണ്ഡത്തിനോടൊപ്പം പുകയിലയും കണ്ടുപിടിച്ചുവത്രെ, ക്രിസ്റ്റഫർ കൊളംബസ്; വാൾട്ടർറാലി എന്ന രസികൻ ഇംഗ്ലണ്ടിൽ പുകവലിപ്രസ്ഥാനം സംഘടിപ്പിച്ചതായും കേട്ടിട്ടുണ്ടു്. പക്ഷെ ഈ പരിത്രവസ്തുതകൾ മനസ്സിലാക്കുന്നതിനെത്രയോ മുമ്പു്, നന്നേ ചെറുപ്രായത്തിലാണ് ഞാൻ പുകവലിമാഹാത്മ്യം പഠിച്ചതു്. എന്നെ പഠിപ്പിച്ച ഗുരുവിനു്, ഞാൻ ശിഷ്യനാണെന്നുകൂടി അറിഞ്ഞുകൂടാ. ഗുരു ഇന്നു മരിച്ചുപോയിട്ടുണ്ടാവും (ലംഗ് ക്യാൻസർ ബാധിക്കാതെതന്നെ) ഞാൻ യഥാർത്ഥ പുകവലിക്കാരനായതു് പിൽക്കാലത്താണെങ്കിലും ആ പഴയകാലത്തെ വന്ദ്യഗുരുവിനെ മറക്കുകവയ്യ.

ഒരു ഗുരുവിന് തീരെ യോജിക്കാത്ത പേരാണങ്ങേക്ക്.

അവറാൻ.

താടിക്കാരൻ അവറാനെന്നും പറയും.

അന്നെനിക്ക് എട്ടു വയസ്സുകാണും. മൂവാറ്റുപുഴയിലാണു താമസം. ചരിത്രാതീതകാലത്തെ "ഡിനോസാർ" എന്ന ആ ഭീമൻപല്ലിയേപ്പോലെ നാമാവശേഷമായിപ്പോയ പ്രിപ്പരേറ്ററി ക്ലാസ്സിലാണ് പഠിച്ചിരുന്നത്.

പുഴക്കരക്കാവ് എന്ന പ്രസിദ്ധമായ ക്ഷേത്രത്തേപ്പറ്റി മൂവാറ്റുപുഴക്കാരല്ലാത്തവരും കേട്ടുകാണും. ആ ക്ഷേത്രസങ്കേതത്തിൽ അന്ന് ഒരു വലിയ വാനരപ്പടയുണ്ടായിരുന്നു. സമീപസ്ഥലങ്ങളിൽ പുരയിടങ്ങളിൽ കയറി കരിക്കും തേങ്ങയും ഭക്ഷിക്കുകയും ഒട്ടൊക്കെ നശിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു വാനരസംഘത്തിന്റെ ദൈനംദിന പരിപാടി. കാവിലെ താമസക്കാരായ കുരങ്ങന്മാരെ നേരിട്ടുപദ്രവിക്കാൻ ഹിന്ദുക്കളായ പറമ്പുടമസ്ഥന്മാർ മുതിർന്നിരുന്നില്ല. ആ ഭക്തന്മാരുടെ മുതൽ കാത്തുരക്ഷിക്കുന്ന അവതാരമായി, തൊഴിൽരഹിതനും സ്ഥലത്തെ സമുന്നതനായ ഒരു മദ്യപനുമായ താടിക്കാരൻ അവറാൻ പ്രത്യക്ഷപ്പെട്ടു. മരുന്നിന്റെ ചിലവു സഹിക്കാനും കള്ളിനു പണം കൊടുക്കാനും തയ്യാറുള്ള ഏതൊരു പറമ്പുടമസ്ഥനുവേണ്ടിയും മർക്കടനിഗ്രഹം ചെയ്യാൻ അവറാൻ ഒരുക്കമായിരുന്നു. (പാപം അവറാനുമാത്രം!) ഒരു കുരങ്ങനെ വെടിവച്ചുവീഴ്ത്തിയാൽ, പിന്നെ കുറേക്കാലത്തേക്ക് വാനരപ്പട ആ പറമ്പിൽ കടക്കുകയില്ലെന്ന് അനുഭവം ആളുകളെ പഠിപ്പിച്ചിരുന്നു.

വാനരനിഗ്രഹത്തിനുള്ള ഓർഡറുകൾ അവറാനു സുലഭമായി ലഭിച്ചിരുന്നുവെന്ന് കരുതിപ്പോകരുത്. ഒരു വർഷത്തിലേറിയാൽ, പത്തിരുപതുതവണമാത്രമേ അവറാന്റെ സേവനം ആവശ്യമായി വന്നിരുന്നുള്ളു. ആ സന്ദർഭങ്ങളിൽ അവറാൻ കുടിച്ചു പിരിയാവും. മറ്റു ദിവസങ്ങളിൽ അവറാൻ എന്തുചെയ്തിരുന്നുവെന്നറിയാൻ മതിയായ രേഖകളൊന്നുമില്ല. ചില സായാഹ്നങ്ങളിൽ അയാൾ ഞങ്ങൾ താമസിച്ചിരുന്ന വീടിനടുത്ത്, റോഡിലുള്ള കരിങ്കല്ലത്താണിക്കരികിൽനിന്നുകൊണ്ട് ബീഡിവലിക്കുന്നതു കാണാറുണ്ട്. ആ അവസരങ്ങളിൽ ഞാനയാളെ ശ്രദ്ധാപൂർവം നോക്കാറുണ്ടായിരുന്നു. ഇടുങ്ങിയ കണ്ണുകളും, ചെറിയ കുടവയറും, താടിയും, ശരീരമാകെ രോമവുമുള്ള അവറാൻ—ഏതു കുരങ്ങനെയും ഒറ്റ വെടിക്ക് വീഴ്ത്തുന്ന അവറാൻ—അന്ന് എന്റെ "ഹീറോ" ആയിരുന്നെന്നുതന്നെ പറയാം. ക്രമേ



ണ എന്റെ ശ്രദ്ധ അവറാനിൽനിന്നും മാറി, അവൻ വലിക്കുന്ന ബീഡിയിലായി. ബീഡിപ്പുക മൂക്കിലൂടെ വിടുക, പുക വട്ടത്തിൽ പുറത്തു ചാടിക്കുക, മുതലായ പ്രവൃത്തികൾ അനുകരണീയങ്ങളാണെന്ന് എനിക്കു തോന്നിത്തുടങ്ങി.

"ഒരു ബീഡി കിട്ടിയെങ്കിൽ—!" എന്ന സുന്ദരമായ ചിന്ത എന്റെ ചെറിയ തലച്ചോറിൽ രൂപംകൊണ്ടു. കഷ്ടം! വീട്ടിലാരും ബീഡിവലിക്കുന്നവരല്ല.

ബീഡിവാങ്ങാൻ രണ്ടുമൂന്നു കൊച്ചുകാശ് സംഭരിക്കാൻ പ്രയാസമില്ല. ശനിയാഴ്ച ധർമ്മക്കാർക്കുകൊടുക്കാൻ വീട്ടിൽ ചില്ലിക്കാശ് മാറിവയ്ക്കാറുണ്ട്. പക്ഷെ എങ്ങനെ ബീഡിവാങ്ങും? ഒരു പീടികയിൽ പോയി വാങ്ങാൻ ധൈര്യമില്ല. വാങ്ങിയാൽ, പീടികക്കാരൻ ഉടൻ കടപൂട്ടി എന്റെ വീട്ടിലെത്തി, അച്ഛനെ വിളിച്ച്, "ഹേയ്, മകൻ ബീഡിവലി തുടങ്ങിയിരിക്കുന്നു. വിവരം ഞാനറിയിച്ചെന്നുമാത്രം! ഇനി നിങ്ങളുടെ ഇഷ്ടം!" എന്നു പറയുമെന്നാണ് ഞാൻ വിശ്വസിച്ചത്.

കുറെ നാളുകൾ ബീഡിയെപ്പറ്റി സ്വപ്നംകാണുകയും അതു വാങ്ങാൻ കഴിയാത്തതിൽ കുണ്ഠിതപ്പെടുകയും ചെയ്തുകഴിഞ്ഞപ്പോൾ, ഭാഗ്യം കനിഞ്ഞു.

ഒരു ദിവസം കരിങ്കല്ലത്താണിക്കു താഴെ ഒരു നീണ്ട ബീഡിക്കുറ്റി കണ്ടു, സ്വല്പം ചെളിയിൽ പുതഞ്ഞിട്ടുണ്ട്. കരുണയുള്ള ഏതോ മാലാഖ അവറാനോടു പറഞ്ഞുകാണും: "എടാ അവറാനേ! അങ്ങേവീട്ടിലെ കുട്ടി എത്രനാളായി ഒരു ബീഡിവലിക്കാൻ കൊതിക്കുന്നു! നീ നൂലാപ്പീസ്‌വരെ വലിച്ചുതീർക്കാതെ ഒരു വലിയ കുറ്റി താഴെയിട്ടേരു്!"

ഞാൻ ചുററും നോക്കി. ആരും കാണുന്നില്ല. വേഗം ആ ബീഡിക്കുറ്റി എന്റെ നിക്കറിന്റെ കീശയിൽ കയറി. നാൽപ്പതുകള്ളന്മാരുടെ ഗുഹയിൽനിന്നു സ്വർണ്ണം കടത്തുമ്പോൾ ആലിബാബപോലും ഇത്രയേറെ സന്തോഷിച്ചുകാണില്ല.

ഇതു് വലിക്കുകയെന്നതായിരുന്നു അടുത്ത ലക്ഷ്യം. ആരും കാണാതെ കാര്യം സാധിക്കണം. വീട്ടുകാരറിഞ്ഞാൽ പുറംപൊളിയും. തക്കം കാത്തിരുന്നു. ആയിടെ അച്ഛൻ സ്വദേശത്തേക്കു പോയി. ഇതു് അസുലഭമായ ഒരവസരംതന്നെയായിരുന്നു. വൈകുന്നേരം വീട്ടി


ആധുനിക രീതിയിലുള്ള ആകർഷണീയമായ

സ്വർണ്ണാത്നാഭരണങ്ങൾക്കു്

ഭീമാ & ബ്രദർ

സ്വർണ്ണരത്നാഭരണശാല

H. O. ആലപ്പുഴ.

Phone: Residency 2311. Show Room 2288.

Tel: STERLING.

ബ്രാഞ്ചു്: തിരുനക്കരമൈതാനത്തിനു തെക്കുവശം

കോട്ടയം.



ലുള്ളവരെല്ലാം മുൻവശത്തെ മുറിയിൽ എന്തോ സംസാരിച്ചിരിക്കുമ്പോഴാണ്, സാഹസികനായ ഒരു എട്ടുവയസ്സുകാരൻ അടുക്കളയിൽ പ്രവേശിച്ചു. അടുപ്പിൽനിന്നും ബീഡി കത്തിച്ച് പിന്നോക്കം മാറുമ്പോഴാണ് കുറെ പാത്രങ്ങളിൽ കാലുതട്ടി. "അടുക്കളയിൽ പട്ടി കടന്നു." എന്നും മററുമുള്ള ചില നിലവിളികളോടെ അമ്മ പാഞ്ഞെത്തി. പൊന്നോമനമകൻ (താടിക്കാരൻ അവറാൻെറ) ബീഡിക്കുററി കത്തിച്ചുപിടിച്ചു വലിക്കുന്ന കാഴ്ചയാണ് അമ്മ കണ്ടതു്. അമ്മ പൊട്ടിച്ചിരിച്ചുപോയി. ഇന്നുമെനിക്കറിഞ്ഞുകൂടാ, അമ്മ എന്താണെന്നെ തല്ലാത്തതെന്നു്. എൻെറ നില, ആരുടെ കോപത്തെയും തണുപ്പിച്ചുകളയത്തക്കവണ്ണം 'കോമിക്ക്' ആയിരുന്നിരിക്കണം.

ബീഡിക്കുററി ഞാൻ വലിച്ചെറിഞ്ഞു. പക്ഷെ അമ്മ അതു് ശ്രദ്ധാപൂർവ്വം പെറുക്കി സൂക്ഷിച്ചു. അച്ഛൻ മടങ്ങിയപ്പോഴാം, ഒരു നല്ല പ്രോസിക്യൂട്ടറെപ്പോലെ, അമ്മ ലക്ഷ്യംവക ബീഡിക്കുററി ഹാജരാക്കിക്കൊണ്ടു് കേസ് അവതരിപ്പിച്ചു. എൻെറ ഭാഗ്യം തുടരുകയായിരുന്നു. എഞ്ചുവടി കാണാതെ പറയുമ്പോഴാം തെററിച്ചാൽ തലയിൽ "കിഴുക്കുന്ന" അച്ഛൻ അന്നു് ദേഹോപദ്രവത്തിനു മുതിർന്നില്ല. മർദ്ദനത്തിനു പകരം, ബീഡി എങ്ങനെ കിട്ടിയെന്നറിയാനായി കുറെ ക്രോസ്‌വിസ്താരമാണുണ്ടായതു്. അതു് ബീഡിയല്ല, ബീഡിക്കുററിയാണെന്നു ഞാൻ തിരുത്തി.

"തെണ്ടി! ആരോ തുപ്പിക്കളഞ്ഞ ബീഡിക്കുററി വലിച്ചിരിക്കുന്നു...." അച്ഛൻ ഒന്നലറി.

എൻെറ എളിയ ബുദ്ധിയിൽ എനിക്കിങ്ങനെ തോന്നി. "ബീഡിക്കുററി വലിച്ചതാണു് തെററു്. പുതിയൊരു ബീഡിയായിരുന്നെങ്കിൽ അച്ഛൻ ഇങ്ങനെ പറയുമോ?"

ഈ തോന്നൽ ഞാൻ പരസ്യമായി പ്രഖ്യാപിച്ചില്ലെന്നു് എടുത്തുപറയേണ്ടതില്ല....

ഭൂതകാലത്തിൽനിന്നും ഞാൻ "വർത്തമാന"ത്തിലേക്കു് മടങ്ങി.

ആഷ്ട്രേയിലെ സിഗരററ് എരിഞ്ഞുതീരാറായിരിക്കുന്നു.

എന്താണിനി ചെയ്യുക?

സാധാരണഗതിയിൽ പുതിയതൊന്നു് കത്തിക്കേണ്ടതാണു്.

"എന്താ വല്ലാത്തൊരാലോചന?" അതാ, ഭാര്യ ചോദിക്കുന്നു.

"ഒന്നുമില്ല."

ഞാൻ പെട്ടെന്നു് ഈ. വി. കൃഷ്ണപിള്ളയുടെ ഫിലോസഫി ഓർത്തു.

സിഗരററ് വലിച്ചാൽ ലംഗ്ക്യാൻസർ പിടിപെട്ടു് അമ്പതാം വയസ്സിൽ മരിച്ചേക്കാം. സിഗരററ്‌വലി നിറുത്തിയാൽ? അറുപതുവരെ ജീവിച്ചേക്കാം. പത്തുവർഷത്തെ ലാഭമുണ്ടു്. പക്ഷെ വാർദ്ധക്യകാലത്തെ പത്തു വർഷങ്ങളാണു്. അവ പോയാലെന്തുചേതം!

"ഇതാ ഒരു നല്ല ജോക്ക്...." ഭാര്യ ആ ഞായറാഴ്ചപ്പതിപ്പിൻെറ ഏതോ മൂലയിൽ നോക്കിക്കൊണ്ടു പറഞ്ഞു.

"എന്താ?"

"മദ്യപാനത്തിൻെറ ദൂഷ്യവശങ്ങളെക്കുറിച്ചു് ഒട്ടേറെ വായിച്ചശേഷം ഒരു കുടിയൻ കുടി നിറുത്താൻ തീരുമാനിച്ചത്രെ—വായന!"

"യുറേക്കാ!" ഞാൻ നിലവിളിച്ചു. എനിക്കു് വെളിച്ചം കിട്ടിയിരിക്കുന്നു.

"എന്തൊന്നായിതു്?" ഭാര്യ തിരക്കി.

"നാളെത്തന്നെ ആ ഏജൻറിനോടു പറയണം, ഈ പേപ്പർ വേണ്ടെന്നു്!"

ഞാൻ പുതിയ ഒരു സിഗരററ് കത്തിച്ചു.

—o—


ററി. സി. മാധവൻ വൈദ്യരുടെ

# സൂതികാമൃതം

**(REGD)**

പ്രസവരക്ഷക്കു് അമ്മമാർ അറിയപ്പെടുന്ന ഔഷധങ്ങളിൽ ഏററവും ഗുണപ്രദമായ സിദ്ധൗഷധം.

24 oz. Bottle Rs. 5-00

Clinical Suggestions—

Dr. T. M Ramachandran L. I. M.

Dr. T. M. Vijaya Prasad D. A. M.

ദി ടൗൺ ആയുർവേദിക്കു് ഫാർമസി,

(ശവക്കോട്ടപ്പാലത്തിനു സമീപം)

ററി. സി. എം. ഔഷധാലയം

(മാധവാ മെഡിക്കൽസിനു സമീപം)

ആലപ്പുഴ.

# അശ്ളീല രോദനം

(വേണു–ദി–പിരിലൂസ്)

അശ്ലീലം:–

എന്തുപുള്ളോലി! നീയെന്നോടീവിധം
ഹന്ത!വൈരംപുലത്തുന്ന ദുസ്സഹം
മന്ത്രിയായപ്പോൾ മട്ടൊക്കെ മാറിയോ?
പന്തിയല്ലിപ്രതാപപ്രകടനം.
പണ്ടുനമ്മൾ പലകാലമാനന്ദ–
മുണ്ടുമേളിച്ചു വാണവരല്ലയോ?
ചെററുനേരം പിരികിലിരുവരും
മുററുമാധിയാൽ കേണവരല്ലയോ?
പള്ളിയിൽ പോം വഴിക്കു;മട്ടുള്ള
പള്ളിസ്കൂളിലേയ്ക്കുള്ള വഴിയിലും
തുള്ളിച്ചാടിക്കളിച്ചു പ്രണയത്തിൻ
പള്ളവീർപ്പിച്ചു പോന്നവരല്ലയോ?
മാറിൽമാറാപ്പു പേറിന യൗവ്വന
ക്കാരികളെ കളിയാക്കിനിത്യവും
'മാരകാകളി'പാടിസ്സരസമായ്
സൈ്വരമാടിക്കഴഞ്ഞവരല്ലയോ?
തോട്ടിലുച്ചയ്ക്കു 'പെമ്പിള'പ്പെണ്ണുങ്ങൾ
ചട്ടക്കൂടാതെ നിന്നുകുളിക്കുമ്പോൾ
ഒട്ടുത്താ മരത്തിൻമറവിൽ നീ
പററിനിന്നെന്നെ മുത്തിയോനല്ലയോ?
വീട്ടിൽ നമ്മളൊളിച്ചുകളിച്ചതും
തോട്ടുവക്കിലിരുന്നു രസിച്ചതും
പട്ടണത്തിൽ നീ കാളേജിലായനാൾ
തൊട്ടടവുകളേറെ പഠിച്ചതും
ഹോസ്റ്റലിൽ വെച്ചു കൂട്ടുകാരൊത്തെന്നെ
കെട്ടിക്കേറി പ്രണയിച്ചുപോന്നതും
പട്ടുജായ്ക്കുററു കീറിയെൻമാറിലെ
'റൊട്ടി'പങ്കിടാൻ തമ്മിലടിച്ചതും
കൈയിന്നു മറക്കയോ പ്രാഭവം
പൊക്കിടാനായ് മറക്കയോ നീസപയം
എന്തുപുള്ളോലി! നീയെന്നോടീവിധം
ഹന്ത!വൈരം പുലത്തുന്നു? ദുസ്സഹം!
വേട്ടനായ്ക്കളെ വിട്ടെന്നെയെങ്ങുമേ
വേട്ടയാടുന്നതാണതിവിസ്മയം.
പുസ്തകാലയംതോറുമേ പാഴിൽനിൻ
ഭൃത്യരെന്നെ തിരയുന്നതെന്തിനായ്.
ഞാനിരിക്കുമിടങ്ങളറിയുവാൻ
മാനിയാം നീ സമർത്ഥനാണെങ്കിലും
പേർത്തുമെന്നെ പിടിച്ചാലനർത്ഥമാ,
ണോർത്തുകൊൾക നിനക്കെന്നെനിർണ്ണയം
പള്ളിമേടകൾ, കന്യാലയങ്ങൾ വൻ
പുള്ളികളുടെ പൊൻമണിമേടകൾ
ചൊല്ലെഴുന്ന ഭവാദൃശന്മാരുടെ
"വില്ല"കളിവയൊക്കെയെന്നാലയം.
ധീരനെങ്കിൽ നീയൊന്നാസ്ഥലങ്ങളിൽ
കേറിവന്നു നടത്തുനടപടി
പേരടിക്കുവാൻ മാത്രമാണെങ്കിലോ
പോരുംപോരുമീയശ്ലീലമർദ്ദനം.

—രണ്ട്—

പുള്ളോലി:—

ആരവിടെ? പുറത്താരുമില്ലേന്നോ?
ആരിവിടെ കടത്തിയിപ്പെണ്ണിനെ?
കേരളത്തിലെ പൊല്ലീസുമന്ത്രി ഞാൻ
പേരെഴുന്നവനശ്ലീലഘാതകൻ.
പണ്ടുകാലത്തെപ്പേക്കൂത്തുചൊല്ലി നീ
വീണ്ടുമെന്നെ കളിപ്പിച്ചിടേണ്ടിനി
ഇല്ലെനിക്കൊരു ബന്ധവും നീയുമായ്
പല്ലിളിക്കേണ്ട പൊയ്ക്കോപുറത്തുടൻ
കമ്മ്യൂണിസ്റ്റിൻെറ കൂടപ്പിറപ്പുനീ
അമ്മഹാറൗഡി ക്രൂഷ്ചേവിൻ പെണ്ണുനീ
"എമ്മാറേ"ക്കാർ പറഞ്ഞീരഹസ്യങ്ങൾ
നമ്മൊടോതിനാൻ "ഭാരതകേസരി"
വംശത്തോടിനി നിന്നെമുടിക്കുവേൻ
സംശയമില്ല കല്പനനൽകിഞാൻ
പൊല്ലീസെങ്ങാനും കാൺകിലോ തല്ലിനി–
ന്നെല്ലൊടിച്ചു സുമാറാക്കുമക്ഷണം
ധമ്മമില്ലാത്ത–സംസ്കാരമില്ലാത്ത
കമ്മ്യൂണിസ്റ്റിൻെറ കൂട്ടാളിയാണുനീ
ഇമ്മലയാള മണ്ണിൽവളരുവാൻ
സമ്മതിക്കില്ല നിന്നെഞാൻ നിശ്ചയം.

—0—

# ഞാൻ കമ്മ്യൂണിസ്റ്റായതെങ്ങിനെ

## മുൻഷി പരമുപിള്ള

ഇതൊരു ചോദ്യമാണ്.

പ്രിയപ്പെട്ട സാറിന്,

ഞാൻ ഒരു കാര്യം അറിവാൻ ആഗ്രഹിക്കുന്നു. ഒരു കമ്മ്യൂണിസ്റ്റാവേണ്ട യാതൊരു കാര്യവും സാറിനില്ല. എന്നിരുന്നിട്ടും സാറൊരു സഖാവായിത്തീർന്നിരിക്കുന്നു. ഇതെങ്ങിനെ പററി? ദയവുചെയ്ത് വിവരം അറിയിച്ചുതരാനപേക്ഷ.

എന്ന്, സ്വന്തം

............ (ഒപ്പ്)

ഇങ്ങിനൊരു എഴുത്ത് ഒരു സ്നേഹിതനിൽനിന്നും എനിക്കു കിട്ടി. അദ്ദേഹമാണെങ്കിൽ ഇടത്തരക്കാരിൽ അല്പം മുന്നോട്ടു നിൽക്കുന്ന ഒരു നാട്ടുപ്രമാണിയാണ്. നാട്ടുപാവങ്ങൾ ആദരിച്ചുപോകത്തക്കവണ്ണം, തലയിൽക്കെട്ട് എടുത്തു പോകത്തക്കവണ്ണം, ഏതാണ്ടൊക്കെ അദ്ദേഹത്തിനുണ്ട്. വർത്തമാനം പറയുമ്പോൾ ഒച്ച വല്ലാതെ പൊക്കിക്കൊണ്ടിരിക്കും. ഏതന്യായവും ഈ ഒച്ചയിൽക്കൂടി ന്യായമാണെന്ന് അദ്ദേഹം സ്ഥാപിച്ചുകളയും. വീട്ടിൽ സ്വത്ത് കുറെ ഭേദപ്പെട്ടനിലയിലുണ്ട്. എന്നാലും ദിനസരിക്കും ആഡംബരജീവിതത്തിനും വേണ്ട വക സാധുക്കളായ ദേശവാസികളിൽനിന്നും അദ്ദേഹം വസൂലാക്കിക്കളയും. എന്തിനും പോരുന്ന കുറെ സിൽബന്ധികൾ എപ്പോഴും അദ്ദേഹത്തിൻെറ പിന്നിലുണ്ടായിരിക്കും. അദ്ദേഹത്തിൻെറ പരാക്രമത്തേയും സ്വഭാവവൈശിഷ്ട്യത്തേയും എല്ലാവരോടും കീർത്തിച്ചു പറകയാണ് അവരുടെ പണി.

"........പിള്ളയദ്ദേഹം ഒരു ഭാഗ്യശാലിയാണ്." നാട്ടുകാർ പരസ്പരം പറഞ്ഞു.

"എപ്പോൾ എത്രപേരു ചെന്നാലും ഊണും കാപ്പിയും അവിടെ തയ്യാറാണ്" ദൂരെനിന്നും കാണാൻവരുന്ന പ്രമാണിമാർ പറഞ്ഞു.

"ഇന്നലെ സന്ധ്യകഴിഞ്ഞ് അദ്ദേഹം ഇതിലെ കടന്നുപോയി. ശാരദയ്ക്ക് ഒരു പത്തുരൂപാനോട്ട് എടുത്തു എറിഞ്ഞുകൊടുത്തു." നാട്ടിലെ അമ്മമാർ പറഞ്ഞു, ശാരദ വികസിച്ചുതുടങ്ങിയിരിക്കുന്ന ഒരു വെള്ളാമ്പൽപ്പൂവാണെന്നു കൂടി ഓർത്തോളണം. ഇങ്ങിനത്തോട്ട് പല നന്മകളും ഉള്ള ഒരു സ്നേഹിതനാണ് എനിക്കു മേൽപ്പറഞ്ഞപ്രകാരമുള്ള എഴുത്തയച്ചത്. അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ ഞാനൊരു ഭാഗ്യവാനാണ്. അദ്ദേഹത്തിൻെറ കണ്ണിൽ മാത്രമല്ലാ, പലരുടേയും കണ്ണിൽ ഞാനൊരു യോഗശാലിയാണ്. എന്താ തെററ് അങ്ങിനെ തോന്നുന്നെങ്കിൽ. എൻെറ മക്കൾക്കാണെങ്കിൽ യാതൊരു കുഴപ്പവുമില്ല. പരമസുഖം, മൂത്തത് മകളാണ്. അവറ്ക്ക് പത്തഞ്ഞൂറിനുമേൽ ശമ്പളമുണ്ടത്രെ. അവൾക്കിളയവൻ ഐ. ഏ. എസ്സോ, ഐ. എഫ്. എസ്സോ ഒക്കെ പാസ്സായിട്ട് ഇൻഡ്യാഗവണ്മെൻറിൻെറ വിശേഷ ഉദ്യോഗസ്ഥനായിട്ട് ഇപ്പോൾ തെക്കേ അമേരിക്കയിൽ ചില്ലിയിലിരിക്കയാണ്—വൻ ശമ്പളവും പററിക്കൊണ്ട്. അതിനിളയവൻ പഠിക്കുന്ന കാര്യത്തിൽ കുറെ അമാന്തക്കാരനാണെങ്കിലും ഇപ്പോൾ എം. ഏ-യ്ക്ക് വായിക്കയാണ്. പതിനേഴവയസ്സേയുള്ളു. അവനും കേറിപ്പൊക്കോളും എന്നുവെക്കാം. എൻെറ മൂത്ത സഹോദരനാണെങ്കിൽ രണ്ടുമൂന്നുലക്ഷം രൂപയ്ക്കുമേൽ സമ്പാദ്യമുണ്ടാക്കിയിട്ടുണ്ട്. എങ്ങിനുണ്ടാക്കിയെന്നുള്ളത് വേറൊരു കാര്യം. എല്ലാ പണക്കാരൻെറയും വൻമാളികകളുടേയും പ്രതാപത്തിൻേറയും അടിയിൽ കുറെ അളിഞ്ഞുനാറൽ കാണുമല്ലോ. എനിക്കൊരനുജനേയുള്ളു. അയാൾക്കാണെങ്കിൽ പരമസുഖമായിട്ടും അന്തസ്സായിട്ടും ജീവിക്കാൻ എന്തെല്ലാം വേണമോ അതെല്ലാം തികച്ചുമുണ്ട്. എന്നിട്ടും വൃത്തികേടുകളിൽ അയാൾ ചിലപ്പോൾ ഇഴയുന്നുണ്ടെങ്കിൽ അതയാളുടെ കുററമെന്നു വെച്ചാൽമതി. എന്നാൽ എൻെറ കാര്യം. അതു പറയാനൊന്നുമില്ല. പണക്കാരനാവുക, സമ്പാദ്യം ഉണ്ടാക്കിവെക്കുക, എന്തോ എനിക്കതു സഹിക്കാനാവാത്ത ഒരു കാര്യമാണ്. ഉണ്ടാക്കാനായിരുന്നെങ്കിൽ കുറെയൊക്കെ കരുതിവെക്കാൻ; കുറെ സൗകര്യം എനിക്കുമുണ്ടായിരുന്നു. പക്ഷെ, ഇന്നുവരെ എനിക്കൊരു താക്കോലുണ്ടായിട്ടില്ല.. ഒററ സെൻറു ഭൂമി എൻേറതായിട്ടില്ല. ഒററപ്പൈസാ സൂക്ഷിച്ചുവച്ചിട്ട് ഉറങ്ങാമെന്നുവച്ചാൽ എനിക്ക് ഉറക്കംവരില്ല. എന്തോ അങ്ങിനാണ് എൻെറ സൃഷ്ടി



വിശേഷം. ഇതുകൊണ്ടൊക്കെയാണോ ഞാൻ കമ്മ്യൂണിസ്റ്റായതു്? ഞാൻ കമ്മ്യൂണിസ്റ്റാണെന്നു് ആരുപറഞ്ഞു? വെറും ചപ്പടാച്ചിയും അടിച്ചു്, അലക്കിത്തേച്ചെടുത്ത ഷർട്ടിനും മററും ചുളിവുതട്ടാതെ, ഓമനക്കുഴമ്പായി സഖാവാണെന്നുംപറഞ്ഞു് നടക്കുന്നവനെല്ലാം കമ്മ്യൂണിസ്റ്റാണെന്നു് ആരും ധരിക്കണ്ട. ഞാൻ കാറൽമാർക്സിൻെറതത്വസംഹിതകളൊന്നും വായിച്ചിട്ടില്ല. സഖാവു് തോപ്പിൽഭാസിയുടെ "നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി" എന്ന നാടകത്തിലെ മൂപ്പിലേക്കുണ്ടായ അനുഭവങ്ങളൊന്നും എനിക്കുണ്ടായിട്ടില്ല. എങ്കിലും ഒരു കമ്മ്യൂണിസ്റ്റുകാരൻ എങ്ങിനിരിക്കണം, ആരായിരിക്കണം, എന്നൊക്കെയുള്ളതിനെപ്പററി എനിക്കു ചില ധാരണകളുണ്ടു് —ചില ഭാവനകളുണ്ടു്. അതൊക്കെ വെച്ചുനോക്കുമ്പോൾ ഞാനെങ്ങിനൊരു കമ്മ്യൂണിസ്റ്റുകാരനാവും? ചെറിയ ഒരു കമ്മ്യൂണിസ്റ്റുകാരനെ ഒരിക്കൽ കണ്ടു. കുറച്ചുയർന്ന മണ്ഡലത്തിൽ കഴിയുന്ന ഒരു കമ്മ്യൂണിസ്റ്റ്പ്രമാണിയുടെ വീട്ടിൽ ഞാനൊരിക്കൽ ചെല്ലുകയുണ്ടായി. ഞങ്ങൾതമ്മിൽ വത്തമാനം പറഞ്ഞോണ്ടിരിക്കുമ്പോൾ, പപ്രച്ചൻതലമുടി പറപ്പിച്ചോണ്ടു്, പടുകുഴിയിൽ ആണ്ടുപോയ കണ്ണുകളോടുകൂടി, കീറിപ്പറിഞ്ഞ ഒററമുണ്ടുമാത്രം ധരിച്ചോണ്ടു് ഒരാൾ അങ്ങോട്ടു കേറിവന്നു.

"അല്ലാ— ഇതാരു്? ഇപ്പോൾ എവിടുന്നു വരുന്നു? ഇന്നലെ വിട്ടെന്നു പത്രത്തിൽ കണ്ടു. ഇരുന്നാട്ടെ സഖാവെ." എൻെറ സ്നേഹിതൻ പെട്ടെന്നെഴുന്നേററു് വന്നുകേറിയ ചെറുപ്പക്കാരനോടു പറഞ്ഞു.

"ഞാനിന്നലെ രാത്രിയിൽ സഖാവു് —ൻെറ വീട്ടിലെത്തി. നടക്കാൻ വയ്യാഞ്ഞതുകൊണ്ടു് അവിടെ കിടന്നു. എനിക്കിത്തിരി തിളപ്പിച്ച വെള്ളം വേണം ഈ കാലിൽ ഒന്നു ചൂടുപിടിപ്പിക്കാൻ. ലക്കില്ലാത്ത അവന്മാർ എൻെറ കാൽവെള്ള മുഴുവൻ അടിച്ചു പൊട്ടിച്ചുകളഞ്ഞു. നോക്കു, എൻെറ മുട്ടിനു താഴ്വശം മുഴുവൻ നീരാണു്." വന്ന സഖാവു് പറഞ്ഞു. ഞാനും നോക്കി ആ കാലിലേക്കു്. രണ്ടു കാലിൻെറയും മുട്ടിനു കീഴ്വശം ഉരൽപ്രമാണത്തിലിരിക്കുന്നു. ഞാനയാളുടെ വിരലുകളിലേക്കു നോക്കി. ഉണങ്ങിയ ചോര കറുത്തു് കട്ടപിടിച്ചു് വിരലെല്ലാം മൂടിയിരിക്കുന്നു.

"സാറെന്തിനാ വിരലുകളിൽ നോക്കുന്നതു്. ആറു് വിരലുകളിലെ നഖങ്ങൾ അവന്മാർ കൊടിലിട്ടു് പിടിച്ചു വലിച്ചൂരിയെടുത്തുകളഞ്ഞു. എൻെറ കൂട്ടുസഖാക്കളെല്ലാം ആരെല്ലാമാണെന്നും അവരിപ്പോൾ എവിടൊക്കെയാണെന്നും, ആ തെണ്ടികൾക്കു് ഞാൻ പറഞ്ഞുകൊടുക്കണംപോലും. ഞാൻ പറഞ്ഞു— 'പോയി അന്വേഷിച്ചു കണ്ടുപിടിക്കിനെടാ' എന്നു്. പിന്നെ ആ ദ്രോഹികളുടെ പ്രയോഗമെല്ലാം എൻെറ നഖങ്ങളുടെനേർക്കും എൻെറ കാൽവെള്ളയിലുമായിരുന്നു. അവർ തളർന്നുകഴിഞ്ഞപ്പോൾ "എന്തെടാ തടിയന്മാരെ തളർന്നുപോയോ. ഓരോ ചായയും കുടിച്ചേച്ചു് തുടങ്ങിക്കോ. ഇതു കഴിഞ്ഞിട്ടു വേണം എനിക്കൊന്നുറങ്ങാൻ." ഞാൻ പറഞ്ഞു. 'ഏതു പിശാചിനു പിറന്നവനെടാ' എന്നും പറഞ്ഞു് അവരെന്നെ വിട്ടു." വന്ന സഖാവു് പറഞ്ഞു. ജീവച്ഛവമായി ഞാനങ്ങിരുന്നുപോയി. "സഖാവെ! ഇവിടെ വല്ല കുഴമ്പും ഇരിപ്പുണ്ടോ? എൻെറ കാൽവെള്ളയിലൊന്നു് തടവി ചൂടുപിടിപ്പിച്ചാൽക്കൊള്ളാമായിരുന്നു." വന്ന സഖാവു പറഞ്ഞു. എന്നിട്ടു് കാൽ വെ ള്ള ത ങ്ങ ളെ കാ ണി ച്ചു. "എൻെറ ഈശ്വരാ! ഞാനെന്താണീക്കാണുന്നതു്?" ഞാൻ നിലവിളിസ്വരത്തിൽ പറഞ്ഞുപോയി. കാൽവെള്ളയിലെ മുക്കാൽ പങ്കും തൊലി ഉരിഞ്ഞുപോയിരിക്കുന്നു. ചെമ്പരത്തിപ്പൂക്കുലകണക്കെ, ചിലടത്തു് മാംസം അങ്ങിങ്ങായി തൂങ്ങിക്കിടക്കുന്നു. ലജ്ജാവിവശയായ സുന്ദരിപ്പെണ്ണു് കാമുകനെക്കണ്ടു പുഞ്ചിരിക്കുമ്പോൾ ചെഞ്ചുണ്ടുകൾക്കിടയിൽ ചില മുല്ലപ്പൂവുകൾ വിടർന്നു വരാറില്ലേ? അതുപോലെ കുറേശ്ശെ അസ്ഥിക്കഷണങ്ങളും ഇടയ്ക്കിടെ കാണാനുണ്ടു്. കാര്യമെന്താ? ഏതോ പ്രമാദമായ ഒരു കേസ്സിൽ ഒളിവിൽ നടന്നയാളാണു് ഈ സഖാവു്. ഒററുകിട്ടിയിട്ടോ - അല്ലാതെയോ പോലീസുകാർക്കു് ഈ സഖാവിനെ പിടികിട്ടി. കൂട്ടുസഖാക്കളാരൊക്കെയെന്നറിയാൻ, എവിടൊക്കെ പമ്മിയിരിക്കുന്നുവെന്നറിയാൻ, പോലീസ് ഈ സഖാവിനെ ലളിതമായി ചോദ്യംചെയ്തു. ആ ലളിതചോദ്യംചെ യ്യ ലാ ണു് ഈക്കണ്ടതെല്ലാം. ഇത്രയുമെല്ലാമായിട്ടും ധീരതയുടേയും കത്തവ്യം അനുഷ്ഠിച്ചതിൻെറയും ഒരു പുഞ്ചിരി ആ വികൃതാധരങ്ങളിൽ പടർന്നുകിടക്കയാണു്. ഇങ്ങെ അററത്തെ ഒരു പന്നാടൻ കമ്മ്യൂണിസ്റ്റുകാരൻെറ ലക്ഷണമിതാണെങ്കിൽ എനിക്കെങ്ങിനൊക്കും ഒരു കമ്മ്യൂണിസ്റ്റുകാരനാവാൻ? കേൾക്കു ഒരു കഥ. കഴിഞ്ഞ പഞ്ചായത്തുതെരഞ്ഞെടുപ്പിൻെറ കാലത്താണെന്നു തോന്നുന്നു. എൻെറ വാസസ്ഥലത്തുനിന്നും രണ്ടുമൂന്നുനാഴികയ്ക്കപ്പുറമുള്ള ഒരു സ്ഥലത്തു് ഒരു കൊലപാതകം നടന്നു. മരിച്ചതു് കാൺഗ്രസ്സുകാരനാണെന്നാണു് തോന്നിയതു്. എന്തായാലും കുത്തിയതു് കമ്മ്യൂണിസ്റ്റ് പക്ഷക്കാരനായ ഒരു ചെറുപ്പക്കാരനാണു്. വന്നുകൂടിയല്ലോ രാഷ്ട്രീയനിറം ഈ കൊലപാതകത്തിനു്. കമ്മ്യൂണിസ്റ്റുപോക്കിരികൾ കാൺഗ്രസ്യോഗ്യ



ന്മാരെ കുത്തിക്കൊല്ലുന്നു. എന്താ നിവൃത്തി? കമ്മ്യൂണിസ്റ്റുകാർക്കു കിടക്കപ്പൊറുതിയെവിടെ? പോലീസ് ഇറങ്ങി കമ്മ്യൂണിസ്റ്റാഭാസന്മാരെ പിടികൂടാൻ. ഞങ്ങളൊക്കെ കമ്മ്യൂണിസ്റ്റുപക്ഷത്തേക്കു വോട്ടുപിടിക്കാൻ നടന്നവരാ. ഞങ്ങളുടെ കൂട്ടത്തിൽ എന്നേക്കാൾ വൃദ്ധനായ ഏഴംകുളം പരശുരാമയ്യരും (സ: രാമലിംഗത്തിന്റെ പിതാവ്) ഉണ്ടായിരുന്നു. പരശുരാമയ്യർ ഒരു വൃദ്ധബ്രാഹ്മണനാണ്. പണ്ടത്തെ ഒരു ബി. ഏ—ക്കാരനുമാണ്. പഴയ ഒരു ബി. ഏ. എന്നുവെച്ചാലെന്തൊന്നാണെന്നാ നിങ്ങളുടെ വിചാരം? അതൊരു ദിവ്യമാണ്, അത്രേ ഞാനിപ്പോൾ അതിനെപ്പററി പറയുന്നുള്ളു. തെരഞ്ഞെടുപ്പുദിവസം സന്ധ്യയോടുകൂടി ഞങ്ങളെല്ലാം വീട്ടിലെത്തി. സ്വാമിയും എത്തി അദ്ദേഹത്തിന്റെ മഠത്തിൽ. കുളിയും തേവാരവും ഊണും കഴിഞ്ഞ് ഒന്നുറങ്ങിക്കളയാം എന്ന വിചാരത്തോടുകൂടി സ്വാമി മുറിയ്ക്കകത്തുകയറി കട്ടിലിൽ കിടന്നു. പകലത്തെ ക്ഷീണംകൊണ്ടാവാം സ്വാമി ഉറക്കത്തിലേക്ക് പെട്ടെന്നു വീണു. നേരം അർദ്ധരാത്രി കഴിഞ്ഞു. "ഹേ— സ്വാമി! സ്വാമി. ഒന്നെഴുന്നേറേറ. ഒരത്യാവശ്യക്കാര്യമുണ്ട്." സ്വാമിയുടെ മുറിവാതുക്കൽ രണ്ടുമൂന്നു മുട്ടും തുടർച്ചയായ വിളിയുംകേട്ട് സ്വാമി ഉണർന്നു.

"ആരാ അത്" കിടന്നോണ്ടുതന്നെ സ്വാമി ചോദിച്ചു.

"ഞാനാ സ്വാമി ............വക്കീൽ. ഒന്നെഴുന്നേററാട്ടെ. ഒരത്യാവശ്യക്കാര്യം പറയാനുണ്ട്." പുറത്തുനിന്നയാൾ വിളിച്ചുപറഞ്ഞു. ........വക്കീൽ സ്വാമിയുടെ വലിയ ഒരു സ്നേഹിതനാണ്. വക്കീലിന്റെ പേരു കേട്ടയുടൻ സ്വാമി പെട്ടെന്ന് തട്ടിപ്പിടഞ്ഞെഴുന്നേററ് വിളക്കുതെളിച്ചുകൊണ്ട് വാതിൽ തുറന്നു. സ്വാമിയങ്ങ് ചത്തതുപോലെ നിന്നുപോയി. സ്വാമി ആരെയാണു കണ്ടത്? ഒരു പററം റിസർവ്വുപോലീസിനെ ആയുധസാമഗ്രികളോടുകൂടി. "എടോ, ഇയ്യാളെ പിടിച്ചു ആ വാനിൽ കൊണ്ടിട്" കൂട്ടത്തിൽ പ്രമാണിയെന്നു തോന്നിയ ആൾ ഒരു ഭടനോട് പറഞ്ഞു. ഒരു ശവത്തിനെ തള്ളിനീക്കിക്കൊണ്ടു പോകുന്നതുപോലെ സ്വാമിയെ നീക്കിക്കൊണ്ടുപോയി വാനിലിട്ടു. തിരിച്ചു പോകുംവഴിക്ക് ഈ നിലയിൽ ഒരു വൈദ്യനേയും അവർ തട്ടിയെടുത്തു. ലോക്കപ്പിൽ അന്നു നടന്ന കാര്യങ്ങളെപ്പററി സ്വാമിയും വൈദ്യരും പ്രത്യേകം പ്രത്യേകം പ്രസ്താവനയിറക്കിയെന്നാണ് എന്റെ ഓർമ്മ. "ഈ കടുത്ത അന്യായം സഹിക്കാൻ നിവൃത്തിയില്ല" കമ്മ്യൂണിസ്റ്റുകാർ പരസ്പരം പറഞ്ഞു. ഈ ശബ്ദംതന്നെ നാട്ടിലെ പാവപ്പെട്ടവനും മന്ത്രിച്ചു. ഈ സംഭവത്തിന്റെ അഞ്ചിനോ ആറിനോ അതിഗംഭീരമായ ഒരു പ്രതിഷേധമഹായോഗം പാർട്ടി സംഘടിപ്പിച്ചു. താലൂക്കിന്റെ നാനാഭാഗത്തുനിന്നും ജാഥാത്തോടുകൾ ഒഴുകി യോഗസ്ഥലത്തു സംഗമിച്ചു. അന്നത്തെ പ്രാസംഗികരിൽ പ്രമാണി സ: പുന്നൂസായിരുന്നുവെന്നാണെന്റെ ഓർമ്മ. ഞാൻ അദ്ധ്യക്ഷനും. ഒരു കിളവനെ മർദ്ദിച്ച സംഗതിക്ക് പ്രതിഷേധാദ്ധ്യക്ഷൻ മററൊരു കിളവനായിരിക്കണം എന്നുള്ള ന്യായംകൊണ്ടാവാം എന്നെ അദ്ധ്യക്ഷനാക്കിയത്. അതിവിപുലവും ഗംഭീരവുമായ ആ യോഗത്തിൽ മുപ്പതിനായിരത്തിൽപ്പരം ആളുകൾ—ആൺപെണ്ണുൾപ്പെടെ—സംബന്ധിച്ചിരുന്നു വെന്നാണ് ഒരു ഊഹക്കണക്ക്. പാവപ്പെട്ടവനും നല്ലവനും ആയ സ്വാമിയെ നട്ടുപാതിരായ്ക്കു കള്ളംപറഞ്ഞു വിളിച്ചുകൊണ്ടുപോയി, ലാത്തി, കൈമുട്ട്, തോക്കിൻപാത്തി തുടങ്ങിയവകൊണ്ട് മർദ്ദിക്കുക. സ്വാമി കിടന്നു നിലവിളിക്കുക—എന്റെ ഹൃദയം പതഞ്ഞുപൊങ്ങി. "ഞങ്ങളെന്തുവേണം? ഒന്നു പറഞ്ഞുതരു" എന്നു ചോദിച്ചോണ്ട് നിരന്നിരിക്കുന്ന അനേകായിരം ജനങ്ങളെ കണ്ടപ്പോൾ, ഞാനൊരാവേശമായി മാറി. അദ്ധ്യക്ഷനെന്നനിലയിൽ ഞാൻ പറഞ്ഞു—അല്ലാ അലറി—"ഈ സബ്ബിൻസ്പെക്ടറല്ലാ, ഇയ്യാളുടെ ബാപ്പയുണ്ടല്ലോ—അയാളിങ്ങു വരട്ടെ. ചുണയുണ്ടെങ്കിൽ എന്റെ പ


**10 രൂപാ മുടക്കി 200 രൂപായുടെ**

**ഒരു പുതിയ സൈക്കിൾ കരസ്ഥമാക്കുവാനുള്ള അസുലഭസന്ദർഭം**

**പാഴാക്കാതെ ഉടനെ അംഗമായി ചേരുവിൻ!**

**ലക്ഷ്മി**

**സൈക്കിൾ ഇൻസ്ററാൾമെൻറ് പദ്ധതി**

**നമ്പർ 4. ഉടനെ ആരംഭിക്കുന്നു.**

*N. B.* നറുക്കെടുപ്പിൽ വിജയിച്ച അംഗം വീണ്ടും പണം അടയ്ക്കേണ്ടാ.

കൂടുതൽ വിവരങ്ങൾക്ക് നേരിട്ടോ 8 നയാ പൈസാ സ്റ്റാമ്പുസഹിതമോ അപേക്ഷിക്കുക.

**ലക്ഷ്മി സൈക്കിൾ സ്റേറാഴ്സ്**

**കല്ലൻറോഡ്, മുല്ലയ്ക്കൽ, ആലപ്പുഴ.**

പ്രൊപ്രൈറ്റർ: പി. വെങ്കിടകൃഷ്ണൻ.

P. S. എല്ലാവിധ സൈക്കിളുകൾക്കും, സ്പെയർപാർട്ട്സുകൾക്കും, സൈക്കിൾറിപ്പയറിങ്ങിനും ഞങ്ങളെ സമീപിക്കുക

## ദി ഹിന്ദുസ്ഥാൻ ചിട്ടിഫണ്ടു് പ്രൈ: ലിമിററഡ്

**ആലപ്പുഴ.**

എ. ബി. സി. ഡി. ഈ. എന്നീ അഞ്ചു ക്ലാസ്സുകളിലായി

**8,000 രൂപയുടെ പ്രതിമാസ ലേലച്ചിട്ടി**

ക്യാഷ്സെക്യൂരിററിയിന്മേൽ വീണ്ടും ഉടനെ ആരംഭിക്കുന്നു.

| | | | | | | | |
|---|---|---|---|---|---|---|---|
| A. | മാസം ഒന്നിനു് | 50 | ഇ. രൂപാവീതം | 40 | മാസം | ഇ. രൂപാ | 2000 |
| B. | ,, | 30 | ,, | 40 | | ,, | 1200 |
| C. | ,, | 25 | ,, | 40 | | ., | 1000x2 |
| D. | ,, | 20 | ,, | 40 | | ,, | 800x2 |
| E. | ,, | 15 | ,, | 40 | | ,, | 600x2 |

വശ്യോലയും മററു വിവരങ്ങളും ആവശ്യപ്പെട്ടാൽ അയച്ചുതരുന്നതാണു്.

മാനേജർ, ദി ഹിന്ദുസ്ഥാൻ ചിട്ടിഫണ്ടു് പ്രൈവററ് ലിമിററഡ്
പാലസ്റോഡ്, ആലപ്പുഴ.


ല്ലടിച്ചു് ഒന്നു താഴെയിടട്ടെ." എന്നെ തുടരാൻ ജനങ്ങൾ സമ്മതിച്ചില്ല. കൈയടിയോടെ കൈയടി. പല്ലിടിച്ചു താഴെയിടാൻ ഞാൻ വെല്ലുവിളിച്ചതു വെറുതേയല്ല. ഐ. ജി—യും അയാളുടെ വീട്ടുകാരും അടക്കം വന്നു തല്ലിയാലും എന്റെ പല്ലടിച്ചു തിഴെയിടാൻ ഒക്കില്ല. എന്തെന്നാൽ എന്റെ വായിൽ ഒററപ്പല്ലു് പോയിട്ടു് അവന്റെ അളിയൻപോലുമില്ല. വാരാൻപോകുന്ന കാലസ്ഥിതി ഞാൻ കണ്ടിരുന്നു. ആറു വർഷത്തിനു മുമ്പുതന്നെ എന്റെ പല്ലെല്ലാം എടുപ്പിച്ചേച്ചു് മിടുക്കനായി നടക്കയാണു് ഞാൻ. "ജനദ്രോഹിയായ ഇൻസ്പെക്ടർക്കു തക്ക ശിക്ഷ കൊടുക്കണം" ആ ഗംഭീരയോഗം ഇങ്ങിനൊരു പ്രമേയം പാസ്സാക്കി സർക്കാരിനു് അയച്ചുകൊടുക്കുകയും ചെയ്തു. ജനങ്ങളുടെ ശബ്ദം സർക്കാർ ബഹുമാനപൂർവം കൈക്കൊണ്ടു. അധികം താമസിയാതെ അദ്ദേഹത്തിനെ സക്കിൾ ഇൻസ്പെക്ടറായി തരംതാഴ്ത്തി ശിക്ഷിച്ചുകളഞ്ഞു. ഇപ്പോൾ എ. എസ്. പിയാണെന്നാണു് തോന്നുന്നതു്. ഇതിൽ പിന്നീടു് പരിചിത ഇൻസ്പെക്ടറന്മാരെ കണ്ടാൽ—"എന്താ, പ്രമോഷൻ ഉടൻ വേണമെന്നുണ്ടോ? വേണമെങ്കിൽ പറയൂ. എന്റെ അദ്ധ്യക്ഷതയിൽ ഒരു പ്രതിഷേധയോഗം വിളിച്ചുകൂട്ടിക്കളയാം." ഞാൻ പറയുക പതിവാണു്.

അന്നത്തെ യോഗം കഴിഞ്ഞു് രാത്രി ഒരുമണിയോടുകൂടി ഞാൻ ഒന്നുരണ്ടു സഖാക്കളോടുകൂടി എന്റെ വസതിയിൽ വന്നു. കുളിയും ഊണും ഒന്നും വേണ്ടെന്നുംപറഞ്ഞു് കൂട്ടരുമായി തിണ്ണയ്ക്കു തന്നെ കിടന്നു. ഉറക്കം അശേഷം വരുന്നില്ല എങ്കിലും കണ്ണടച്ചു കിടന്നുകളയാം എന്നു വിചാരിച്ചു് കണ്ണടയ്ക്കുകില്ലെ, അപ്പോൾ കേൾക്കാം ചെവിയിൽ ബൂട്ടുകളുടെ ശബ്ദം. കാണാം തോക്കും ലാത്തിയും ധരിച്ച അനേകം പോലീസുകാർ. "എടാ നിന്റെ പ്രസംഗം. എഴീക്കെടെ കിഴട്ടുനായെ" എന്നു വിളിച്ചോണ്ടു നിൽക്കുന്നതു്. അടുത്ത പരശുരാമയ്യർ ഞാനായിക്കൂടെന്നില്ലല്ലോ. എന്തിനു സംശയിക്കുന്നു? ആവുകതന്നെ ചെയ്യും. ആവേശംകേറി പ്രസംഗിച്ചു. തുരുതുരാ കൈയടികൾ പൊഴിഞ്ഞു. അതുതന്നെ ഇടികളും ചവിട്ടുകളും എന്റെ മേൽ വീഴുന്ന ഒരനുഭവം എനിക്കുണ്ടായി. ഞാൻ ചാടിയെഴുന്നേററു. കൂട്ടരെ വിളിച്ചു. അവർ പരിഭ്രമിച്ചെഴുന്നേററു. "ഹേ—ങ്ഹേ— എന്താ കാര്യം?" അവർ ചോദിച്ചു. "ഓ— പറയാനുംമാത്രമില്ല. വരിൻ. നമുക്കൊന്നു് നടക്കാനിറങ്ങാം." എന്നു പറഞ്ഞോണ്ടു് ഞാനിറങ്ങി നടന്നു. ലൈററുമായി അവരും എത്തി കൂടെ. ഇടവഴികളിൽക്കൂടി, മലയിടുക്കുകളിൽക്കൂടി, കുന്നിൻപുറങ്ങളിൽക്കൂടി, മുള്ളുകളിലും പടർപ്പുകളിലുംകൂടി, ആ അസമയത്തു് ഞങ്ങൾ നാലുനാഴിക നടന്നു് ഒരു സഖാവിന്റെ വീട്ടിലെത്തി. എന്തിനു്? പോലീസിന്റെ അർദ്ധരാത്രിഇടി പേടിച്ചു്. ഇത്ര ഭീരുവായ ഞാൻ ഒരു കമ്മ്യൂണിസ്റ്റുകാരനാണെന്നു പറഞ്ഞാൽ അതിൽക്കവിഞ്ഞൊരു അവമാനമുണ്ടോ പാർട്ടിക്കു്.

സംഗതി ഇങ്ങിനൊക്കെയാണെങ്കിലും, ഞാനൊരു പാർട്ടിമെമ്പറല്ലെങ്കിലും, രാഗംകൊണ്ടു് അതിപരവശയായ ഒരു കാമുകി, നെടുവീർപ്പുകൾ വിട്ടോണ്ടു് കാമുകന്റെ മാർവിലേക്കു ചാഞ്ഞുകിടക്കുന്നതുപോലെ ഞാനിന്നു് കമ്മ്യൂണിസ്റ്റ്പാർട്ടിയിലേക്കു് തലചായിച്ചു കിടക്കയാണു്. കാരണങ്ങളെന്തെന്നോ? വളരെയേറെ പറയാനുണ്ടു്. പിന്നാലെ പറയുകയും ആവാം.

ഈ രാഗവിവശത മാറുമോ? വേർപെടലുണ്ടാവുമോ? അഗ്നിസാക്ഷിയായി പാർട്ടിയെ ആത്മാർപ്പണംചെയ്തു് വരിച്ച പല കുലസ്ത്രീകളും ഇന്നു് "എവിടെ എന്റെ നാഥൻ?" എന്നു വിലപിച്ചോണ്ടു് റോഡുനീളെ നടക്കുന്നതു് ഞാൻ കാണുന്നുണ്ടു്. ആ സ്ഥിതിക്കു് ഒരു കാമുകിയുടെ നില—? എങ്ങിനെന്നാരറിഞ്ഞു?

★




## ★ ഹമീദിയ ജർദാ ★

**സുഗന്ധ ഔഷധപ്പുകയില**

താംബൂലാവശ്യത്തിനു് അനുയോജ്യവും തൃപ്തികരവുമാണു്. ഞങ്ങളുടെ ഫോട്ടോ ട്രേഡുമാർക്കു് ലേബൽ പരിശോധിച്ചു വാങ്ങുവിൻ. വ്യാജനിർമ്മാണം കണ്ടു വഞ്ചിതരാകരുതു്.

**നിർമ്മാതാക്കൾ- കെ. ഷണ്മുഖസുന്ദരം, മുല്ലയ്ക്കൽ-ആലപ്പുഴ.**

Phone No. 632. P. B. No. 188.

# മാവേലിക്കും പെൻഷൻ




ഒരു ഹിന്ദു, ഒരു ക്രിസ്ത്യാനി, ഒരു മുസൽമാൻ—ഇങ്ങനെ മൂന്നുപേർ വഴിയരികിലുള്ള ഒരു തണൽവൃക്ഷച്ചുവട്ടിലിരുന്നു വിശ്രമിക്കുമ്പോൾ അങ്ങു ദൂരെനിന്നു് ഒരു വൃദ്ധൻ നടന്നു വരുന്നതു കണ്ടു. അപ്പോൾ മുസൽമാൻ പറഞ്ഞു—

"തേച്ചുലക്കിയ മുണ്ടൊണ്ട്
തേയിലക്കടെയീൻെറ മട്ടൊണ്ട്
തെക്കുന്നങ്ങ വരുന്നൊരുവാപ്പാ
പുതുനിക്കാഹിൻെറ മട്ടൊണ്ട്"

ശൊർണ്ണത്തിൻെറ കിരീടോണ്ട്
മീശപെരുത്തു മൊഹത്തൊണ്ട്
പദയാത്രേൻെറയകത്തുന്നോടിയ
പഹയന്മാരിടെ യൊസ്താദ്

ഈത്തപ്പയത്തിൻെറ നെറമാണ്
നെയ്ച്ചോറുണ്ണണ വയറാണ്
പട്ടൂരാകി ഞമ്മടെ മുമ്പിലിറങ്ങി
പ്പടച്ചോൻ ചുമ്മാ വരവാണോ?

ക്രിസ്ത്യാനിക്കു് അങ്ങനെയല്ല തോന്നിയതു്. അയാൾ മുസ്ലീംവൃദ്ധൻെറ അഭിപ്രായത്തെ ഖണ്ഡിക്കുകയാണു ചെയ്തതു്.

"ഒന്നുമല്ലതുകാക്കാതെററിപ്പോയ് സ്വർഗ്ഗസ്ഥയാം
കന്യകമറിയാമിൻഹസ്ബൻ്റ് യൗസേപ്പത്രേ
ആ നര; ആവയസ്സ്; ആവേഷം ഇവയെല്ലാം
ആകെഒത്തിരിക്കുന്നിതതിയാൻ തന്നെന്നൂനം
അല്ലെങ്കിലാദാമിൻ്റെ യാദ്യസന്തതിയാകാം
വല്ലതുമാട്ടെ; ചൊല്ലാം നമുക്കൊരാലേലൂയ്യാ!"

ഹിന്ദുസഹോദരൻെറ അഭിപ്രായം അതൊന്നുമല്ല. അയാൾ പറഞ്ഞതിങ്ങനെയാണു്—

"സകലമതകുലവിമലസഹൃദയ സതീർത്ഥ്യരേ!
സാരസ്യവാചകം കേൾക്കുവിൻ മാമകം
തുഹിനഗിരിനിഭരജതരോമേശനാമഹാൻ
തുഞ്ചത്തെഴുത്തച്ഛനെന്നുതോന്നുന്നുമേ
കലിതരുചിയൊടുനടപതുക്കെയായീടുവാൻ
കള്ളടിച്ചാകെക്കറങ്ങിയതാകണം"

ഇങ്ങനെ മൂന്നുപേരും അവരുടെ അഭിപ്രായം പറഞ്ഞു കഴിഞ്ഞപ്പോൾ വൃദ്ധൻ അവരുടെ അടുക്കലെത്തി. അവരെ മൂന്നുപേരെയും അദ്ദേഹം സൂക്ഷിച്ചുനോക്കി. അതുകണ്ടു് മൂന്നുപേരുംകൂടി ചോദിച്ചു.

"ആരെന്നറിഞ്ഞില്ല മൂപ്പീന്നാരേ!
എവിടുന്നു വരവാണുമൂപ്പീന്നാരേ!"

വൃദ്ധൻ—

പാതാളത്തീന്നു വരുന്നവൻഞാൻ
കേരളം പണ്ടു ഭരിച്ചവൻ ഞാൻ
മാവേലിയെന്നാണു പേരു, നിങ്ങ
ളാരെന്നറിഞ്ഞില്ല; കൂട്ടുകാരേ!

മൂവരും തമ്മിൽ തമ്മിൽ ഒന്നു നോക്കി. അവർക്കു പല സംശയങ്ങളുമുണ്ടായി. പണ്ടു് കേരളം ഭരിച്ചിരുന്നയാളെന്നു് അയാൾ അവകാശപ്പെടുന്നതിൻെറ അർത്ഥം അവർക്കു മനസ്സി

ലായില്ല. ഒരുപക്ഷേ അയാൾ കമ്മ്യൂണിസ്റ്റായിരിക്കണം. അങ്ങനെയാണെങ്കിൽ വല്ല വിമോചനസമരത്തിലും പരാജയപ്പെട്ട് അണ്ടർഗ്രൗണ്ടിൽപ്പോയി ഒളിച്ചതായിരിക്കണം. അവർ പറഞ്ഞു—

മുപ്പിരിമുന്നണിക്കൂട്ടർ ഞങ്ങൾ
കമ്മ്യൂണിസത്തിന്റെ ശത്രു ഞങ്ങൾ
ചെങ്കൊടിനാട്ടീന്നൊടുത്തുമാററാൻ
ചങ്കുററത്തോടൊന്നായ് നിന്നു ഞങ്ങൾ
ഈ നാടിന്നിപ്പോൾഭരിപ്പോർഞങ്ങൾ
താങ്കൾ കമ്മ്യൂണിസ്റ്റോ പിഎസ്സ്പീയോ?

മാവേലി—
ഞങ്ങൾക്കിസമൊന്നും പണ്ടേയില്ല
ഞങ്ങൾ പ്രജകൾക്കുവേണ്ടി വാണോർ
പോകട്ടെയക്കഥ;പോയവർഷം
വാണിരുന്നോരെല്ലാമെങ്ങുപോയി?

മുന്നണി:— ഞങ്ങളവരെ പിരിച്ചയച്ചു
സംഗതിയിത്തിരി ബേജാറായി

മാവേലി:— ഇക്കൊല്ലം നാട്ടുസുഭിക്ഷമാണോ!

മുന്നണി:— ഇക്കൊല്ലമേററം സുഭിക്ഷമത്രേ!

മാവേലി:— പൊന്നുംപണവും ധാരാളമുണ്ടോ?
പൊന്നോണമുണ്ണാനരിയുമുണ്ടോ?

മുന്നണി:— അരികൊണ്ടിരിക്കപ്പൊറുതിയില്ല
നികുതിപെരുപ്പിച്ചു കാശുണ്ടാക്കി
എന്നല്ല നാട്ടാരും നോട്ടടിച്ചു
സമ്പന്നരായിട്ടൊണ്ടീവർഷത്തിൽ
നില്ക്കട്ടവയെല്ലാം നിങ്ങൾക്കിപ്പോൾ
എത്രവയസ്സൊണ്ടു ചൊല്ലിയാട്ടെ?

മാവേലി:— മുന്നൂറുംനൂറും വയസ്സെനിക്ക്
ഇന്നോളംപൂർത്തിയായ് ത്തീർന്നിരിപ്പൂ

മുന്നണി:— മറെറാന്നുംകൊണ്ടല്ലചോദിച്ചത്
മുററുമങ്ങേയ്ക്കല്പം ഭാഗ്യമുണ്ട്
മൂത്തുനരച്ചോർക്കു പെൻഷൻകിട്ടും
വാർദ്ധക്യവേതനം വാങ്ങിത്തരാം
അഡ്രസ്സുഞങ്ങളെ ഏല്പിച്ചാട്ടെ
വിദൂരതംകാശങ്ങോട്ടെത്തിച്ചേക്കാം.

മാവേലി:— വേണ്ട,വേണ്ടാക്കാശെനിക്കുവേണ്ട,
വേണ്ടതൊന്നേയുള്ളെനിക്കിവിടെ
ഈനാട്ടുമക്കൾ സുഭിക്ഷതയിൽ
ഈട്ടുററുവാഴ്‌വതു കണ്ടിടേണം.

മുന്നണി:— അക്കഥഞങ്ങളു നോക്കിക്കോളാം
സർക്കാരിന്നിപ്പോളീ ഞങ്ങൾതന്നെ
എന്നാൽ തിരിച്ചെഴുന്നള്ളിയാട്ടെ,
കിന്നാരം ചൊല്ലാമിനിയൊരിക്കൽ.

ഇങ്ങനെ പറഞ്ഞ് മുന്നണിക്കാർ എഴുന്നേററ് അവരുടെ പാട്ടിനുപോയി. എന്തുചെയ്യേണ്ടു എന്നറിയാതെ മാവേലി അവിടെ അല്പനേരംകൂടി നിന്നതിനുശേഷം നേരേ വന്നവഴിയേ തിരിഞ്ഞുനടന്നു.

—o—


ചേർത്തല ബ്രദേഴ്സ്

'നാഗധാം'

ചേർത്തല.

★

*For Booking:*

കെ. എൻ. കൃഷ്ണൻകുട്ടിപ്പണിക്കർ,
സംഗീതവിദ്യാലയം
P. O. ചേർത്തല, കേരളാ.





# കലാമണ്ഡലം ഡിഗ്രിവേഷക്കാർ

എം. എൻ. ഗോവിൻനായർ

കേരളകലാമണ്ഡലത്തിൻെറ ആഭിമുഖ്യത്തിൽ ഡിഗ്രി കോഴ്സുകൾ ആരംഭിക്കുന്നതാണെന്ന് കേന്ദ്രമന്ത്രി ജനാബ് ഹുമയൂൺകബീർ പ്രസ്താവിച്ചിരിക്കുന്നു. നമ്മുടെ നാടൻമന്ത്രി ജനാബ് ഉമ്മർകോയ പറയുന്നതിനേക്കാൾ കൂടുതലായി കേന്ദ്രമന്ത്രി പറയുന്ന കാര്യത്തിന് നിർവഹണസാദ്ധ്യതയുള്ളതുകൊണ്ട് കേരളകലാമണ്ഡലം താമസിയാതെ ഒരു ഡാൻസ്യൂണിവേഴ്സിററിയായിത്തീരുമെന്നും, അവിടെ കഥകളി, ക്ലാസിക്കൽ ഡാൻസ്, മോഹിനിയാട്ടം, ഓട്ടൻതുള്ളൽ, കുറത്തിയാട്ടം മുതലായ കേരളീയകലകൾക്ക് ഡിഗ്രികോഴ്സുകൾ നടപ്പിലാകുമെന്നും, നമ്മുടെ നാട്ടിൽ കഥകളി ബി. എ. ക്കാരും, ഓട്ടൻതുള്ളൽ എം. എ. ക്കാരും മററും ധാരാളം ഉണ്ടാകുമെന്നും, ചികിത്സിക്കാനറിഞ്ഞുകൂടാത്ത ഡാക്കറന്മാരുടെ എണ്ണം പെരുകുന്ന കൂട്ടത്തിൽ കഥകളി ഡാക്കറന്മാരും ഉൾപ്പെടുമെന്നും നമുക്ക് ന്യായമായി ആശിക്കാവുന്നതാണ്.

ഈ ഡിഗ്രി കോഴ്സുകൾക്ക് പ്രവേശനം കിട്ടുന്നതിനുമുൻപ് വിദ്യാർത്ഥികൾ പ്രീയൂണിവേഴ്സിററിയും പ്രീ പ്രൊഫഷനലും പരീക്ഷകൾ പാസ്സായിരിക്കേണ്ടതാണ്. പ്രീപ്രൊഫഷനൽ ക്ലാസിൽ ആദ്യമായി ചവിട്ടിത്തിരുമ്മു നടത്തപ്പെടും. പിന്നീട് തിരശ്ശീലപിടുത്തം, വിളക്കിലെ തിരിനീട്ടൽ എന്നിങ്ങനെ ചുവട്ടിൽനിന്ന് ഓരോ വിഷയങ്ങൾ പഠിപ്പിക്കുവാൻ തുടങ്ങും. അതിനുശേഷം ഈ വിദ്യാർത്ഥികൾക്ക് കലാവാസനയുണ്ടെന്നു ബോദ്ധ്യപ്പെട്ടാൽ അവരെ ത്രിവത്സര ഡിഗ്രികോഴ്സിൽ സ്വീകരിക്കും.

പച്ച, കത്തി, താടി, മിനുക്ക് കരി എന്നിവയാണല്ലോ കഥകളിയിലെ പ്രധാന വേഷങ്ങൾ. ഇപ്പോൾ ബി. എ-യ്ക്ക് ഹിസ്റ്ററി, ഫിലോസഫി, എക്കണോമിക്സ് എന്നീ വിഷയങ്ങളും ബി. എസ്സ്സിക്ക് ബോട്ടണി, സുവോളജി, മാത്തമാററിക്സ്, ഫിസിക്സ്, മുതലായ വിഷയങ്ങളും ഉള്ളതുപോലെ കലാമണ്ഡലത്തിൻെറ വിഷയങ്ങൾ പച്ച,കത്തി മുതലായവയായിരിക്കും. ബി.എസ്സ്. സി.ക്ക് ബോട്ടണി മെയിൻ സുവോളജി സബ്സിഡിയറി എന്നിങ്ങനെ പ്രധാനവും അപ്രധാനവുമായ വിഷയങ്ങൾ ക്രമീകരിച്ചിരിക്കുന്ന രീതിയിൽ, പച്ച (മെയിൻ) കത്തി (സബ്സി ഡിയറി) കത്തി (മെയിൻ) താടി (സബ്സിഡിയറി) എന്നിങ്ങനെ വിഷയങ്ങൾ പ്രധാനവും അംഗിയുമായി തിരിച്ചും മറിച്ചും സ്വീകരിക്കാവുന്നതാണ്. സ്ത്രീകൾക്ക് സ്ത്രീവേഷവും. പച്ചയും മിനുക്കും പാഠപദ്ധതിയിൽ ഉൾപ്പെടുത്താൻ അനുവാദമുണ്ടായിരിക്കും.

താടി പ്രധാനവിഷയമായി എടുക്കുന്നവർക്ക് കറുത്തതാടി, വെളുത്തതാടി, ചുവന്നതാടി ഇവയിൽ ഏതിലെങ്കിലും സ്പെഷ്യലൈസ് ചെയ്യാവുന്നതാണ്. അതുപോലെ കത്തിവേഷക്കാരനു നിണം സ്പെഷ്യലൈസ് ചെയ്യാം.

മേൽപറഞ്ഞപ്രകാരം മെയിനും സബ്സിഡിയറിയും വിഷയങ്ങളെടുത്ത് കഥകളി ബി. എ. ക്കാരായിത്തീരുന്നവർക്ക് ഡിഗ്രി കൊടുക്കുന്നത് പ്രത്യേക കോൺവൊക്കേഷനിൽവെച്ചായിരിക്കും. ഇപ്പോൾ ബി. എ., ബി. എസ്സ്സി മുതലായവയുടെ ബിരുദം എടുക്കുന്നവർ കോട്ടും ശരായിയും, ഗൗണും പരന്ന തൊപ്പിയുമായി ചെല്ലണമെന്നാണല്ലോ ചട്ടം. എന്നാൽ കഥകളി ബി. എ.ക്കാർ അതാതു മെയിൻ വിഷയങ്ങളുടെ വേഷവിധാനങ്ങളോടുകൂടിയായിരിക്കണം ഡിഗ്രി മേടിക്കാൻ ചെല്ലുന്നത്. വലിയ നിലവിളക്കിനു മുൻപിൽ ഉരലിൻെറ പുറത്തുകയറി സ്വന്തം ഐച്ഛികവേഷത്തിൽ നിൽക്കുന്ന ചാൻസലറിൽനിന്നും ഓരോ നടനും നടിയും അഷ്ടകലാശം ചവിട്ടി വന്നിച്ചശേഷം ഡിഗ്രിയുടെ കടലാസ് തൊഴുതു വാങ്ങിക്കേണ്ടതാണ്.

ഡിഗ്രി എടുത്തുകഴിഞ്ഞാൽ റിസർച്ചുചെയ്തു പ്രബന്ധം എഴുതിയോ പ്രാ

പുതുവർഷത്തിൽ പുതുമയുള്ള സ്വർണ്ണരത്നാഭരണങ്ങൾക്ക്
നിങ്ങളുടെ
ശാരദാ ജുവലേഴ്സ്
മുല്ലയ്ക്കൽ :: ആലപ്പുഴ.

യോഗിക പാടവംകൊണ്ടോ എം.എ.യും ഡാക്ടറേറും എടുക്കാൻ കഴിയും. ഏതെങ്കിലും വിഷയത്തിൽ എം. എ. പാസ്സാകുന്നവൎക്ക് എം.എ.യോടുകൂടി ആ വിഷയത്തിന്റെ പേരും ഘടിപ്പിക്കാം. പി. എച്ച്. ഡി-ക്കു പകരം കഥകളിയിൽ ഡാക്ടറേറ് എടുക്കുന്നവൎക്ക് കെ. ഡി. എന്നായിരിക്കും ബിരുദം നൽകുക. (കെ = കഥകളി)

മേളക്കാർക്കും ഡിഗ്രികൾ നൽകപ്പെടും. അതിലേക്ക് ചെണ്ട (മെയിൻ) മദ്ദളം (സബ്സിഡിയറി) മദ്ദളം (മെയിൻ) ചെണ്ട (സബ്സിഡിയറി) എന്നിങ്ങനെ രണ്ടുവിധം കോഴ്സുകൾ ഉണ്ടായിരിക്കും. എന്നാൽ കൈമണി ചേങ്കില മുതലായവയ്ക്കു് പ്രത്യേകം ഡിഗ്രികൾ ഉണ്ടായിരിക്കയില്ല. അതായതു് കൈമണി ബി. എ-യും ചേങ്കില എം. എ-യും കാണാൻ സാധിക്കയില്ല.

കഥകളിപ്പാട്ടിനും പ്രത്യേകം ഡിഗ്രികൾ ഉണ്ടായിരിക്കും. പാട്ടുകാരുടെ ആയുധങ്ങളാണല്ലൊ കൈമണിയും ചേങ്കിലയും. പൊന്നാപ്പ (മെയിൻ) ശിങ്കിടി (സബ്സിഡിയറി) എന്നീ രീതിയിൽ അതിലും വിഷയവൈവിധ്യം ഉണ്ടാകും.

ഭാവിയിൽ കഥകളിനോട്ടീസുകളിൽ ഇങ്ങനെ കാണും.

നടീനടന്മാർ—

ശ്രീകൃഷ്ണൻ:— ചമ്പക്കുളം കുട്ടൻപിള്ള.
പച്ച (എം. എ)

ദുര്യോധനൻ:— കുറിച്ചി കുമാരൻനായർ
കത്തി (ബി. എ.)

നാരദൻ:— മാവേലിക്കര രാമൻപിള്ള
(മിനുക്കു് ആണേഴ്സ്)

ദുശ്ശാസനൻ:— ചേർത്തലരാഘവൻപിള്ള
താടി (എം. എ.) ചുവന്ന താടി
സ്പെഷ്യലിസ്റ്റ്

പാഞ്ചാലി:— വഞ്ചിയൂർ മാധവിയമ്മ
സ്ത്രീവേഷം (എം. എ.)

മേളം!—

കാഞ്ഞിരപ്പള്ളി മധുസൂധനൻ
ചെണ്ട (എം. എ.)
പുറക്കാട്ട് കാർത്തികേയൻ
മദ്ദളം (ബി. എ.)

ഈ കോഴ്സുകളുടെ നേതൃത്വം വഹിക്കുന്നതിനായി ചീഫ് പ്രൊഫസന്മാരായി ഗുരു കുഞ്ചുക്കുറുപ്പ്, ഗുരു ഗോപിനാഥ് എന്നിവരെ ഡാക്ടർബിരുദം നൽകി ഡീനുകളായി നിയമിക്കും. അവർ മേലാൽ ഡാക്ടർ കുഞ്ചുക്കുറുപ്പും, ഡാക്ടർ ഗോപിനാഥും ആയിരിക്കും. കലാമണ്ഡലം കൃഷ്ണൻനായർ, മാങ്കുളം വിഷ്ണുനമ്പൂതിരി, കുടമാളൂർ കരുണാകരൻനായർ മുതലായ പ്രസിദ്ധ നടന്മാൎക്ക് എം. എ. ബിരുദംനൽകി അസിസ്റ്റന്റ പ്രൊഫസറന്മാരായി നിയമിക്കും. മറ്റു ചെറിയ നടന്മാരെ ലക്ചററന്മാരായും നിയമിക്കും.

ഓട്ടൻതുള്ളലിനെയും പോഷിപ്പിക്കണമല്ലൊ. അതിനു് മലബാർ രാമൻനായൎക്ക് എം. എ. ബിരുദംനൽകി ചീഫ്പ്രൊഫസ്സറായി നിയമിക്കും. ഓട്ടൻതുള്ളൽ മെയിനും കുറത്തിയാട്ടം സബ്സിഡിയറിയുമായി ഒരു പ്രത്യേക കോഴ്സ് അതിനും ആരംഭിക്കും.

ചുട്ടികുത്ത്, തിരശ്ശീലപിടുത്തം, വിളക്കിലെ തിരിനീട്ടൽ, പെട്ടിചുമട് മുതലായ ചില്ലറ ജോലികൾക്കു് ഡിപ്ളോമാ കോഴ്സുകൾ ഏർപ്പെടുത്തും. അവയ്ക്കു കോഴ്സുകളുടെ ആവശ്യമില്ലെന്നാണ് അധികൃതർ തീരുമാനിച്ചിരിക്കുന്നതു്.

ഡിഗ്രിക്കാരും ഡിപ്ളോമാക്കാരും ധാരാളം കഥകളി, ഓട്ടൻതുള്ളൽ, കുറത്തിയാട്ടരംഗങ്ങളിലേക്കു വരുന്നതനുസരിച്ച്, ബിരുദധാരികളല്ലാത്തവൎക്ക് ആ മാതിരി കലകൾ പ്രകടിപ്പിക്കാൻ നിരോധനം ഉണ്ടാകുന്നതാണ്. എന്നാൽ ഇപ്പോഴത്തെ പഴയ തലമുറക്കാരായ അഭ്യസ്തവിദ്യരെ പട്ടിണിയ്ക്കിടാതിരിക്കുന്നതിനുവേണ്ടി അവൎക്ക് രണ്ടാംക്ലാസ്സു രജിസ്ട്രേഷൻ കൊടുത്തു് അടുത്ത പത്തുവർഷത്തേക്കു് അവരും കലാപരിപാടികളിൽ പങ്കെടുക്കാൻ അനുവദിക്കും. അതിനുശേഷം മറ്റെന്തെങ്കിലും തൊഴിലുകളിൽ അവർ പ്രവേശിച്ചു കൊള്ളേണ്ടതാണ്.

—o—




# ട്രാൻസ്ഷിപ്പിൽ



## വേളൂർ കൃഷ്ണൻകുട്ടി

ചിറകു മുളയ്ക്കുമ്പോൾ പക്ഷിക്കു് ഒററ മോഹമേയുള്ളു; പറക്കണമെന്നു്. യൗവ്വനം വന്നു വിരുന്നു കേറുമ്പോൾ ആണും പെണ്ണും ഒപ്പം ഒളിച്ചുവച്ചോമനിക്കുന്ന ഒരേയൊരു വിചാരമേയുള്ളു; ദാമ്പത്യംവരെ ഒന്നു പോകണമെന്നു്.

പ്രായം കൊണ്ടുവന്നു് എൻെറ മുഖത്തു മീശയരി വാരി വിതറിയപ്പോൾമുതൽ ഈ ഒരു വിചാരം, എൻെറ വികാരങ്ങളുടെ തോളിൽ കൈയിട്ടുനിൽക്കാൻ തുടങ്ങിയതാണു്.

ഒരുദിവസം ഷേവുചെയ്തു് മുഖവും മിനുക്കി മുരടനക്കി ഞാൻ നിന്നു. എൻെറ മനമെങ്ങോട്ടാണു മുഖംവച്ചുനിൽക്കുന്നതെന്നു മനസ്സിലാക്കാൻ കഴിഞ്ഞ അമ്മ പറഞ്ഞു:—

"മോനേ, നീ ധിറുതിവെക്കാതെ. നിന്നെ ഞങ്ങൾ കാറിൽ കൊണ്ടുവിടാം"

അമ്മൂമ്മയും ഒരു പഴമൊഴിയുടെ സഹായത്തോടുകൂടി അതുതന്നെപറഞ്ഞു. ഞാനതൊന്നും അനുസരിച്ചില്ല. വേദം ശ്രവിച്ച പോത്തിൻെറ പരുവത്തിൽനിന്നു കളഞ്ഞു

"കൊഴിയാറായ പൂവുകൾക്കു് വിരിയാൻ വെമ്പുന്ന മൊട്ടുകളുടെ വികാരം അറിയാൻവയ്യ്:"

ഞാനതുള്ളിലോർത്തു. ഇടത്തുകാൽവച്ചാണെങ്കിലും ഇറങ്ങത്തിരിച്ചുപോയി. ഇനി തിരിച്ചു കയറുന്നില്ല. സർവോദയക്കാരേപ്പോലെ എന്തിനെയാണു് പദയാത്രയായി ദാമ്പത്യംവരെ പോകുന്നതു്? സ്വല്പം കല കൈയിലുണ്ടല്ലോ. പ്രേമത്തിൻെറ ടിക്കറെറടുത്തു പോകുന്നതാണു ഭംഗിയെന്നെനിക്കുതോന്നി.

ഞാൻ വിവാഹമാകുന്ന ബസ്സും കാത്തു് ഇരുപത്തഞ്ചാം മൈൽക്കുററിയുടെ അരുകുപററി നിൽക്കുകയാണു്. ദാമ്പത്യത്തിലേയ്ക്കുപോകാൻ ഒത്തിരിപ്പേർ ഉടുത്തൊരുങ്ങി നിൽപ്പുണ്ടവിടെ.

മീശകുരുത്തവരും മീശനരച്ചവരും മുതൽ, കൊമ്പുമുളച്ച കുലാംഗനകളും, കൊമ്പുലഞ്ഞുതുടങ്ങിയ കുട്ടിനികളുംവരെയുണ്ടു്, ആ കൂട്ടത്തിൽ.

വണ്ടിയുടെ സൌന്ദര്യവും സ്പീഡും നോക്കാതെ പലരും, കണ്ട വണ്ടികളിലെല്ലാം കയറിപ്പോയി. ഞാൻ നിൽപ്പാണു്. "പോരുന്നോ" എന്നു പല ബസ്സുകാരും എന്നോടുചോദിച്ചു. ഞാൻ മിണ്ടിയില്ല. പൊയ്ക്കോളാൻ ആംഗ്യം കാണിച്ചു.

എനിക്കിരുന്നുപോകാൻ ഞാനിഷ്ടപ്പെടുന്നതു മൃദുലമായ കുഷ്യനുള്ള മനോഹരമായ ഒരു ബസ്സും വരുന്നില്ല; കാണുന്നുമില്ല.

നേരത്തെ സ്ഥലത്തെത്താൻ ഒക്കുന്നില്ലല്ലോ എന്ന മനഃപ്രയാസവുമായി വികാരങ്ങളുടെ ചുട്ടുപൊള്ളുന്ന വെയിലത്തു് തണൽകിട്ടാതെ ഞാൻ തളർന്നിരുന്നു. എങ്കിലും പൂക്കുടയിലെന്നോണം ഉള്ളനിറയെ സ്വപ്നം വിരിയുകയാണു്.

അപ്പോൾ കുയിൽനാദംമാതിരി പതിഞ്ഞ സ്വരത്തിലുള്ള ഒരു ഹോറൺകേട്ടു. ഒരു ബസ്സ് ആടിക്കുണുങ്ങി പതുക്കെ വരുകയാണു്. ഞാൻ കണ്ണുകാണിച്ചു; അലസഗമനയായ ആ ബസ്സ് എൻെറ അടുക്കൽ വന്നുനിന്നു. ഞാനൊന്നു സൂക്ഷിച്ചുനോക്കി.

ഭംഗിയായി സംവിധാനം ചെയ്തിരിക്കുന്ന ഗ്രില്ലുകൾ, രണ്ടു വശത്തേക്കും ചീകിമിനുക്കിയതുപോലുള്ള കറുത്ത ബോണററുകൾ. ആരെയും ആകർഷിക്കുന്ന ആയതങ്ങളായ രണ്ടു സിഗ്നൽ ലൈററുകൾ. അതിനുതാഴെയായി ഇലക്ട്രോപ്ലേറ്റുചെയ്ത ഒതുങ്ങിയുരുണ്ട രണ്ടു ലൈററുകൾ ഒന്നിച്ചുനിൽക്കുന്നു. ആ ബസ്സിൻെറ ഭംഗി എന്നിൽ വല്ലാത്ത തരിപ്പും തൃപ്തിയുമുണ്ടാക്കി.

അതിൻെറ സീററുകളിൽ ആരും ഇരുന്നു മുഷിഞ്ഞിട്ടില്ല. പാൽക്കാപ്പിയുടെ നിറമുള്ള അതിൻെറ ബോഡിക്കു് ഒരു പ്രത്യേകതയുണ്ടു്. എന്നിട്ടും യാത്രക്കാരാരും ആ ബസ്സിനു കൈകാണിക്കാഞ്ഞതെന്താണു്? കയറിപ്പോകാൻ തിരക്കുകൂട്ടാഞ്ഞതെന്താണു്? ഇത്തരം ചിന്തകൾക്കു് അധികം നീളംവച്ചില്ല. അതിനുമുമ്പുതന്നെ ആ ബസ്സിൽ കയറിപ്പോയാലെന്തെന്നൊരു തോന്നൽ തെന്നിത്തെന്നിവന്നു് എന്നിൽ നിലയുറപ്പിച്ചു. ബസ്സുകളിലൂടെയല്ലാതെ ഒരിക്കലും ദാമ്പത്യമാകുന്ന സുഖവാസസ്ഥലത്തെത്താൻ വയ്യല്ലോ.

ഞാൻ ആ ബസ്സിനെ ഒന്നു തഴുകി. ആരുംകാണാതെ ഒന്നു ചുംബിക്കുവാൻ ചുണ്ടുകൂർപ്പിച്ചതാണു്. പക്ഷെ സംഭവം നടന്നില്ല. ചിലർ എന്നെ സൂക്ഷിച്ചുനോക്കുന്നുണ്ടായിരുന്നു. ഞാനതിൻെറ ഫുട്ട്ബോർഡിൽ കാലുവച്ചു. അപ്പോൾ ഒരു സ്നേഹിതൻ വിളിച്ചുപറഞ്ഞു:—


പ്രകൃതിയുടെ

# മദ്രാസ് പൊടി

മണം, ഗുണം, വീര്യം എന്നിവയ്ക്കു് പ്രസിദ്ധിയാർജ്ജിച്ചതു്.

ഈ പൊടി ഒരു പ്രാവശ്യം ഉപയോഗിക്കുന്നവർ വീണ്ടും ഈ പൊടിതന്നെ അന്വേഷിച്ചു വാങ്ങുന്നു. ഇന്നുതന്നെ പരീക്ഷിച്ചു ബോദ്ധ്യപ്പെടുവിൻ!

മൊത്തമായും ചില്ലറയായും ഞങ്ങളിൽനിന്നും ലഭിക്കുന്നു.

പി. ആർ. ധർമ്മദേവു്, സ്റ്റേഷനറിവ്യാപാരം

മുല്ലയ്ക്കൽ — ആലപ്പുഴ.

"ആ ബസ്സിൽ കയറരുതേ. അതിടയ്ക്കുവച്ച് ബ്രേക്ക്ഡൗണായേക്കും"

എന്റെ ഒരഭ്യുദയകാംക്ഷി അറിയിച്ചു:—

"കയറുന്ന ആളുകളുടെ ആവശ്യാനുസരണം റൂട്ടുമാറിയോടുന്ന വണ്ടിയാ അത്. അതിനു പ്രത്യേകം പെർമിറ്റൊന്നുമില്ല. ചെലപ്പം വിചാരിക്കുന്നിടത്തു ചെന്നെത്തുകേല"

ആ ഉപദേശിയുടെ മൂക്കിനുപിടിച്ചു നിലത്തൊരു കുത്തുവച്ചുകൊടുക്കുവാൻ എനിക്കു തോന്നി. അസൂയയുടെ കുത്തകപിടിച്ച പെകുത്താന്മാർ! ഞാൻ അവരെ പ്രാകി. അപ്പോൾ ഒരു മദ്ധ്യവയസ്കൻ ആരോടെന്നില്ലാതെ ഒരു പ്രസ്താവനയിറക്കി:—

"ടിക്കറ്റില്ലാതെ പലരും കേറിപ്പോയിട്ടൊള്ള ബസ്സാ അത്.—സൂക്ഷിച്ചോണം"

ആ ബസ്സ് എന്നെയുംകാത്ത് കിടക്കുകയാണ്. എനിക്കു കയറിപ്പോകാൻ തിടുക്കമായി. നേരം പോകുന്നു.

"വേറെ ബസ്സു വന്നിട്ടു പോയാൽ മതി കുഞ്ഞേ"

ഒരു കിളവൻ എന്നെ വിലക്കി. ഞാനതൊന്നും കേട്ടതായിപ്പോലും നടിച്ചില്ല. ആ ബസ്സ് എന്നെയുംകാത്ത് കുറേനേരമായി എനിക്കുവേണ്ടിയെന്നോണം കാത്തുകിടക്കുന്നു. അതുകൊണ്ട് അതിൽതന്നെ യാത്രചെയ്യുന്നതല്ലേ നന്ദിയും മനുഷ്യത്വവും? ഒന്നിനേയും നിരാശപ്പെടുത്തുന്നതു ധർമ്മമല്ലല്ലൊ! ആന കൊടുത്താലും ആശകൊടുക്കരുതെന്നല്ലേ പ്രമാണം?

"ഇതേലെ യാത്ര പെശകാണെ" വീണ്ടും ഒരു വഴിപോക്കൻ എന്നെ തടഞ്ഞു. ആന പിടിച്ചു പിന്നോട്ടു വലിച്ചാലും ഞാൻ ആ ബസ്സിലേ യാത്ര ചെയ്യു എന്നുറച്ചുകഴിഞ്ഞു. പിന്നെ ഉറമ്പുകടിച്ചാലുണ്ടോ വച്ച കാൽ പിൻവലിക്കാൻ പോകുന്നു!

ഇഷ്ടപ്പെട്ട ബസ്സിലെ യാത്രയ്ക്കാണ് സുഖക്കൂടുതൽ. ഞാൻ മനസ്സിൽ കണ്ടു. ചോരെങ്കിൽ ആ ബസ്സിൽ യാത്രചെയ്യുന്നത് ആരെങ്കിലും കണ്ടാൽ എനിക്കും ഒരു നോട്ടംകിട്ടും. ഞാൻ അധികം ചിന്തിക്കാൻ നിന്നില്ല. എൻജിൻ നിറുത്തി ആ വണ്ടി കിടക്കുകയാണ്.

ഞാൻ ടിക്കറ്റെടുത്തു വണ്ടിയിൽ കയറി. ചിലർ കൂവി. ചിലർ മൂക്കത്തു വിരൽവച്ചു. ചിലരുടെ മുഖത്തു കുണ്ഠിതമേ കണ്ടുള്ളു.

"വഴിക്കുവച്ചു കണ്ടോളാമേ കണ്ടോളാം"

സ്നേഹിതന്മാർ വിളിച്ചുകൂവി. എനിക്കൊരു കുലുക്കവുമുണ്ടായില്ല. കുളിർകാററു പകർന്നുതന്ന മുല്ലമലരുകളുടെ മാദകഗന്ധവുമേററുകൊണ്ട് ഞാൻ ഗമയിലിരിക്കുകയാണ്. ഞാൻ ആ ബസ്സിലാകെയൊന്നുനോക്കി. "കൈയും തലയും പുറത്തിടരുത്. പുകവലി പാടില്ല" എന്നു തുടങ്ങിയ ബസ്സ് നിബന്ധനകളൊന്നും അതിൽ കണ്ടില്ല. അതിനു പകരം അതേസ്ഥാനത്ത് മറ്റൊരു ബോർഡുകണ്ടു. അതിൽ ഇങ്ങനെ എഴുതിയിരുന്നു:—

"യാത്രക്കാർ അവരവരുടെ സാധനങ്ങൾ സൂക്ഷിക്കണം."

ആ മുന്നറിയിപ്പിൽ "അവരവരുടെ സാധനങ്ങൾ" എന്ന വാക്കുകൾ ആരോ മായിച്ചുകളയാൻ ശ്രമം നടത്തിയതുപോലെ തോന്നുന്നു. അക്ഷരങ്ങൾ മാഞ്ഞിട്ടുണ്ട്.

"മററുള്ളവരുടെ എന്തെങ്കിലും സാധനംകൂടി ഞാൻ സൂക്ഷിക്കേണ്ടിവരുമോ?"

എന്നൊരു ഭയം തോന്നാതിരുന്നില്ല. ആ ബസ്സിൽ വച്ചിരുന്ന ഒരു നാടൻ മരുന്നുകമ്പനിക്കാരുടെ പരസ്യബോർഡുകണ്ടു. ഞാനതു വായിച്ചുനോക്കി ഒന്നു ഞെട്ടി.

"കാണ്ടാമൃഗഘൃതം ഉപയോഗിപ്പിൻ! സ്ത്രീകൾക്ക് പ്രസവത്തിനുമുൻപും പിൻപും അത്യുത്തമം"

അത് ആ ബസ്സിൽ കൊണ്ടുവച്ച വൈദ്യരോടെനിക്കരിശംതോന്നി. വീണ്ടും ഞാൻ ബസ്സിൽ കണ്ണോടിച്ചു.


മിച്ചം വയ്ക്കുന്നതോടൊപ്പം ഭാഗ്യം പരീക്ഷിക്കുക!

സ്വർണ്ണാഭരണപദ്ധതി No. 2

കുറി വീണാൽ യാതൊരു ബാദ്ധ്യതയുമില്ലാതെ 450 രൂപായുടെ സ്വർണ്ണാഭരണങ്ങൾ സമ്പാദിക്കാം.

ആദ്യ നറുക്കെടുപ്പ്: 1960 സെപ്തംബർ 2-ാം തീയതി.

വ്യവസ്ഥാഫാറത്തിന്—

ഗോപാലകൃഷ്ണാ ജൂവലേഴ്സ്

Phone 511. മുല്ലയ്ക്കൽ—ആലപ്പുഴ. (കേരളം)

അതിന്റെ ഒരു വശത്തായി വാനിററി ബാഗിന്റെ ആകൃതിയിലുള്ള ഒരു "ഫസ്റ്റ് എയ്ഡ്" ബോക്സു കണ്ടു. അതിൽ കയറുന്ന യാത്രക്കാർക്കു് അപകടമോ പരിക്കോ ഉണ്ടായെങ്കിലോ എന്നു കരുതി സൂക്ഷിച്ചിരിക്കുന്നതാവണം. ആരോ എടുക്കാൻ മറന്നിട്ടുപോയതുപോലെ ഒരു വള്ളിച്ചെരുപ്പ് അവിടെ കിടന്നു. "എന്തൊരു ദുസ്സൂചനകം" ഞാനോർത്തു. എങ്കിലും കാമദേവനെപ്പോലെതന്നെ ഇരുന്നുകൊടുത്തു.

ബസ്സ് പുറപ്പെടുവാൻ തുടങ്ങുന്നു. സ്വിച്ചിട്ടു സ്റ്റാർട്ടുചെയ്തുനോക്കി. ഗീയർ ചെയ്ഞ്ചുചെയ്യാൻ ക്ലച്ചിൽ കാലുചവിട്ടി. ഫസ്റ്റ്ഗീയർ വലിച്ചിട്ടു. എന്നിട്ട് ആക്സിലേറററിൽ ശക്തിയായൊന്നു ചവിട്ടി. റേഡിയേറററിനു റാപ്പില്ലാത്തതുകൊണ്ടോ എന്തോ തികട്ടിത്തികട്ടി ഓക്കാനിച്ചു തുപ്പുന്നതുപോലെ തിളച്ച വെള്ളം തുളുമ്പുന്നു. ബസ്സിനെ സംബന്ധിച്ച വലിയ പിടിയൊന്നുമില്ലാത്ത ഞാൻ, എല്ലാ ബസ്സുകളും ഇങ്ങനെയായിരിക്കുമെന്നൂഹിച്ചു.

വണ്ടി അല്പം നീങ്ങി. സെക്കൻഡ് ഗീയർ വലിച്ചിട്ടപ്പോൾ ഗീയർബോക്സിനെന്തോ തകരാറുള്ളതുപോലൊരു തോന്നൽ. നല്ല ബസ്സിനൊക്കെ ഈ സുഖക്കേടുണ്ടാകുമോ?

മധുവിധുവിന്റെ പൂവണിപ്പാതകളിലൂടെ ബസ്സ് പോവുകയാണ്. എന്തോ ഭാരവും വഹിച്ചുകൊണ്ടു പോകുന്നതുപോലെ നിരങ്ങിനിരങ്ങിയുള്ള ഒരുതരം പ്രയാണം.

"ബ്രേക്ക്ഡൗണായേക്കുമോ?"

എനിക്കൊരു ഭയം. സ്നേഹിതന്മാരും വേണ്ടപ്പെട്ടവരുമൊക്കെ വിലക്കിയതു ഞാനോർത്തു. ബസ്സിൽ യാത്രചെയ്യുന്നതിനുമുമ്പ് ബസ്സിന്റെ 'മെക്കാനിസം' പഠിക്കണമെന്നുണ്ടോ? എന്റെ ഉള്ളിലൊരു ചിന്ത.

പല ബസ്സുകൾ പറഞ്ഞുവിട്ടിട്ടാണ് ഇതിൽ കയറിയതു്. പലരും വച്ചുനീട്ടിയ ടിക്കററുകൾ നിഷേധിച്ചിട്ടാണ് ഇതിനു ടിക്കററെടുത്തതു്. എന്നിട്ടും ഈ അനുഭവമോ?

എന്നെ പിന്നിട്ടുകൊണ്ടു് പല യാത്രക്കാരും കടന്നുപോയി. അവരൊക്കെ എന്നെക്കണ്ടു കഷ്ടംവച്ചു.

"ഇതു വാടകബസ്സാരുന്നേ" ഒരാൾ വിളിച്ചുപറഞ്ഞു.

"വണ്ടി ബ്രേക്ക്ഡൗണായാലും, എങ്ങനെങ്കിലും ഞാനതിൽത്തന്നെ കയറിയേ പോകൂ" എന്നു മനസ്സിലൊരു നിശ്ചയം പാസ്സാക്കിവച്ചു.

"ഇതെന്താ തകരാറ്?"

ചില അപശബ്ദങ്ങൾ കേട്ടുകൊണ്ടു് ഞാൻ ചോദിച്ചു.

"ഇതൊരുതരം ഗ്യാസ്ട്രബിളാ."

ഉത്തരം അതായിരുന്നു. ആദ്യമായി ബസ്സ്യാത്രചെയ്യുന്ന ഞാനതു വിശ്വസിച്ചു. അസുഖകരമായ നിലയിൽ അഞ്ചാറു ഫർലോംഗ് കൂടി യാത്രചെയ്തു. ഇടയ്ക്കു് ഒരു വർക്ക്ഷോപ്പിന്റെ വാതിൽക്കൽകൂടി കടന്നുപോയപ്പോൾ യാത്രക്കാരനായ ഞാൻതന്നെ വിദഗ്ദ്ധനായ ഒരു ഫോർമാനെ വിളിച്ചു വണ്ടി പരിശോധിപ്പിച്ചു. അയാൾ പറഞ്ഞു—

"ഇതിന്റെ കാർബേറററിനകത്തു് കരടുകയറിയിരുപ്പുണ്ടു്."

ഫോർമാൻ പറഞ്ഞിട്ടും എനിക്കു വിശ്വാസമായില്ല. ഫോർമാൻ പോയി.

സ്വല്പസമയംകഴിഞ്ഞു ഞാൻ ചോദിച്ചു—

"എന്താണിതു്?"

"ഗ്യാസ്ട്രബിളാ"

ഫോർമാൻ പറഞ്ഞ അഭിപ്രായത്തെ നിഷേധിച്ചുകൊണ്ടു് വണ്ടിയിൽ



നിന്നും കിട്ടിയ ഉത്തരം പഴയതുതന്നെ. വണ്ടി കുറച്ചുദൂരംകൂടി ഒരുതരത്തിൽ നിരങ്ങി. ലക്ഷ്യത്തിലെത്തിയില്ല; അതിനുമുമ്പുതന്നെ ബ്രേക്ക്ഡൗണായി.

"മോനേ, നീ ധൃതിവെക്കാതെ. നിന്നെ ഞങ്ങൾ കാറിൽ കൊണ്ടുവിടാം." അമ്മ പറഞ്ഞതു ഞാനോർത്തുപോയി. "മൂത്തോർ ചൊല്ലും മുതുനെല്ലിക്കയും, ആദ്യം കയ്ക്കും പിന്നെ മധുരിക്കും." അമ്മൂമ്മയുടെ പഴമൊഴി എന്റെ കാതിൽ കട്ടകാരമുള്ളമാതിരി വന്നു തറച്ചു. ബ്രേക്ക്ഡൗണായിട്ടും ഞാനാ ബസ്സിൽതന്നെയിരുന്നു പലതും ചിന്തിക്കുകയാണ്. ഈ ആക്ഷേപം എങ്ങനെ സഹിക്കും? ഈ വേദന എങ്ങനെ പൊറുക്കും? നശിച്ച ബസ്സുകൾ! എവിടെയും ഉരുളാൻ മടിക്കാത്ത വീലുകൾ!

ഇടയ്ക്കിടയ്ക്ക് പ്രതികാരചിന്തയും എന്നിൽ നാമ്പെടുത്തു.

"ഈ ചതിച്ച ബസ്സ് ചവിട്ടിപ്പൊളിച്ചാലോ?"

എങ്കിൽ എല്ലാ ബസ്സുകളും ചവിട്ടിപ്പൊളിക്കേണ്ടിവരും. ഒരു ബസ്സിനേയും വിശ്വസിക്കാൻ വയ്യ. ബസ്സാണോ ഏതു റൂട്ടിലൂടെയും ഉരുളും. ആരെയും കയറ്റും. അതാണതിന്റെ സ്വഭാവം. ആളുനോട്ടമേയില്ല. കാശുകിട്ടണമെന്നേയുള്ളു. നല്ല വള്ളികൾപോലും, പടരണമെന്നു തോന്നിയാൽപ്പിന്നെ, മരത്തിന്റെ മെച്ചം നോക്കാറില്ലല്ലോ!

ഞാൻ യാത്രചെയ്ത ബസ്സ് ബ്രേക്ക്ഡൗണായ വിവരമറിഞ്ഞവരെല്ലാം എന്നെ കുറ്റപ്പെടുത്തി. എന്തിന് ആ ബസ്സിൽ കയറി? ആ ബസ്സുടമയേയും പലരും ഭള്ളുപറഞ്ഞു. കനകമണിയെന്നോർത്തു കൈത്തലത്തിൽ എടുത്തുവച്ചപ്പോഴാണ് അതു കനൽക്കട്ടയാണെന്നു മനസ്സിലായത്.

ബസ്സു ചീത്തയായതിന് ആ ബസ്സുടമയെന്തുപിഴച്ചു? പക്ഷേ, അവർക്ക് ഒന്നു ചെയ്യാമായിരുന്നു. 'കണ്ടീഷന'ൽ അല്ലാത്ത ആ ബസ്സ് വല്ല വർക്ക്ഷാപ്പിലും കയറ്റി 'വാൽവ്ഗ്രൈൻഡ്'ചെയ്തുവിട്ടിരുന്നെങ്കിൽ എനിക്കീ അമളിപറ്റുമായിരുന്നില്ല. എങ്കിലും ആ ബസ്സുടമയോടാണെനിക്കനുകമ്പതോന്നിയത്. ബ്രേക്ക്ഡൗണായ ബസ്സിൽനിന്നും ഒരു യാത്രക്കാരൻ ഇറങ്ങിപ്പോകുന്നത് മറ്റു യാത്രക്കാരറിഞ്ഞാൽ ആ കമ്പനിക്കാർക്ക് മോശമല്ലേ? വേറെയും ബസ്സുകൾ ആ കമ്പനിക്കാർക്കുണ്ട്. ഇതറിഞ്ഞാൽ ആ കമ്പനിക്കാരുടെ മറ്റു ബസ്സുകളിൽ ആരെങ്കിലും പേടിച്ചു കയറാൻ മടിച്ചെങ്കിലോ? ഏതു വണ്ടിക്കും അപകടം പിണയും. ബസ്സല്ലേ, മലീമസമായ പാതകളിലൂടെ പലപ്പോഴും അതിന്റെ വീലുകൾക്കുരുളേണ്ടിവരും.

ഞാൻ ആവുംവിധം ശ്രമിച്ചുനോക്കി, ആ ബസ്സിൽത്തന്നെ യാത്രതുടരാൻ. എല്ലാം സഹിക്കാനും ക്ഷമിക്കാനുമുള്ള കരുത്ത് ഞാൻ സംഭരിച്ചുവച്ചു. പക്ഷേ, ആ ബസ്സിന്റെ ഒറ്റ വീലുപോലും എനിക്കുവേണ്ടി അനങ്ങിത്തന്നില്ല. ഒരെത്തുംപോലും എനിക്കുവേണ്ടി ചലിച്ചില്ല.

ഉരുക്കുകട്ടിപോലും അലിയേണ്ടിടത്ത് എന്തേ ഈ വണ്ടിക്കൊരനക്കമില്ലാത്തത്? ഞാനാലോചിച്ചു. ബസ്സല്ലേ, പതിനായിരക്കണക്കിനു യാത്രക്കാരുള്ള ലോകത്തിൽ, വീല് പഞ്ചറാകാത്തിടത്തോളംകാലം അതിന് ആരെയും കയറ്റാം; എവിടെയും ഉരുളാം. ആവശ്യപ്പെടുന്ന പെട്രോൾ കൊടുത്താൽ മതി. അങ്ങനെ പലതും ബസ്സിലിരുന്നുകൊണ്ടു ചിന്തിച്ചു.

എൻജിനിൽ എന്തോ ഭൂകമ്പം. ചില അഗ്നിസ്ഫുലിംഗങ്ങൾ! അതു പൊട്ടിത്തെറിച്ചെങ്കിലോ എന്നു കരുതി, യാത്രയ്ക്കുവേണ്ടി ശേഖരിച്ചിരുന്ന വിലപിടിപ്പുള്ള പലതും ഉപേക്ഷിച്ചിട്ട് ഒരുതരത്തിൽ ആ ബസ്സിൽനിന്നും ഞാൻ മോചിതനായി. ടിക്കറ്റെടുത്തതിന്റെ കാശുപോലും തിരിച്ചു കിട്ടിയില്ല.

എന്റെ പ്രതീക്ഷകളെല്ലാം തകർന്നു. ബ്രേക്ക്ഡൗണായിട്ടും ആ ബസ്സ് ആളിനെയുംകാത്ത് ഇപ്പോഴും ആ പെരുവഴിയിൽ കിടക്കുകയാണ്. മഴയുള്ളപ്പോൾ ചിലർ അതിൽ അഭയം പ്രാപിക്കും. ചില കുസൃതിപ്പിള്ളേർ വീലിന്റെ കാറ്റഴിച്ചുവിട്ടു വിനോദിക്കാറുണ്ട്. ചിലർ ഹോറൺഅടിച്ചു രസംകൊള്ളും. ഈർപ്പംവീണ യന്ത്രങ്ങളിലെല്ലാം തുരുമ്പുപിടിച്ചമട്ടുണ്ട്. അതിന്റെ ഭംഗിയും പകിട്ടുമെല്ലാം പോയി. എന്നിട്ടും 'കണ്ടീഷന'ിൽ ആണെന്നുതോന്നുംമട്ടിലാണ് ആ വണ്ടിയുടെ കിടപ്പ്. ഇനിയും ആ ബസ്സിൽ ആരെങ്കിലും യാത്ര ചെയ്യുമോ? ചെയ്യുമെങ്കിൽ ഈ യാത്രക്കാരനുണ്ടായ അനുഭവം ഉണ്ടാവാതിരിക്കട്ടെ!

ഞാൻ ആ ബസ്സിലെ ചുരുങ്ങിയസമയത്തെ യാത്രാസുഖവും നുണഞ്ഞുകൊണ്ട് വീണ്ടും വണ്ടി കാത്തുനിൽക്കുകയാണ്. എനിക്കു ലക്ഷ്യത്തിലെത്തണം. പോകാൻ തിടുക്കമുണ്ട്. പല ബസ്സുകളും അതുവഴി കടന്നുപോയി. വരുന്ന ബസ്സിനെല്ലാം ഞാൻ കുടയും കൈയും കണ്ണും കാണിച്ചുനോക്കി. വരുന്ന ബസ്സുകളിലെല്ലാം ആളുണ്ട്. ചിലർ ഫുട്ട്ബോർഡിൽവരെ തൂങ്ങിനിൽക്കുന്നു. ഒരു ബസ്സും നിറുത്തുന്നില്ല. യാത്രക്കാരില്ലാതെവന്ന ബസ്സിനും കൈകാണിച്ചു. ബ്രേക്കുചെയ്യുന്ന മര്യാദപോലും കാണിക്കാതെ കടന്നുപോകുകയാണ്. ബ്രേക്ക്ഡൗണായ ബസ്സിൽനിന്നും ഇറങ്ങിനിൽക്കേണ്ടിവരുന്ന ഗതികേടുകാർക്ക് ഒരു ബസ്സും കിട്ടുകയില്ലേ? ഞാൻ പലതും ചിന്തിച്ചു.

ക്ഷീണമുണ്ടായിരുന്നെങ്കിലും കഴിഞ്ഞകാലത്തെ യാത്രാസുഖമോർത്തിട്ട് എനിക്കു തിരിച്ചുപോകാൻ തോന്നിയില്ല. കയറിയവർ ഇറങ്ങാൻ കൊതിക്കുമ്പോൾ, ഇറങ്ങിയവർ വീണ്ടും കയറാൻ കൊതിക്കാത്ത ഒരുതരം യാത്രയാണിത്. പക്ഷേ എന്റെ നില നേരേ മറിച്ചായിരുന്നു. ഏതു ബസ്സുകണ്ടാലും, ഞാനാപ്പഴയ ബസ്സിനേക്കുറിച്ചോർക്കും.

ഒരു വണ്ടിയും ഇതുവഴി വരുന്നില്ലല്ലോ. ട്രഷറിയിൽ ബില്ലുമാറാൻ ചെന്നുനിൽക്കുന്നവനേപ്പോലെ, നിന്നുനിന്ന് എന്റെ കാലുകഴച്ചു. ബസ്സ്സ്റ്റോപ്പുകളിലെല്ലാം ചെന്നു. നാലു വീലെങ്കിലുമുള്ള എന്തെങ്കിലും ഒരു വാഹനം കിട്ടിയിരുന്നെങ്കിലെന്നുവരെ ഞാനാശിച്ചുപോയി. വീണ്ടും വീണ്ടും വരുന്ന ബസ്സിനെല്ലാം കൈകാണിക്കുകയാണ്. സമയമങ്ങനെ ജറ്റുവിമാനംപോലെ പായുന്നു.

എന്നെയും കയറ്റിക്കൊണ്ടു പോകുവാൻ എവിടെനിന്നെങ്കിലും ഒരു ബസ്സ് വരാതിരിക്കുമോ? ആ ബസ്സിനെങ്കിലും ഈ ഗ്യാസ്ട്രബിൾ ഉണ്ടാകാതെയിരുന്നെങ്കിലെന്നു ഞാനാശിച്ചു.

ദൂരെ ഒരു ഇരപ്പുകേൾക്കുന്നു. ഞാൻ നോക്കി. ഒരു ബസ്സ് വരികയാണ്. ആദ്യമായി ബോഡിചെയ്തിറക്കിയ കെട്ടുംമട്ടുമുണ്ടതിന്. ഞാനൊന്നു കൈകാണിച്ചുനോക്കട്ടെ. കയറ്റുമോ എന്തോ!

—o—


## അംബാൾ കഫെ

**കോളേജിനു സമീപം, പന്തളം.**

രുചികരമായ ഭക്ഷണത്തിനും, ടീപാർട്ടി ഓർഡറുകൾക്കും ഞങ്ങളെ സമീപിക്കുക.

മാനേജർ: **എൻ. എസ്സ്. ഉണ്ണി.**

# "വിധിയില്ലാക്കുഞ്ഞ്—കടവാവഴ്"

സാമാന്യം ഭേദപ്പെട്ട വേഷം, ഇരുനിറം, പരിഷ്ക്കരിച്ചപതിപ്പിലുള്ള നടപ്പ് (അതായത് ശരീരം അനങ്ങാതെ പട്ടാളമുറയിൽ), പ്രപഞ്ചം തനിക്കു കീഴാണെന്നുള്ള ഒരു ഭാവസ്ഫുരണം മുഖത്ത്, ഇങ്ങനെയുള്ള ഒരു മാന്യയുവാവ് നേരെ അയ്യപ്പക്കുറുപ്പിൻെറ വീട്ടിലേക്കു കയറിച്ചെന്നു. അയാളെ അപ്പോൾ കാണുന്നവർ കുറഞ്ഞപക്ഷം ഒരമ്പതിനായിരം രൂപയുള്ള ജാമ്യം നിൽത്തത്തക്ക മതിപ്പുവില നിശ്ചയിക്കും.

അയ്യപ്പക്കുറുപ്പ് മുറുക്കാൻ ഇടിച്ചു ചവച്ചുകൊണ്ട് തിണ്ണയിലിരിക്കുകയാണ്. വയസ്സ് എഴുപത്തഞ്ചിൽ കുറവില്ല. പുതിയ അതിഥിയെ കുറുപ്പ് ഒന്നു സൂക്ഷിച്ചുനോക്കി. അതോടുകൂടി മുഖത്ത് നവരസങ്ങളുടെ മാറിമാറിയുള്ള പ്രകടനം തുടങ്ങി. നല്ല ഒരു കടക്കാരനാണ് കുറുപ്പ്. പലരും തനിക്കെതിരായി വിധി സമ്പാദിച്ചിട്ടുമുണ്ട്. വന്നയാൾ വല്ല വാറണ്ടുശിപായിയോ മറേറാ ആയിരിക്കുവാൻ മതിയായ സാദ്ധ്യതയുണ്ട്. അതുകൊണ്ടായിരിക്കണം പെട്ടെന്നു മുഖത്ത് വളിപ്പുരസം (ഇതു നവരസങ്ങളിൽ പെട്ടതല്ല) നിഴലിച്ചത്. എന്നാൽ ഉടനെതന്നെ അതു മാറി. വാറണ്ടുശിപായിയാണെങ്കിൽ ഇത്ര ഭംഗിയായ വേഷം കാണുകയില്ല. മാത്രമല്ല, ആ സ്ഥലത്തുള്ള മുൻസിഫ്കോർട്ടുജീവനക്കാരെ എല്ലാം കുറുപ്പിനു പരിചയവുമുണ്ട്. എങ്കിൽ പിന്നെയാരായിരിക്കാം! ആനിമൽ ഹസ്ബൻററി ആഫീസിലെ ജോലിക്കാരനായിരിക്കുമോ? ഈ ചിന്ത മനസ്സിലുദിച്ചപ്പോൾ മുഖഭാവം രൗദ്രരസത്തിലേക്കു മാറി. തൻെറ വക ഒന്നാം ക്ലാസ്സ് ഒരു കുരുക്കാലിപ്പശുവിനെ കുത്തിവച്ചു കൊന്നവനാണവൻ. ഒന്നരപ്പാൽ കറന്നിട്ടുള്ള പശുവായിരുന്നു. എങ്ങനെയാണ് അതു സംഭവിച്ചതെന്ന് ഇന്നും മൂപ്പിലേക്ക് അറിഞ്ഞുകൂടാ. ഏതായാലും ആ സംശയത്തിനും പ്രസക്തിയില്ലാതെയായി. കാരണം, തിണ്ണയിലേക്കു കയറിയപാടേ ഒരു "ബിസിനസ്സ്" ചിരി ചിരിച്ചോണ്ട് ആഗതൻ ചോദിച്ചു.

"എന്താ അമ്മാവാ! പരിചയമില്ലായിരിക്കും അല്ലേ?"

അതോടുകൂടി കുറുപ്പിൻെറ രസഭാവം രൗദ്രത്തിൽനിന്ന് സന്തോഷത്തിലേക്കു മാറി. മകൾ നാണിക്കുട്ടിക്ക് ഒരു ചെറുക്കനെ പറഞ്ഞുവച്ചിട്ടുണ്ടെന്ന് സ്ഥലം വില്ലേജ് ആഫീസിലെ ശിപായി പരമുപിള്ള മൂപ്പിലേയോടു പറഞ്ഞിരുന്നു. ഒരുപക്ഷേ ആ ചെറുക്കൻ പെണ്ണുകാണാൻ വന്നതായിരിക്കും. ഏതായാലും തൻെറ തളർച്ചയും, പ്രായാധിക്യവും അവനെ അറിയിക്കാതിരിക്കുന്നതാണ് നല്ലതെന്നു മനസ്സിൽ കരുതി. മൂപ്പിലേ പറഞ്ഞു—

"പരിചയപ്പെടാമല്ലോ, ധൃതിയെന്താ അപ്പനെ!"

"അല്ല, പറഞ്ഞെന്നേയുള്ളു"

ആഗതൻ അടുത്തുകിടന്ന ചൂരൽക്കസേരയിൽ കയറി ഇരുപ്പുറപ്പിച്ചു. ഇതിനിടെ ഗൗരിയമ്മ (മിസ്സിസ് കുറുപ്പ്—വയസ്സ് 55) പ്രത്യക്ഷപ്പെട്ടു. വന്നപാടെ ആഗതനെ അടിമുടി ഒരു സൂക്ഷ്മപരിശോധന നടത്തി. ഗൗരിയമ്മയ്ക്കു ചെറുക്കനെ ഇഷ്ടപ്പെട്ടു. അതു പ്രകടമാക്കിയമട്ടിൽ പല്ലില്ലാത്ത വായിലുള്ള രണ്ടുവരി മോണകൾ ഒരുമിച്ച് ഒരു മാർച്ചുപാസ്റ്റ്!

"എന്നോടു പരമുപിള്ള പറഞ്ഞു; അനിയൻ ഈയാഴ്ചയിൽ ഇങ്ങോട്ടു വന്നേക്കാനിടയുണ്ടെന്ന്"

കുറുപ്പ് വീണ്ടും സംസാരത്തിലേക്കു കടന്നു.

"ഏതു പരമുപിള്ള?"

ആഗതൻ ഉൽക്കണ്ഠാപൂർവ്വം തിരക്കി.

"നമ്മുടെ പ്രവൃത്തിക്കച്ചേരിശിപായിയേ! അയാളെ അറിയത്തില്ല്യോ? നല്ല കൊച്ചനാ! കേട്ടോ ദോഷം പറയരുതല്ലോ! ഇവിടത്തെ കരം, അവൻ ഇവിടെവന്നു വാങ്ങിച്ചോണ്ടു പോകയാ"

"അമ്മാവൻ പറയുന്നതു് വില്ലേജ്



ആഫീസിലെ ശിപായിയുടെ കാര്യമായിരിക്കും."

"അതെയതെ; അവൻ ആളു യോഗ്യനാ പക്ഷേങ്കില് ഇത്തിരിശ്ശെ 'വെള്ളം' കുടിക്കും. അതു പിന്നെ ചെറുപ്പക്കാരല്ല്യോ അപ്പനേ! അങ്ങനെയൊക്കെക്കിടക്കും.

"എന്നുവച്ചു് വല്ലഅലോഹ്യോം അവനൊണ്ടാക്കീട്ടൊണ്ടോ"

ഗൗരിയമ്മയും ആ സംസാരത്തിൽ ഭാഗഭാക്കായി.

"ഹേ! എന്നാണോ പറഞ്ഞതു്. കേട്ടോ അനിയാ എനിക്കൊരു സ്വഭാവമൊണ്ടു്; ഞാൻ ഒള്ളതു വെട്ടിക്കണ്ടിച്ചു പറയും"

മൂപ്പിലേ തന്റെ നില വെളിപ്പെടുത്താനുള്ള ശ്രമമാണു്. പെട്ടെന്നു ഗൗരിയമ്മ ആഗതനെ നോക്കി തുടർന്നു.

"കേട്ടോ മക്കളെ! ഇരുത്തിക്കെട്ടിത്തറവാട്ടിലെ ചെറുക്കനാ അവൻ. അവക്കു് ആന നാലൊണ്ടാരുന്നു."

"അതെയതെഅതിലൊരു കൊമ്പനൊണ്ടായിരുന്നു. അവനാണു കൊമ്പൻ! ഹായി, ഹായി! അവന്റെ യോഗ്യത കാണണമെങ്കിൽ ഞങ്ങടെ എളങ്കാവിൽ പൂരത്തിനു കാണണം. അവന്റെ പൊറത്തു് എഴുന്നെള്ളിച്ചു് അങ്ങോട്ടു നിത്തും. എന്തൊരു ഖലയാണെന്നോ! ആ കൊട്ടുന്നതിനനുസരിച്ചു് ചെവികൊണ്ടു് അവനൊരു താളംപിടുത്തമൊണ്ടു്. അവൻ ആനയായിട്ടു പിറക്കേണ്ടവനല്ല. മുജ്ജന്മത്തിൽ വല്ല രാജാവോ മറ്റോ ആയിരുന്നു—പക്ഷേ ഇന്നു് ആ നിലയൊക്കെ പോയി കേട്ടോ"

"അതെന്താ അവൻ ചത്തോ?"

ആഗതൻ ചോദിച്ചു.

"അവനും ചത്തു അതോടെ ആ കുടുംബവും ചത്തില്ല്യോ. എന്നുവച്ചു് കുടുംബമഹത്വമെങ്ങും പോയിട്ടില്ല കേട്ടോ?"

ഇതിനിടെ അടുക്കളയുടെ ജനലഴികൾക്കിടയിൽക്കൂടി രണ്ടു കണ്ണുകൾ തെളിഞ്ഞതു് ആഗതൻമാത്രം കണ്ടു. അതിന്റെ ഉടമസ്ഥാവകാശി വിവാദവിഷയത്തിനടിസ്ഥാനമായ കുമാരി നാണിക്കുട്ടി(വയസ്സ് 37)യല്ലാതെ മറ്റാരുമല്ലായിരുന്നു.

"പെണ്ണേ! കാപ്പികൊണ്ടാകൊച്ചേ"

അടുക്കളയിലേക്കുനോക്കി കുറുപ്പ് ആതിഥ്യമര്യാദയുടെ ഒന്നാംഭാഗം ബ്രോഡ്കാസ്റ്റുചെയ്തു. അതോടെ ജനലിലെ കണ്ണുകൾ അപ്രത്യക്ഷമായി. വീണ്ടും മൂപ്പിലേ സംസാരം തുടർന്നു.

"അപ്പോൾ; ഞാൻ എവിടെയാ പറഞ്ഞുവെച്ചതെന്നു മറന്നുപോയല്ലോ?"

"ഇരുത്തിക്കെട്ടിത്തറവാടിന്റെ കാര്യമല്ല്യോ?"

ആഗതൻ മൂപ്പീന്നിനെ നേർവഴിയിലേക്കു തിരിച്ചു.

"അതെയതെ— എന്തു ചെയ്യാനാണനിയാ! ഇപ്പം പഴേതുപോലെ ഓർമ്മ നിൽക്കത്തില്ല."

"വയസ്സല്ല്യോന്നേ!"

"ഛേ—ഛേ! അത്രവലരെ പ്രായമൊന്നുമില്ല. നാണിക്കുട്ടിയെ ഇവൾ പെറുകിടന്നതു് തൊണ്ണൂറ്റിയൊമ്പതിലോ നൂറിലോ ആണു്. അക്കഥ ഇന്നലത്തേതുപോലെ ഞാൻ ഓക്കുന്നു. അനിയാ, ഞാൻ ഒള്ളതു വെട്ടിക്കണ്ടിച്ചങ്ങു പറയും. ഈ ശരീരം കണ്ടാൽ പ്രായക്കൂടുതലു തോന്നുമെങ്കിലും ശരീരത്തിനൊക്കെ നല്ല 'ബാഡിയാ' ഇപ്പോഴും"

"ആട്ടെ, അമ്മാവനു് ഇപ്പോൾ എത്ര വയസ്സുവരും."

"എനിക്കോ! —എനിക്കു്............ ഏതാണ്ടു്........ഏതാണ്ടു്........ഒരു........ പത്തമ്പതു്........അമ്പത്തൊന്നു വയസ്സിലധികമില്ല (കുത്തിട്ടിരിക്കുന്ന ഭാഗങ്ങളെല്ലാം മൂളലും ഞരങ്ങലുമാണു്. അമ്മായിയച്ഛനു് പ്രായക്കൂടുതലുണ്ടെന്നു കണ്ടാൽ ചെറുക്കനു വിഷമംതോന്നിയെങ്കിലോ എന്നു പേടിച്ചാണു് മൂപ്പിലേക്കു വയസ്സിന്റെ കാര്യം പറഞ്ഞപ്പോൾ ഞരങ്ങലും മൂളലുമുണ്ടായതു്.)

"അപ്പോൾ മകളുടെ ജനനം തൊണ്ണൂറ്റി ഒമ്പതിലാണല്ലേ? എന്റെ അമ്മാവനൊരാളുണ്ടായിരുന്നു. അദ്ദേഹവും തൊണ്ണൂറ്റിഒമ്പതിലാണു് ജനിച്ചതെന്നു പറഞ്ഞുകേട്ടിട്ടുണ്ടു്."

ആഗതന്റെ ആ സംസാരം കേട്ടപ്പോഴാണു് മൂപ്പിലേക്കു പറ്റിയ മറയത്തരത്തെപ്പറ്റി ഓർമ്മവന്നതു്. തൊണ്ണൂറ്റിയൊമ്പതിലാണു് ജനിച്ചതെങ്കിൽ അവൾക്കു് ഇന്നു വയസ്സ് മുപ്പത്തിയേഴാകും. ആ അബദ്ധപ്രസ്താവനകൊണ്ടു മാത്രം ചിലപ്പോൾ ആ ആലോചന തകരാനിടയുണ്ടു്. അങ്ങനെ ഒന്നുരണ്ടനുഭവങ്ങളുമുണ്ടായിട്ടുണ്ടത്രേ.

"ഹോ!— തെറ്റിപ്പോയി—തെറ്റിപ്പോയി. തൊണ്ണൂറ്റൊമ്പതിലല്ല: അവളെ പെറ്റതു് നൂറ്റി ഒമ്പതിലാ. ഒരൊമ്പതാണെന്നറിയാം. ശ്ശെടാ! ഒരോർമ്മക്കേടു്!— കേട്ടോ അനിയാ! എനിക്കൊരു കാര്യമൊണ്ടു് ഞാൻ ഒള്ളതു വെട്ടിക്കണ്ടിച്ചപോലെ പറയും"

ഇതിനിടയ്ക്കു് ആഗതൻ നാലുവശവും നോക്കീട്ടു് പതുക്കെ ചോദിച്ചു—

"ഇവിടെ ലാട്രിൻ എവിടാ?"

മൂപ്പിലേക്കു് ആ പറഞ്ഞതു് എന്താണെന്നു പിടികിട്ടിയില്ല. എന്നാൽ അതിനൊരു വിശദീകരണം ചോദിക്കുന്നതു് തന്റെ അന്തസ്സിനു കുറവാണെന്നു് ഒരു തോന്നലും. ഏതായാലും വരുന്നതുവരട്ടെ എന്നു നിശ്ചയിച്ചുകൊണ്ടു് വച്ചടിച്ചു.

"അതൊക്കെ ആ പെണ്ണിന്റെ കയ്യിൽത്തന്നെയാണു്. കേട്ടോ അനിയാ എനിക്കങ്ങനെ പ്രത്യേകമൊരു സൂക്ഷിപ്പൊന്നുമില്ല. ഒള്ളതു് ആക്കുന്നതും അഴിക്കുന്നതുമെല്ലാം അവൾതന്നെയാണു്. കയ്യിൽ കിട്ടുന്നതു് ഞാൻ അവളുടെ കയ്യിലേൽപ്പിക്കും."

"ഞാൻ ചോദിച്ചതു് അതൊന്നുമല്ല; ലാട്രിൻ—മൂത്രവിസർജ്ജനത്തിനുള്ള സ്ഥലം—അതെവിടെയാണെന്നാണു്."

അപ്പോഴാണു മൂപ്പിലേക്കു രണ്ടാമതും താറൊരക്കിടിയിൽപ്പെട്ട കഥ ഓർമ്മവന്നതു്.

"ഓ! അതാണോ! ഞാൻ വേറേ ഏതോ വിചാരിച്ചങ്ങു പറഞ്ഞുപോയതാ കുഞ്ഞേ! മൂത്രപ്പുര പ്രത്യേകമായിട്ടില്ല. ആ ചേമ്പിൻചോട്ടിലേക്കു മാറ്റ


ജൗളികൾ ★ കാഞ്ചീപുരം നൂലുകൾ

WHOLESALE & RETAIL

ഫെയർ പ്രൈസ് ഷോപ്പ്

മുല്ലയ്ക്കൽ :: ആലപ്പുഴ.

തിരുവോണം പ്രമാണിച്ചു് എല്ലാഇനം ജൗളിത്തരങ്ങളും വന്നുചേർന്നിരിക്കുന്നു!

കല്യാണ ആവശ്യത്തിനുള്ള ഞങ്ങളുടെ സ്പെഷ്യൽ വി. കൊ. സാരികൾ ഏവരേയും ആകർഷിക്കുന്നു.

സ്റ്റോക്കിസ്റ്റ്:

വി. കൊ. സാരികൾ & S. K. C. ബനിയൻ.

യിരുന്ന കാര്യംകണ്ടോ! അങ്ങനെയാണു ഞങ്ങളൊക്കെ. നിങ്ങൾക്കാക്കും അതൊന്നും പിടിക്കത്തില്ലായിരിക്കും."

ആഗതൻ ഊറിച്ചിരിച്ചുകൊണ്ടു് വീടിന്റെ മറവശത്തേക്കു പോയി.

ഈ തക്കംനോക്കി ഗൗരിയമ്മ പതിവുള്ള ശകാരവർഷവുമായി മൂപ്പിലേയുടെനേരേ തിരിഞ്ഞു.

"നിങ്ങളെന്തിനാണു് ആ പെണ്ണിന്റെ ജനനം തൊണ്ണൂററിഒമ്പതിലാണെന്നു് എഴുന്നെള്ളിച്ചതു്. അബദ്ധമല്ലാതെ നാക്കെടുത്താൽ പറയത്തില്ല."

"എടീ കൂവേ! പ്രായം കൂടുന്തോറമാണു് വകതിരിവു വരുന്നതു് അറിയാമോ? തീരെ കൊച്ചുപിള്ളേരാണെന്നറിഞ്ഞാലും പെശകാ— കെട്ടാനുള്ള ചെറുക്കൻ പെണ്ണിന്റെ കാര്യപ്പിടിപ്പു് അന്വേഷിക്കുന്നവനാണെങ്കിൽ തീരെ കുറച്ചു വയസ്സു പറഞ്ഞാൽ അവനതു രസിച്ചില്ലെന്നു വരും."

"ഓഹോ! നല്ല നോട്ടം? അതാ പെണ്ണിവിടെ നരച്ചുകൊരച്ചിരിക്കുന്നതു്— അതുപോകട്ടെ; നിങ്ങൾക്കു വയസ്സു് എഴുപതുകഴിഞ്ഞില്ലേ— ആ നിങ്ങളെന്തിനാണു് അമ്പതേ ആയുള്ളെന്നു കള്ളംപറഞ്ഞതു്?"

"അതു പറയാം. അവൻ കല്ല്യാണം കഴിക്കാൻ തീരുമാനിച്ചാണു വന്നതെന്നിരിക്കട്ടെ; എനിക്കു് എഴുപതു കഴിഞ്ഞെന്നുകേട്ടാൽ ചിലപ്പോൾ അവൻ തെററിമാറിപ്പോയെന്നുവരും"

"അതെന്തിനാണു്! നിങ്ങളെയാണോ അവൻ കെട്ടുന്നതു്?"

"ഹോ! മടയീ! മടയീ! ബുദ്ധിവേണം മനുഷ്യരായാൽ! എടീ കൂവേ! അതൊരു വല്യ തത്വശാസ്ത്രമാണു പെമ്പ്രന്നോരേ! അമ്മായിഅച്ഛൻ പടുകിഴവനാണെങ്കിൽ അക്കാരണംകൊണ്ടുതന്നെ ആലോചന റദ്ദായിപ്പോകാം. അതായതു് കല്യാണംകഴിഞ്ഞു് ഒരു കൊല്ലത്തിനുമുമ്പേ പെണ്ണിന്റെ തന്തേടെ പതിനാററടിയന്തിരത്തിനു കാശു ചെലവാക്കേണ്ടതായി വരുമെന്നെങ്കിൽ അയാളുടെ മകളെ കെട്ടാൻ അവൻ തുനിയുകയില്ല. അതൊരു മനശ്ശാസ്ത്രമാണു്. അതല്ല്യോ ഞാൻ വയസ്സു കുറച്ചുകളഞ്ഞതു്"

"പിന്നെപ്പിന്നെ! ആക്കപ്പാടു്. നിങ്ങൾ പറയുന്ന മനശ്ശാസ്ത്രം പിന്നെയൊള്ളോരാരും മനസ്സിലാക്കുമെന്നു തോന്നുന്നില്ല"

ഇതിനിടയിൽ മൂത്രശങ്കതീർത്തു് ആഗതൻ തിരിച്ചെത്തി വന്നപാടേ അയാൾ ചോദിച്ചു.

"എന്താ അമ്മാവാ നിങ്ങൾതമ്മിൽ ശണ്ഠകൂടുന്നതു്?"

"ഒന്നുമില്ലനിയാ! ഇവൾ പറയുന്നതു് ഡപ്യൂട്ടിമന്ത്രി ശങ്കരണ്ണല്ലോ അയാൾ കമ്മ്യൂണിസ്ററുകാരനാണെന്നാണു്. അല്ലെന്നു ഞാൻ! ഈ പെണ്ണുങ്ങൾക്കു് രാഷ്ട്രീയത്തിന്റെ വല്ലകുന്തവുമറിയാമോ?"

"കൊള്ളാം! അതിനുവേണ്ടി വഴക്കു പറഞ്ഞു നിങ്ങൾ ബഹളം കൂട്ടേണ്ട. അദ്ദേഹം നല്ല ഒരു രാഷ്ട്രീയവാദിയാണു്."

"കേൾക്കെടീ കേൾക്കു്! ഇപ്പം എങ്ങനെയിരിക്കുന്നു."

"പക്ഷേ കേട്ടോ അമ്മാവാ! അദ്ദേഹം ആരുമായിക്കൊള്ളട്ടെ; ജാതിമതാദികളല്ലല്ലോ ഒരുത്തനെ വലുതാക്കുന്നതും ചെറുതാക്കുന്നതും"

"പിന്നല്ലാതെ!— "ജാതിനാമാദികൾക്കല്ല ഗുണഗണം" ഏതു്?"

"ഗുണഗണം"

"ഹതാണു്! അനിയൻ ഞാൻ വിചാരിച്ചപോലൊന്നുമല്ലല്ലോ. ശകലം 'നീക്കിയിരുപ്പെ'ല്ലാം കയ്യിലൊള്ള ലക്ഷണം കാണുന്നുണ്ടു്—കേട്ടോ അനിയാ!



എനിക്കൊരു സ്വഭാവമുണ്ട്. ഞാൻ ഒള്ളതു ; വെട്ടിക്കണ്ടിച്ചതുപോലങ്ങുപറേം! ഏതു്?"

"കണ്ടിച്ചതുപോലെ"

"ബലേ! അതുതന്നെ"

"അപ്പഴേ; അമ്മാവാ നമ്മൾ അതുമിതും പറഞ്ഞിരുന്നു് സമയമങ്ങുപോയി."

"ഓ! അക്കാര്യം ഞാനുംമറന്നു. (അടുക്കളവശത്തേക്കു നോക്കീട്ടു്) എന്തെടീ പെണ്ണേ! കാപ്പിയുടെകാര്യം പറഞ്ഞിട്ടു്?"

"ദാ കൊണ്ടുവന്നുകഴിഞ്ഞച്ഛാ."

നാണിക്കുട്ടി കാപ്പിയുമായി വെളിയിൽവന്നു. അപ്പോഴാണു് ആഗതൻ ആ ഉരുപ്പടിയുടെ വിശ്വരൂപം ശരിക്കു കാണുക. റയിൽപാളത്തിൽ കാണാറുള്ള ലവൽക്രോസിങ്ങ് ഗയിററുകൾപോലെയുള്ള രണ്ടു കണ്ണുകൾ! അതു മുഖംമുഴവൻ അപഹരിച്ചതുപോലുള്ള പ്രതീതിയാണു് കണ്ടാൽ തോന്നുക. റിക്കാർഡിൽ മുപ്പത്തിയേഴാണെങ്കിലും നാൽപ്പത്തിയഞ്ചുവയസ്സിലധികം പ്രായം തോന്നിക്കും, അതു ശരീരപ്രകൃതിയാണെന്നു സമാധാനപ്പെടാം. പക്ഷേ നിറത്തിൻെറ കാര്യത്തിനെന്തു സമാധാനംപറയും? മാത്രമോ? രണ്ടു പല്ലുകൾ പുറമ്പോക്കിലും, ബാക്കി അണ്ടർഗ്രൗണ്ടിലുമാണു്. അവരുടെ പ്രവേശനം ഒഴിപ്പിച്ചെടുത്ത അധികാരികൾ ആരെന്നറിഞ്ഞുകൂടാ. ശരീരം വണ്ണിക്കാൻ തുടങ്ങുകയാണെങ്കിൽ ആകപ്പാടെയല്ലേ വണ്ണം കൂടുക! അല്ലാതെ വലതുകാലിൻെറ പാദംമുതൽക്കു വണ്ണംവച്ചു കേട്ടിട്ടില്ല, അങ്ങനെ കണ്ടാൽ മന്തുരോഗമെന്നാണു് ഡാക്ടർമാർ പറയുക—ഇത്രയുംകൊണ്ടു തൽക്കാലം നിറുത്തുകയാണു്. ശേഷം ചിന്ത്യം!

കാപ്പി നിലത്തുവച്ചിട്ടു് ആഗതൻെറനേരെ 'ലവൽക്രോസ്സ്' ഗയിററുകൾ തുറന്നു് ലജ്ജാവികാരഭരിതമായ തൻെറ പ്രേമത്തീവണ്ടിയെ മുമ്പോട്ടുവിട്ടിട്ടു് അവൾ അവിടെനിന്നു് അകത്തേക്കു വലിഞ്ഞു. എന്തായാലും ആഗതനു് ആ ഒഴിഞ്ഞുമാറൽ വലിയൊരനുഗ്രഹമായിരുന്നെന്നു് ഒരഞ്ചാറുസെക്കണ്ടുസമയത്തെ മൗനത്തിനുശേഷം അയാളിൽനിന്നുയർന്ന ദീർഘനിശ്വാസം മതിയായ തെളിവാണു്.

വീണ്ടും ഒരഞ്ചുനിമിഷമൂകത അവിടെ തങ്ങിനിന്നു. അതിനു വിഘാതം വരുത്തിയതു് അതിഥിയായിരുന്നു.

"അപ്പഴേ! അമ്മാവാ! ഞാൻ വന്നകാര്യം പറഞ്ഞില്ലല്ലോ?"

'ഇനി പറയാമല്ലോ! ദൈവം കണ്ണുതുറന്നാൽ ഇനി എന്നും ഇങ്ങിനെ ഒന്നിച്ചിരുന്നു പറയരുതോ?"

"അതല്ല;—ഞാൻ ഒരത്യാവശ്യകാര്യം സംബന്ധിച്ചിറങ്ങിയിരിക്കുകയാണു്."

കുറുപ്പിൻെറ നെററിയിൽ ഒരു നേരിയ ചുളുക്കം കൂടുതലായിട്ടുണ്ടായി—ആഗതൻ തുടർന്നു.

"ഞാൻ ഇവിടുത്തെ വില്ലേജാഫീസിൽനിന്നു വരികയാണു്."

"അപ്പോൾ സർക്കാരുദ്യോഗസ്ഥനാണോ?"

"അതെ"

"ദൈവാധീനം! ഗൗരിയുടെ അഭിപ്രായംപോലെതന്നെ വന്നു ഫലിച്ചല്ലോ കാര്യം! ശ്ശെടാ! അവടെ മനസ്സിൻെറനേരു്!."

"അതെന്താ അമ്മാവാ?"

"അല്ല;—ഞാൻ ഒള്ളകാര്യം വെട്ടിക്കണ്ടിച്ചങ്ങുപറയും. കേട്ടോ അനിയാ നാണിക്കുട്ടി ഒണ്ടായപ്പംമുതലുള്ള അവടെ ആഗ്രഹമാണു്. ആ പെണ്ണിനെ കെട്ടുന്നയാൾ ഒരു സർക്കാർജീവനക്കാരനായിരിക്കണമെന്നു്"

"അതിനു് ആരാ ആ കുട്ടിയെ കെട്ടാൻ നിശ്ചയിച്ചതു്"

"അപ്പോൾ അനിയൻ........പരമുപിള്ളപറഞ്ഞയാളല്ലേ"

"അയ്യോ! ഞാൻ ആ മനുഷ്യനെ അറിയത്തില്ല. ഞാൻ പറഞ്ഞില്ലേ; പഞ്ചായത്താഫീസിൽനിന്നാണു് ഞാൻ വരുന്നതെന്നു്! കഴിഞ്ഞദിവസം പുതുതായി സ്ഥലംമാറിവന്നു് ചാർജ്ജെടുത്തതേയുള്ളു."

"ങ്ആ! എന്തു കുന്തമെങ്കിലുമാകട്ടെ"

വൃദ്ധനു സംശയം വർദ്ധിച്ചുതുടങ്ങി. അതിഥി തുടർന്നു.

"കേൾക്കൂ! ഈയിടെ അസംബ്ളിയിൽ ഒരു തീരുമാനമെടുത്ത കഥ അമ്മാവനും അറിഞ്ഞിരിക്കുമല്ലോ. അതായതു വാർദ്ധക്യകാലപെൻഷൻ നൽകാനുള്ള തീരുമാനം. എഴുപതുവയസ്സുതികഞ്ഞ എല്ലാ വൃദ്ധന്മാർക്കും പതിനഞ്ചുരൂപായിൽ കുറയാതെ പെൻഷൻ നൽകാനാണു പദ്ധതി. അതനുസരിച്ചു് ഈ സ്ഥലത്തു് ഞാൻ ഒരന്വേഷണം നടത്തിയപ്പോൾ അമ്മാവനുൾപ്പെടെ നാലഞ്ചുപേർ മാത്രമേ എഴുപതുകാരായിട്ടുള്ളെന്നു മനസ്സിലായി. ആ വിവരം നേരിട്ടുകണ്ടു മനസ്സിലാക്കി ലിസ്റ്റെഴുതാമെന്നുവിചാരിച്ചാണു് ഇങ്ങോട്ടു കയറിയതു്. അപ്പോൾ അമ്മാവൻ പറയുന്നു, വയസ്സു് അമ്പത്തഞ്ചു തികഞ്ഞിട്ടില്ലെന്നു്. ഏതായാലും അതു ഗവമ്മെൻറിനു് ഒരു ലാഭമായി."

അയാൾ പെട്ടെന്നു് എഴുന്നേററുനടന്നു് പടിയിറങ്ങി.

അയ്യപ്പക്കുറുപ്പു് ആകപ്പാടെ നഞ്ചുതിന്ന കുരങ്ങിനേപ്പോലെയായി. ഗൗരിയമ്മ കുറുപ്പിനെ തുറിച്ചുനോക്കി.

"നിങ്ങളോടാരുപറഞ്ഞു വയസ്സു കുറച്ചു പറയാൻ"

'നീ പോടീകൂവേ! എനിക്കു് ഒരു സ്വഭാവമുണ്ടു്. ഞാൻ ഒത്തതങ്ങു വെട്ടിക്കണ്ടിച്ചതുപോലങ്ങു പറയും.'

"അപ്പോഴാ! കുത്തിക്കീറിയതുപോലെയുള്ള അനുഭവം വരുന്നതു്. പഠിച്ചോ!"

"എടീ പെമ്പ്രന്നോരേ. നമ്മൾ എത്രവിചാരിച്ചാലും ഫലമില്ല. ദൈവംകൂടെ മനസ്സുവയ്ക്കണം. "വിധിയില്ലാക്കഞ്ഞി 'കടവാവഴി" എന്നാ പ്രമാണം.

ഗൗരിയമ്മ അതു കേട്ടതായിപ്പോലും ഭാവിക്കാതെ മുഖം തിരിച്ചുകളഞ്ഞു.

........0........


# മോഡേൺ സൈക്കിൾ സ്റേറാഴ്സ്

## മുല്ലയ്ക്കൽ :: ആലപ്പുഴ.

**ഹെർക്കുലീസ്, റാലി, ഫിലിപ്സ് മുതലായ പുതിയ സൈക്കിളുകൾക്കും,**

**സൈക്കിൾ ഉപകരണങ്ങൾക്കും ഞങ്ങളെ സമീപിക്കുക!**

N. B. ഹെർക്കുലീസ്, റാലി, ഫിലിപ്സ് മുതലായ സൈക്കിളുകൾക്കും **H. M. V. &** കൊളംബിയാ ഗ്രാമഫോണുകൾക്കും, ഗ്രാമഫോൺ റിക്കാർഡുകൾക്കും, കമ്പനിക്കാരുടെ അംഗീകൃത ഏജൻറായ 'മോഡേൺ സൈക്കിൾസ്റ്റോഴ്സ്' സന്ദർശിക്കുക!




ഓം.

## ഞങ്ങളുടെ പുതുവർഷത്തെ പുതുമകൾ

1. രക്തപുഷ്പം 2. ഓണക്കിളി 3. പൂന്താനത്തിൻെറ 'പിള്ളയൂണു്'' മുതലായവ

ഡയറക്ടർ രാമുണ്ണി, ടി. ആർ. ഓമന, കുമാരി ആനന്ദവല്ലി, ബേബി കൃഷ്ണകുമാരി, കുമാരി അംബികാദേവി, നിർമ്മല, വത്സല തുടങ്ങിയവർ പങ്കെടുക്കുന്നു.

N. B ശാസ്ത്രീയമായി സംഗീതം അഭ്യസിച്ച ഒരു സ്ത്രീയെ കലാനിലയത്തിൽ പാട്ടിനു് ആവശ്യമുണ്ടു്.



## പൊതുജനശ്രദ്ധയ്ക്കു്.

ഗൃഹനിർമ്മാണത്തിനുള്ള ഇരുമ്പു്, പിത്തള മുതലായ സാധനങ്ങൾ, വാർണീഷ്, ഓയിൽ, ഇനാമൽ മുതലായ പെയിൻറുകൾ, പൈപ്പ് ഫിററിംഗ്, ബോൾബയറിംഗ് മുതലായ യന്ത്രസാമഗ്രികളും ന്യായമായ വിലയ്ക്കു ലഭിക്കണമെങ്കിൽ

ഞങ്ങളെ സമീപിക്കുക!

## സ്റ്റാൻഡാർഡ് ഹാർഡു് വെയേഴ്സ്

*Tel: Standard.* ന്യൂ ബസാർ :: ആലപ്പുഴ.



# ഒരു അഭിമുഖ സംഭാഷണം

പി. കെ. രാജരാജവർമ്മ.

ഉള്ളതു പറഞ്ഞാൽ ആരും വിശ്വസിക്കുകയില്ല. മൂന്നാംപ്രാവശ്യവും അങ്ങനെ സംഭവിച്ചതു് ഞാൻ കരുതിക്കൂട്ടി ആ സമയത്തു പോയതുകൊണ്ടാണെന്നാണ് ആക്ഷേപം. വാസ്തവം പറഞ്ഞാൽ കാലത്തു് ഉറങ്ങി എഴുന്നേററു് ആദ്യത്തെ ബസ്സിൽ പോയെന്നേയുള്ളു. ശ്രുതമോ ശ്രുതപക്ഷേടോ എന്നറിയാൻവയ്യ, പടിവാതൽ തുറന്നപ്പോഴാം കണ്ടതു്.

“കൊണ്ടാടിക്കൊണ്ടുകൊണ്ടൽപുരി—
കുഴലതിടം കയ്യിനാൽ ചിക്കിനോക്കി
ക്കൊണ്ടാടിക്കൊണ്ടു തൊണ്ടിപ്പുഴ—
മിടയമണിച്ചുണ്ടുരണ്ടും നനച്ചും
മുണ്ടാലേമൂടിയിട്ടുള്ളൊരു കുളർ—
മുലകൾ തുളുമ്പിച്ചുമന്ദംവരുന്നീ—
തണ്ടാരമ്പത്തിടമ്പായ്”

വിലസുന്ന കുഞ്ചിയമ്മയെ ആയിരുന്നു. സത്യത്തിൽ ഞാൻ “നിലവിട്ടൊന്നു പകച്ചുനിന്നുപോയി. കുലവെട്ടീടിന കുററിവാഴപോലെ” എന്റെ നിൽപ്പുകണ്ടിട്ടായിരിക്കാം, കുഞ്ചിയമ്മ സാധാരണയിൽക്കൂടുതൽ തുറന്ന ഒരു പുഞ്ചിരിതൂകി.

ഇന്നു കാലത്തു് എണീററപാടെ എനിക്കൊരു തോന്നൽ, മി: വർമ്മ ഇന്നു വരുമെന്നു്. ഏതായാലും ഡിക്കാഷൻ കുറച്ചു കൂടുതൽ ഇട്ടേക്കാൻ ഞാൻ അദ്ദേഹത്തോടു പറഞ്ഞിട്ടാ കുളിക്കാൻപോയതു്” കുഞ്ചിയമ്മ പറഞ്ഞു.

“ഇങ്ങോട്ടു വരണമെന്നു് എനിക്കു നേരത്തെ പ്ളാനില്ലായിരുന്നു. ഇന്നുകാലത്തു പെട്ടെന്നു തോന്നി. ഉടനേ ഇങ്ങിറങ്ങി” ഞാൻ മറുപടി നൽകി.

“വരുന്നെങ്കിൽ ഈ സമയത്തായിരിക്കും വരുന്നതെന്നു് എനിക്കറിയാം. ഞാൻ കുളികഴിഞ്ഞു് ഈറനുടുത്തു് ഇങ്ങോട്ടു് ഇറങ്ങുമ്പോഴാണു് എന്നും വരിക! അല്ലേ.”

“അതു മനഃപൂർവ്വമല്ല. അങ്ങനെയങ്ങു പററുന്നെന്നേയുള്ളു.” ഞാൻ സ്വല്പം ജാള്യതയോടെ പറഞ്ഞു.

“അതിനെന്താ? ഈ സമയത്തു വരുന്നതാ നല്ലതു്. പക്ഷേ, പോകുന്നതു് ഊണുകഴിച്ചിട്ടേ ആകാവൂ. ഊണുകഴിഞ്ഞിട്ടേ ഇൻറർവ്യൂ തരുകയുള്ളു എന്നു വെക്കും! പിന്നെന്തൊക്കെയാ വിശേഷങ്ങൾ?” കുഞ്ചിയമ്മ ചിരിച്ചു.

“ചീനക്കാരുടെ നേപ്പോളാക്രമണം, കേന്ദ്രസർക്കാർ ജീവനക്കാരുടെ പണിമുടക്കു്, ഇവയെപ്പററിയെല്ലാം അഭിപ്രായം അറിയണം.”

‘പാമ്പിനെ തിന്നുന്ന വർഗ്ഗക്കാരല്ലിയോ ചൈനാക്കാരു്? അവരെ ഭായീ ഭായി എന്നു വിളിച്ചാലും പാമ്പിന്റെ സ്വഭാവം കാണിക്കാതിരിക്കുമോ? പാമ്പിനെ ഒന്നുകിൽ തല്ലിക്കൊല്ലണം അല്ലെങ്കിൽ നീറുംപാലുംകൊടുത്തു് പൂജിക്കണം, അതുപോകട്ടെ കേന്ദ്രസർക്കാർ ജീവനക്കാരു് പണിമുടക്കുന്നതു് എന്തിനാന്നാ എനിക്കു മനസ്സിലാകാത്തതു്. ശമ്പളം കൂടുതൽ വാങ്ങി നിറയെ തിന്നു് തടിക്കുമ്പോഴാം ഉണ്ടാകുന്ന തരിപ്പാ അവക്കു്!”




“പ്യൂണന്മാക്കും ഏററവും കുറഞ്ഞ ശമ്പളം 125 രൂപാ ആക്കണമെന്നാ അവരു പറയുന്നതു്”

‘ആക്കട്ടെ. അങ്ങനാക്കിയാൽ പ്യൂ

ണന്മാരെ റിക്രൂട്ടുചെയ്യുന്നത് അഞ്ചുവർഷമെങ്കിലും പ്രാക്ടീസുള്ള വക്കീലന്മാരിൽനിന്നോ, അദ്ധ്വാനിക്കുന്ന അവശന്മാർക്ക് നിലം പാട്ടം കൊടുക്കുകയോ ചെയ്തിട്ടുള്ള ജന്മിമാരിൽനിന്നോ മാത്രമേ ആകാവൂ എന്നൊരു നിയമംകൂടി ഉണ്ടാക്കണമെന്ന് പ്രക്ഷോഭണം കൂട്ടണം'

'കേരളത്തിലെ പ്രധാന പ്രശ്നങ്ങൾ 11-ാംവകുപ്പും പഞ്ചായത്തുബില്ലും ആണെന്നു പറയുന്നതുകേട്ടു. അവയേപ്പററി എന്താണഭിപ്രായം.'

'നെഞ്ചത്ത് ഈറൻതുണി ഇട്ടോണ്ട് ഇതൊക്കെ ചർച്ചചെയ്തോണ്ടിരുന്നാൽ ന്യൂമോണിയാ പിടിക്കും! ഈറൻ മാററീട്ടു വരാം. എന്നിട്ടുപോരെ.'

"മതി. പക്ഷേ ഈ വേഷത്തിൽ ഒരു ഫോട്ടോ എടുത്തോട്ടെ, വിരോധമില്ലെങ്കിൽ.'

കുഞ്ചിയമ്മ ചുണ്ടുകടിച്ചിട്ട് നീണ്ട ഒരു പുഞ്ചിരിതൂകി. ആ ഫോട്ടോയാണ് ഇതിൻെറകൂടെ അയക്കാതെ എൻെറ കൈവശം വെച്ചിരിക്കുന്നത്.

ശുഭ്റ വസ്ത്രങ്ങൾ ധരിച്ച കുഞ്ചിയമ്മ കയ്യിൽ കപ്പുകൾ എടുത്തുകൊണ്ടും, തലയിൽ ചാരവും മുണ്ടേൽ കരിയും കയ്യിൽകെററിലുമായി പഞ്ചുമേനവനും മേശക്കരികിൽ വന്നു. എല്ലാവരും ഇരുന്നു കാപ്പി കഴിക്കുമ്പോൾ ഇൻറർവ്യൂ തുടർന്നു.

"11-ാംവകുപ്പിൽ രണ്ടു കാര്യങ്ങളാ പ്രധാനം എന്നാ എനിക്കു തോന്നുന്നതു്" കുഞ്ചിയമ്മപറഞ്ഞു. "ഒന്നാമത്തേതു് അദ്ധ്യാപകന്മാരുടെ മൂക്കിൽ കയറിട്ടു് കയർ മാനേജരന്മാരുടെ കയ്യിൽ കൊടുക്കണോ. അതോ മാനേജരന്മാരുടെ മൂക്കിൽ കയറിട്ടു് കയർ ഗവമ്മെൻറിൻെറ കയ്യിൽ കൊടുക്കണോ എന്നാണു്. എണ്ണത്തിൽ അദ്ധ്യാപകഭാര്യമാരും വണ്ണത്തിൽ മാനേജർ ഭാര്യമാരും ആണല്ലോ മുമ്പിൽ നില്ക്കുന്നതു്. അദ്ധ്യാപകഭാര്യമാരും മുറിവക്കീലന്മാരുടെയും, ചെറുജന്മിമാരുടെയും ഭാര്യമാരും ഏകദേശം ഒരുപോലെയാണു്. അതുകൊണ്ടു് എൻെറ അനുഭാവം എപ്പോഴും അദ്ധ്യാപകഭാര്യമാരോടാണു്, അവർ വിഷമിക്കാൻ പാടില്ല. അദ്ധ്യാപകന്മാരുടെ മൂക്കിൽ കയറിടേണ്ടതു് ആവശ്യമായിരിക്കാം. പക്ഷെ ആ കയറിൻെറ അററം അവരുടെ ഭാര്യമാരുടെ കയ്യിൽകൊടുക്കണം, മാനേജരന്മാരുടെ കയ്യിൽകൊടുക്കരുതു്. ഈ തത്വത്തിനു വിധേയമായി മാനേജരന്മാരുടെ മൂക്കിൽകയറിടുകയോ ഇടാതിരിക്കയോ ചെയ്യുന്നതിനു് എനിക്കു വിരോധമില്ല.'

"അദ്ധ്യാപകന്മാരുടെ ഈ അവകാശം രക്ഷിക്കാൻ മാനേജരന്മാരുടെ മൂക്കുകയർ എത്രകണ്ടു മുറുക്കണം എന്നു നിശ്ചയിക്കുന്നതെങ്ങനെയാണു്? അതിലല്ലേ അഭിപ്രായവ്യത്യാസം ഉണ്ടാവുക!'

ഞാൻ ചോദിച്ചു.

'അദ്ധ്യാപകഭാര്യമാരുടെ പ്രതിനിധികളും മാനേജർഭാര്യമാരുടെ പ്രതിനിധികളുംകൂടി ഒരു വട്ടമേശസമ്മേളനംകൂടി അതിൽവെച്ചു് ഈ കാര്യം തീരുമാനിക്കാവുന്നതാണു്."

"മാനേജരന്മാർ മിക്കവാറും പാതിരിമാരും പള്ളികളും എൻ. എസ്സ്. എസ്സും. ആകുമ്പോൾ അവരുടെ "ഭാര്യമാർ" എന്നുപറയുന്നതു് ആരായിരിക്കും? അദ്ധ്യാപികമാർക്കും ഭാര്യമാരുണ്ടോ?"

"ചോദ്യങ്ങൾ ചോദിക്കുന്നതു് കാര്യം അറിയാൻ ആയിരിക്കണം, ഉത്തരം മുട്ടിക്കാൻ ആയിരിക്കരുതു്. ഗൃഹത്തിൽ ഭാര്യമാർ ഭർത്താക്കന്മാരോടു് ഉത്തരം മുട്ടിക്കുന്ന ചോദ്യങ്ങൾ ചോദിക്കുന്നതാണു് ഭാര്യമാരുടെ വലിയ തെററായി അങ്ങു് പലപ്പോഴും ചിത്രീകരിച്ചിട്ടുള്ളതു്. അതേപ്പററി എൻെറ അഭിപ്രായങ്ങൾ എന്തായാലും, അമ്മാതിരി ചോദ്യങ്ങൾക്കു വഴങ്ങാൻ ഞാൻ തയ്യാറില്ല." കുഞ്ചിയമ്മ കുറച്ചു ക്ഷോഭിച്ചാണു സംസാരിച്ചതു്.

"അപ്പോൾ ഉത്തരം മുട്ടിക്കുന്ന ചോദ്യങ്ങൾ ചോദിച്ചാൽ എല്ലാക്കുമുണ്ടു് വിഷമം, അല്ലേ!" പഞ്ചുമേനോൻ കണ്ണിറ



ക്കി എന്നോടു ചോദിച്ചുകൊണ്ടു് ചിരിച്ചു.

"കാപ്പി തീർന്നതു കണ്ടില്ലേ? കുറച്ചുകൂടെ ഒഴിച്ചുകൊടുത്താട്ടെ! എന്നിട്ടാകാം ഹാസ്യോം ഫലിതോം പറഞ്ഞു് തന്നത്താനെ ചിരിക്കുന്നതു്!" കുഞ്ചിയമ്മ ഒരു ശാസന നൽകിയിട്ടു് തുടർന്നു. "പതിനൊന്നാം വകുപ്പിലെ രണ്ടാമത്തെ കാര്യം പ്രൈവററുസ്കൂളുകളിലെ നിയമങ്ങളിൽ തള്ളിക്കേററുന്ന സംവരണമാണു്. തല്പരകക്ഷികളുടെ പുളുവാസുകൾ എന്ന 'എല്ലും തോലും ചിറകും കൊക്കുമതെല്ലാം നീക്കിയെടുത്തെന്നാകിൽ' കിട്ടുന്നതു് ക്രിസ്ത്യാനിയുടെയും നായരുടെയും ആത്മീയതനിറഞ്ഞ സ്കൂളുകളിൽ കമ്മ്യൂണിസംതീണ്ടിയ ഒരു നല്ലശതമാനം ഈഴവരെ സംവരണംചെയ്തു് കേററണം എന്നാണു്. ഈഴവസ്ത്രീകൾക്കുവേണ്ടി ആയിരുന്നു ഈ സംവരണം വെച്ചിരുന്നതെങ്കിൽ, അതു് അത്ര ന്യായമല്ലെന്നു് അഭിപ്രായമുണ്ടെങ്കിൽത്തന്നെ ഞാൻ അതിനെ എതിർക്കുമായിരുന്നില്ല. ആണുങ്ങൾക്കുവേണ്ടിയുള്ള സംവരണം അർത്ഥശൂന്യമാണു്. ഉദ്യോഗനിയമനകാര്യത്തിൽ സംവരണം ആവശ്യമുണ്ടെങ്കിൽ അതു സ്ത്രീവർഗ്ഗത്തിനുമാത്രമാണു്."

"സ്ത്രീകൾക്കു സംവരണം പഞ്ചായത്തിലും വേണോ?" ഞാൻ ചോദിച്ചു.

"ഈ ചോദ്യം ചോദിക്കാൻ കാരണം?" കുഞ്ചിയമ്മ മറുചോദ്യംചെയ്തു.

"നിയമസഭയിൽ കുറച്ചുനാൾമുമ്പു് രണ്ടു വനിതാനേതാക്കൾ തമ്മിൽ ഇതേപ്പററി വലിയ തർക്കം നടന്നതായി കേട്ടു. ലീലാദാമോദരമേനോനും കെ. ആർ. ഗൗരിയും. ആരുടെ ഭാഗത്താണു് കുഞ്ചിയമ്മ?"

കുഞ്ചിയമ്മ ചിരിച്ചു. "പത്തിരുപതുവർഷംമുമ്പു് ഞാൻ പറഞ്ഞതു് ലീലാദാമോദരമേനോൻ ഇന്നു പറയുന്നെന്നേയുള്ളു. പഞ്ചായത്തിലെന്നല്ല ഒന്നിലും ഒന്നോ രണ്ടോ സ്ത്രീകൾക്കു സംവരണം കൊടുത്തതുകൊണ്ടു് കാര്യമില്ല. അതൊരു അപമാനമാണു്. ആ സ്ഥാനങ്ങൾ നോമിനേഷൻവഴി കൊടുക്കുന്നതു് പ്രകോപനപരവും ആണു്. വെറും പുരുഷപാസികളെ—പുരുഷന്മാർക്കു് അടിമകളായി കഴിയുന്നവരെ—മാത്രമേ പുരുഷന്മാർ നോമിനേററുചെയ്യുകയുള്ളു എന്നതു് തീർച്ചയല്ലേ?"

"സ്ത്രീകൾക്കു റിസർവേഷൻ ആവശ്യമില്ലെന്നാണോ അഭിപ്രായം?"

"ഈച്ചമാംസംതിന്നു ജാതിഭ്രഷ്ടാകാൻ ഞാൻ ആഗ്രഹിക്കുന്നില്ല."

"എന്നുവെച്ചാൽ?"

"കേട്ടിട്ടില്ലേ അതു്? ബ്രാഹ്മണർക്കു് മാംസാഹാരം നിഷിദ്ധമാണു്. മാംസം തിന്നാൽ ജാതിഭ്രഷ്ടാകും. ഒരു ഉണ്ണിനമ്പൂരിക്കു് മാംസം തിന്നാൻ ആഗ്രഹം തോന്നി. ആരും അറിയാതെവേണ്ടേ തിന്നാൻ? അദ്ദേഹം ഒരു ഈച്ചയെ പിടിച്ചു കൊന്നു തിന്നു. ഇതു് ആരോ അറിഞ്ഞു. നമ്പൂരി മാംസം തിന്നു എന്നു് പരസ്യമായി അദ്ദേഹത്തെ ഭ്രഷ്ടാക്കി. ഇതുപോലെ രണ്ടു സീററു് സംവരണം ചെയ്തു് യാതൊരു പ്രയോജനവുംകൂടാതെ അബലസമുദായം എന്ന പേരു സ്ഥിരീകരിക്കാൻ സ്ത്രീകൾ ആഗ്രഹിക്കുന്നില്ല. സംവരണം ഉണ്ടെങ്കിൽ 51 ശതമാനം സംവരണം വേണം."

"മുൻമന്ത്രി കെ. ആർ. ഗൗരി പറയുന്നതു് ഈ വാദം അസംബന്ധമാണെന്നാണല്ലോ. സ്ത്രീകൾ ഒരു രംഗത്തും പുരുഷന്മാരോടൊപ്പം പുരോഗമിച്ചിട്ടില്ലെന്നു് അവർ ചൂണ്ടിക്കാണിക്കുന്നു. പ്രത്യേക സംഘടനകളും വനിതാസമ്മേളനങ്ങളും സംഘടിപ്പിക്കുന്നതു് ഈ അവശത കൊണ്ടാണത്രേ."

"രാഷ്ട്രീയരംഗത്തു് അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ പ്രതിനിധീകരിക്കുന്നു എന്നു വിശ്വസിക്കുന്ന ഗൗരി സ്ത്രീസമുദായരംഗത്തു് ഒരു "പുരുഷപ്പാ" ആണെന്നാണു് ഇതു തെളിയിക്കുന്നതു്. ഭർത്താക്കന്മാരുടെ അഭിപ്രായങ്ങൾ ലൗഡ്സ്പീക്കറുകളിൽക്കൂടി പുറത്തുവിടുന്ന "പുരുഷപ്പാ" ഭാര്യമാരുടെ ഒരു സാമ്പിളായി ഗൗരി അധഃപതിച്ചതിൽ ഞാൻ നിർവ്യാജം വ്യസനിക്കുന്നു. വനിതകൾ ചിലപ്പോൾ പ്രത്യേക സമാജങ്ങളുണ്ടാക്കുകയും സമ്മേളനങ്ങൾ നടത്തുകയും ചെയ്യുന്നതിൽ തെററോ അവശതയോ ഒന്നും ഞാൻ കാണുന്നില്ല. ഏററവും ഐക്യമുള്ള ഭാര്യാഭർത്താക്കന്മാർപോലും എല്ലാ ദിവസവും ഇരുപത്തിനാലുമണിക്കൂറും ഒന്നിച്ചു് കെട്ടിപ്പിടിച്ചാണോ ഇരിക്കുന്നതു്? ഭർത്താവിൽനിന്നു വേർപെട്ടു ഇരിക്കേണ്ടതും ഇരിക്കണമെന്നു തോന്നുന്നതും ആയ നിമിഷങ്ങൾ ഇല്ലേ? പൊതുജീവിതത്തിലെ അമ്മാതിരി നിമിഷങ്ങളാണു് വനിതാസമ്മേളനങ്ങൾ."

"50 ശതമാനം റിസർവേഷൻ വേണമെന്നല്ല, 50 ശതമാനം സ്ത്രീകളെ സ്ഥാനാർത്ഥികളായി നിർത്തണം എന്നാണു് ലീലാദാമോദരമേനോൻ പറയുന്നതു്. പുരുഷന്മാർ സ്ഥാനാർത്ഥികളെ നിർത്തി തോല്പിച്ചാലോ?"

"ആ ചോദ്യത്തിനു് അർത്ഥമില്ല." കുഞ്ചിയമ്മ പറഞ്ഞു. "ഒരു സ്ത്രീയും പുരുഷനുംകൂടെ വിവാഹംകഴിക്കാമെന്നു സമ്മതിച്ചിട്ടു്, പുരുഷൻ സ്ത്രീയെ പററിച്ചാലോ എന്നു ചോദിക്കുന്നതുപോലെയേയുള്ളു അതു്. സഹകരണവും സന്മനസ്സും ഉണ്ടാകുമെന്നുള്ള അടിസ്ഥാനത്തിലാണു് ഇമ്മാതിരി നിർദ്ദേശങ്ങൾ ഉന്നയിക്കുന്നതു്. വിവാഹത്തിന്റെ ഉദ്ദേശം ഇരുകൂട്ടർക്കും ആനന്ദം ലഭിക്കാനാണു്. ആനന്ദം അതു നൽകുകയും ചെയ്യുന്നു. അതുപോലെ ഇലക്ഷൻകാര്യത്തിലുണ്ടാകുന്ന സഹകരണവും ഇരുകൂട്ടർക്കും സംതൃപ്തിയും ആനന്ദവും നൽകും. അതിനുപകരം പുരുഷൻ സ്ത്രീയെ ദ്രോഹിക്കാൻ തുടങ്ങിയാൽ ദ്രോഹം അങ്ങോട്ടും ചെയ്യാൻ വയ്യാത്തതല്ലെന്നു് ഓർക്കണം. ദ്രോഹിക്കാനുള്ള വ്യക്തിപരമായ ശക്തി സ്ത്രീക്കു് പുരുഷനേക്കാൾ കുറവല്ല."

"പത്തിരട്ടി എങ്കിലും കാണും!" പഞ്ചുമേനോൻ ശരിവെച്ചു.

"ശരിവെച്ചതു മതി! ഈ കപ്പെല്ലാം കഴുകി അങ്ങു കൊണ്ടുവെച്ചാട്ടെ! സ്ത്രീകളുടെ സംഹാരശക്തി സംഘടിതമാക്കി പ്രയോഗിക്കാത്തതാണു് സ്ത്രീകളുടെ ക്ഷീണാവശം"

"വളരെ വന്ദനം. ഞാൻ എന്നാൽ ഇറങ്ങീട്ടുവരാം" ഞാൻ എഴുനേററു.

"ഊണു്?"

"ഊണു മറെറാരു ദിവസമാകാം. ഇപ്പോൾ ഉണ്ടപോലെ തൃപ്തിയായി"

ഞാൻ വിടവാങ്ങി.

—o—


ഈടും ഇമ്പവുമുള്ള റെഡിമേഡ് ഉടുപ്പുകൾക്കു്

**S. N. V.**

**ടെയിലറിംഗ് ഹൗസ്**

മുല്ലയ്ക്കൽ—ആലപ്പുഴ.

# ഹരിശ്ചന്ദ്രൻ ഹിമാലയത്തിൽ

(മീശാൻ)

സമയം ഏതാണ്ടു് ത്രുസന്ധ്യയോടടുത്തുകാണും. തൻെറ പർണ്ണശാലയുടെ തിരുമുററത്തു് ഒരു കോണിലായി കിടക്കുന്ന പൊക്കംകുറഞ്ഞ പാറയുടെ മുകളിൽ ഭസ്മാലങ്കാരഭൂഷിതനായി ജപമാലാശോഭിതഹസ്തനായി; ഭഗവൽസ്വരൂപധ്യാനനിരതനായി, ഹിമവാൻ അങ്ങനെ വിലസുമ്പോഴാണ് ഹരിശ്ചന്ദ്രൻ അദ്ദേഹത്തിൻെറ മുന്നിൽ ആഗതനായതു്.

ഹിമവാൻ:– (ധ്യാനത്തിൽനിന്നും ഉണൎന്നു്) ആരാ അതു്?

ഹരിശ്ചന്ദ്രൻ– ഞാനാണേ; ഹരിശ്ചന്ദ്രൻ.

ഹിമ– സാക്ഷാൽ ഹരിശ്ചന്ദ്രനോ, അതോ........

ഹരി– ആധുനികനല്ല. പൗരാണികൻതന്നെയാണ്.

ഹിമ– എങ്കിൽ ഇരിക്കു.

(ഹരിശ്ചന്ദ്രൻ നിലത്തിരിക്കുന്നു)

ഹിമ– പിന്നെ എന്തൊക്കെയാ വിശേഷം? ഹരിശ്ചന്ദ്രനിപ്പോൾ സ്വർലോകത്തിൽനിന്നുതന്നെയല്ലേ വരുന്നതു്? പണ്ടത്തെ മനുഷ്യരും ഇന്നത്തെ മനുഷ്യരും തമ്മിൽ വല്ല സാമ്യവുമുണ്ടോ എന്നറിയാൻവേണ്ടി പുറപ്പെട്ടതായിരിക്കും അല്ലേ?

ഹരി– ഞാനിങ്ങോട്ടു പുറപ്പെട്ടതിൻെറ പ്രധാന കാരണം പണ്ടത്തെ ഭാരതീയനും ഇന്നത്തെ ഇന്ത്യനും തമ്മിലുള്ള വ്യത്യാസം കണ്ടു പഠിക്കാനാണ്.

ഹിമ– എന്നിട്ടു വല്ലതും പഠിച്ചോ, ഹരിശ്ചന്ദ്രൻ?

ഹരി– ഉവ്വ്. ഇന്ത്യയുടെ ഇന്നത്തെ നില, ബഹു കഷ്ടമെന്നേ പറയേണ്ടു. ആർഷഭാരതമെവിടെ? സ്വതന്ത്രഭാരതമെവിടെ, രണ്ടിനുംതമ്മിലെന്തൊരന്തരം!

ഹിമ– ആർഷഭാരതമെന്ന പേരു മാററി ആർത്തഭാരതമെന്നാക്കിയാലതായിരിക്കും ശരി. ഇന്ത്യൻജനതയ്ക്കു സ്വാതന്ത്ര്യം സിദ്ധിച്ചപ്പോൾ അവർ ഇന്ത്യാക്കാരല്ലാതെയായി അതാണ്പരമാർത്ഥം. ഒരുത്തനുമില്ല ദേശീയബോധം.

ഹരി– എന്തു്! ഇന്ത്യാക്കാർ ഇത്രമാത്രം അധഃപതിച്ചുവോ!

ഹിമ– ഭാഷയുടെയും, ദേശത്തിൻെറയും, മ ത ത്തി ൻെറ യും പണത്തിൻെറയും, പ്രതാപത്തിൻെറയും അധികാരപ്രമത്തതയുടെയും പേരിൽ ഇന്ത്യൻജനത ഇൻക്വിലാബുവിളിച്ചു പരസ്പരം കലഹിക്കുന്ന കാഴ്ചകണ്ടാൽ നിങ്ങൾ ലജ്ജിച്ചു തല താഴ്ത്തും.

ഹരിശ്ചന്ദ്രൻ– ദേശാഭിമാനം ഇല്ലാത്ത കൂട്ടരാണോ ഇന്ത്യാക്കാർ! പണ്ടു ഭാരതീയർ എത്ര സൗഹാർദ്ദമായിട്ടാണ് വർത്തിച്ചുപോന്നതു്.

ഹിമ– ഇന്നു് ഇന്ത്യാക്കാർ ഒന്നല്ല, പലതാണ്. ഉത്തരയിന്ത്യൻ, മദ്ധ്യ



മയിന്ത്യൻ, ദക്ഷിണയിന്ത്യൻ, പൂർവ്വയിന്ത്യൻ, പശ്ചിമയിന്ത്യൻ, ഇങ്ങിനെ അഞ്ചിനം ഇന്ത്യാക്കാരാണ് ഇന്നുള്ളതു്. ഇവരിൽത്തന്നെ പല അവാന്തരവിഭാഗങ്ങളുമുണ്ടു്. ഉദാഹരണമായി ദക്ഷിണ ഇന്ത്യാക്കാരെ നോക്കു. അവിടെ മലയാളിയിന്ത്യൻ, തമിഴിന്ത്യൻ, കർണ്ണാടക ഇന്ത്യൻ, തെലുങ്കിന്ത്യൻ ഇങ്ങനെ പല ഭാഷയിൽ ദക്ഷിണയിന്ത്യൻ നിലകൊള്ളുന്നതു കാണാം. ഇവരാരും തനി ഇന്ത്യാക്കാരല്ലെന്നാണ് അവരുടെ ഭാവം.

ഹരിശ്ചന്ദ്രൻ– ഇതൊക്കെ എനിക്കൊരു പുത്തരിയായിട്ടാണു തോന്നുന്നതു്. ഒരു രാജ്യത്തിലെ ജനങ്ങൾ ഒററക്കെട്ടായി നിൽക്കുന്നതിനുപകരം ഭിന്നിച്ചു നിൽക്കുകയാണെങ്കിൽ പിന്നെയാ രാജ്യത്തിനു ശക്തിയുണ്ടാകുമോ? ഭാഷയുടെപേരിൽ ഭാരതം തുണ്ടുതുണ്ടായി ഭാഗിച്ചാൽ, അതു ഭാവിയിൽ വളരെ ആപത്തുകൾ വരുത്തിവെയ്ക്കും. സംശയമില്ല.

ഹിമവാൻ– ഇന്ത്യയിലെത്ര ഭാഷകളുണ്ടോ അത്രയും സ്റ്റേററുകളും ഉണ്ടാവും. അങ്ങനെയൊരു പാരമ്പര്യം നേരത്തേയിവിടെ സൃഷ്ടിച്ചുകഴിഞ്ഞു. ഇനി പരിതപിച്ചിട്ടു കാര്യമില്ല.

ഹരിശ്ചന്ദ്രൻ– ഇന്ത്യയൊന്നാണെന്നും ഇന്ത്യാക്കാർ ഒന്നാണെന്നും ഉള്ള ബോധം എല്ലായിന്ത്യനുമുണ്ടാവാൻ ഈ ഭാഷാവിഭജനം ഒരുകാലത്തുമനുവദിക്കുകയില്ല.

ഹിമവാൻ– ഡെമോക്രസി ഇന്ത്യയിൽ വിജയിക്കാൻ ഇനിയും തലമുറകൾ കുറേ നീങ്ങണം. അരോഗദൃഢഗാത്രനായ എൻെറ തലയിൽ ഇപ്പോൾ കമ്മ്യൂണിസം എന്ന 'താരണം' പിടികൂടിയിരിക്കയാണ്. ഇതേവരെ എന്നെ ഒരു 'ഇസവും' ബാധിച്ചിരുന്നില്ല. ഇന്നു കുറേശ്ശെ 'ഇസങ്ങൾ' എന്നെ അലട്ടാൻ തുടങ്ങിയിട്ടുണ്ടു്.

ഹരിശ്ചന്ദ്രൻ– ഒരു കാര്യത്തിൽ മാത്രമേ എനിക്കൽപ്പം സമാധാനത്തിനുവഴിയുള്ളു. സ്വതന്ത്രഭാരതത്തിൻെറ 'മുദ്രാവാക്യം' 'സത്യമേവജയതേ' എന്നാക്കിയതു നന്നായി.

ഹിമവാൻ– (പൊട്ടിച്ചിരിച്ചുകൊണ്ടു്) പക്ഷേ 'കള്ളമേവ ജയതേ' എന്നാണ് ജനങ്ങളിൽ ചിലർ മന്ത്രിക്കുന്നതു്. കള്ളത്തരത്തിൻെറ കേളീരംഗമാണ് ഭാരതമെന്നു പറയാൻ എനിക്കു നാണമാകുന്നു.

ഹരിശ്ചന്ദ്രൻ– (അൽപ്പം ചൊടിച്ചുകൊണ്ടു്) എന്തു്? ഭാരതത്തിൽ കള്ളത്തരങ്ങൾ നടമാടുന്നുണ്ടെന്നോ! 'സത്യമേവ ജയതേ' എന്ന ഭദ്രവാക്യം മുദ്രാവാക്യമാക്കിയ ഭാരതത്തിൽ കള്ളം തുള്ളിച്ചാടി നടക്കുന്നെന്നോ!

ഹിമ– ഉണ്ടെങ്കിൽ അതേയുള്ളു. കള്ളമദ്യം, കള്ളനോട്ടു്, കള്ളനാണയം, കള്ളച്ചരക്കു്, കള്ളക്കച്ചവടം, കള്ളപ്പണി, ഇങ്ങനെ കള്ളമില്ലാത്ത യാതൊന്നും ഇന്ത്യയിൽ കാണാനില്ല എന്ന നിലയായി.

ഹരി– ഇതിനു പരിഹാരംകാണാൻ ഇന്ത്യൻ പ്രധാനമന്ത്രിക്കു സാധിക്കുകയില്ലേ?

ഹിമ– സാധിക്കും. പക്ഷേ ഗ്രഹപ്പിഴയ്ക്കു ഡെമോക്രസിയെന്നൊരു കുന്തം ഇടയിൽ നിൽപ്പുണ്ടല്ലോ.

ഹരി– അതുകൊണ്ടു് അസത്യത്തിനേയും അധർമ്മത്തിനേയും അടിച്ചമർത്താൻ പാടില്ലെന്നുണ്ടോ?

ഹിമ– സത്യത്തിൻെറയവതാരമായി വർത്തിച്ച ഹരിശ്ചന്ദ്രനു ഇങ്ങനെയൊക്കെപ്പറയാം. പക്ഷേ ജനകീയഭരണം മഹാ കുഴപ്പംപിടിച്ച ഒന്നാണ്. ഇന്ത്യയിലെ ജനങ്ങൾക്കു പൗരസ്വാതന്ത്ര്യം കിട്ടി. അവർക്കിനി ഇവിടെ എന്തും കാണിക്കാം, എങ്ങനെയും ജീവിക്കാം എന്ന അവസ്ഥയാണ് ഇപ്പോൾ. അതിനെ ചോദ്യംചെയ്താൽ ഡെമോക്രസി എന്ന കോഴിമുട്ട വിരിയുകയില്ല. ഇപ്പോൾ അതിനു അടയിരിക്കുന്നതു് കാൺഗ്രസ്സുകോഴിയാണ്.

ഹരി— ഡെമോക്രസി ഇന്ത്യക്കു് ഇന്നു സ്വീകാര്യമല്ലെങ്കിൽ ആട്ടോക്രസി ഉടനെ ഇവിടെ നടപ്പാക്കണം. എന്നിട്ടു ജനങ്ങളെ പൗരധർമ്മവും അച്ചടക്കവും പഠിപ്പിക്കണം. ഓരോ പൗരനും അവനെൻറ രാജ്യത്തിൻെറ ശ്രേയസ്സിനായി പ്രവർത്തിക്കാൻ കർശനമായ നിയമം സൃഷ്ടിക്കണം. രാജ്യത്തോടു കൂറില്ലാത്ത ജനദ്രോഹികളെ പാടെ നശിപ്പിക്കണം. വേണ്ടിവന്നാൽ ഏകാധിപത്യവാഴ്ച കുറേക്കാലം ഇവിടെ നിലനിർത്തണം.

ഹിമ– ഇതൊന്നും ഇവിടെ നടപ്പില്ല. "സത്യമേവജയതേ" എന്നു് ഉച്ചത്തിൽ ഉച്ചരിച്ചുകൊണ്ടു് "കള്ളമേവ ജയതേ" എന്നു മനസ്സുകൊണ്ടു മന്ത്രിക്കുന്ന കൂട്ടരാണ് ഇന്ത്യാക്കാരിൽ ഭൂരിപക്ഷവും.

ഹരി– നാടുനന്നാവണമെങ്കിൽ നാട്ടുകാർ നന്നാകണം. നാട്ടുകാർ നന്നാവണമെങ്കിൽ നാടുഭരിക്കുന്ന കൂട്ടർ നന്നാവണം. നാടുഭരിക്കുന്ന കൂട്ടർ നന്നാവണമെങ്കിൽ അവർ നാട്ടുകാർക്കും നാടിനുംവേണ്ടിമാത്രം ജീവിക്കാൻ പഠിക്കുകയും മഹാ ത്യാഗങ്ങൾ സഹിക്കാൻ സന്നദ്ധരാവുകയും വേണം.

ഹിമ— ശരിയാണ്. തെങ്ങിനു് അതിൻെറ തലയ്ക്കാണല്ലോ രോഗം ബാധിക്കാറു പതിവു്. അപ്പോൾ തലത്തട്ടു നന്നായാൽ എല്ലാം നന്നായി. (എഴുന്നേററു്) സന്ധ്യാവന്ദനത്തിനു സമയമായി.

ഹരി— ഞാനും സ്ഥലംവിടുകയാണ്.

ഹിമ— സമാധാനമായി പോയിവരു. ദേവലോകത്തും സ്വർലോകത്തും ഉള്ളവരെ ഞാൻ ചോദിച്ചതായിപ്പറയണം കേട്ടോ. എങ്കിൽ ചെല്ലൂ.

ഹരി— "സത്യമേവ ജയതേ". (പോകുന്നു)

—0—

— സുപ്രസിദ്ധ കാഥികൻ —

# ഓച്ചിറ രാമചന്ദ്രൻ & പാർട്ടി

അവതരിപ്പിക്കുന്ന വികാരോജ്ജ്വലമായ പുത്തൻ കഥ

## "ബല്ലാത്ത ദുനിയാവു്"

(രാഷ്ട്രീയ കഥാപ്രസംഗം)

ഉത്സവ പരിപാടികൾക്കു്:— 1. അംബപാലി. 2 യക്ഷിപ്പറമ്പു്. 3. മുത്തുക്കുടം........വേറെയും കഥകൾ—വിശുദ്ധ പശ്ചാത്തലം.

വിവരങ്ങൾക്കു്:- ഓച്ചിറ രാമചന്ദ്രൻ, ഓച്ചിറ P.O., കേരളാ.

C/o. ശ്രീമുരളീ ടെക്സ്റ്റയിൽസ്, ഓച്ചിറ.



# ഞാൻ മന്ത്രിയാകാനില്ല

പ്രത്യേകം

ഞാൻ മന്ത്രി ആയിട്ടില്ല ആവുകയുമില്ല. ആവില്ലെന്നു പറയുന്നതു് ആവാഞ്ഞിട്ടല്ല. അവർ ആക്കാത്തതുകൊണ്ടാണ്. പിന്നെ എന്താണീ "ഞാൻ മന്ത്രിയാവാനില്ല" എന്നെഴുതുന്നതിനു് അത്ഥവും ആത്മാത്ഥതയും? ആത്മാത്ഥത ആക്കെങ്കിലും വേണ്ടതുണ്ടെങ്കിൽ അതു് മന്ത്രിമാർക്കാണ്. അത്ഥം, ആർക്കെങ്കിലും, അവരുടെ പിന്നാലെ നടക്കുന്നതു കാണാമെങ്കിൽ അതു മന്ത്രിമാക്കാണ്. ആപ്യംപറഞ്ഞതില്ലാത്തതുകൊണ്ടു് രണ്ടാമതു പറഞ്ഞതിൻെറ കളിവിളയാട്ടംതന്നെ കാണാൻ ഏതു മന്ത്രിക്കും സാധിക്കണം! ഏതായാലും ഞൻ മന്ത്രിയാവാനില്ല എന്നു പറഞ്ഞുകൊണ്ടു് എഴുതാൻ പോകുന്നതു്, ഞാനല്ലാത്ത മറെറാരാൾ മന്ത്രിയായപ്പോഴുണ്ടായ അനുഭവങ്ങളെ, അയാൾ മിണ്ടിയില്ലെങ്കിലും ഞാൻ കണ്ടുപോയതുകൊണ്ടു് ചെയ്യുന്നതാണ്. ഞാനങ്ങിനെ പറയുന്നതു് അയാൾക്കു ബാധകമല്ല. അയാളെക്കുറിച്ചു പറയുന്നതാകയാൽ അതിൽ എനിക്കും ബാദ്ധ്യതയില്ല. അതുകൊണ്ടിക്കാര്യത്തിൽ നിശ്ചയമായിട്ടുള്ളതു നിരുത്തരവാദിത്വം മാത്രമാണ്.

പണ്ടു് രണ്ടു സഹോദരന്മാരുണ്ടായിരുന്നു. അതിൽ ജ്യേഷ്ഠൻ ഒരു മണ്ടനായിരുന്നു. അനുജൻ അതിസമത്ഥനും! ജ്യേഷ്ഠനു വേലികെട്ടും, അനുജനു് "എങ്ങുണ്ട വീടുകളിൽ ചാത്തമുണ്ണാൻ" പോകയുമായിരുന്നു സാധാരണപതിവു്. ഒരിക്കൽ മററാരോ പറഞ്ഞു തെററിദ്ധരിപ്പിച്ചതിൻെറഫലമായി ജ്യേഷ്ഠൻ അനുജനോടു പറഞ്ഞു: ഇതു പററില്ല അനിയാ! നീ എത്ര നാളായി ചാത്തമുണ്ണാൻ പോകുന്നു. ഇനി ഞാൻ പോകാം. നീ വേലിപ്പണി നടത്തിക്കോ." മിടുക്കനായ അനുജൻ പറഞ്ഞു! "ഓഹോ– എനിക്കെന്താ വിരോധം! എന്നാൽ ചേട്ടനു ചാത്തമുണ്ണാൻപോകുന്നതിൻെറ വിഷമവും ക്ലേശവും അറിയാഞ്ഞിട്ടാണിങ്ങനെ പറയുന്നതു്. എനിക്കു വിരോധമില്ല, ജ്യേഷ്ഠൻ നാളെമുതൽ ചാത്തമുണ്ണാൻ പൊയ്ക്കോളൂ. വേലികെട്ടു ഞാൻ നടത്തിക്കൊള്ളാം." വിഡ്ഢിയായ ചേട്ടനു് സംശയമായി. ചേട്ടൻ ചോദിച്ചു: "എന്താ അനിയാ ചാത്തമുണ്ണാനത്ര പ്രയാസം!" അനുജൻ പറഞ്ഞു: "അതൊക്കെ എന്തിനാ പറയിക്കുന്നതു്. ചേട്ടൻതന്നെ പോയിനോക്കി അനുഭവപ്പെട്ടുത്തിക്കൊള്ളു. ഒരു ദിവസംകൊണ്ടു മതിയായിക്കൊള്ളും." മണ്ടച്ചേട്ടൻെറ സംശയം വർദ്ധിച്ചു. എന്നിട്ടു പറഞ്ഞു, "ആട്ടെ, അനിയൻ അതൊക്കെ ചുരുക്കത്തിലൊന്നു പറയൂ." അതു കേട്ടപ്പോൾ കവിപ്രഭാവനായ അനുജൻ ചാത്തമൂണിനെക്കുറിച്ചിങ്ങനെ പ്രസംഗിച്ചു: ചാത്തമൂണിനു പോകേണ്ട ദിവസം വെളുപ്പിനു് എണീക്കണം; ചാത്തക്കാരൻെറ വീട്ടിലേക്കു ചെല്ലണം. അവിടെ എറയത്തൊരു പുല്പായിൽ ഇരിക്കണം; എണ്ണയും താളിയും കൊണ്ടുവന്നു വെക്കും. എണ്ണതേച്ചു കുളിക്കണം; ഈറൻ മാറാൻ കോടിവസ്ത്രം വെച്ചിരിക്കും; അതെടുത്തു് ഉടുക്കണം; നനഞ്ഞതു തോരയിടണം; പിന്നെ ചാത്തമുണ്ണാൻ ഇരിക്കണം. ചാത്തക്കാരൻെറ ഒപ്പം അങ്ങേവശത്തു് ആവണിപ്പലകയിൽ ഇരിക്കണം. വലിയ ഒരു ഇല മുമ്പിൽവെച്ചു് സകല വിഭവങ്ങളും വിളമ്പും. അതവിടെയിരുന്നു സാവധാനത്തിൽ ഭക്ഷിക്കണം. ചാത്തം കഴിയലും ഊണുകഴിയലും ഒപ്പമേ പാടുള്ളു. പ്രഥമൻ രണ്ടു പ്രാവശ്യമെങ്കിലും വിളമ്പിക്കണം. ചാത്തമായതുകൊണ്ടു പപ്പടമുണ്ടാവില്ല. പപ്പടം പൊടിച്ചിടാതെവേണം അടപ്രഥമൻ കഴിക്കുവാൻ! ഊണുകഴിഞ്ഞെണീററാൽ കയ്യ് കഴുകണം! തോർത്തുകൊണ്ടു തുടയ്ക്കണം. പുല്പായിൽ ഇരിക്കണം. താമ്പാളം നിറച്ചു മുറുക്കാൻ കൊണ്ടുവച്ചിരിക്കും. അതിൽനിന്നും രണ്ടു തവണയെങ്കിലും—ഉടനെയും, പോരാൻകാല



ത്തും—മുറക്കണം. ആ പായിൽത്തന്നെ കുരുതലക്കാണിവെച്ചു കിടക്കണം. എണീററു പോരാൻകാലത്ത് ഒരു എലപ്പൊതി തരും. അടപുഴുങ്ങിയത്! അതുംപേറിക്കൊണ്ടു വരണം. ഇവിടെ വന്നാൽപ്പിന്നെ അയാളെ എന്തിനു കൊള്ളും? ഇതാണ് ചാത്തമുണ്ണാൻപോയാലത്തെ കഥ. എന്നാൽ വേലികെട്ട് എത്ര എളുപ്പമാണ്. ഒരു മുളെളടുത്തു വേലിമേൽ വച്ച് ഒരു കെട്ടുകെട്ടിയാൽ ആ ജോലി കഴിഞ്ഞു! ഞാനതിനുപൊക്കോളാം. എനിക്കതു മതി. ചേട്ടൻതന്നെ ചാത്തമൂണിനു പുറപ്പെട്ടോളൂ. എനിക്കെന്താ ചേതം." അനുജന്റെ വർണ്ണനകേട്ടു ചേട്ടൻ പരിഭ്രമിച്ചു. "ചാത്തമുണ്ണാൻ താനില്ല. അനുജൻതന്നെ പൊയ്ക്കോളൂ " എന്നു സമ്മതത്തിനു തീട്ടൂരവുംകൊടുത്തു!

ഈ മാതിരി ഒരു ചാത്തമുണ്ണാൻ പോകുന്നവന്റെ ചരിത്രമാണ്, ഒരു മന്ത്രി, അയാളെ അനുമോദിക്കാൻചെന്ന ഒരു പഴയ സ്നേഹിതനോടു പറഞ്ഞത്. അതു കേട്ടപ്പോൾ മുമ്പു പറഞ്ഞ വിഡ്ഢിച്ചേട്ടന്റെയുംചേട്ടനായിരുന്ന ആ മിത്രം സമ്മതിച്ചു, "ഞാൻ മന്ത്രിയാവാനില്ല. നിങ്ങൾതന്നെ ആയിക്കൊള്ളൂ" എന്ന്! ആ കഥ അല്പം പറയാനാണ് പുറപ്പെടുന്നത്. മന്ത്രിമാർ തമ്മിൽ മന്ത്രിച്ച് എന്റെ തന്ത്രം മുടക്കരുതെന്നും, എന്നെ "വിതന്ത്രിയാം വീണ"യാക്കരുതെന്നും കാലേ അപേക്ഷിക്കുന്നു. അവർക്കു സമ്മതമാണെങ്കിൽ, ചാത്തമുണ്ണൽ വേണ്ടെന്നുവച്ച്, വേലികെട്ടാൻപോകാൻ ഒട്ടും വിരോധവുമില്ലല്ലോ!

മന്ത്രി പറയുന്നു— "എന്താ ചേട്ടാ! ഞാനൊരു കീറമുണ്ടു വളച്ചുടുത്ത്, വില്ലൊടിഞ്ഞ കുട കക്ഷത്തിലുംവെച്ച് ഉഴലുരായി നടക്കുന്നതു ചേട്ടൻ കണ്ടിട്ടില്ലേ? അതൊക്കെ ഇപ്പോൾ സ്വപ്നം കാണാനും അയവിറക്കാനുമേ പററുള്ളൂ. ഇന്ന് മുപ്പത്തയ്യായിരത്തിന്റെ മർക്കുറി കാറിലല്ലാതെ പുറത്തിറങ്ങാൻ വയ്യത്രെ! അതു മതിയോ? നല്ല വേഷപ്പകിട്ടുള്ള ഒരു ശിപായിയും ഡ്രൈവറും മുമ്പിൽ. ഞാനൊരു "ഒററ മരത്തിലെ കുരങ്ങനാ"യി പിന്നിലും! അതും സഹിക്കാം. ഇന്നാളൊരു ദിവസം ഒരു സ്ഥലം നോക്കാൻ ഞാൻ പോയി. എന്റെ ശിപായിയെക്കണ്ടിട്ട് അയാളാവും മന്ത്രി എന്നു വിചാരിച്ച് ആളുകൾ ചുററുംകൂടി. ഞാൻ അണ്ടികളഞ്ഞ അണ്ണാനെപ്പോലെ അല്പനേരം ബിംബിഷ്ടപ്പെട്ടു. എന്താ ചേട്ടാ! നമുക്കിതൊക്കെ സഹിക്കാനൊക്കുമോ!"

"ഇനിയും പറയാം. ചേട്ടൻ കണ്ടിട്ടില്ലേ, ഞാൻ അങ്ങാടിയിൽപ്പോയി ഓലപ്പൊതിയിൽ 'ഗംഗാപുഷ്പവും,' ഒരു കീറ കുമ്പളങ്ങയും, അരമുറി തേങ്ങയും വാങ്ങിക്കൊണ്ട് യാതൊരു കുലുക്കവുമില്ലാതെ വീട്ടിലേക്കു വരുന്നത്? ഇന്നതു വല്ലതും സാധിക്കുമോ? ചോർന്നൊലിച്ചു നമ്മുടെ ആ പഴയ വീട് എത്ര സുഖമാണ്. കണ്ടാൽ പേടിയാകുന്ന സൌധമന്ദിരങ്ങളെക്കാൾ, അതിനകത്തെ വാർത്തയൊന്നും പറയണ്ട. വല്ല വയലിന്റെ വരമ്പത്തും പറങ്കിമാവിൻതോപ്പിലുമല്ലാതെ നമ്മളാരെങ്കിലും, വീട്ടിനകത്തും, പാത്രംവെച്ചും രണ്ടിനുപോകാറുണ്ടോ? മന്ത്രിയായാൽ അങ്ങിനേ പാടുള്ളൂ! ഇന്നാളൊരിക്കൽ ഒരു കാര്യമുണ്ടായി. ഞാൻ എന്റെ പഴയ പരിചയക്കാരനായ ഒരു റിക്ഷാക്കാരനെക്കണ്ടു. ഒരിക്കലേ ഞാൻ റിക്ഷയിൽ കയറീട്ടുള്ളൂ. അന്ന് അവനുമായിട്ട് തല്ലും പൊല്ലീസുംവരെ നടന്നു, കൂലിയുടെ കാര്യത്തിൽ. ഞാൻ കൊടുത്ത കൂലി വലിച്ചെറിഞ്ഞ് അവൻ ഗമയിൽ നടന്നുപോയി. ഞാനാ ചില്ലറ പെറുക്കിയെടുത്തു. ഇതിന്നിടയിൽ ഒരുദിവസമുണ്ടടാ, അവൻ കയറിവന്ന് അന്നത്തെ കൂലി ചോദിക്കുന്നു! കൊടുക്കണ്ടേ അവന്റെ ചെപ്പുക്ക്!! എന്നാലതൊന്നും വേണ്ടിവന്നില്ല. എന്റെ ശിപായി നല്ല തറവാട്ടുകാരനാണ്. അയാൾ ഓടിവന്ന് കയ്യിൽനിന്നു കാശുകൊടുത്ത് അവനെ പറഞ്ഞയച്ചു. ആ ശിപായി വളരെ നല്ലവനാണ്. അവനു ഞാൻ സർവസ്വാതന്ത്ര്യവും കൊടുത്തിട്ടുണ്ട്. അവനും ഗൃഹസ്ഥനുംകൂടി എന്റെ വീട്ടുകാര്യങ്ങൾ നടത്തും. അതേയുള്ളൂ ആകപ്പാടെ ഒരു സമാധാനം ഈ മന്ത്രിപ്പണിയുടെ കാര്യത്തിൽ!" ചേട്ടൻ പറഞ്ഞു: "മതിയേ മതി, എനിക്കു കേൾക്കണ്ടാ ഈ പ്രാരാബ്ധങ്ങളൊന്നും. കുററമാണോ, മന്ത്രിപ്പണികഴിഞ്ഞു—കളഞ്ഞു—വരുന്നവർ, പോകുമ്പോൾ അച്ചിങ്ങാക്കൊണ്ടാട്ടംപോലെയും, വരുമ്പോൾ കെടേച്ചു വെള്ളത്തിലിട്ടപോലെയും ആകുന്നത്? എന്റെ ഭഗവാനേ! ഏററുമാനൂരപ്പാ! എന്നെയോ, എന്റെ പിള്ളേരെയോ ഈ ജോലിക്കു ശപിച്ചേക്കരുതേ!

ചേട്ടൻ ഇപ്പോൾതന്നെ ഇതു പരിഭ്രമിച്ചാലോ. വല്ലതുമായോ; മന്ത്രിയുടെ യാതനകളും വേദനകളും മാസത്തിൽ ഇരുപത്തിയെട്ടുദിവസമെങ്കിലും കാറിൽകയറി അങ്ങനെ നടക്കണം; യാത്രയിൽ കിട്ടുന്ന മാലകൾ വാടിപ്പോ


## — മൂന്നു കാര്യങ്ങൾ —

★ ഔഷധനിർമ്മാണം

★ ഔഷധഗുണം

★ അതിന്റെ ഫലസിദ്ധി

ഇവ മൂന്നിലും

"ബഹുകല്പം, ബഹുഗുണം, സമ്പന്നം യോഗ്യമൗഷധം" എന്ന വാഗ്ഭടാചാര്യനിർദ്ദേശത്തെ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ അംഗീകരിച്ചിട്ടുള്ളതുകൊണ്ടാണ് "ജയഭാരതം ആര്യവൈദ്യശാല"യിലെ ഔഷധങ്ങൾ ഇന്നും ഒന്നാംകിടയിൽതന്നെ അനുഭവപ്പെടുന്നത്.

**ജയഭാരതം ആര്യവൈദ്യശാല (Regd)**

പുനലൂർ (Phone No. 10)

ബ്രാഞ്ചുകൾ—

അഞ്ചൽ, അടൂർ, ആയൂർ, കൊട്ടാരക്കര, കല്ലിശ്ശേരി, കഴുതയുരുട്ടി, ചാത്തന്നൂർ, ചെങ്ങമനാട്, കരുനാഗപ്പള്ളി, ചെങ്ങന്നൂർ, ചടയമംഗലം, തെന്മല, തലയോലപ്പറമ്പ്, ഏനാത്ത്, പനവേലി, തിരുവൻവണ്ടൂർ, മൂവാററുപുഴ, പുലമൺജംഗ്ഷൻ, ഹരിപ്പാട്, തൊടുപുഴ, രാജപാളയം, കുണ്ടറ, കുന്നിക്കോട്. പറക്കോട്, പന്തളം, പത്തനംതിട്ട, ചിരട്ടക്കോണം, കായംകുളം, തട്ടയിൽ, പത്തനാപുരം, മേപ്രാൽ, എടത്വാ, പുറക്കാട്, കോഴഞ്ചേരി, കൈയ്പ്പട്ടൂർ, ചങ്ങനാശേരി, മുളവന, കടമ്പനാട്, എസ്. എൽ. പുരം, തണ്ണീർമുക്കം, പൂഞ്ഞാർ, തിരുനൽവേലി ജംഗ്ഷൻ, തെങ്കാശി.

**പ്രൊപ്രൈറ്റർ, പി. ഒ. തോമസ് വൈദ്യൻ,**

(വൈദ്യകലാനിധി)

യാലും നാരങ്ങാ വീട്ടിലെ കറിക്കു മതിയാകാറുണ്ട്. ചെന്നേടത്തൊക്കെ സദ്യവട്ടങ്ങൾ, എന്റെ ചേട്ടാ! വല്ലപ്പോഴും ഒരു പതിനാറുസദ്യയോ, കല്യാണസദ്യയോ കിട്ടിയാൽ എന്തുവിധം സ്വൈരമായുംഅപാകതകൂടാതെയും ശീലിച്ചിട്ടുള്ളകഞ്ഞിക്കാരായ നമുക്കു രണ്ടുനേരവും സാദായും, എടക്കു വിഭവസമൃദ്ധമായ ടീ പാർട്ടിയും വേണ്ടിവന്നാൽ നാമെന്തുചെയ്യും. നാം ഗണപതിക്കുട്ടന്മാരോമറ്റോ ആണോ? നമ്മുടെ വീടിന് വല്ലതും ഒന്നോ രണ്ടോ വാതലുകൾ കണ്ടേക്കാമെങ്കിലും, അതിലൊന്നുപോലും, നാം അടയ്ക്കാറും തുറക്കാറുമില്ല. അതു നമ്മുടെ വീട്ടിലെ ആരെങ്കിലുമാണു ചെയ്യാറ് അത്രമാത്രം വാതൽ തുറക്കാത്ത എനിക്കു മന്ത്രിയായതിൽപിന്നെ വാതൽ തുറക്കാനും പാലം തുറക്കാനും വനിതകളുടെ വാർഡു തുറക്കാനും കാപ്പിപ്പാത്രം അടച്ചുവച്ചതു തുറക്കാനും, ക്ഷുരകന്റെ പണിപ്പെട്ടിതുറക്കാനുമല്ലാതെ ഒന്നിനും എടയില്ല! ഇങ്ങനെ ഒരു കഷ്ടപ്പാടും പൊറുതികേടും ഉണ്ടോ. "പണ്ടേങ്ങാ പോത്തിനെപ്പൂട്ടീട്ട്" എന്നു പറഞ്ഞതുപോലെ പ്രേയസിയുടെ പ്രസംഗം കേട്ടുമാത്രം തഴമ്പിച്ചിട്ടുള്ള ഞാനെന്തു പ്രസംഗിക്കണം. പിറേറദിവസത്തെ വർത്തമാനക്കടലാസുകളിൽ എന്റെ സരസഗംഭീരപ്രസംഗമായി പത്രക്കാർ എഴുതിവിടുന്നതുകണ്ടു മുഖംതാഴ്ത്തി ഇരിക്കയും വേണം"

ഒന്നിനും ഒരു സ്വൈരവും സുഖവുമില്ല. അടുത്തൊരുദിവസം ഞാൻ ആളില്ലാത്ത സ്ഥലവും തരവും നോക്കി വഴിയിൽ വണ്ടിനിർത്തി, ഒരു മാവിന്റെ മറവിൽ നിന്നൊന്നുമുള്ളി, അടുത്തൊരു മുറുക്കാൻകടയിൽ കയറി ഒന്നു മുറുക്കിക്കളയാമെന്നു കരുതി, അവിടെ കയറിയപ്പോഴേക്കും വണ്ടി നിൽക്കുന്നതുകണ്ടു പിള്ളേർ തടിച്ചുകൂടുകയും നാട്ടുകാർ അറിഞ്ഞെത്തി മന്ത്രിയെ വളയുകയും ശകാരങ്ങൾ വിളമ്പിത്തുടങ്ങുകയും ചെയ്തു! ഒരാളുടെ കിണററിൽ വെള്ളമില്ല; , ഇനി ഒരാളുടെ കുളത്തിലെ മീനൊക്കെ ആരോ പിടിച്ചുകൊണ്ടുപോയി, പറങ്ങോടന്റെ പട്ടി പെററിട്ട് ആറു കുട്ടികളുണ്ടായി, കുഞ്ചുപിള്ളയുടെ മകളുടെ ഭർത്താവു വരാണ്ടായി, നാണിക്കുട്ടിയുടെ നായർക്കു വേറെ ഒരു ചിററുണ്ട്. ഇങ്ങനെ തുടങ്ങിയല്ലോ ആവലാതികൾ! ഒക്കെ അനുഭാവപൂർവ്വം കേട്ടു. ഉദാരമായി മറുപടിപറഞ്ഞു. കിണ്ടം പിണയാതെ വണ്ടിയിൽകയറി. ചേട്ടനേക്കൊണ്ടാവുമോ ഇതൊക്കെ.

എന്റെ ചേട്ടാ! ഇങ്ങനെ ഒരു അബദ്ധം പററാനില്ല. ചേട്ടനറിയാമല്ലോ എനിക്കു സന്ധ്യയായാൽ അൽപ്പം മദ്യം ഒന്നെടുക്കാതെ വയ്യെന്നു്; വെള്ളത്തതായാലും മററതായാലും രാജധാനിയിലൊക്കെ ഉണക്കപ്രദേശമാണത്രെ. ഡ്റൈയ് എന്നാലും എല്ലാ വീട്ടിലും "കത്തിച്ചാൽ കത്തുന്നതു" കാണുകയും ചെയ്യും. ആരടുത്തുവന്നാലും അതിന്റെ വാസനയും ഉണ്ട്. എന്റെ പൊന്നുചേട്ടാ! സഹിക്കവയ്യാതെ ഞാനൊരുദിവസം ഒരു കുപ്പി വരുത്തിച്ചു. എന്തിനു പറയുന്നു! അതും വന്നു പിറേറദിവസത്തെ പത്രത്തിൽ! ആരു കുടിച്ചാലും ഒന്നുമില്ല. "കുടിച്ചു കൂത്താടിയാലും തരക്കേടില്ല. എന്നാൽ മന്ത്രി ഇത്തിരിയെങ്ങാനും കഴിച്ചുവൊ എന്നാൽപിന്നെ ഇരിക്കപ്പൊറുതിയില്ല! ഇഷ്ടംപോലെ കുടിക്കാനും കിടക്കാനും വയ്യെങ്കിൽപിന്നെയെന്തിനാണീ മന്ത്രിപ്പണി? കുടിയുടെ കാര്യത്തിനേക്കാൾ കശയാണു കിടപ്പിന്റെ ഒരു കാര്യം. എത്രപേരാ കാണാനും പറയാനും വരുന്നതു്. തൊഴാനും തഴുകാനും തയ്യാറായിട്ടാ! എന്നാചെയ്യാം! കണ്ണുതെററിയാൽ തെറിക്കൂട്ടങ്ങൾ ഭരണിപ്പാട്ടുതുടങ്ങും!

മതി. മതി, എനിക്കിത്രയൊന്നും കേൾക്കണ്ടാ, ചാത്തമുണ്ണാൻ പോകുന്നതല്ല വേലികെട്ടിനു പോകുന്നതുതന്നെയാണു എളുപ്പവും സുഖവും! ഞാനില്ലാ എന്റെ പൊന്നേ! ഈ എരപ്പുകെട്ട പണിക്കു്. എന്റെ പൊന്നമ്മയാണ, ഞാനെന്റെ പിള്ളേരെ ഒന്നിനേയും മേലിൽ മന്ത്രിപ്പണിക്കു് അയക്കുകയില്ല, ആരാന്റെ പല്ലിനേക്കാൾ അവനവന്റെ തൊണ്ണുതന്നെ നല്ലതു്.

....0....



# വഴിയേപോയ വയ്യാവേലി

(ആമ്പല്ലൂർ കുര്യൻമാത്യു)

അവിചാരിതമായി ചില ഭാഗ്യങ്ങൾ മനുഷ്യരെ അനുഗ്രഹിക്കാറുണ്ട്. അവരാണ് വാസ്തവത്തിൽ ജീവിതത്തിന്റെ സുഖവും സംതൃപ്തിയും രുചിച്ചറിയുന്നത് അവർക്കു മധുരസ്മരണകളും ശുഭപ്രതീക്ഷകളും അകമ്പടിസേവിക്കാനുണ്ടാവും. ജീവിതംതന്നെ അലമാലകളൊഴിഞ്ഞ ഒരു പുഴയിലൂടെ നക്ഷത്രങ്ങൾ പ്രതിബിംബിക്കുമ്പോൾ തോണിയിൽ യാത്രചെയ്യുന്നതുപോലെ തോന്നാം.

പക്ഷേ, എന്റെ സ്ഥിതിയോ? എത്ര വ്യത്യസ്തങ്ങളായ അനുഭവങ്ങളാണ് എനിക്കുണ്ടായിട്ടുള്ളത്! ഭാഗ്യങ്ങൾക്കു പകരം നിർഭാഗ്യങ്ങളാണ് എന്റെ ജീവിതത്തിലെ പ്രധാന സംഭവം. സുഖങ്ങൾക്കു പകരം അസുഖങ്ങളും.

ഇതാ; ഒരു സംഭവം പറയാം.

ഞാനന്ന് തിരുവനന്തപുരം പട്ടണത്തിൽ ഒരു ചെറിയ ജോലിചെയ്തു കഴിഞ്ഞുകൂടുകയായിരുന്നു. അങ്ങനെ പറഞ്ഞാൽ മതിയോ, എനിക്കൊരു ഭാര്യയും രണ്ടു കുട്ടികളുമുള്ള കാര്യം മറച്ചുവയ്ക്കുന്നില്ല. അവരെ പോററുകയെന്ന ധീരകൃത്യത്തിനുവേണ്ടി ജീവിതത്തോടു സമരം ചെയ്യുകയായിരുന്നില്ലേ ഞാനന്ന്?

അതെ! അതൊരു സമരമായിരുന്നു ആ സമരത്തിനിടയ്ക്ക് ചില നിർഭാഗ്യങ്ങൾ എന്നെ തഴുകിയിട്ടുണ്ട്. പുണർന്നിട്ടുണ്ട്. ഓ! അവയെക്കുറിച്ചോർക്കുമ്പോൾ മനംപുരട്ടുന്നു.

ഒരു ഞായറാഴ്ച ദിവസം. വീടിന്റെ മുററത്ത് ഫുട്ട്പാത്തിലേയ്ക്കുനോക്കി ഞാൻ നിൽക്കുകയായിരുന്നു, ഭാര്യ ചെടികൾക്കു വെള്ളമൊഴിക്കുന്നു. കുട്ടികൾ റേഡിയോഗാനത്തിൽ മുഴുകി നിശ്ശബ്ദരായിരിക്കുന്നു.

ഒരു നിമിഷം! എന്റെ നയനങ്ങൾ ഏതോ ഒരു ബിന്ദുവിൽ തറച്ചുനിന്നു. ഫുട്ട്പാത്തിലെ ജനപ്രവാഹത്തിലെ ഒരു ബിന്ദുവിൽ. പരിചയമുള്ള മുഖമാണതെന്നുതോന്നി. എവിടെവച്ചാണു പരിചയം? നരച്ച തല, വെള്ളെഴുത്ത്, നീണ്ടമൂക്ക്, സഹജമായ കൂന്.... എവിടെവച്ചാണയാളെ പരിചയം?

ഓ, മറെറങ്ങുവച്ചുമല്ല. സ്വന്തംനാട്ടിൽവച്ചുതന്നെ. അയാളാണു സ്ഥലത്തെ യാക്കോബായ പള്ളിയിലെ കപ്യാർ. പേര് എത്തപ്പാൻ ചേട്ടൻ! പിന്നീട് കാത്തുനിന്നില്ല.

"എത്തപ്പാൻചേട്ടാ! എത്തപ്പാൻ ചേട്ടാ!"

നീട്ടിവിളിച്ചു. ആ മനുഷ്യൻ അമ്പരപ്പോടെ നോക്കി; തന്നെ അറിയാവുന്നവർ തിരുവനന്തപുരത്തുമുണ്ടോ എന്ന മട്ടിൽ.

"ദേ, ഇവിടെ...." ഞാൻ കൈകൊട്ടി. എത്തപ്പാൻചേട്ടൻ സ്വതസിദ്ധമായ ചിരിയോടെ പടികടന്നുവന്നു.

"എങ്ങോട്ടാ ഇത്ര തിരക്കിട്ട്?" ഞാൻ ചോദിച്ചു.

"എന്തോ പറയാനാ കുഞ്ഞേ." രണ്ടാംമുണ്ടു മടക്കി കക്ഷവും മാറും അമർത്തിത്തുടച്ചുകൊണ്ടയാൾ പറഞ്ഞു.

"ആഡാക്കിറദ്ദേത്തെ ഒന്നു കാണാൻ പോകുവാരുന്നു. കുഞ്ഞിവിടാണോ താമസം. ഏതായാലും ഒന്നു താമസിക്കാൻ വീടായല്ലോ...."

"എന്തിനാ ഡോക്ടറെ കാണുന്നത്?"

"എനിക്കൊരു തോക്കേട്. നാഴികക്കു നാൽപ്പതുവട്ടം ചൊമതന്നെ ചൊമ, ചൊമച്ചുകഴീമ്പം എടങ്ങഴി കഫം പോകും. എന്തൊരു ദീനമാണോ ആവോ!"

ഉടനേതന്നെ ആ നാട്ടുമ്പുറത്തുകാരനെ ഞാൻ അകത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

"പിള്ളേരെത്ര്യാ?" മൂപ്പീന്നിന്റെ ചോദ്യം.

ഞാൻ എണ്ണം പറഞ്ഞുകഴിഞ്ഞപ്പോൾ അയാളൊന്നു ചിരിച്ചു. ഇത്രയായിട്ടും രണ്ടെണ്ണമേ ആയുള്ളോ എന്ന മട്ടിൽ.

നാട്ടുകാര്യങ്ങളൊക്കെ ഞങ്ങൾ പറഞ്ഞുകൊണ്ടിരുന്നപ്പോൾ ഭാര്യ കാപ്പിയുമായി വന്നു.

"ഇതെന്തെടുക്കാനാ, ഒരു ചരുവത്തിലോ മറേറാ കൊണ്ടുവന്നാട്ടെ—"വർത്തമാനത്തിന്റെ രസംവിടാതെ എത്തപ്പാൻചേട്ടൻ പറഞ്ഞു.

"ഓ, ചൂടാറിക്കും" ഞാൻ സംശയം പ്രകടിപ്പിച്ചു.

"അല്ലേന്നേ, ഇതിനകത്തൊക്കെ കുടിച്ചാ ദാഹം തീരുവോ? പരിഷ്ക്കാരം കേറിക്കേറി ഇപ്പം സെൻറുകുപ്പിക്കകത്താ കുടിക്കാൻ കൊടുക്കുന്നത്!"

പിന്നീടു മൂപ്പീന്നു മുറുക്കാൻ ഭാവമിട്ടു. നാലഞ്ചുഗ്ലാസ്സു കൊള്ളുന്ന ഒരു പാത്രത്തിലെ കാപ്പിമുഴുവൻ അകത്താക്കിയ കാര്യം വിസ്മരിക്കരുത്. മുറുക്കുന്നതിനിടയിൽ മൂപ്പീന്നിന്റെ കൈകളിലെ ചുണ്ണാമ്പ് വാർണ്ണീഷുചെയ്തിട്ടിരിക്കുന്ന കസേരയിൽ പതിയുന്നുണ്ട്.

ഭാര്യ അസഹ്യമായ ഒരു നോട്ടം എന്റെ നേരെ അയച്ചു. ഈ പട്ടിയെ തല്ലി പുറത്താക്കെടോ എന്ന മട്ടിൽ!

പക്ഷേ, എനിക്കതാകാമോ? അപ്പന്റെ വലിയ സ്നേഹിതനും നാട്ടുകാർക്കൊക്കെ സേവനങ്ങളനുഷ്ഠിച്ചിട്ടുള്ള ആളുമാണ് എത്തപ്പാൻ. അപരിചിതമായ ഒരു സ്ഥലത്തുവച്ച് കണ്ടുമുട്ടുമ്പോൾ നിന്ദിക്കാമോ? പാടില്ല.

"എത്തപ്പാൻചേട്ടാ, ചുണ്ണാമ്പുതേത ഇതേൽ തൂത്തേരെ" ഞാൻ ഒരു കടലാസു മൂപ്പീന്നിന്റെ കൈയിൽ കൊടുത്തു.

"ഓ! നിങ്ങളൊക്കെ പരിഷ്ക്കാരികളാ ഇല്ലേ?" ഒരു പൊള്ളച്ചിരി ചിരിച്ചുകൊണ്ട് എഴുന്നേററ മൂപ്പീന്നിന്റെ വായിൽനിന്ന് എറിച്ചിലടിച്ചത് എന്റെ ഭാര്യയുടെ മാറിലായിരുന്നു. വെ

കലർപ്പില്ലാത്ത
പ്രകാശ് നാടൻ നല്ലെണ്ണ
ഡിപ്പോ: മുല്ലയ്ക്കൽ, ആലപ്പുഴ.
ഫോൺ നമ്പർ 644

ളുത്ത ഖദർ സാരിയിൽ ചുവന്ന പൊട്ടുക ളും!

ഭാര്യ ദേഷ്യപ്പെട്ട് എന്തോ പറ യാനൊരുങ്ങിയപ്പോൾ ഞാൻ കണ്ണിറു ക്കിക്കാണിച്ചു. വൃദ്ധനല്ലേ? മനപ്പൂർവം ഒന്നും ചെയ്യതല്ല....

"എടീ പെണ്ണേ! എനിക്കൊന്നു തേച്ചുകുളിക്കണം. ഇററു വെള്ളം അന ത്തിക്കേ!" മൂപ്പരുടെ കൽപ്പനയാണ്. ഭാര്യയ്ക്കു സങ്കടം സഹിച്ചില്ല. 'എടീ പെ ണ്ണേ' എന്നുള്ള സംബോധന അവളെ അരിശം കൊള്ളിച്ചതിൽ അത്ഭുതപ്പെടാ നില്ല. ഞാനോ അവളുടെ അപ്പനോ 'സാറാമ്മേ' എന്നല്ലാതെ വിളിച്ചിട്ടില്ല. ഞങ്ങൾ 'എടീ' എന്നു വിളിച്ചാൽ അ വൾ സഹിക്കുമായിരുന്നു. എന്നാൽ വ ഴിയേവന്ന ഒരെഴുപത്തഞ്ചുകാരൻ കിഴ വൻ ധിക്കാരപൂർവ്വം കൽപ്പന പുറപ്പെ ടുവിച്ചിരിക്കുന്നു! "എടീ വെള്ളമനത്തി യ്ക്കോ!" ഉള്ളിൽ ജ്വലിക്കുന്ന പ്രതികാര ത്തിൻെറ അഗ്നി കണ്ണുകളിലൂടെ ഒരു ക ടുത്ത നോട്ടമായി അവൾ എൻെറനേരെ അയച്ചപ്പോൾ മുഖംകുനിച്ച് മൗനംകൊ ള്ളാനെ എനിക്കു കഴിഞ്ഞുള്ളു.

"എന്തിനാ നിങ്ങളിങ്ങനെ ആണാ ണ്ണാണെന്നുപറഞ്ഞു നിൽക്കുന്നെ! താലി കെട്ടിയ പെണ്ണിനെ കണ്ടവരു കേറി എടീ പെണ്ണേന്നൊക്കെ വിളിച്ചിട്ടും നി ങ്ങൾക്കൊരു കൂസലുമില്ലേ?" എന്നാണവളു ടെ നോട്ടത്തിൻെറ അത്ഥം. അതെനി ക്കു മനസ്സിലായി.

ഒരു വിധത്തിൽ അനിഷ്ടസംഭവ ങ്ങളൊന്നും കൂടാതെ മൂപ്പരുടെ കുളി ആ ഘോഷപൂർവ്വം നടന്നു എന്നുപറഞ്ഞാൽ മതിയല്ലൊ. ഭാര്യയ്ക്കുപകരം പുറത്ത് എണ്ണ തടവിക്കൊടുത്തതും ഇഞ്ച തേച്ചു കൊടുത്തതും ഞാനാണ്.

എട്ടുമണിയായപ്പോൾ ഉണ്ണാൻ വി ളിച്ചു. "ഫ! അസത്തേ!" അയാൾ നമ്മു ടെ ശ്രീമതിയുടെനേരെ അലറി" പ്രാർ ത്ഥിക്കാതെ ഉണ്ണുന്നവനല്ലടീ എത്ഥപ്പാ ൻ! എവിടെടീ പ്രാത്ഥനപ്പൊത്തകം!

പ്രാത്ഥനപ്പുസ്തകം എടുത്ത് അയാ ളുടെ കൈയിൽ കൊടുത്തിട്ട് ഞങ്ങൾ ഓരോ മൂലയിൽ ഇരുന്നു. മൂപ്പീന്നു് ത നിക്കറിയാവുന്ന പാട്ടുകളെല്ലാം ഒന്നൊ ന്നര മണിക്കൂർകൊണ്ട് പാടിത്തീർത്തു. പിന്നീട് രണ്ടുമണിക്കൂർനേരത്തെ വേദ പുസ്തകംവായന വെള്ളെഴുത്തിൻെറ സ ഹായത്താൽ നിർവ്വഹിച്ചു.

പ്രാത്ഥനയ്ക്കായി നീക്കിവച്ച മണി ക്കൂർ മൂന്നര!

അവസാനം ഊണുമേശയുടെ മു മ്പിൽ മൂപ്പീന്ന് ഹാജരായി.

"എന്താ കറിയൊക്കെ കേമമാ ണോ?" ഒരു ലോഹ്യം ചോദ്യം.

"ങ്ഹ, ഉപ്പായത്തിലാ...."

"മോരും ഒണക്കമീനും ഒണ്ടോ?"

"ഒണക്കമീനില്ലല്ലൊ"

"ഓ, ആ കടേൽ കിട്ടുകേലെ...."

"ഈ രാത്രിയിൽ...."

"സാരമില്ല. മാത്തുക്കുട്ടി ഒന്നു പോ യാട്ടെ. എനിക്കുണ്ണാൻ ധൃതിയുംമററു മില്ല."

ഹും! അയാളുടെ ഹുങ്കുകണ്ടില്ലേ! ഉ ണ്ണാൻ ധൃതിയില്ലപോലും! ഇവിടെയാ രോ അയാൾക്കു ധൃതിയുണ്ടെന്നു വിചാ രിച്ചെന്നുതോന്നും പറച്ചിൽ കേട്ടാൽ.

കസേരയിൽ കയറി, തുടയും ഇള ക്കി, മൂളിപ്പാട്ടുംപാടി, വിരലുകൊണ്ടു താ ളവും പിടിച്ച്, ചുമച്ചോണ്ട്, കുരച്ചോ ണ്ട് ആ വയോവൃദ്ധൻ ഞെളിഞ്ഞിരിക്കു കയാണ്.

പുറത്താണെങ്കിൽ കോരിച്ചൊരിയു ന്ന മഴ. തുളഞ്ഞുകയറുന്ന തണുപ്പ്. അ സഹ്യമായ ഈ ചുററുപാടിൽ ഞാനയാ ൾക്ക് ഉണക്കമത്സ്യം വാങ്ങിക്കൊടുക്ക ണംപോലും!

എന്തിന്, ഏതായാലും മുടിയട്ടെ എന്നു വിചാരിച്ച് ഇറങ്ങിയപ്പോൾ ഒ രു ഓമ്മപ്പെടുത്തൽ!

"കുടയെടുത്തോണം അല്ലേൽ മഴന നയും!"

ഓഹോ! അതൊരു പുതിയ കണ്ടു



കമ്യൂ പാർട്ടിയുടെ കാപട്യ തന്ത്രത്തിന് ഇരയായി ട്ട് ഐക്യകക്ഷിയിൽ ചിലർ പട്ടത്തിനെതിരായി ഒരു നീക്കം ആരംഭിച്ചിരിക്കുന്നു—

പിടുത്തമാണല്ലൊ. ഇയ്യാളുടെ ബുദ്ധി അപാരംതന്നെ. മഴയത്തു കുടയില്ലെങ്കിൽ മഴ നനയുമെന്ന് അയാൾ കണ്ടുപിടിച്ചുകളഞ്ഞു. അതിമാനുഷൻ!

"പിന്നെയേ. കടവരെ പോകുന്നതല്ലെ. ഒരു രൂപായ്ക്കു മുറുക്കാൻകൂടെ മേടിച്ചോ?"

"തന്റെ തന്തയോടു ചെന്നു പറ!" ഞാൻ പറഞ്ഞില്ല. പക്ഷേ പറയാനൊരുങ്ങിയതാണ്. മരംകോച്ചുന്ന തണുപ്പത്ത് ഫുട്ട്പാത്തിലൂടെ നടന്നപ്പോൾ അയാളെ കടിച്ചുകീറാനുള്ള ദ്വേഷ്യം എനിക്കുണ്ടായിരുന്നു. അല്ലെങ്കിലെന്തിന് അയാളെ പറയുന്നു? ഞാനല്ലെ അയാളെ വിളിച്ചു വീട്ടിൽ കൊണ്ടുവന്നതു്? അതിന്റെ ഫലം അനുഭവിച്ചുതന്നെ തീർക്കാം.

ഉണക്കമത്സ്യം മേശയിൽ വന്നപ്പോൾ മൂപ്പീന്നു കണ്ണുതുറന്നു.

"ങ്ഹ! അങ്ങനെ വരട്ടെ. ഉണക്കമത്സ്യം വാതത്തിനെത്ര പഷ്ടാണെന്നോ? ഗർഭിണികൾക്കും നല്ലതാ—" ഏതോ ഫലിതം പറഞ്ഞ മട്ടിൽ മൂപ്പീന്ന് എന്റെ ശ്രീമതിയെ ഇടക്കണ്ണിട്ടു നോക്കി.

"ഈ മഴയത്തു വല്യപ്പനിങ്ങനെ വന്നതാ അതിശയം. വേനലാരുന്നേൽ വട്ടാണെന്നു വിചാരിക്കാമായിരുന്നു...." ശ്രീമതി അമർഷംകൊണ്ടു.

"എന്തോന്നാ...." കാര്യം ഗ്രഹിക്കാൻ കഴിയാതെ അയാൾ എന്നോടു നന്നേ അടുത്തു വന്നു.

"മഴയത്തു മത്സ്യം കുറവാണെന്നാ സാറാമ്മ പറഞ്ഞതു്." ഞാൻ ഒരു കള്ളം തട്ടിവിട്ടു.

നിമിഷങ്ങൾ ചിറകടിച്ചു പറന്നു.

ഊണുകഴിഞ്ഞപ്പോൾ അങ്ങേക്കു മുറിയെല്ലാം ഒന്നു ചുററിക്കാണണം. ഞാൻ എല്ലാം കാണിച്ചുകൊണ്ടു് ഓരോ മുറിയിലും കയറിയിറങ്ങി. അവസാനം ഡ്റസ്സിംഗ്റൂമിലെത്തിയപ്പോൾ അലമാരിയിലിരിക്കുന്ന ഭാര്യയുടെ തുണികൾ കാണണമെന്നായി വിദ്വാൻ.

"അതെന്നതാ—" മൂപ്പീന്നു ചോദിച്ചു.

"സാരി" ഞാൻ പറഞ്ഞു.

"മററതു്"

"ബ്ലൗസ്"

"അതല്ല, അതിനപ്പുറത്തിരിക്കുന്നതെന്നതാ.... ഓ— ആ കൂണുപോലെ തോന്നിക്കുന്നതു്....".

"അതോ.... അതേ.... അതു ബ്രേസിയേഴ്സ്...."

"എന്നുവച്ചാ...."

ഞാനയാളുടെ ചെവിയിൽ പച്ചയായി അതു വിവരിച്ചുകൊടുത്തപ്പോൾ ഒരു ശൃംഗാരച്ചിരി ചിരിച്ചോണ്ടു്, അതിൽത്തന്നെ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു്, കൈകൾ എളിയിൽ കുത്തി അയാൾ മിഴിച്ചുനിന്നു. ഇടയ്ക്കു് അറിയാതെയോ അറിഞ്ഞോ എന്നറിഞ്ഞില്ല, വിൻഡോ കർട്ടൻ സഹിതം വെള്ളപൂശിയ ഭിത്തികളിലെല്ലാം ചുവന്ന പൂക്കൾ പതിയത്തക്കവണ്ണം ആഞ്ഞൊരു തുപ്പു്!

ഞാൻ പല്ലുകളിറുമ്മി.... എങ്ങനെയെങ്കിലും നേരം ഒന്നു വെളുത്തെങ്കിൽ....

പക്ഷേ അതിനുമുമ്പു് പല സംഭവങ്ങളും എന്റെ സഹനശക്തിയെ പരീക്ഷിക്കാനെന്നവണ്ണം നടന്നു. രാത്രി പത്തര! മൂപ്പീന്നു കിടക്കയിലേക്കു വീണപ്പോൾ ഞങ്ങളെല്ലാം സ്വയമെ പ്രാർത്ഥിച്ചു.

ദൈവത്തിനു സ്തുതി!

പക്ഷെ അവിടെയും തീർന്നില്ല കുഴപ്പം. പതിനൊന്നു മണി കഴിഞ്ഞപ്പോൾ എന്നെ വിളിച്ചുണർത്തി, നടുവിനു് ചൂടുവയ്ക്കണമെന്നു് അയാൾ ആവശ്യപ്പെട്ടിരിക്കുന്നു. എങ്ങനെ ഭാര്യയെ ഉണർത്തും? ഒരു വിധത്തിൽ ആ കൃത്യം ഞാൻതന്നെ നിർവഹിച്ചു.

പിന്നീടു് കാലുതിരുമ്മലായി, പങ്കതടവലായി, എന്നുവേണ്ടാ അയാളുടെ മൂത്രംവരെ ഞാൻ പുറത്തുകൊണ്ടുപോയി കളയേണ്ടിവന്നു.

നേരം വെളുത്തപ്പോൾ ഒരു അത്യാവശ്യകാര്യത്തിനു് കേറിവന്ന എന്റെ ഒരു സുഹൃത്തു് സെററിയിൽ കിടക്കുന്ന നാററമുള്ള കൗപീനത്തിലും എന്റെ മുഖത്തും മാറിമാറി നോക്കിയപ്പോൾ ഞാൻ ആവിയായിപ്പോയി. അതുകൊണ്ടു തീർന്നോ? മൂപ്പീന്നു് കിടക്കയിൽനിന്നു ചാടിയെണീററു് ഒരു ചോദ്യം:

"പ്ഫ! ആരാടാ ഞാൻ ഒറങ്ങുന്നടത്തു് വന്നാനംപറയുന്നേ? ഏതു തന്തയില്ലാ കഴു........മകനാടാ?"

സകല നിയന്ത്രണങ്ങളും തകരുന്നതായി എനിക്കു തോന്നി. ഉടനേ അയാളെ തെരുവിലിറക്കാനുള്ള അമർഷമെനിക്കുണ്ടായിരുന്നെങ്കിലും ഞാനതു ചെയ്തില്ല. വെറും മനുഷ്യത്വത്തിന്റെ പേരിൽ.

ഉണർന്നുകഴിഞ്ഞപ്പോൾ മൂപ്പീന്നിനു ചില അധികാരങ്ങൾ തലേ രാത്രിയിൽ കിട്ടിയതുപോലെ കാണപ്പെട്ടു. കുട്ടികൾ വായിച്ചതു ശരിയായില്ല എന്നു പറഞ്ഞു് അവരുടെ തുടയിൽനിന്നു തൊലി ഉരിച്ചെടുത്തു. അവരെ പീത്തവിളിച്ചു. ഭാര്യ കൊടുത്ത കാപ്പിക്കു് ചൂടുപോരെന്നുപറഞ്ഞു് അവളെ ശകാരിച്ചു. പുലഭ്യംപറഞ്ഞു. എന്നുവേണ്ടാ ആകെ കുഴപ്പംതന്നെ.

അവസാനം ഞാൻ മൂപ്പരുടെ അരികിൽച്ചെന്നു് സവിനയം ചോദിച്ചു:

"എത്തപ്പാൻപേട്ടൻ ആശുപത്രിയിൽ പോണില്ലേ?"

"രണ്ടു ദിവസം കഴിഞ്ഞിട്ടേയൊള്ളു!"

കടുത്ത മറുപടി. പരുഷമായ ശബ്ദം!

ദൈവമേ ചതിച്ചോ! ആ രണ്ടു ദിവസം ഞങ്ങൾ എങ്ങനെ കഴിക്കും?

ഒടുവിൽ ഒരുപായംതോന്നി. അതു ശ്രീമതിയും പിടിച്ചു. തികച്ചും അഹിംസയിൽനിന്നുടലെടുത്ത ഒരുപായം! ഉച്ചയ്ക്കു ഊണുകഴിയ്ക്കാൻ വരുമ്പോൾ ഭാര്യയും തനിക്കുംകൂടെ ബോംബേവരെ പോകണമെന്നു പറയുക. വീടുപൂട്ടിയിടേണ്ട ആവശ്യം വരുന്നതിനാൽ എത്തപ്പാൻചേട്ടൻ വേറേ ആരുടെകൂടെയെങ്കിലും താമസിക്കാൻ പറയുകയും ചെയ്യണം. ബലേ ഭേഷ്! ഒന്നാന്തരം വിദ്യ!

ഭാര്യ പറഞ്ഞു: "അമ്പോ! ചില്ലറ തലയല്ലല്ലൊ!"

ഞാൻ അഭിമാനത്തോടെ പൊട്ടിച്ചിരിച്ചു; ഇനിയും ഇതുപോലെയുള്ള കററമൂലി എന്റെ തലയിലുണ്ടു് എന്ന മട്ടിൽ.

ഒടുവിൽ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരുന്ന സമയം വന്നു. നട്ടുച്ച! ഞാനോടിക്കിതച്ചുവന്നു് എത്തപ്പാൻചേട്ടനോടു പറഞ്ഞു:

"ചേട്ടാ, ഞാൻ ഫാമിലിസഹിതം ബോംബേയ്ക്കൊന്നു പോകുവാ. ചേട്ടൻ വേറേവല്ലയിടത്തും താമസിക്കാൻ ഇടപാടുചെയ്യ്. പരിചയക്കാരു വേറേം കാണുമല്ലോ ഇവിടെ...."

അതു കേട്ടിട്ടു് മൂപ്പീന്നിനൊരു കുലുക്കവുമില്ല. ആറേഴുവയസ്സുള്ള ഒരു കുട്ടിക്കു് ഹൽവാ തിന്നുമ്പോഴുള്ള സുഖംപോലെ, അല്ലെങ്കിൽ ഒരു ഇരുപതുകാരൻ യുവാവിനു് സുന്ദരിയായ തന്റെ കാമുകിയിൽനിന്നു് പ്രേമലേഖനം കിട്ടുമ്പോഴുള്ള ആനന്ദംപോലെ അയാൾക്കതു കേട്ടപ്പോൾ ആനന്ദമാണുണ്ടായതു്.

"ചേട്ടനെന്തു തീരുമാനിച്ചു?" ഞാൻ ഉള്ളിലെ ചിരിയമക്കിക്കൊണ്ടു് വീണ്ടും ചോദിച്ചു.

"എന്തോ തീരുമാനിക്കാനാ. നിങ്ങൾ ബോംബേയ്ക്കു പോയിട്ടുവാ. ഞാൻ വീടുകാത്തോളാം. വരുമ്പോഴ് ഒരു നൂറുരൂപാ ചികിത്സിക്കാൻ തന്നാൽമതി. എന്താ?"

ഞാനൊന്നു ഞെട്ടി. സംഗീതത്തിൽ മുഴുകിയിരിക്കുന്ന ഒരാളുടെ തലയിൽ സർപ്പംകൊത്തുമ്പോഴുണ്ടാകുന്ന ഞെട്ടൽപോലെ!

★

# വന്ദിപ്പിൻ തൊപ്പിപ്പാളെ



കെ.

വന്ദിപ്പിൻ തൊപ്പിപ്പാളെ!
വന്ദിപ്പിൻ തൊപ്പിപ്പാളെ!
വന്ദിപ്പിൻ ലോകത്തിനെ
പോററുമിപ്പുണ്യാത്മനെ!
കൊള്ളയും കൈക്കൂലിക്കും
തൻകാര്യസിദ്ധിക്കുമായ്
വെള്ളപ്പൂഖദർവേഷം
ധരിച്ചു ഞെളിഞ്ഞേററം
പൊള്ളവാക്കുകൾ വികാ-
രാവേശാൽ പ്രസംഗിക്കും
കള്ളക്കോൺഗ്രസ്സുകാരേ!
നിങ്ങടെ ഗാന്ധിത്തൊപ്പി,
ഉച്ചവെയ്‌ലത്തു,ചെളി-
പ്പാടത്തു കാളപൂട്ടി
നിച്ചലും വിയർപ്പോലും
മെയ്യുമായ് കഴിയുന്ന
തൊമ്മൻെറ തൊപ്പിപ്പാള
കാണുമ്പോൾനാണംകൊണ്ടു
നിമ്മദം ചൂളുന്നീലേ?
ചൊല്ലുവിൻ പരമാത്ഥം!
അദ്ധ്വാനവർഗ്ഗങ്ങളേ-
യുദ്ധരിക്കുവാനായി
ട്ടദ്ധ്വാനിച്ചീടും ചെങ്കു
പ്പായധാരികൾ ചൂടും
നിസ്തൂപം ചോരത്തൊപ്പി;
പാളത്തൊപ്പിയെക്കണ്ടാ-
ലത്യാരം തലതാഴ്ത്തി
പ്പോകുന്നു വഴിമാറി
വന്ദിപ്പിൻ തൊപ്പിപ്പാളെ
വന്ദിപ്പിൻ തൊപ്പിപ്പാളെ
വന്ദിപ്പിൻ ലോകം പോററും
തൊമ്മന്റെ തൊപ്പിപ്പാളെ!
ഊററത്തിൽ കോട്ടുംപാന്റും
സൂട്ടിലായ് നടക്കുന്ന
ക്രൂററന്മാർ 'തന്നിനാടൻ
സായ്പ്പന്മാർ'ധരിച്ചിട്ടും
ഹാററുകൾ,പാളത്തൊപ്പി
ക്കാരൻെറയൗദാര്യത്തിൻ
കാററിനാലത്രേ സുഖി-
ച്ചീടുന്നിതാരോർക്കുന്നു?
അഴകേ! അപ്‌റവുഡയ്‌റവു-
മോഡലേ! നിങ്ങളേ കാ-
ത്തുഴലുന്നുണ്ടിന്നോറെ
പ്പകലും രാവുമെന്യേ
ഒത്തിരിപ്പാളത്തൊപ്പി
വർഗ്ഗങ്ങൾ ചെളിക്കുണ്ടി
ലത്യാരം വിയർപ്പിൻെറ
ദുർഗ്ഗന്ധം സഹിച്ചെന്നും
വന്ദിപ്പിൻ തൊപ്പിപ്പാളെ!
വന്ദിപ്പിൻ തൊപ്പിപ്പാളെ!
വന്ദിപ്പിൻ കുപ്പക്കുഴി



കേരളത്തിൽ നിയമവാഴ്ച നിലവിൽ വന്നു—പി.ടി.ചാക്കോ

ക്കുണ്ടിലേ തൊപ്പിപ്പാളെ!
അത്യുദാരതയോടെ-
യെത്രയെത്രയോ പാള
ത്തൊപ്പികളൊരുമിച്ചു
വോട്ടുചെയ്യുകയാലേ
ഉഗ്രഗാംഭീര്യമോടു
മന്ത്രിത്വം നേടി പക്ഷേ
നിഗ്ഗതിക്കാരെപ്പിന്നെ
യാമന്ത്രിക്കയ്യോ! പുശ്ചം!
ചക്രവത്തിയും മഹാ-
രാജാവും തൊപ്പിപ്പാള-
ച്ചെക്കൻെറ വിയർപ്പിൻെറ
മുത്തണി നവരത്നം
വച്ചു ഹാ! തയ്ക്കുന്നതാം
കിരീടമല്ലോ പേറി
മെച്ചമാർന്നഹങ്കരി-
ച്ചെന്നാളും സുഖിക്കുന്നു?
തൊപ്പിപ്പാളകൾ പണി-
മുടക്കു പ്രഖ്യാപിച്ചി-
ട്ടിത്തിരിനേരമങ്ങൊ
ന്നിരുന്നാലപ്പോൾ കാണാം
കിരീടം താഴെവീഴും
തളരും ഗാന്ധിത്തൊപ്പി
വിരോധംവിട്ടു പാർട്ടി-
ക്കാരൊക്കെ മനുഷ്യരാം
മർദ്ദനം മതിയാക്കി-
ട്ടിത്തിരി വെള്ളത്തിനായ്
പത്തനംതേടിപ്പോലീസ്
ചട്ടിയും പേറിപ്പായും!
അത്തിപ്രശ്നം തീരും,
റോക്കററുപണിനിത്തി
ത്തിരിക്കും യുഎസ്സേയും
റഷ്യയും വയർതേടി,
ബില്ലുകൾ തോട്ടിൽത്തള്ളി-
പ്പാർലമെൻറുകളെല്ലാം
വല്ലതും കിട്ടാൻവേണ്ടി
പാഞ്ഞീടും പലവഴി
തീവണ്ടിയോടാതാകും,
പറക്കാതാകും പ്ലയിൻ
ജീവിതം ഞൊടിയിട
കൊണ്ടു നിശ്ചലമാകും!
ആകയാലുയരത്തി-
ലിരുന്നു സുഖിച്ചീടും
ജീവിതം കൊതിക്കുന്ന
വിവിധ തൊപ്പിക്കാരേ!
നിങ്ങളിത്തിരിയൊന്നു
ശ്രദ്ധിപ്പി,നിക്കാണുന്ന
ഭംഗിയില്ലാത്ത പാള-
ത്തൊപ്പി നിങ്ങൾതൻ
ദൈവം!
വന്ദിപ്പിൻ തൊപ്പിപ്പാളെ!
വന്ദിപ്പിൻ തൊപ്പിപ്പാളെ
വന്ദിപ്പിൻ തീററിപ്പോററും
തൊമ്മന്റെ തൊപ്പിപ്പാളെ!

—o—


## രോഗാതുരക്ക് നിരാശവേണ്ടാ

**ശാസ്ത്രീയവിധികളിൽ ലേശവും പാകപ്പിഴവരാതെ തയ്യാറാക്കപ്പെട്ടിട്ടുള്ള ചില പ്രത്യേക ഔഷധങ്ങൾ**

**1. സൂതികാസുധ** പ്രസവാനന്തരമുള്ള എല്ലാ അസുഖങ്ങൾക്കും, അനുഭവബോദ്ധ്യമുള്ള ഒരു സിദ്ധൗഷധമാണിതു്. ശരീരക്ഷീണം, രക്തക്കുറവു്, ഉന്മേഷമില്ലായ്മ, മുലപ്പാലില്ലായ്മ, മുതലായി മാതാവിനുണ്ടാകുന്ന എല്ലാ വിഷമങ്ങൾക്കും പരിഹാരമാഗ്രഹിക്കുന്നവർ ഈ മരുന്നുപയോഗിക്കുക. മാതാവിൻെറ രക്ഷ ശിശുവിൻെറയും രക്ഷയാണു്.

24 ഔൺസു് കുപ്പി 4 ക.

**2. ബാലസുധ** സ്വന്തംശിശുക്കളെ ഓജസ്സും,ഉന്മേഷവുമുള്ളവരുമായി കാണുവാനാഗ്രഹിക്കുന്ന മാതാപിതാക്കൾ അവരുടെ പിഞ്ചോമനകളെ ഈ മരുന്നു സേവിപ്പിക്കുക. വിരകോപം, വയറിളക്കം, കരപ്പൻ, ശൂല, വിളർച്ച കൈകാലുകൾ തേമ്പിവരിക; ആഹാരം കഴിക്കുന്നതൊന്നും പോരാതെവരിക, എന്നീ രോഗങ്ങൾക്കു് ഇതൊരു കൈകണ്ട മരുന്നാണു്.

8 ഔൺസു് കുപ്പി 1 രൂ. 50 സ.

**3. അർശോസുധ** രക്താർശസ്സു്, ശുഷ്കാർശസ്സു്, ആർദ്രകാർശസ്സു് എന്നിങ്ങനെയുള്ള അർശോരോഗങ്ങൾക്കെല്ലാം വിശേഷവിധിയായി തയ്യാറാക്കപ്പെട്ടിട്ടുള്ളതാണിതു്. കൂടാതെ ദീപനക്ഷയം, പുളിച്ചുതികട്ടൽ, വായുക്ഷോഭം, മലബന്ധം, വയറുവീർപ്പു്, വയററുവേദന, മൂത്രചുടിച്ചിൽ എന്നീ അസുഖങ്ങൾക്കും അത്യുത്തമമാണു്. റാത്തൽ 1 ക്കു് 4 ക.

ആയുർവ്വേദവിധിപ്രകാരമുള്ള മററു് ഔഷധങ്ങളും തയ്യാറുണ്ടു്. (വി. പി. ചാർജ്ജു് പുറമേ)

**വൈദ്യൻ, എൻ. രാമകൃഷ്ണപ്പണിക്കർ (വാരണപ്പള്ളി)**

**ശ്രീരാമകൃഷ്ണാ ആയുർവ്വേദ വൈദ്യശാല, കായങ്കുളം P. O., കേരളം.**

# ഒരിക്കപ്പുതപ്പ്

## കാനം ഇ. ജെ.




ഓലപ്പുരയാണ്. ഓലകൊണ്ടുതന്നെ രണ്ടു മുറികളാക്കി മറച്ചിരിക്കുന്നു. ഒന്ന് അടുക്കള, മറേറത്് കിടപ്പുമുറി, കിടപ്പുമുറിയിൽ ഒരു കട്ടിലുണ്ട്. വളരെ പഴക്കമുള്ള ഒരു കയർകട്ടിൽ. കയർ അയഞ്ഞ് ബലംകുറഞ്ഞതുനിമിത്തം കട്ടിൽ തൂങ്ങിക്കിടക്കുന്നു. ഒട്ടേറെ കയറുകൾ പൊട്ടി താഴോട്ടു തൂങ്ങിക്കിടപ്പുണ്ട്. കയറില്ലാത്ത ഭാഗത്ത് പായ് അടിയിലേക്കു ചുളിഞ്ഞിരിക്കുന്നു. മീനാക്ഷിഅമ്മ അതിൽ കിടപ്പു തുടങ്ങിയിട്ട് രണ്ടര കൊല്ലത്തോളമായി. വല്ലപ്പോഴും ഒന്നെഴുന്നേററിരിക്കും. തനിയെ എഴുന്നേൽക്കുവാൻവയ്യാ. രവീന്ദ്രന്റെ സഹായം വേണം.

രണ്ടരവർഷമായി രവീന്ദ്രൻ അമ്മയെ താങ്ങിയെഴുന്നേൽപ്പിക്കുകയും പിടിച്ചു കിടത്തുകയും ചെയ്യുന്നു. എന്നെങ്കിലും ഒരു ദിവസം അമ്മ തന്നത്താൻ എഴുന്നേററിരിക്കുമെന്നാണ് അവന്റെ വിശ്വാസം. അതിനുവേണ്ടി അവൻ കഴിവിലപ്പുറംചെയ്തു. വീണ്ടും ചെയ്യണമെന്നാഗ്രഹിച്ചുമിരിക്കുന്നു. ആ ആഗ്രഹത്തിന്റെമുമ്പിൽ പണം വിലങ്ങുതടിയായി നിൽക്കുകയാണ്.

ഒരു പുതിയ വൈദ്യനെ സമീപിക്കുവാനോ ഒരു നേരത്തെ മരുന്നുവാങ്ങാനോ ഇനി നിവൃത്തിയില്ല. അല്ലെങ്കിൽ അതു രണ്ടും വേണ്ടെന്നുവയ്ക്കാം. അമ്മക്കിത്തിരി കഞ്ഞി കൊടുക്കാനുള്ള മാർഗ്ഗമെന്താണ്?

നാളയേപ്പററി ഓർക്കുമ്പോൾ രവീന്ദ്രന്റെ കണ്ണുകളിൽ അശ്രുക്കൾ പെരുകും! അച്ഛൻ സമ്പാദിച്ചതാണ് അരയേക്കർ മണ്ണ്, മകൻ അത് അന്യാധീനപ്പെടുത്തി. അതു വിൽക്കാതെ കഴിക്കണമെന്ന് അവനാഗ്രഹമുണ്ടായിരുന്നു. ഒന്നരവർഷം അമ്മയെ ചികിത്സിച്ചിട്ടും അവനതു വിട്ടില്ല, അപ്പോഴേക്ക് എല്ലാ വാതിലുകളും അടഞ്ഞുകഴിഞ്ഞിരുന്നു. പലചരക്കുകടയിലും വൈദ്യശാലയിലുംഎല്ലാം കടംകേറി നിൽക്കുകയായിരുന്നു. ആരും ഒന്നും കൊടുക്കുകയില്ലെന്നുള്ള അവസ്ഥവന്നു. കുറച്ചുദിവസം കൂലിപ്പണിക്കുപോയി. തൂമ്പയെടുക്കുവാൻ അറിഞ്ഞുകൂടാ. അതിനുള്ള ശരീരശേഷിയുമില്ല. മകൻ ഒരുദ്യോഗസ്ഥനാകണമെന്നായിരുന്നു, ഗോവിന്ദപ്പിള്ളയുടെ ആഗ്രഹം. അയാൾ ഒരു സർക്കാർസ്ഥാപനത്തിലെ ശിപായിയായിരുന്നു. ഗോവിന്ദപ്പിള്ള ഉടനെ മരിക്കുമെന്ന് ആരും വിചാരിച്ചിരുന്നതല്ല. അന്നും മീനാക്ഷിഅമ്മ കൂടെക്കൂടെ രോഗശയ്യയിൽ വീഴുമായിരുന്നു. പക്ഷെ മരിച്ചതു ഗോവിന്ദപ്പിള്ളയാണ്.

രവീന്ദ്രൻ അന്നു സ്കൂൾഫൈനൽ ക്ലാസ്സിലായിരുന്നു. പരീക്ഷയ്ക്ക് ഒരാഴ്ചയ്ക്കുമുമ്പാണ് അച്ഛൻ മരിക്കുന്നത്. അതുകൊണ്ടായിരിക്കണം, അവൻ തോററുപോയി. ഗോവിന്ദപ്പിള്ളയുടെ മരണത്തെത്തുടർന്ന് മീനാക്ഷിയമ്മ അടകിടപ്പായി. എങ്കിലും രവീന്ദ്രൻ ഒരു പ്രാവശ്യംകൂടി പരീക്ഷയെഴുതി. അമ്മയുടെ നിർബന്ധംകൊണ്ട്. പക്ഷെ ഫലമുണ്ടായില്ല.

ഒരു കൊച്ചുകുടുംബം പച്ചപിടിച്ചു വരികയായിരുന്നു. അപ്പോഴാണ് ഗോവിന്ദപ്പിള്ളയുടെ മരണവും മീനാക്ഷിയമ്മയുടെ രോഗവും രവീന്ദ്രന്റെ തോൽവിയും. വിധിക്കെല്ലാം ഒരു കളിയാണ്. മനുഷ്യന്റെ വേദനയും കണ്ണീരും കണ്ടാൽക്കൂടി നിയമമുണ്ടോ അലിയുന്നു?

മീനാക്ഷിഅമ്മയുടെ സുഖക്കേട് വാതമാണ്. ഒരു വശം തളർന്നുപോയി, അല്ല മരിച്ചുപോയെന്നു പറയുന്നതായിരിക്കും കൂടുതൽ ശരി, എങ്ങനെയെങ്കിലും അമ്മയൊന്നെഴുന്നേററു കണ്ടാൽ മ

തിയെന്നായിരുന്നു രവീന്ദ്രന്റെ ആഗ്രഹം. അപ്പോഴാണ് സുഖപ്പെടുത്താമെന്നു പറഞ്ഞ് ഒരു വൈദ്യൻ അടുത്തുകൂടുന്നത്, അത് ഒരു വർഷത്തിനുമുമ്പാണ്. വൈദ്യൻ ഒട്ടും മോശക്കാരനല്ലായിരുന്നു. പക്ഷെ മീനാക്ഷിയമ്മയ്ക്കു ഫലിച്ചില്ല. ഏഴുമാസത്തെ ചികിത്സകഴിഞ്ഞ് വൈദ്യൻ മടങ്ങിയപ്പോൾ കിടപ്പാടം അയൽക്കാരനായ കൃഷ്ണൻനായരുടെ കയ്യിലായിക്കഴിഞ്ഞിരുന്നു. എങ്കിലും കൃഷ്ണൻനായർ ഒരു വിട്ടുവീഴ്ചചെയ്തു. ആ മുറിയിൽത്തന്നെ താമസിച്ചുകൊള്ളുന്നതിന് അവരെ അനുവദിച്ചു.

രവീന്ദ്രനു സ്നേഹിക്കുവാൻ ലോകത്തിൽ രണ്ടുപേരെയുള്ളു. അവനെ സ്നേഹിക്കുകുവാനും അവർ രണ്ടുപേർതന്നെ. ഒന്ന് അവന്റെ അമ്മ മററത്ത് കൃഷ്ണൻനായരുടെ മകൾ ദേവകി.

ദേവകിയും അവനുംതമ്മിൽ നന്നേ ചെറുപ്പംതൊട്ടുള്ള ചങ്ങാത്തമാണ്. അതിൽ കള്ളം കരടമൊന്നുമില്ല. കറയററ സ്നേഹം. അതിനൊരു കുലുക്കമോ ഏളക്കമോ ഉണ്ടാകുമെന്ന് ഭയപ്പെടാനില്ല. അത്ര ഉറപ്പുള്ളതാണാബന്ധം.

നിലാവുള്ള ഒരു രാത്രി. അമ്മ കട്ടിലിൽ വളഞ്ഞുകൂടിക്കിടക്കുന്നു. കുറേനേരമായി മൂളുകയും ഞരങ്ങുകയും ചെയ്യുകയായിരുന്നു. ഇപ്പോൾ അനങ്ങാതെ കിടക്കുകയാണ്. ഉറക്കം പിടിച്ചിരിക്കണം. അധികം ഉറങ്ങാറില്ല. കഷ്ടിച്ച് അരമണിക്കൂറോ. അധികമായാൽ ഒരു മണിക്കൂറോ മാത്രം. അതുകഴിഞ്ഞ് ഉണർന്ന് ഞരങ്ങുവാൻ തുടങ്ങും. എത്രയെത്ര രാത്രികളായി ആ സ്ത്രീ വേദനകൊണ്ടു ഞരങ്ങുന്നു?

ഓലമറയ്ക്ക് ഒരു കിളിവാതിലുണ്ട്. അതോടുചേർന്ന് തറയിൽ ഒരു തഴപ്പായിട്ട് രവീന്ദ്രൻ കിടക്കുകയായിരുന്നു. വയറ്ഒട്ടി ചുളിഞ്ഞുകിടക്കുന്നു. ഉടുത്തിരിക്കുന്ന മുണ്ട് മുഷിഞ്ഞതല്ലെങ്കിലും കീറിയതാണ്. മുടി ചുരുണ്ടതാണെങ്കിലും എണ്ണമയമില്ലാതെ പാറിപ്പറന്നുകിടക്കുന്നു. പ്രകാശമുള്ള കണ്ണുകളാണെങ്കിലും കുഴിഞ്ഞും, കഠനഭാരം തളുംകെട്ടിയും നിൽക്കുന്നു.

രവീന്ദ്രൻ ക്ഷീണിച്ചു കിടക്കുകയായിരുന്നു. അമ്മയ്ക്ക് ഇനി എവിടെനിന്നു പാൽ വാങ്ങും? പാൽക്കാരന് നാലുരൂപാ കടമായി. നാളെമുതൽ അവൻ പാൽ തരികയില്ലെന്നു പറഞ്ഞിട്ടു പോയിരിക്കുന്നു. തണുപ്പുകാലമാണു വരാൻ പോകുന്നത്. ഒരു പുതപ്പുവേണമെന്ന് രണ്ടാഴ്ചയായി പറയുന്നു. കമ്പിളിപ്പുതപ്പ്!

അവൻ വെളിയിലേക്കു കണ്ണുകളയച്ചു, ആ കിളിവാതിലിലൂടെ. നിലാക്കാലുകൾ പററിപ്പിടിച്ചിരിക്കുന്നു. നല്ല ചന്തമാണങ്ങോട്ടു നോക്കുവാൻ. വെള്ളിയലുക്കുകൾ തുന്നിപ്പിടിപ്പിച്ചമാതിരിയുണ്ട്. ആ ഇലകളൊക്കെ കുളിർകാററിൽ കുണുങ്ങിത്തുള്ളുന്നു. അവയ്ക്കെല്ലാം ആഹ്ളാദമാണ്. വേദനയറിയാത്ത സൃഷ്ടികൾ!

അപ്പോൾ മീനാക്ഷിയമ്മ ഉണർന്നു. മൂളലും ഞരങ്ങലും തുടർന്നു.

"അമ്മേ" അവൻ വിളിച്ചു, മീനാക്ഷിഅമ്മ മൂളി.

എന്താ വേണം?

ഇച്ചിര തീ

രവീന്ദ്രൻ എഴുന്നേററു പോയി, അടുക്കളയിൽ ചെന്ന് നെരിപ്പോട്ടിൽ തീ കത്തിച്ചുകൊണ്ടുവന്ന് അമ്മയുടെ കട്ടിലിന്നടിയിൽവച്ചു. തൂങ്ങിക്കിടക്കുന്ന കയറുകളിൽ തീകത്താതിരിക്കുവാൻവേണ്ടി അതെല്ലാം മുകളിലേക്കു തിരുകിക്കയററിവച്ചു.

"പുക"

നല്ല വിറകില്ലാത്തതുകൊണ്ട് നെരിപ്പോട്ടിലിരുന്ന് തൊണ്ടും മടലുംകൂടി പുകയുകയാണ്.

പൊകയുന്നല്ലോ മോനേ

രവീന്ദ്രൻ കട്ടിലിനടിയിലേക്ക് തലയിട്ടിട്ട് തീ ഊതിക്കത്തിച്ചു. പുക മാറി നല്ല ചൂടുചെന്നു. അപ്പോൾ മീനാക്ഷിയമ്മക്ക് തെല്ലൊരു സുഖം തോന്നി. അവർ പിന്നെ മൂളിയില്ല വീണ്ടും കണ്ണടച്ചു.

രവീന്ദ്രൻ പായിൽപോയി കിടന്നു കൈവെള്ളയിൽ തലതാങ്ങിക്കൊണ്ട്. ആവു ഇനിയും എഴുന്നേൽക്കുകയില്ലെന്ന് അവനപ്പോൾ തോന്നി. കിടന്നുകിടന്ന് ഒരിക്കൽ കണ്ണടയ്ക്കും. ചികിത്സയുടെ

ആഗ്രഹം വിടുകയാണെന്നന്ന്. അമ്മക്കാവശ്യമുള്ളതെല്ലാം കൊടുക്കുക. ആഗ്രഹങ്ങൾ മുഴുവൻ നിറവേററുക? അങ്ങനെ സംതൃപ്തിയോടെ അമ്മ മരിക്കാനിടയാകണം. പക്ഷെ അതു സാധിക്കുന്നതെങ്ങനെ? അധികമൊന്നും വേണ്ടാ. ദിവസം നാഴിഅരിയും നാഴി പാലും. അപ്പോൾ പുതപ്പിന്റെ കാര്യം ഓർമ്മയിലെത്തി. പാലും കഞ്ഞിയുമില്ലെങ്കിലും അമ്മയ്ക്കു പരാതിയില്ല. തണുപ്പിൽനിന്നു രക്ഷപ്പെടുവാൻ—വേദനിക്കുന്ന അവയവങ്ങളെ മൂടി കിടക്കുവാൻ—ഒരു പുതപ്പുവേണം. അമ്മയുടെ ആഗ്രഹമറിഞ്ഞപ്പോൾ ഒരു കടയിൽക്കയറി അവൻ കമ്പിളിപ്പുതപ്പിനു വിലചോദിച്ചതാണ്. ഒന്നിന് ഇരുപതുരൂപാ. മറെറാന്നിനു നാൽപ്പതു്, വേറൊന്നിന് അമ്പതു്. രവീന്ദ്രൻ ഞെട്ടിപ്പോയി, പുതപ്പു വാങ്ങാമെന്നുള്ള ആഗ്രഹം അതോടെ അവനു നശിച്ചുകഴിഞ്ഞതാണ്. എങ്കിലും കൂടെക്കൂടെ അക്കാര്യംതന്നെ അമ്മ പറയുമ്പോൾ കരളിൽ നൊമ്പരങ്ങളുടെ അകമ്പടിയോടെ പുതപ്പിന്റെ സ്മരണ ഉയരും.

മുററത്തിരുന്ന് ചീവീടുകൾ ശബ്ദിക്കുന്നുണ്ട്. ഉറക്കംവരാത്ത ഒരു രാപ്പാടി അങ്ങകലെയിരുന്ന് ശോകാർദ്രമായി പാടുന്നു. മുററത്തിറങ്ങി അല്പസമയം ഇരുന്നാലെന്താണെന്ന് രവീന്ദ്രനു തോന്നി. അപ്പോൾ കിളിവാതിൽക്കൽ ഒരു നിഴൽ കണ്ടതുപോലെ തോന്നി. അങ്ങനെ തോന്നിയതായിരിക്കുമോ? രവീന്ദ്രൻ വാതിൽക്കലേക്ക് കണ്ണുകൾ സശ്രദ്ധം തിരിച്ചു. മുററത്താരോ നിൽക്കുന്നതുപോലെ. തോന്നലായിരിക്കുമോ? വൃക്ഷങ്ങളുടെ നിഴൽ നിമിത്തം നിലാവെളിച്ചം മുററത്ത് ശരിയായി പതിഞ്ഞിട്ടില്ല. ആ നിഴലിൽ പററി ഒരു മനുഷ്യരൂപമല്ലേ നിൽക്കുന്നത്. സംശയിച്ച് പിന്നെയും നോക്കി. അപ്പോൾ ആ രൂപം അനങ്ങി. വളകൾ കിലുങ്ങുന്ന ശബ്ദവും കേട്ടു.

"രവീ—"

ആരോ വിളിക്കുന്നു. സുപരിചിതമായ ആ ശബ്ദം.

"ദേവൂ!—"

"മ്—" അവൾ വിളികേട്ടു.

രവീന്ദ്രൻ പെട്ടെന്നു മുററത്തേക്കിറങ്ങിച്ചെന്നു. ദേവു നിലാവെളിച്ചത്തിൽ അവന്റെയടുക്കലേക്കു ചെന്നു.

"ഈ രാത്രിയിൽ!"—അവൻ ചോദിച്ചു.

"രവീ! കഴിഞ്ഞതെല്ലാം മറക്കണം" അവളുടെ ശബ്ദം ഇടറിയിരുന്നു.

അവനു മനസ്സിലായില്ല, അവൾ പറഞ്ഞതിന്റെ അർത്ഥം.

"എന്താ, ദേവൂ"—രവീന്ദ്രൻ വിശദീകരണം ആവശ്യപ്പെട്ടു.

"നമ്മുടെ ആഗ്രഹം സാധിക്കുകയില്ല."

സന്ദർശിക്കുവിൻ! സന്ദർശിക്കുവിൻ!!

നിങ്ങളുടെ

ഹോട്ടൽ ഹരിഹരഭവൻ

[ബ്രാഹ്മിൻസ്]

പ്രൈ: ബസ്സ്സ്റ്റാന്റിനു് സമീപം, കായങ്കുളം.

"എന്തുപററി?"

"രവീ"—വാക്കുകഠം കിട്ടാതെ അവഠം പരുങ്ങി. "രവീ!"

അവനൊന്നും മനസ്സിലായില്ല. നീണ്ട വർഷത്തെ പരിചയത്തിനിടയിൽ രാത്രിയിൽ അവളാദ്യമായിട്ടാണവിടെ വരിക. അപ്പോഠം എന്തെങ്കിലും തക്കതായ കാരണമുണ്ടായിരിക്കും. എന്തോ അവഠംക്കു പറയാനുണ്ട്. പറയാൻകഴിയാതെ അവഠംനിന്നു വിഷമിക്കുകയാണ്.

"പറയൂ ദേവൂ!" അവനവളെ ധൈര്യപ്പെടുത്തി.

"നാളെ എൻെറ കല്യാണനിശ്ചയമാണ്." ദേവു പറഞ്ഞു.

രവീന്ദ്രൻ അതുകേട്ടു ഞെട്ടിയില്ല. ഭാവഭേദം ഉണ്ടായുമില്ല. നേരിയ ഒരു മന്ദസ്മിതം അവൻെറ ചുണ്ടുകളിൽ വിടന്നു.

"നല്ലതാ ദേവൂ" അവൻ പറഞ്ഞു. "കണ്ണീരും പുഞ്ചിരിയുംകൂടി ചേരില്ല."

"ഞാനെതിർത്തു രവീ, പക്ഷേ അച്ഛൻ സമ്മതിക്കുന്നില്ല."

"എതിർക്കേണ്ടായിരുന്നു, ദേവൂ. നീയകലുമ്പോഠം എനിക്കൊരു വലിയ സ്നേഹം നഷ്ടപ്പെടുന്നുണ്ടെങ്കിലും ഒരു വലിയ ഭാരം തീരുകയാണ്."

അവഠം കരയുവാനൊരുങ്ങുകയായിരുന്നു. "വേണ്ട ദേവൂ, നീ കരയരുതു്" രവി പറഞ്ഞു. ജീവിതം നിന്നെ കാത്തുനിൽക്കുകയാണ്. സന്തോഷത്തോടെ പോകൂ."

രവി പെട്ടെന്ന് അകത്തേക്കു കയറി. അവിടെ നിൽക്കുവാൻ അവനു ത്രാണിയില്ലായിരുന്നു. ദേവു നടന്നകലുന്ന ശബ്ദം അവനു കേഠംക്കാമായിരുന്നു. കൂട്ടത്തിൽ പതിഞ്ഞ സ്വരത്തിലുള്ള ഏങ്ങലടികളും.

രവി കമിഴ്ന്നുകിടന്നു് കണ്ണീർ വാർത്തു. ആത്മസഖി തന്നിൽനിന്നകലുന്നു. ഒന്നുമില്ലാത്തവനായ കളിത്തോഴനെ വിട്ട് സമൃദ്ധിയുടെ ലോകത്തിലേക്ക് പ്രേമത്തിൻെറ മണിവീണ നീങ്ങുന്നു. ഇനി ആരുണ്ട്? അമ്മ. പ്രിയപ്പെട്ട അമ്മ മാത്രം. ഒരിക്കൽ അമ്മയും പറയും 'രവി, ഞാൻ പോകുന്നു'.... അവന്റ സങ്കടം അടക്കുവാൻ കഴിഞ്ഞില്ല. രവി ഏങ്ങലടിച്ചു കരഞ്ഞു.

അപ്പോഠം മീനാക്ഷിയമ്മ ഉറക്കമുണർന്നു് മൂളുവാനും ഞരങ്ങുവാനും തുടങ്ങി. നെരുപ്പോട്ടിലെ തീയ് കെട്ടുകഴിഞ്ഞിരുന്നു. ചെറിയ പുക മാത്രമുണ്ട്. രവി എഴുന്നേററ് കട്ടിലിനടിയിലേക്ക് ചെന്നു. രോഗിയുടെ ശരീരത്തിൽ ചൂടുതട്ടി. വേദനിക്കുന്ന അവയവങ്ങളിൽ നേരിയ സുഖം അനുഭവപ്പെട്ടു. മീനാക്ഷിയമ്മ പിന്നെയും കണ്ണുകളടച്ചു.

ആരും ആരെയും സ്നേഹിക്കുന്നില്ല. രവി ചിന്തിക്കുകയാണ്. എല്ലാം വെറും തോന്നൽമാത്രമാണ്. കൃഷ്ണൻനായർ പണക്കാരനായപ്പോഠം പാവപ്പെട്ട രവിയോട് ദേവകിക്കുള്ള സ്നേഹം കുറഞ്ഞു. ആ സ്നേഹം ഒരു പണക്കാരനിലേക്കു പകരുവാൻ അവളിപ്പോഠം ഒരുങ്ങുകയാണ്. ഇതിലും കൂടിയ സാമ്പത്തികസൗകര്യങ്ങഠം അവഠംക്കുണ്ടാകുമ്പോഠം അയാളിൽനിന്നും അവളുടെ സ്നേഹം പിന്നെയും വ്യതിചലിക്കുകയില്ലേ? ഇല്ലെന്നാരറിഞ്ഞു?....ഛെ, അവളെ എന്തിനു കുറ



പ്പെടുത്തുന്നു?....അവളെങ്കിലും സുഖമായി കഴിയട്ടെ.

ഇനിയും ഒരാഠം മാത്രമെയുള്ളു. അമ്മ! പാലില്ലാതാകുമ്പോഠം, കഞ്ഞി കിട്ടാതാകുമ്പോഠം, പുതപ്പു ലഭിക്കുകയില്ലെന്നറിയുമ്പോഠം, അമ്മയും വെറുക്കുകയില്ലേ? ഇല്ല അമ്മ വെറുക്കുകയില്ല. അമ്മ സ്നേഹിക്കുന്നതു രവിയേയാണ്. രവിയുടെ ചുററുപാടുകളെയല്ല.

തലക്കോഴി കൂകി. ഇതുവരെ ഉറങ്ങിയില്ലല്ലോ. ഒന്നുറങ്ങിയിരുന്നെങ്കിൽ രവി തം:രിഞ്ഞും മറിഞ്ഞും കിടന്നു. കിളിവാതിലിലൂടെ കുളിർകാററ് അകത്തേക്കു കടക്കുന്നുണ്ടായിരുന്നു. അവൻ സാവധാനം കണ്ണുകളടച്ചു. പക്ഷെ ഉറങ്ങാൻ കഴിഞ്ഞില്ല. മീനാക്ഷിയമ്മ ഉറക്കെ നിലവിളിച്ചു. രവി ഞെട്ടിയുണർന്നു.

അമ്മേ!

മ്.

എന്താ? അവൻ എഴുനേററുചെന്നു,

എടാ മോനേ എനിക്കൊരു കമ്പിളിപ്പുതപ്പുകിട്ടത്തില്ലേ? —

തണുപ്പുകൊണ്ടു് വിറക്കുന്നതായി അവനുതോന്നി. അവൻ വീണ്ടും നെരുപ്പോട്ടിൽ തീകത്തിച്ചു. പക്ഷെ അതു കൊ ണ്ടാ യോ? വാതരോഗിക്കു് എപ്പോഴും പുകപററിക്കിടക്കണം. നെരുപ്പോട്ടിലെ തീ പെട്ടെന്നങ്ങു കെട്ടുപോകും. അല്ലെങ്കിൽ നല്ല വിറകുവേണം: അതിനു പണം കൊടുക്കണം. എല്ലാം സാധിക്കാം. ഒരു കമ്പിളിപ്പുതപ്പുണ്ടെങ്കിൽ. അതിനു് ഇരുപത്തഞ്ചു രൂപയെങ്കിലും വേണം!

നേരം വെളുത്തപ്പോഠം എന്തോ നിശ്ചയിച്ചുകൊണ്ടു് രവി പുറപ്പെട്ടു. ആശയുണ്ടായിരുന്ന പണക്കാരെയെല്ലാം സമീപിച്ചു, അവരുടെയെല്ലാം മുമ്പിൽ ഒരു കമ്പിളിപ്പുതപ്പിൻെറ ആവശ്യം സമർപ്പിച്ചു, സന്ധ്യയായപ്പോഠ നിരാശയോടെ അവൻ മടങ്ങി.

വീട്ടിലെത്തിയപ്പോഠം അമ്മ വിശന്നുപൊരിഞ്ഞു കിടക്കുകയാ യി രു ന്നു. പാൽക്കാരൻ പാലുകൊണ്ടുവന്നില്ല. അരിയാണെങ്കിൽ ഒരു മണിപോലുമില്ല.

"മോനേ!" മീനാക്ഷിയമ്മ മകനെ വിളിച്ചു. അവൻ അടുത്തുചെന്നു. വിളറിയ മുഖത്തോടെ "നീയെവിടെപ്പോയിരുന്നു"

രവി ഉത്തരം പറഞ്ഞില്ല.

"വെശക്കുന്നല്ലോ മോനേ" മീനാക്ഷിയമ്മ പറഞ്ഞു. രവി അതു കേട്ടു. അവൻെറ ഓമ്മകഠം പുറകോട്ടു പാഞ്ഞു. "ആററുനോററു് തന്നെ വളത്തിയ അമ്മ—തനിക്കു വയറുനിറയെ തന്നിട്ടു് ശേഷമുണ്ടെങ്കിൽ മാത്രം കഴിച്ചുരുണ്ടായിരുന്ന അമ്മ—അല്പം കഞ്ഞിയ്ക്കുവേണ്ടി ആഗ്രഹിക്കുന്നു. എങ്ങോട്ടുപോകും? തൊട്ടൊരയൽപക്കമുണ്ടു്. പല പ്രാവശ്യം അവിടെനിന്നു വാങ്ങിയിട്ടുണ്ടു്. ഗോപാലൻ കൂലിവേലക്കാരനാണ്. എപ്പോഴും അവനെ എങ്ങനെയാണുപദ്രവിക്കുക. പക്ഷേ പോകാതിരുന്നാലോ?.... ഈ ഒരു പ്രാവശ്യത്തേക്കുകൂടി ഗോപാലനോടു് ഉരിയരി വാങ്ങാം...." രവി നിന്നു.

രണ്ടു ദിവസമായി ഗോപാലനു് പണികിട്ടാതെയിരിക്കുകയാ യി രു ന്നു. അവിടെ കഞ്ഞിവച്ചിട്ടു് രണ്ടു ദിവസമായി. രവി അവിടെനിന്നു മടങ്ങി. ഇനിയും എവിടെപ്പോകും? കൃഷ്ണൻനായരുടെ വീട്ടിൽച്ചെന്നാൽ അരി കിട്ടും.... പക്ഷേ എങ്ങനെ ചോദിക്കും?.... ദേവൂ ...!.... അഭിമാനത്തിനു സ്ഥാനമെവിടെ? അമ്മ!.... അല്ലെങ്കിലും ദേവുവിനു് എല്ലാമറിഞ്ഞുകൂടേ? പാവപ്പെട്ടവനായതുകൊണ്ടല്ലേ അവഠം അകന്നു മാറിയതു തന്നെ.

രവി അങ്ങോട്ടു നടന്നു. വീട്ടുപടിക്കൽപ്പോയി കുറേനേരം നിന്നു. എല്ലാവരും അകത്താണ്. ആരും വെളിയിലേക്കിറങ്ങുന്നേയില്ല. രവി മടങ്ങി.

....പിറെറ പുലരിയിൽ അവൻ വീണ്ടും ഇറങ്ങി. ചില്ലറ സഹായങ്ങഠക്കു വേണ്ടി അവൻ പരിചയക്കാരെയെല്ലാം സമീപിച്ചു. അതൊരു വിജയമായിരുന്നു. ഏഴു രൂപാ കിട്ടി. സന്ധ്യയ്ക്കു് അവൻ മടങ്ങിയെത്തി. ഗോപാലൻെറ കയ്യിൽ ആ ഏഴുരൂപാ കൊടുത്തിട്ടു് അവൻ പറഞ്ഞു.

"ഞാൻ രണ്ടാഴ്ച കഴിഞ്ഞേ വരികയുള്ളു. എൻെറ അമ്മയ്ക്കു് നാഴി പാലും ഉരിയരിയുടെ കഞ്ഞിയും കൊടുക്കണം." രവിയുടെ കണ്ണുകഠം ന ന ഞ്ഞി രു ന്നു. ഗോപാലൻ ചോദിച്ചു:

നീ എവിടെ പോകുവാ.

ഒരു ജോലി കിട്ടുമോന്നു നോക്കട്ടെ.

ഒരു മാസത്തേക്കു് മീനാക്ഷിയമ്മയുടെ കാര്യം നോക്കിക്കൊള്ളാമെന്നു് നല്ലവനായ ഗോപാലൻ സമ്മതിച്ചു. അമ്മയോടു വിവരങ്ങളെല്ലാം പറഞ്ഞിട്ടു് അവൻ അവിടെനിന്നു പുറപ്പെട്ടു.

യാത്രയിറങ്ങിയപ്പോഠം മീനാക്ഷി അമ്മ പറഞ്ഞു: "മോനേ, ജോലികിട്ടിയാലുടനെ ഒരു പൊതപ്പുമേടിച്ചുതരണം."

അവനൊന്നു മൂളി. എന്നിട്ടു് ഇറങ്ങി നടന്നു. എങ്ങോട്ടാണു പോവുക? അതു മാത്രം അറിഞ്ഞുകൂടായിരുന്നു. എങ്കിലും രവി നടന്നു. ആ ഗ്രാമപ്രദേശത്തുനിന്നു് ഏതെങ്കിലും ഒരു പട്ടണത്തിലേക്കായിരുന്നു, അവൻെറ ലക്ഷ്യം. പട്ടണത്തിൽ ഫാക്ടറികളും കമ്പനികളും ഉണ്ടെന്നവനറിയാം. കരുണതോന്നി ആരെങ്കിലും ഒരു ജോലി തരാതിരിക്കുമോ?

....അവൻ പല വാതിലുകളും കയറിയിറങ്ങി. അവസാനം ഒരു വലിയ വീട്ടിൽച്ചെന്നന്വേഷിച്ചു.

"ഒരു വർഷത്തേക്കു് വേലയ്ക്കു നിന്നോളാം. ഒരു കമ്പിളിപ്പുതപ്പിനുള്ള പണം തന്നാൽമതി."

ഇവിടെ വേലക്കാരെ വേണ്ടാ.

എന്നാൽ രണ്ടുവർഷം ജോലിചെയ്യാം.

ഇറങ്ങിപ്പോകാനല്ലേ പറഞ്ഞതു്.

വിശപ്പും ദാഹവും. അതിലേറെ നിരാശ. യാദൃശ്ചികമായി വഴിയിൽവച്ചു് ഒരു സ്നേഹിതനെക്കണ്ടു. ചന്ദ്രനു് ഒരു ഫാക്ടറിയിൽ ജോലിയാണ്. ചുരുങ്ങിയ ശമ്പളമേയുള്ളു. അതുകൊണ്ടു് ഒരു കുടുംബം കഷ്ടിച്ചു പുലരുന്നു. എങ്കിലും ചന്ദ്രൻ രവിയെ ക്ഷണിച്ചു. അവൻ കൂട്ടത്തിൽ പോയി. അന്നു വൈകിട്ടു് വയറുനിറയെ ആഹാരംകഴിക്കുവാനും സുഖമായി ഒന്നുറങ്ങുവാനും സാധിച്ചു.

പിറെറ പ്രഭാതത്തിൽ പിന്നെയും ജോലിയന്വേഷിച്ചിറങ്ങുവാൻ രവി തയ്യാറായി. ചന്ദ്രൻെറ വാക്കുകഠം അവനെ ധൈര്യപ്പെടുത്തി. മൂന്നുമാസം അലഞ്ഞുതിരിഞ്ഞു നടന്നതിൽപ്പിന്നെയാണുപോലും ചന്ദ്രനു ജോലികിട്ടിയതു്. യാത്രപറഞ്ഞപ്പോഠം രവി കൂട്ടുകാരനെ ഓമ്മിപ്പിച്ചു:

"ചന്ദ്രാ, ഞാൻ അമ്മയ്ക്കു കത്തെഴുതാൻപോകുകയാണ്! മറുപടി നിൻെറ മേൽവിലാസത്തിൽ വരും."

രവി നടന്നു. ഒരു മാസം അവൻ നടപ്പുതന്നെയായിരുന്നു. ഇനിയും നടക്കുവാൻ വയ്യാ. പട്ടിണികിടന്നു് മാംസവും മജ്ജയും ഉണങ്ങി. ഒരു സുഖക്കേടും പിടിപെട്ടു. ചുഴലിദീനം! കൂടെക്കൂടെ അതുണ്ടാകും. അപ്പോഠം ബോധമേയില്ല. ഒരു തലകറക്കംപോലെ തോന്നിക്കും. ഓക്ഷണത്തിൽ നിൽക്കുന്നിടത്തു മറിഞ്ഞുവീഴും. ചിലപ്പോഠം അവിടെ നിന്നു് എഴുനേററോടും. വീഴുമ്പോഠം തലപൊട്ടിയിട്ടുണ്ടു്. മുഖം മുറിഞ്ഞിട്ടുണ്ടു്. എഴുന്നേററോടുമ്പോഠം മരത്തിലും കമ്പിക്കാലിലും ചെന്നിടിച്ചിട്ടുണ്ടു്. മുമ്പു് ആഴ്ചയിലൊരിക്കലേ ആ സുഖക്കേട വരുമായിരുന്നുള്ളു. പിന്നെ ദിവസം ഒരു പ്രാവശ്യമായി. ഇപ്പോഠം ഒരു ദിവസംതന്നെ ഒന്നിലധികംപ്രാവശ്യം സുഖക്കേടു വരുന്നു.

രവി ചന്ദ്രൻെറ വീട്ടിലേക്കു ചെന്നു. കൂട്ടുകാരനെക്കണ്ടിട്ടു് ചന്ദ്രൻ അറിഞ്ഞില്ല. അത്രയേറെ മാററംവന്നുകഴിഞ്ഞിരുന്നു രവിക്കു്.

"ചന്ദ്രാ—" രവി ചോദിച്ചു "അമ്മയുടെ കത്തുണ്ടോ." ചന്ദ്രൻ രവിയുടെ മുഖത്തേക്കു നോക്കി "നിനക്കെന്തുപററി?"



സരസൻ

ഒന്നുമില്ല.

കത്തു വന്നിട്ടുണ്ട്. മൂന്നു ദിവസമായി.

ചന്ദ്രൻ കത്തെടുത്തു കൊടുത്തു. രവി ഉൽക്കണ്ഠയോടെ അതു പൊട്ടിച്ചു. കയ്യക്ഷരം ഗോപാലൻേറതാണ്. അമ്മയ്ക്കുവേണ്ടി ഗോപാലൻ എഴുതിയതാണ്.

മോനേ,

നിൻെറ എഴുത്തു് ഗോപാലൻ വായിച്ചു കേൾപ്പിച്ചു. അവൻെറ കയ്യിൽ നീ കൊടുത്ത രൂപാ തീർന്നു. നിനക്കു വേഗം ജോലികിട്ടുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. കർക്കടകമാസമായി. മഴയും തണുപ്പും സഹിക്കാൻവയ്യാ. എൻെറ മോനേ, ഒരു പൊതപ്പുണ്ടായിരുന്നെങ്കിൽ അതിനകത്തു ചുരുണ്ടുകൂടിക്കിടന്നു് സുഖമായി എനിക്കു മരിക്കാമായിരുന്നു. നിന്നെ കാണാൻ കൊതിയായി. വരുമ്പോൾ പുതപ്പിൻെറ കാര്യം മറക്കരുതു്.

സ്വന്തം അമ്മ

മീനാക്ഷിഅമ്മ.

കത്തു വായിച്ചിട്ടു് രവി കുറേനേരം അനങ്ങാതെ നിന്നു.

എന്താ വിശേഷം—ചന്ദ്രൻ തിരക്കി.

ഒന്നുമില്ല—രവി പറഞ്ഞു: വേഗമങ്ങു ചെല്ലണമെന്നു്.

രവി പിന്നെയും യാത്രതിരിച്ചു. എവിടൊക്കെയോ ചെന്നുമുട്ടി. വാതലുകളൊന്നും അവനുവേണ്ടി തുറക്കപ്പെട്ടില്ല.

നിലാവുള്ള രാത്രി പിന്നെയും വന്നു. വഴിവക്കിലൊരു കലുങ്കിൽ രവി ഇരിക്കുകയായിരുന്നു. അന്നും കമ്പിളിപ്പുതപ്പിനു് അവൻ വിലചോദിച്ചതാണ്. ഇരുപത്തഞ്ചു രൂപാ. ഇരുപത്തഞ്ചു രൂപായുണ്ടാക്കാനുള്ള മാർഗ്ഗത്തെപ്പററി അവൻ ചിന്തിക്കുകയായിരുന്നു. സിനിമാശാലയിൽനിന്നു് ആളുകൾ ഇറങ്ങിവരുന്നു. ആഭരണങ്ങൾ അണിഞ്ഞ് നടന്നകലുന്ന സ്ത്രീകളെക്കണ്ടപ്പോൾ അവൻെറ മുഖം ബീഭത്സമായി. കണ്ണുകളിൽ പൈശാചികമായ ഭാവം പകന്നു. ഒരു മാല പൊട്ടിച്ചെടുത്താലെന്തു്? രവി എഴുന്നേററു. ഏററവും പുറകിൽ രണ്ടു സ്ത്രീകൾ തനിയെ പോകുന്നു. അവൻ അവരുടെ പുറകെ നടന്നു. കുറെ ദൂരം നടന്നപ്പോൾ ഒരു വളവിൽ എത്തി. ആ സ്ത്രീകൾ സിനിമായെപ്പററി വിമർശിച്ചുകൊണ്ടുപോകുകയാണ്. ഒരാൾ തങ്ങളെ അനുഗമിക്കുന്നകാര്യം അവരറിയുന്നേയില്ല. രവി ചുററുപാടും നോക്കി. ആരുമില്ല. നല്ലയവസരം! അവൻ കയ്യുയർത്തി. പക്ഷേ മാല പറിക്കുവാൻ കഴിഞ്ഞില്ല. മനസ്സാക്ഷി അവനോടു പറഞ്ഞു: "അരുതു്." രവിയുടെ കയ്യ് താണു, അവൻ അവിടെ നിന്നു. സ്ത്രീകൾ നടന്നകന്നു. അവർ കണ്ണിൽനിന്നു മറയുന്നതുവരെ അവൻ അവിടെത്തന്നെ നിന്നു.

കുറേനേരം അവനവിടെനിന്നു. മുഖം വീണ്ടും ബീഭത്സമായി. കണ്ണുകളിൽ വൈരാഗികഭാവം പകന്നു. അവൻ നടന്നു. മതിലിനുള്ളിൽ രവി വലിഞ്ഞുകയറി. പട്ടി കുരയ്ക്കുമെന്നോർത്തു. പക്ഷെ ആ വീട്ടിൽ പട്ടിയില്ലായിരുന്നു. വാതിലുകളെല്ലാം അടച്ചുപൂട്ടിയിട്ടിരിക്കുകയാണെന്നു സംശയിച്ചു. പക്ഷേ ജനാലകൾ തുറന്നിട്ടിരുന്നു. അവൻ ജനാലയുടെ അരികിലേക്കു ചെന്നു. ഒരു ബാലികയും അവളുടെ അമ്മയും കിടന്നുറങ്ങുന്നു. മുറിയിൽ ലൈററുകത്തുന്നുണ്ടു്. അമ്മയുടെയും മകളുടെയും കഴുത്തിലും കാതിലും കൈകളിലും ആഭരണങ്ങളുണ്ടു്. അവൻ ശ്വാസമടക്കി നിന്നു. എന്നിട്ടു് പരിഭ്രമിച്ചു് അങ്ങുമിങ്ങും നോക്കി. ആരുമില്ല. അവർ കൂർക്കംവലിച്ചുറങ്ങുകയാണ്. ബാലിക ജനാലയോടു ചേർന്നുകിടക്കുന്നു. അമ്മ അതിനപ്പുറത്തു്. രവി സാവധാനം കൈനീട്ടി ആ പെൺകുട്ടിയുടെ കഴുത്തിൽ കിടക്കുന്ന മാലയിൽ സ്പർശിച്ചു. അവൻെറ കൈ വിറച്ചു. ശരീരം ആലിലപോലെ തുള്ളി. ഹൃദയത്തിൽനിന്നൊരു ശബ്ദം "അരുതു്." തീപ്പൊള്ളലേററപോലെ അവൻ കൈ പുറകോട്ടു വലിച്ചു. പിന്നെ അവിടെ നിന്നില്ല. വേഗം മതിൽചാടി വെളിയിലിറങ്ങി.

പിന്നെയും നടന്നു. എത്രദൂരം നടന്നെന്നറിഞ്ഞുകൂടാ. അപ്പോൾ തലകറക്കം വരുന്നതായി തോന്നി. ഉരുണ്ടുവീഴാതിരിക്കുവാൻവേണ്ടി വേഗം വഴിവക്കിൽ ഇരുന്നു. അവിടെ അവൻ വീണു. അവിടെക്കിടന്നു് ഉരുളുകയും കാറുകയും ചെയ്തു! വായിലും മൂക്കിലും നുരയും പതയും വന്നു പൊങ്ങി. ശരീരമാകെത്തളർന്നു. എഴുന്നേൽക്കുവാൻ ശക്തി കിട്ടിയില്ല. അവിടെക്കിടന്നു് അവനുറങ്ങിപ്പോയി.

നേരം വെളുത്തു് ഒൻപതുമണിയായപ്പോഴാണ് രവി ഉണർന്നതു്. എഴുന്നേററപ്പോൾ താൻ കിടന്നിടത്തു് കുറെ രക്തം കണ്ടു. ഉണങ്ങിയ രക്തം. മോണയ്ക്കുപ്പോൾ വേദന തോന്നി. കൈകൊണ്ടു മോണയിൽ തപ്പിനോക്കി. രണ്ടു പല്ലു് അടർന്നിരിക്കുന്നു.

രവിയുടെ കണ്ണിൽ ജലം പെരുകി.

ഒരു ഫർലോംഗ് നടന്നു. അപ്പോൾ മെഡിക്കൽകോളേജിൻെറ പടിക്കലെത്തി. വീണ്ടും ആശ ഉണരുകയായി. ഒരു ശിപായിയായിട്ടോ വെള്ളംകോരുകാരനായിട്ടോ തൂപ്പുകാരനായിട്ടോ ജോലികിട്ടിയിരുന്നെങ്കിൽ!

രവി അകത്തേക്കു കയറിച്ചെന്നു.



ഭാഗ്യത്തിനു് അവൻ ചെന്നു കയറിയതു് ആ സ്ഥാപനത്തിന്റെ മേലധികാരിയായ ഡാക്ടരുടെ മുമ്പിലായിരുന്നു. രവി തന്റെ ആവശ്യം പറഞ്ഞു.

ഡാക്ടർ സഹതാപപൂർവ്വം പറഞ്ഞു: "ഇവിടെ ഇപ്പോൾ ജോലിക്കാരെയൊന്നും ആവശ്യമില്ല."

"എന്തു ജോലി വേണമെങ്കിലും ഞാൻ ചെയ്യാം."

"എല്ലാ ജോലികൾക്കും ഇവിടെ ആളുണ്ടു്."

രവിക്കപ്പോൾ കരയണമെന്നു തോന്നി.

ഡാക്ടർ അവനെനോക്കിപ്പറഞ്ഞു: "ഒരു ജോലിതരാം. പക്ഷേ...."

"എന്താണെങ്കിലും ഞാൻ ചെയ്യാം. തോട്ടിപ്പണിയാണെങ്കിലും ചെയ്യാം സാർ."

"എവിടെങ്കിലും അനാഥപ്രേതമുണ്ടെങ്കിൽ ഇവിടെ കൊണ്ടുവന്നു തന്നാൽ പണം തരാം."

"അനാഥപ്രേതമോ?"

"അതേ. ഉററവരും ഉടയവരുമില്ലാത്ത ശവം. ഇവിടെ പഠിക്കുന്നവക്കു് അതാവശ്യമാണു്. ശവമൊന്നിനു് ഇരുപത്തഞ്ചു രൂപാവീതം തരാം."

അതുകേട്ടപ്പോൾ അവനു ഭയംതോന്നി. രവി മൂകനായി അവിടെനിന്നിറങ്ങി. ഉററവരും ഉടയവരുമില്ലാത്ത ശവം കണ്ടുപിടിക്കുക. എന്നിട്ടു് അതു ചുമന്നുകൊണ്ടുവരിക. അവന്റെ കണ്ണുകളിൽ ഇരുട്ടുകയറി, അനന്തരചിന്തയിൽ രവിയുടെ മിഴികളിൽ പ്രകാശം കതിരിട്ടു. പ്രതിഫലം ഇരുപത്തഞ്ചു രൂപാ. അതു കൊടുത്താൽ ഒരു കമ്പിളിപ്പുതപ്പുകിട്ടും!....

അന്നു പകൽമുഴവൻ അവൻ തിരക്കി നടക്കുകയായിരുന്നു. നാലഞ്ചു മരണഗൃഹങ്ങളിൽ അവൻ ചെന്നു. അവിടെയെല്ലാം വലിയ ആൾത്തിരക്കാണു്. ഉററവരും ഉടയവരുമില്ലാത്ത ആരുണ്ടു്? .......താൻമാത്രം. അല്ലാതാരിരിക്കുന്നു.

രാത്രിയിൽ നിലാവുണ്ടായിരുന്നെങ്കിലും മാനം തെളിഞ്ഞില്ല. കരിമേഘങ്ങൾ ആകാശത്തു് ഒഴുകിനടക്കുകയായിരുന്നു. ഇടയ്ക്കിടെ ചെറിയചെറിയ മിന്നൽപ്പിണരുകളും ശക്തികുറഞ്ഞ ഇടിമുഴക്കങ്ങളും ഉയർന്നുകൊണ്ടിരുന്നു. കുളിരുള്ള പരുപരുത്ത കാററും! കാറേററു് ശരീരം മരവിച്ചപ്പോൾ അമ്മയുടെ സ്മരണ അവനിലുണർന്നു! ഇപ്പോൾ തണുപ്പേററു് അമ്മ നിലവിളിക്കുകയായിരിക്കും. നെരുപ്പോട്ടിൽ അൽപ്പം തീ കത്തിച്ചുകൊടുക്കാൻപോലും ആരുമില്ല.

അമ്മയ്ക്കൊരു പുതപ്പുമാത്രംമതി!

അദ്ധരാത്രി കഴിഞ്ഞപ്പോൾ ഒരു കയറുമായി അവൻ മെഡിക്കൽകോളേജിന്റെ മുൻഭാഗത്തെത്തി. ഒട്ടും സംശയിച്ചില്ല. ഭയപ്പെട്ടുമില്ല. ഒരു തൂണിൽ തത്തിപ്പിടിച്ചു കയറിയിരുന്നുകൊണ്ടു് കയറിന്റെ ഒരഗ്രം ഒരു കഴുക്കോലിൽ ബന്ധിച്ചു. മറെറ അററത്തു് ഒരു കുരുക്കിട്ടു് അതു കഴുത്തിലും ഇട്ടു. എന്നിട്ടു താഴോട്ടു ചാടി. അപ്പോൾ മഴയും തുടങ്ങി. പിന്നെ വെളുക്കുന്നതുവരെ മഴയായിരുന്നു.

പതിവുപോലെ അന്നും സൂര്യനുദിച്ചു. പതിനൊന്നു മണിയായപ്പോൾ ശവം താഴെയിറക്കി. വേണ്ടപ്പെട്ട അധികാരികളൊക്കെ സന്നിഹിതരായിരുന്നു.

ശവം പരിശോധിച്ചപ്പോൾ കരെഴുത്തുകിട്ടി. പോലീസു് ഇൻസ്പെക്ടർ അതു വായിച്ചു.

ഉററവരും ഉടയവരുമില്ലാത്ത ഒരു ശവമാണിതു്. കാളേജിലെ ആവശ്യത്താനു് ഇതുപയോഗിക്കാം. പ്രതിഫലമായി എനിക്കു ലഭിക്കേണ്ട ഇരുപത്തഞ്ചു രൂപാകൊണ്ടു് ഒരു കമ്പിളിപ്പുതപ്പുമേടിച്ചു് ദയവായി താഴെക്കാണുന്ന മേൽവിലാസത്തിൽ എന്റെ അമ്മയ്ക്കയച്ചുകൊടുക്കണം.

കത്തു വായിക്കുന്നതു കേൾക്കുവാൻ എല്ലാവരും ശ്രദ്ധിച്ചുനിൽക്കുകയായിരുന്നു. വായിച്ചുകഴിഞ്ഞപ്പോൾ തലേദിവസം തന്റെ മുമ്പിൽ ജോലിയന്വേഷിച്ചുവന്ന ചെറുപ്പക്കാരന്റെ കാര്യം ഡാക്ടരുടെ സ്മരണയിലെത്തി. അദ്ദേഹം ശവത്തിന്റെ മുഖത്തേക്കു് ഉററുനോക്കി. അവൻതന്നെ.

ഡാക്ടർ ആ കത്തു കയ്യിൽ വാങ്ങിച്ചു. എന്നിട്ടു മീനാക്ഷിയമ്മയുടെ മേൽവിലാസം ഡയറിയിൽ കുറിച്ചെടുത്തു.

പിറെറ ആഴ്ച മീനാക്ഷിയമ്മക്കു് ഒരു പാഴ്സൽ കിട്ടി. ഗോപാലൻ അവിടെയുണ്ടായിരുന്നു. അവൻ ആ പൊതി പൊട്ടിച്ചു. ഒരു കമ്പിളിപ്പുതപ്പു്! മീനാക്ഷിയമ്മയുടെ ആഹ്ലാദം അവർണ്ണനീയമായിരുന്നു. അവർ പുതപ്പുവാങ്ങി അതിനുള്ളിൽ ചുരുണ്ടുകൂടി ചൂടുപററിക്കിടന്നു. അപ്പോൾ അവർക്കു തോന്നി താനിനിയും മരിക്കുകയില്ലെന്നു്.

....0....


പുതുവർഷപ്പുലരിയിൽ ആലപ്പുഴ ഭഗവാൻതിയേറേറഴ്സ് അവതരിപ്പിക്കുന്ന രണ്ടു് ഉന്നത കലാശില്പങ്ങൾ!



## കുഞ്ഞാലി മരയ്ക്കാർ

[കേരള ചരിത്ര സംഗീതനാടകം]

## ★ അഴകുള്ള യക്ഷി ★

[രാഷ്ട്രീയ സംഗീതനാടകം]

ക്ഷേത്രപരിപാടികൾക്കായി "രാമരാജ്യം" എന്ന ഭക്തിരസപ്രധാനമായ ഹൈന്ദവ പുരാണകഥ സുപ്രസിദ്ധ രാഷ്ട്രീയകഥാപ്രാസംഗികൻ ഭഗവാൻ രാജൻ തയ്യാറാക്കിവരുന്നു.

വിവരത്തിന്– സെക്രട്ടറി, ഭഗവാൻ തിയേറേറഴ്സ്, ചന്ദനക്കാവു് — ആലപ്പുഴ.

# ★ കുളി ★

## (പെരുന്ന പി. കെ. വാസുദേവൻനായർ)

ഓണക്കാലത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ കളികളാണ് ഓർമ്മയിൽ ഓടിയെത്തുന്നത്. കളികഴിഞ്ഞാൽ കുളി ഒരാവശ്യവുമാണ്. കുളിയുടെ ചരിത്രത്തിലേക്ക് ഒന്നു തിരിഞ്ഞുനോക്കുന്നതിനാണ് ഈ ലേഖനംകൊണ്ടുദ്ദേശിക്കുന്നത്. അഗ്നിദീപ്തിയേയും ശുക്ലപുഷ്ടിയേയും ആയുസ്സിനേയും മനഃപ്രസാദത്തേയും കായബലത്തേയും പ്രദാനംചെയ്യുകയും മാലിന്യത്തെ മാററുകയും ദാഹത്തെ ശമിപ്പിക്കുകയും ശരീരാതപത്തെ അകററുകയും പാപം പരിഹരിക്കുകയുംചെയ്യുന്നതിന് കുളി പ്രയോജനപ്പെടുമെന്നാണ് ആയുർവേദവിധി. പക്ഷെ നമ്മുടെ പൂർവ്വികന്മാർ പച്ച മാംസവുംതിന്നു് മരത്തോലുമുടുത്ത് കാടുകളിൽ കഴിഞ്ഞിരുന്നപ്പോൾ കുളിയെ അത്ര കാര്യമായി കരുതിയിരുന്നില്ല. കുളിക്കാതെതന്നെ ജീവിച്ചു മരണമടഞ്ഞവരുമുണ്ട്. ആദിമനിവാസികൾ അഗ്നിയേപ്പോലെ ജലത്തേയും ഭയപ്പെട്ടിരുന്നു. ഇന്നും ശിശുക്കൾ ജലം കാണുമ്പോൾ ഭയാശങ്കകൾ പ്രകടിപ്പിക്കുന്നത് ആ പഴയ പാരമ്പര്യത്തിന്റെ പ്രതികരണമല്ലേ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. എന്തായാലും ഇന്നത്തെ പരിഷ്കൃതയുഗത്തിൽ കുളി മനുഷ്യന് അനിവാര്യമായ ഒരാവശ്യമാണ്. ദിവസം ഒരു പ്രാവശ്യമെങ്കിലും കുളിക്കേണ്ടതു് ശുചിത്വസംരക്ഷണത്തിനും ആരോഗ്യത്തിന്റെ നിലനിൽപ്പിനും കൂടിയേകഴിയൂ. പ്രാചീനഭാരതത്തിൽ സൗന്ദര്യസംരക്ഷണത്തിന് മുഖ്യമായ ഉപാധിയായി സ്വീകരിച്ചിരുന്നത് കുളിയാണ്. ഇരുപതാംനൂററാണ്ടിലെ പരിഷ്കൃതവനിത സൗന്ദര്യപോഷണത്തിന് പൌഡറും, പേസ്ററും, ക്രീമും, ക്യൂട്ടെക്സും, റൂഷും, ഗോൾഡൻസ്റ്റോയും മററും സുലഭമായി ഉപയോഗിക്കുമ്പോൾ പ്രാചീനഭാരതീയ വനിതകൾ കളിമണ്ണുകൊണ്ടാണ് അൽഭുതങ്ങൾ സൃഷ്ടിച്ചിരുന്നത്. നാനൂറുവർഷം മുമ്പുവരെ ഭാരതീയവനിതകൾ കളിമണ്ണുകൊണ്ടു് സൗന്ദര്യം സംരക്ഷിച്ചുവെന്നുള്ളതിന് ചരിത്രരേഖകളുമുണ്ട്. ചില നിശ്ചിതകാലങ്ങളിൽ വെൺമയും പശിമയുമുള്ള ഒരുതരം കളിമണ്ണ് അവർ നദീതടങ്ങളിൽനിന്ന് സംഭരിച്ച് ഗോളാകൃതിയിൽ ഉരുട്ടി വെയിലത്തുവച്ച് ഉണക്കി സൂക്ഷിക്കുമായിരുന്നു. കുളിക്കുന്ന സമയത്ത് ആവശ്യാനുസരണം ആ ഉണക്കിയ മണ്ണെടുത്തു കുഴച്ച് ശരീരത്തിൽ ലേപനം ചെയ്യുമായിരുന്നു. കുറച്ചുസമയം അതു ശരീരത്തിൽ തങ്ങിനിൽക്കുന്നതിന് അനുവദിച്ചിരുന്നു. പിന്നീട് ശുദ്ധജലമുപയോഗിച്ച് സ്നാനവുംചെയ്യും. ഇതു സാധാരണക്കാരുടെ രീതിയായിരുന്നു. രാജകുമാരികളും പ്രഭുകുമാരികളും കളിമണ്ണിന്റെ സ്ഥാനത്ത് ചന്ദനമാണ് ഉ



പയോഗിച്ചിരുന്നതു്. ചന്ദനംപൂശി സ്നാനംചെയ്തിരുന്നതുകൊണ്ടു് ശരീരത്തിനു കൂടുതൽ കുളിർമ്മയും ചർമ്മത്തിനു മൃദുതവും സുഗന്ധവും ലഭിച്ചിരുന്നു. ഇന്നു് അപൂർവ്വം ചിലരെങ്കിലും കുളികഴിഞ്ഞിട്ടു് ചന്ദനം ഉപയോഗിക്കുന്നുണ്ടു്.

പ്രാചീനകാലത്തു് ജൂതന്മാർ തൈലങ്ങളും ഔഷധങ്ങളും ലേപനം ചെയ്തിട്ടാണു് കുളി നടത്തിയിരുന്നതു്. കുളിയുടെ കാര്യത്തിൽ ഗ്രീക്കുകാരും ജൂതന്മാരുടെ പിന്നിലായിരുന്നു. അത്തീനിയൻസു് പരസ്യമായി സ്നാനംചെയ്യുന്നതു് നിഷിദ്ധമായി കരുതിയിരുന്നു. വളരെ ഗോപ്യമായി അനുഷ്ഠിക്കേണ്ട ഒരു കർമ്മമായിട്ടാണു് അവർ കുളിയെ കരുതിയിരുന്നതു്. പേർഷ്യാക്കാർ പ്രാചീനകാലത്തും കുളിയുടെ കാര്യത്തിൽ വളരെ പുരോഗമിച്ചിരുന്നു. ഡേറിയസു് സ്നാനംചെയ്യുന്ന രീതിയെക്കുറിച്ചു് ധരിച്ചപ്പോൾ അലക്സാണ്ടർപോലും അത്ഭുതസ്തബ്ധനായിട്ടുണ്ടെന്നുള്ളതിനു് ചരിത്രരേഖകളുണ്ടു്.

പ്രാചീന റോമാക്കാർ ശാരീരികമായ അഭ്യാസങ്ങളും വ്യായാമങ്ങളും ചെയ്തതിനു ശേഷമാണു് കുളി നടത്തിയിരുന്നതു്. പണ്ടത്തെ റോമാനഗരിയിൽ നീന്തിക്കുളിക്കുന്നതിനായി നിർമ്മിച്ചിരുന്ന വാപികളുടെ നഷ്ടാവശിഷ്ടങ്ങൾ അപൂർവ്വമായി ഇന്നും കാണുന്നുണ്ടു്. വളരെ പഴയകാലത്തുതന്നെ ഇന്നത്തെ എഞ്ചിനീയറന്മാരെ അത്ഭുതപ്പെടുത്തുന്ന "വാട്ടർ സപ്ലൈസിസ്റ്റം" റോമാനഗരത്തിൽ നിലവിലുണ്ടായിരുന്നു.

കാലം പുരോഗമിച്ചതോടെ കുളിയുടെ ചരിത്രത്തിലും പരിവർത്തനങ്ങൾ സംഭവിച്ചു. ചില പ്രത്യേക രോഗങ്ങളുടെ ശമനത്തിനു് ഔഷധങ്ങൾ ഇട്ടു് തിളപ്പിച്ചു തണുപ്പിച്ച വെള്ളം പ്രയോജനപ്പെടുത്താമെന്നു് വൈദ്യശാസ്ത്രം അനുശാസിക്കുന്നുണ്ടല്ലോ. വാതരോഗികൾക്കു് ഔഷധങ്ങൾ ചേർത്ത ചൂടുവെള്ളം കൊണ്ടു് സ്നാനംചെയ്യുന്നതു് രോഗശമനത്തിനു് സഹായകമാണു്. പൊതുവെ വെള്ളംചൂടാക്കി കുളിക്കുന്നതുകൊണ്ടു് ചില പ്രത്യേക ഗുണങ്ങളുണ്ടു്. വളരെയേറെ തടിച്ച ശരീരമുള്ളവരും രക്തസമ്മർദ്ദത്തിന്റെ ഉപദ്രവമുള്ളവരും പച്ചവെള്ളത്തിൽ കുളിക്കാതിരിക്കുന്നതാണു് ഉത്തമം. 102 മുതൽ 110 ഡിഗ്രി വരെ ചൂടുള്ള വെള്ളം കുളിക്കുന്നതിനു് ഉപയോഗിക്കാം. ചൂടുള്ള വെള്ളത്തിൽ കുളിക്കുമ്പോൾ ശരീരത്തിലെ രക്തധമനികൾക്കു് ഒരു ഉണർവ്വും ഊർജ്ജിതവും ലഭിക്കും. കുളി കഴിയുമ്പോൾ ശരീരത്തിനു് പുതിയൊരു ചൈതന്യവും സുഖവും അനുഭവപ്പെടുകയുംചെയ്യും.

തുർക്കികളുടെ സ്നാനരീതിക്കു് ചില പ്രത്യേകതകളുണ്ടു്. തുർക്കികൾ പൊതുവെ ശാരീരികമായി സാമാന്യത്തിലധികം തടിച്ച വർഗ്ഗമാണു്. ദുർമേദസ്സുകൊണ്ടാണു് ശരീരം കൊഴുത്തുതടിക്കുന്നതു്. കൊഴുപ്പുള്ള ആഹാരങ്ങൾ ഉപയോഗിച്ചാൽ ശരീരം തടിക്കുകയും ചെയ്യും. ശരീരത്തിന്റെ തടിപ്പിനെ ചുരുക്കുന്നതിനു് പര്യാപ്തമായ ചില ഔഷധങ്ങൾ ചേർത്ത ജലത്തിലാണു് തുർക്കികൾ കുളിക്കുന്നതു്. ഹൃദ്രോഗമുള്ളവരും ശരീരം ക്രമാതീതമായി തടിച്ചവരും "ടർക്കിഷ് ബാത്തു്" സ്വീകരിക്കുന്നതു് അഭികാമ്യമായിരിക്കും.

ഗ്രീക്കുകാരുടെയും റോമാക്കാരുടെയും ഇടയിൽ സൂര്യാതപസ്നാനവും നിലനിന്നിരുന്നു. ശിരസ്സു് ഒരു തുണികൊണ്ടു് മൂടിപ്പൊതിഞ്ഞിട്ടു് ശരീരത്തിന്റെ ഇതരഭാഗങ്ങളിൽ സൂര്യപ്രകാശം നല്ലവണ്ണം ഏൽക്കത്തക്കവണ്ണം അനാവരണം ചെയ്യുകയാണു് സൂര്യാതപസ്നാനത്തിന്റെ സാമാന്യസ്വഭാവം. സൂര്യരശ്മി നഗ്നശരീരത്തിൽ ഏൽക്കുന്നതു് പലതരത്തിലും പ്രയോജനകരമാണു്. "പോക്കുവെയിൽ പൊന്നാക്കുമെന്നു്" തമിഴിൽ ഒരു പഴമൊഴിയുമുണ്ടല്ലോ. സായാഹ്നസമയത്തു് കടൽപ്പുറത്തുചെന്നു വെയിൽ കൊള്ളുന്നതു് ശരീരത്തിനു വളരെ നല്ല


8 രൂപാ മുടക്കി 200 രൂപായുടെയും
4 രൂപാ മുടക്കി 100 രൂപായുടെയും സ്വർണ്ണാഭരണങ്ങൾ
യാതൊരു ബാദ്ധ്യതയും കൂടാതെ സമ്പാദിക്കാവുന്ന

മോഹൻ ജുവലേഴ്സിന്റെ

5-ാമതു് സ്വർണ്ണാഭരണ വിതരണപദ്ധതി

★ 1960 ഒക്ടോബർ 8-ന് ആരംഭിക്കുന്നു. ★

വ്യവസ്ഥകൾ അടങ്ങിയ പ്രോസ്പക്ടസിന് 15 നയാപൈസാ സ്റ്റാമ്പുസഹിതം എഴുതുക.

മോഹൻ ജുവലേഴ്സ് (S) ആലപ്പുഴ—കേരളാ.

സ്ഥാപിതം: 1928. ഫോൺ: 678

താണ്. ശരീരത്തിലുള്ള രക്തധമനികളിലെ രക്തപ്രവാഹത്തിന്റെ ഗതിയെ ത്വരിപ്പിക്കുന്നതിന് സൂര്യരശ്മിക്ക് അൽഭുതാവഹമായ കഴിവുണ്ട്. ആരോഗ്യവർദ്ധനവിനു മാത്രമല്ല രോഗികളിൽ നിന്ന് വിമോചനം നേടുന്നതിന് സൂര്യനമസ്ക്കാരം ചെയ്യുന്നതും ഈ തത്വത്തിന്റെ അടിസ്ഥാനത്തിലാണ്. സൂര്യാതപസ്നാനത്തിന്റെ പ്രയോജനത്തെപ്പററിയുള്ള, ഒരു വിദഗ്ദ്ധനായ ഡാക്ടരുടെ അഭിപ്രായംകൂടി ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. "സൂര്യരശ്മി ശരീരത്തിന് ഒരു വിശിഷ്ട ടോണിക്കിന്റെ പ്രയോജനം ചെയ്യും, അതു സിരകളുടെ പ്രവർത്തനത്തെ പുനരുജ്ജീവിപ്പിക്കും. മന്ദതയെ മാററും. നവ്യമായ ഉന്മേഷവും ഉത്സാഹവും ഉത്തേജിപ്പിക്കും, മനഃശക്തിയുടെ വർദ്ധനവിനും ബുദ്ധിയുടെ വികാസത്തിനും സഹായിക്കും. സൂര്യാതപസ്നാനം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സൂര്യാതപസ്നാനം ചെയ്യാത്ത വിദ്യാർത്ഥികളേക്കാൾ പത്തുശതമാനമെങ്കിലും കൂടുതൽ ധീഷണാവൈഭവമുണ്ടാകുന്നുണ്ടെന്ന് പരീക്ഷണങ്ങൾ തെളിയിച്ചിട്ടുമുണ്ട്."

ഭാരതീയർ പാശ്ചാത്യരേക്കാൾ എണ്ണതേച്ചുകുളിക്കുന്നതിന് പ്രാധാന്യം നൽകുന്നുണ്ട്. നിത്യവും എണ്ണതേച്ചുകുളിക്കുന്നതു് വാർദ്ധക്യത്തെ തടയുന്നതിന് സഹായിക്കും; ആയാസാദികൾ നിമിത്തം ശരീരത്തിനുണ്ടാകുന്ന ക്ഷീണത്തെ മാററും; വാതത്തെ ശമിപ്പിക്കും; കണ്ണിനു തെളിച്ചമുണ്ടാക്കും; ശരീരത്തിനു പുഷ്ടിയും; ആയുസ്സും വർദ്ധിപ്പിക്കും; സുഖനിദ്രയ്ക്കു സഹായിക്കും. എണ്ണ പുരട്ടിയ മൺകുടവും ജന്തുക്കളുടെ തോലും, വണ്ടിച്ചക്രവും ഏതുപ്രകാരം ഉറപ്പും ബലവും ഭാരം താങ്ങുന്നതിന് ശക്തിയുള്ളതുമായിത്തീരുമോ അതുപോലെ എണ്ണതേച്ചുകുളിച്ചാൽ മനുഷ്യശരീരത്തിന് ദൃഢതയും നിറവും ക്ലേശം സഹിക്കുന്നതിനുള്ള ശക്തിയും ലഭിക്കുന്നതാണ്. ദീപാവലി തുടങ്ങിയ ഹൈന്ദവവിശേഷദിവസങ്ങളിൽ എണ്ണതേച്ചുകുളി മുഖ്യമായ ഒരു ചടങ്ങാണ്. മലയാളത്തിൽ "വാണിയനു കൊടുക്കാത്തതു് വൈദ്യനു കൊടുക്കമെന്നു്" ഒരു പഴഞ്ചൊല്ലുണ്ട്. എണ്ണതേച്ചു കുളിച്ചില്ലെങ്കിൽ രോഗിയായിത്തീരുമെന്നാണ് ആ പഴമൊഴിയുടെ പൊരുൾ. നല്ലെണ്ണയും വെളിച്ചെണ്ണയും കൂടാതെ കടുകെണ്ണയും ചിലർ തേച്ചുകുളിക്കുന്നതിന് ഉപയോഗിക്കുന്നുണ്ട്. ജലദോഷത്തിനും മററു പല രോഗങ്ങൾക്കുമുള്ള മൂലകാരണം എണ്ണതേച്ചുകുളിയുടെ അഭാവമാണെന്നാണ് വൈദ്യന്മാരുടെ അഭിപ്രായവും.

ഭാരതീയരുടെ സാമൂഹ്യാചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും കുളിയുമായി അഭേദ്യമായ ബന്ധമുണ്ട്. പുണ്യതീർത്ഥങ്ങളിൽ സ്നാനംചെയ്യുന്നതുകൊണ്ട് പാപംപരിഹരിക്കാമെന്ന് ഹിന്ദുക്കൾ വിശ്വസിക്കുന്നു. ക്രിസ്ത്യാനികൾക്ക "ജ്ഞാനസ്നാനം" കൂടിയേ തീരു. ചില സമുദായക്കാർ വിവാഹാനന്തരമുള്ള ആദ്യത്തെ കുളിക്ക് വളരെ പ്രാധാന്യം നൽകുന്നുണ്ട്. ഹൈന്ദവബാലികമാർ പ്രായംതികഞ്ഞ ഋതുവായാൽ ആ ചടങ്ങുസംബന്ധിച്ച് ആദ്യം നടത്തുന്ന സ്നാനവും ആഘോഷപൂർവ്വമാണ് നിർവഹിക്കുന്നതു്. ആരെങ്കിലും മരിച്ചാൽ ശേഷക്രിയകൾ നടത്തി പുലകുളിക്കേണ്ടതും ആവശ്യമാണ്. ഹൈന്ദവക്ഷേത്രങ്ങളിലെ ഉത്സവച്ചടങ്ങുകൾ സമാപിക്കുന്നതും ആറാട്ടോടുകൂടിയാണ്. ആറാട്ട് ദേവന്മാരുടെയും ദേവിമാരുടെയും സ്നാനവുമാണല്ലോ.

നദികളിലെ ജലത്തിൽ പ്രായേണ ധാതുക്കളും ലവണാംശങ്ങളും അലിഞ്ഞുചേർന്നിരിക്കും. അതിനാൽ നദീജലത്തിൽ സ്നാനംചെയ്യുന്നത് ശാരീരികമായ ദൗർബല്യങ്ങളെ പരിഹരിക്കുന്നതിനു സഹായിക്കുന്നു. ആഴ്ചയിൽ ഒരുദിവസമെങ്കിലും കടലിലെ ഉപ്പുവെള്ളത്തിൽ കുളിക്കുന്നതു് ഉത്തമമാണ്. കടൽക്കരയിൽച്ചെന്ന് ശിരസൊഴിച്ചുള്ള ശരീരഭാഗങ്ങൾ മണൽകൊണ്ട് ആവരണംചെയ്യുന്നതും ആരോഗ്യത്തിന് സഹായകമാണ്. സൂര്യതാപമേററ് ചെറുചൂടുള്ള മണൽവാരി ശരീരത്തിൽ മെല്ലെ തിരുമ്മുന്നതുകൊണ്ടും പ്രയോജനമുണ്ട്. അരുവികളിലെ സ്നാനവും ആരോഗ്യദായകമാണ്. അരുവികളിലെ ജലത്തിൽ ഇംഗാലാമ്ളവാതകത്തിന്റെ ശതമാനം വളരെ കൂടുതലാണ്. ആ വാതകം കലർന്ന ജലത്തിൽ കുളിക്കുമ്പോൾ ശരീരത്തിലെ രക്തപ്രവാഹത്തെ ത്വരിപ്പിക്കുന്നതിന് അതു സഹായിക്കുകയുംചെയ്യും.

മാനസികമായ അസ്വസ്ഥതകൾ അകററുന്നതിനും സ്നാനം സഹായിക്കുന്നുണ്ട്. മാനസികരോഗങ്ങൾക്ക ചികിത്സനടത്തുന്ന ആഫ്റിക്കയിലെ സ്ഥാപനങ്ങളിൽ സ്നാനത്തിന് കൂടുതൽ പ്രാധാന്യംനൽകിക്കാണുന്നു. നീലനിറം കലർത്തിയ ജലത്തിലാണ് പ്രസ്തുത സ്ഥാപനത്തിൽ രോഗികളെ സ്നാനംചെയ്യിക്കുന്നതു്. വലിയ തൊട്ടികളിൽ നീലജലം നിറച്ചിട്ട് അവയിൽ രോഗികൾ വളരെനേരം മുഴുകിക്കിടക്കുവാൻ നിർദ്ദേശിക്കുന്നു. കുളിമുറിയുടെ ഭിത്തികൾപോലും നീലനിറത്തിലുള്ള ചായം പൂശിയിരിക്കും. വെള്ളക്കുഴലുകൾ ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ അവയ്ക്കും


# ഉഷാ ജൂവലറിയുടെ

## വിജയകരമായ 2-ാമത്തു് സ്വർണ്ണാഭരണവിതരണപദ്ധതി

### ആദ്യനറുക്കെടുപ്പ് 1960 സെപ്തംബർ ആദ്യവാരത്തിൽ

**7-50** രൂപാമുടക്കി **300** രൂപയുടെ സ്വർണ്ണാഭരണങ്ങൾ യാതൊരു ബാദ്ധ്യതയും കൂടാതെ സമ്പാദിക്കുക. ആദ്യനറുക്കെടുപ്പിൽ വിജയിക്കുന്ന അംഗത്തിന് **501** രൂപയുടെ സ്വർണ്ണാഭരണങ്ങൾ ലഭിക്കുന്നതാണ്. നിരാശപ്പെടാതെ ഉടൻതന്നെ ഞങ്ങളുടെ ഈ ലഘുപദ്ധതിയിൽ ചേരുക.

കൂടുതൽ വിവരങ്ങൾക്ക് 8 ന: പൈസാ സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

*Prop: M. A.* **വേലായുധൻ, ഉഷാജൂവലറി, പാലസ്റോഡ്-ചങ്ങനാശേരി.**

നീല പെയിൻറായിരിക്കും നൽകിയിരിക്കുന്നതു്. ഇലക്ടിക്ക ലൈററുകളുണ്ടെങ്കിൽ അവയ്ക്കു നൽകിയിട്ടുള്ള ബൾബുകളും നീലനിറത്തിലുള്ളവയായിരിക്കും. അങ്ങിനെ സമ്പൂർണ്ണമായി നീലിമയുള്ള ഒരു അന്തരീക്ഷത്തിലായിരിക്കും രോഗികൾ സ്നാനംചെയ്യുന്നതു്. ഇമ്മാതിരിയുള്ള സ്നാനംകൊണ്ടു് പല മാനസികരോഗികളുടെയും രോഗത്തിനു് ശമനം ലഭിച്ചിട്ടുണ്ടു്. സ്നാനാനന്തരം രോഗിക്കു് ഗാഢമായ നിദ്ര ലഭിക്കും. ഗാഢമായ നിദ്ര ലഭിച്ചാൽ മാനസികരോഗത്തിനു് ക്രമേണ ശമനം ലഭിക്കുമെന്നുള്ളതു് നിഷേധിക്കാനാവാത്ത ഒരു പരമാൎത്ഥവുമാണല്ലൊ.

ക്രമാതീതമായി ശരീരം തടിക്കുന്നതും ഒരുതരം രോഗമായി കരുതിയാൽ മതി. അവൎക്കു് അനായാസമായി ഒന്നും പ്രവൎത്തിക്കുക സാദ്ധ്യമല്ല. അമിതമായി ശരീരം തടിച്ചിട്ടുള്ളവരുടെ ശരീരം ശോഷിപ്പിക്കുന്നതിനു് ആലക്തികശക്തി ഉപയോഗിക്കുന്ന രീതിയിലും ചില പരിഷ്കൃതരാജ്യങ്ങളിൽ സ്വീകരിച്ചിട്ടുണ്ടു്. നേരിയ "ഇലക്ടിക്കകറൻറു" കൊണ്ടു് ശരീരം വിയൎപ്പിക്കും. വിയൎപ്പുകൊണ്ടു് ശരീരം കുളിച്ചപോലാകും. നിരന്തരമായി ഇങ്ങനെ വിയൎപ്പിക്കുമ്പോൾ ശരീരത്തിലെ ദുർമ്മേദസ്സ് വിയൎപ്പായി ബഹിർഗമിക്കുകയും, ശരീരത്തിൻെറ തൂക്കം കുറയുകയും, സാധാരണ നിലവാരത്തിലേക്കു് എത്തിച്ചേരുകയുംചെയ്യും.

പരിഷ്കൃതരാജ്യങ്ങളിൽ സ്നാനം ഒരു വിനോദകലയുടെ നിലയിലേയ്ക്കു് ഉയൎന്നിട്ടുണ്ടു്. സ്നാനഘട്ടങ്ങളും, "ബേത്തിംഗ്പൂളുകളും" മനോഹരമായി നിൎമ്മിക്കപ്പെടുന്നുമുണ്ടു്. കടൽക്കരയിൽ നിൎമ്മിക്കുന്ന സ്നാനഘട്ടങ്ങളിൽ കടൽജലം പ്രവേശിക്കുന്നതിനും വെളിയിൽ പോകുന്നതിനും സൗകൎയ്യമുണ്ടായിരിക്കും. കൃത്രിമമായി നിൎമ്മിക്കുന്ന "ബേത്തിംഗ്ടാങ്കുക"ളും ഇന്നു് സുലഭമാണു്. നീന്തലുകളും കുളിയുമെല്ലാം പരസ്യമായി നടത്തുന്ന ഒരു വിനോദകലയായി അംഗീകരിച്ചിട്ടുമുണ്ടു്. പുതുതായി ഇന്ത്യയിൽ നിൎമ്മിക്കുന്ന അണക്കെട്ടുകളുടെ സമീപത്തും ഇപ്പോൾ "ബേത്തിംഗ്പൂളുകൾ" നിൎമ്മിക്കുന്നുണ്ടു്.

പരിവൎത്തനദശകളെ തരണംചെയ്തുകൊണ്ടു് കുളി ഇന്നത്തെ നിലയിലേക്കു പുരോഗമിച്ചിട്ടുണ്ടു്. ചൂടുവെള്ളത്തിൽ ഇഞ്ചയോ, നല്ല സോപ്പോ ഉപയോഗിച്ചുകൊണ്ടുള്ള സ്നാനമാണു് ലഘുവും സുഖകരവുമായിട്ടുള്ളതു്. ആയുൎവ്വേദവിധിപ്രകാരമാണെങ്കിൽ ത്രിഫലയിട്ടു ചൂടാക്കിയ വെള്ളം ഏററവും ഉത്തമമാണു്. അലോപ്പതിക്കാർ "എപ്സംസാൾട്ടു്" ഉപയോഗിക്കുവാൻ നിർദ്ദേശിക്കുന്നു. ഒരു സ്പൂൺ അമോണിയംകൂടി കുളിക്കുന്ന ജലത്തിൽ കലൎത്തി ഉപയോഗിച്ചാൽ ത്വക്കിനു് മാർദ്ദവവും മസൃണതയും ലഭിക്കും. അമോണിയവും "എപ്സംസാൾട്ടും" അൽപ്പം ചെറുനാരങ്ങാനീരും കലൎത്തിയ ജലത്തിൽ പതിവായി സ്നാനംചെയ്താൽ ത്വക്‌രോഗബാധയിൽനിന്നു് ശാശ്വതമായി വിമോചനംനേടാൻ കഴിയും. സൗകൎയ്യമുള്ളവർ പരിഷ്കൃതരീതികൾ സ്വീകരിക്കട്ടെ. അതിനു സൗകൎയ്യമില്ലാത്തവർ നല്ല ഒഴുക്കുള്ള ജലത്തിൽ നിത്യവും മുങ്ങിക്കുളിക്കുന്നതിനു് ശ്രമിക്കട്ടെ. എന്തായാലും കുളിയുടെ കാൎയ്യത്തിൽ ആരും ഒരു "പണിമുടക്കിനു" തുനിയരുതെന്നുമാത്രമേ ഈ ലേഖകനു് ഒരു അപേക്ഷയുള്ളു.

—o—


# പ്രമേഹരോഗികൾ ശ്രദ്ധിക്കുക!

# ★ സലോബ്സിൻ ★

**(Regd. by Govt: of India)**

പ്രമേഹരോഗത്തിന് ഇന്ന് ഡാക്ടറന്മാർ ശുപാർശചെയ്തുവരുന്ന സിദ്ധൗഷധമാണ്
ഞങ്ങളുടെ സലോബ്സിൻ (SALOBCEIN)

HERE IS THE OPINION OF AN EMINENT DOCTOR:—

"I have tried Salobcein Tablets manufactured by Messrs, Varmas Ayurveda Pharmacy, Alleppey for the last six months on cases of Diabetes Mellitus. The total number of cases treated with the above drug was about 200. In all the cases Fasting Blood sugar estimation was done before and after treatment. Excepting in about 5--7 % of the cases in all the rest the results were very good as estimated by the symptoms and blood and urine analysis. I have not found any untowards side re-actions also. Considering the economy and utility of the drug I feel this is something of real interest to people suffering from "DIABETES MELLITUS"

Dr. R. SANKARA RAM B Sc., M B. B S.
Narayana Guru Medical Mission, Pathirappally, ALLEPPEY.

30 ഗുളികകൾ അടങ്ങിയ കുപ്പി ഒന്നുക്കു് വില 4—00
60 ഗുളികകൾ അടങ്ങിയ കുപ്പി ഒന്നുക്കു് വില 7—50
വി. പി. ചാർജ്ജു് പുറമെ.

ആവശ്യപ്പെടുക—

**വർമ്മാസ് ആയുർവ്വേദഫാർമസി (*Regd*) മുല്ലയ്ക്കൽ, ആലപ്പുഴ**



# പ്രതീക്ഷിക്കുക!

പുലരിയുടെ പുതുമയും പിടുങ്ങിക്കൊണ്ടു്
രണ്ടു് പൊൻതാരങ്ങൾ!!

കോളേജിൽനിന്നും
നേരിട്ടു് വെള്ളിത്തിരയിലിറങ്ങി
കോളിളക്കം സൃഷ്ടിക്കുന്നു!

**സാധനാ, ജോയിമുക്കർജി,**
നടിച്ച

ഫിലിമാലയായുടെ

# ലവ് ഇൻ സിംലാ



**നിർമ്മാണം:**
എസ്സ്. മുക്കർജി.

★

**സംവിധാനം:**
ആർ. കെ. നയ്യാർ

★

നിങ്ങളുടെ നാവിൽ നിക്ഷേപിക്കപ്പെടുന്ന
11 പാട്ടുകൾ!

★

സംഗീതം: ഇക്ബാൽ.

NAZY

## Kerala: Manorama Pictures.

# ★ ഈടുററ പുസ്തകങ്ങൾ ★

**1.** വിശ്വമഹാകവി വില്ല്യം ഷേക്സ്പിയറുടെ

**ജൂലിയസ് സീസർ**

വിവത്തകൻ: ഡാക്ടർ പി. എസ്സ്. നായർ
വില ക. 2 00

**2. വേർപാടും വേദനയും**

വിശ്വസാഹിത്യനായകന്മാരിൽ അഗ്രിമനായ ഐവാൻ ടർജ്ജിനേവിൻെറ ഏററവും മികച്ച നോവലായ The nest of the Gentry-യുടെ പരിഭാഷ. വിവത്തകൻ: കെ. എൻ. കേശവൻ മാവേലിക്കര. വില ക. 3 50

**3. ചെമന്ന കൈപ്പത്തി**

18-ൽപരം ഡിററക്ടീവ് നോവലുകളെഴുതി സഹൃദയരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭൂതനായ ഒരു സാഹിത്യകാരനുണ്ട്; ദുർഗ്ഗാപ്രസാദ്ഖത്രി. അദ്ദേഹത്തിൻെറ ഏററവും പ്രസിദ്ധമായ കൃതിയാണീ ചെമന്ന കൈപ്പത്തി. വിവത്തകൻ: മോഹൻ ഡി. കങ്ങഴ. വില ക. 2 00

**4. മൃത്യുകിരണം**

ചെമന്ന കൈപ്പത്തിയുടെ തുടർച്ചയാണ് നാലുഭാഗങ്ങൾ ഉള്ള ഈ പുസ്തകം. വിവത്തകൻ: മോഹൻ ഡി. കങ്ങഴ.
ഒന്നാംഭാഗം വില ക. 2 00 രണ്ടാംഭാഗം 2 50
മൂന്നാംഭാഗം വില ക 2 50 നാലാംഭാഗം 2 50

**5. ലണ്ടൻകൊട്ടാരത്തിലെ രഹസ്യങ്ങൾ**

റൈനോൾഡ്സിൻെറ വിശ്വപ്രസിദ്ധമായ കൃതി. ബ്രിട്ടീഷ്ഗവണ്മെൻറിൻെറ നിരോധനാജ്ഞയ്ക്കു വിധേയമായതാണീ പുസ്തകം. വിവത്തകൻ: എം. എസ്സ്. മണി. ഒന്നാംഭാഗം വില ക. 3 50
മററുഭാഗങ്ങൾ അച്ചടിയിൽ.

**6. ഇസ്പേഡ് റാണി**

പ്രശസ്ത കവിയും നോവലിസ്റ്റുമായ പുഷ്കിൻെറ ഏററവും മികച്ച നോവൽ. വിവത്തകൻ: കെ. ഷണ്മുഖം. വില ക. 1 50

**7. നാനാ**

എമിലിസോളായുടെ, ഏററവും കോളിളക്കമുണ്ടാക്കിയ നോവലാണ് നാനാ—ഒരു വേശ്യയുടെ കഥ. വിവത്തകൻ: എൻ. എൻ. ഇളയത്, അമ്പലപ്പുഴ. വില ക. 3 50

**8. അഗ്നിപർവ്വതം**

By അനന്തഗോപാൽ ഷേവഡേ. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൻെറ പശ്ചാത്തലത്തിൽ രചിച്ച ശോകപര്യവസായിയായ ഒരു നോവൽ. വിവത്തകൻ: മോഹൻ ഡി. കങ്ങഴ. വില ക. 2 00

**9. ചെക്കോവിൻെറ കഥകൾ**

ആൻറൺചെക്കോവിൻെറ ഏതാനും കഥകളുടെ ഒരു സമാഹാരം. വിവത്തകൻ: ഡി. ശ്രീമാൻ നമ്പൂതിരി വില ക. 1 50

**10. ഹരൻസ്**

**ഇംഗ്ലീഷ്-മലയാള നിഘണ്ടു**

By N. H Haran M A. ഏററവും മികച്ച ഇംഗ്ലീഷ്-മലയാള ശബ്ദകോശം. കേരളാ ഗവണ്മെൻറ് അംഗീകരിച്ചതു്.
രണ്ടു ഭാഗങ്ങൾ. വില ക. 16 00

**11. ഹരൻസ്**

**ഹിന്ദി-മലയാള നിഘണ്ടു**

By N H. Haran M. A. ഏററവും വലിയ ഹിന്ദി-മലയാള ശബ്ദകോശം. ഒരു ലക്ഷത്തിൽ പരം വാക്കുകൾ. വില ക. 10 00

**12. സംശയനിഘണ്ടു**

By N. H. Haran M A., കുട്ടികളുടെ മലയാള ശബ്ദകോശം. വില ക. 3 00

**13. ശ്രീമദ് ഭഗവദ്ഗീത**

"ഭാവദർപ്പണം" വ്യാഖ്യാനം. വ്യാഖ്യാതാവ്: പണ്ഡിററ് കെ. കെ. പണിക്കർ. പദം, അന്വയം, പദാർത്ഥം, വ്യുല്പത്തി, വ്യാകരണകാര്യം, തത്വവിശദീകരണം, ആക്ഷേപസമാധാനങ്ങൾ തുടങ്ങി ആവശ്യവിജ്ഞേയങ്ങളായ പലതും ഇതിലിണങ്ങിനിൽക്കുന്നു. ഭഗവദ്ഗീതയ്ക്കു പലതുണ്ട് വ്യാഖ്യാനങ്ങൾ. മലയാളത്തിൽ അവയെല്ലാം ഒന്നടങ്കം അലംകരിക്കുന്ന ഒരുത്തമ വ്യാഖ്യാനമത്രെ "ഭാവദർപ്പണം" വില ക. 7 00

**14. ശ്രീ മഹാദേവി ഭാഗവതം**

കേരള ഭാഷാഗാനം. വിവത്തകൻ: പണ്ഡിററ് കെ. കെ. പണിക്കർ. ഹൈന്ദവരുടെ അഷ്ടാദശ പുരാണങ്ങളിൽ അഗ്രപൂജയിൽ നിൽക്കുന്ന ശ്രീ മഹാദേവി ഭാഗവതം, മലയാണ്മയുടെ മാധുര്യംതുളുമ്പുന്ന ഈരടികളിൽ ഇതാ മനോജ്ഞരൂപമെടുത്തിരിക്കുന്നു. ആ പുരാണരത്നത്തെ, അതിൻെറ സമഗ്രഭാവത്തിൽ കാണുവാനും ആസ്വദിക്കുവാനും ആഗ്രഹിക്കുന്നവർ ഞങ്ങൾക്ക് ഉടൻതന്നെ എഴുതുക. ഒന്നാംഭാഗം വില ക. 5 00. രണ്ടാംഭാഗം അച്ചടിയിൽ.

**ആവശ്യപ്പെടുക— വിദ്യാരംഭം പ്രസ്സ്, ആലപ്പുഴ. ഫോൺ 2334.**

# ഒരു നടിയുടെ കഥ

(മൂടാടി ദാമോദരൻ)

(കാട്ടുന്നൊന്നുണ്ട്.......എന്ന രീതി)

കർണ്ണരന്ധ്രമധുരിമവീശി
കണ്ണിൽ സങ്കല്പനിർവൃതി വീശി
മന്ദമന്ദമലയടിച്ചെത്തി
യന്നവിടെയാ വാർത്തതൻശക്തി
"പുന്നെൽ പൊൻകതിരാടുമീനാട്ടിൽ
തെങ്ങോലകൾ ചിരിക്കുമീനാട്ടിൽ
വന്നണഞ്ഞിടുമന്നൊരുനാളിൽ
മന്നിലുള്ളൊരപ്പൊൻപുതുതാരം."
പത്രപംക്തി ചുമർപരസ്യങ്ങൾ
പുത്തൻപുത്തൻ പടങ്ങളിതൊക്കെ
എത്രവട്ടം മിനുക്കിവരച്ചു
ചിത്രമപ്പുതുതാരകത്തിൻെറ
കണ്ടിട്ടില്ലവരാരു,മെന്നാലും
വിണ്ടലത്തിൽ മഴവില്ലുപോലെ
കാന്തിവീശിയച്ചിത്രം കുണുങ്ങി-
ച്ചിന്തതൻ മണിത്തേരിലലഞ്ഞു.

II

പുത്തൻപൊൻകതിരാടുമാനാട്ടി-
ലന്നാമന്നിലെത്താരമിറങ്ങി.
ദേവകന്യകൾ കൂടിയവൾതൻ
ദേഹകാന്തിയെയോർത്തിരിക്കില്ല.
മിന്നലിട്ടു മിനുക്കിയതാണ്
മിന്നിമിന്നുമക്കണ്ണിണരണ്ടും
കാറൊളിഞ്ഞ് ചുരുണ്ടുചുരുണ്ട്
കാലടിവരെയെത്തുന്നകേശം.
വെള്ളിമേഘധവളിമപോലും
തള്ളിയെത്തുന്ന ദന്തനികരം.
കച്ചതള്ളിക്കിടക്കുന്നാമാറിൽ
കൊച്ചരിപ്രാവിണകുറുമ്മി,
നിന്നവളൊരു മാൻപേടപോലെ
വന്നാരംഗത്ത് പൊന്നൊളിവീശി
മാരിവില്ല് കുലച്ചതുപോലെ
മാധവമാസപ്പൂവനിപോലെ
കാമ്യകാമ്യമാരൂപലാവണ്യം
രമ്യരമ്യമാരംഗവിലാസം
കൺമുനകൾതൻ ക്രമ്പുകൾ പച്ച
ക്കണ്ണെടക്ക് പുറത്തുവഴിച്ചു
ചൊല്ലുകയാണത്താരകം നാട്യ-
ശാസ്ത്രശക്തിതന്നത്ഭുതമൊക്കെ...!

III

തീർന്നക്കൊച്ചുപ്രസംഗമൊരേതോ
തീനാളം മിന്നിക്കെട്ടതുപോലെ
കയ്യടികളഭിനന്ദനങ്ങൾ
മെയ്യഴകിന്നു സമ്മാനംവേറെ
കീർത്തിമുദ്രാപ്രശംസാ പത്രങ്ങ-
ളോർത്തതില്ലവളിത്രകോപ്പൊന്നും
നാട്ടുമുഖ്യനാം സോമൻെറ സ്വന്തം
കാഴ്ചദ്രവ്യങ്ങൾ വേറെ പുറമേ
തൻകടക്കൺമുനകളാൽ തട്ടി



പുഞ്ചിരിതൻപുതുനിലാവൂട്ടി
മന്ദമന്ദമച്ചുണ്ടിണരണ്ടു
"നന്ദി"മാത്രമൊഴുക്കി പകരം
മാനംകൂടിത്തരിച്ചുപോയന്നീ
മാനവാശയഗ്രദ്ധതയോർത്തു
കാററുകൂടിനിലച്ചൽപ്പമെന്തോ
കാട്ടുമുല്ലകൾ താനേചിരിച്ചു.

IV

കണ്മുനകളിൽ കാന്തികൊരുക്കും
മണ്ണിലെനവതാരകത്തിന്നായ്
സ്വർണ്ണനാണയത്തുട്ടുകൾ കാൽക്കൽ
വർണ്ണപുഷ്പങ്ങളാക്കിയ സോമൻ
സ്വന്തഹൃത്തിനെക്കൂടിയും കാഴ്ച
പ്പണ്ടമാക്കുവാൻ പോവുകയാണ്.
നാണയത്തിനുമാത്രമായ് പൊങ്ങി-
ക്കാണുമക്കരെക്കുമ്പിളിനുള്ളിൽ
സ്വന്തഹൃത്തടം വെച്ചുനീട്ടേണം
ചിന്തകൊണ്ടയാൾ കപ്പലോടിച്ചു

V

മോടികൂട്ടിയലങ്കരിച്ചോരാ-
മോഹനമാം കിടപ്പറക്കുള്ളിൽ
തൂവൽത്തുമൃദുമെത്തവിരിച്ചു-
"പൂവലാംഗി" കിടക്കുകയാണ്.
സോമനെത്തിതൻ പ്രേമോപഹാര
മാമലരടിയിങ്കലണക്കാൻ
ജന്നലിങ്കലൂടൊന്നവൻ നോക്കി
ധന്യധന്യമാത്രപവൈശിഷ്ട്യം.
എന്തിതെ അവൻ കണ്ടതവിടെ
ചിന്തേ, പേടിയോ പാടുനീപാട്ടു
പല്ലുഖിലം കൊഴിഞ്ഞവിടത്തിൽ
നെല്ലുമാത്രമുറങ്ങുന്ന വക്ത്രം
ഒട്ടിനിൽക്കും കവിളുകൾ, മുന്നിൽ
തെററിനിൽക്കുന്ന താടിയെല്ലൊപ്പം
ആഴമേറിയ കണ്ണുകൾ ചന്തം
പൂഴാതാകെ നരച്ചമുടികൾ
ഞെട്ടി ഞെട്ടി വിറച്ചുപോയ് സോമൻ
പെട്ടെന്നെന്തിതു പ്രേതമോ പ്രേതം!
ഉള്ളം കണ്ണും കുളുർപ്പിച്ചോരാനൽ
വെള്ളിനക്ഷത്രമാണോ, യിതെന്തോ?
സ്വർണ്ണനാണയത്തുട്ടിനുമുന്നിൽ
നിന്നാതിത്തടിതന്നെയോ മുന്നേ?
ഞെട്ടി ഞെട്ടി വിറച്ചുപോയ് സോമൻ
പൊട്ടിപ്പൊട്ടിക്കരഞ്ഞുപോയ് സോമൻ
[കാറൊളിഞ്ഞമുടിയുമതൊപ്പം
ചാരുകൃത്രിമദന്തനിരയും
ചാരത്തുള്ളൊരാമേശമേൽ കാന്തി
പൂരംവീശിക്കിടക്കുന്നു നോക്കൂ.]
ഞെട്ടിഞെട്ടി വിറച്ചുപോയ് സോമൻ
പൊട്ടിപ്പൊട്ടിക്കരഞ്ഞുപോയ് സോമൻ!!

—0—



1136-ലേയ്ക്കു് കേരളജനതയുടെ മുൻപാകെ
കാഥികൻ
# ആലപ്പി സദാനന്ദൻ M. R. S.
അവതരിപ്പിക്കുന്ന മഹനീയ കലാസൃഷ്ടികൾ!
1. മരുഭൂമിയും മലർവാടിയും. 2. ത്യാഗദേവത. 3. പതിവ്രത.
—പിന്നണിസംഗീതം—
ഹാർമ്മോണിയം: ശ്രീ. വിജയരാജൻ (കോട്ടയം). മൃദംഗം: ശ്രീ. തിരുമല രാമനാഥപ്പിള്ള. ക്ലാർണററു്: മാസ്റ്റർ രാജു (പള്ളം)
എഴുതുക:—
ആലപ്പി സദാനന്ദൻ, S. പോള, P. O. ആലപ്പുഴ.
Phone: 2092 & 734. ::: Tel: "CHEMPAKA"

# കരയും കായലും

## മുട്ടത്തുവർക്കി



കോങ്കണ്ണനായിരുന്നു കരുത്ത.

അഴകി വാസ്തവത്തിൽ അഴകിതന്നെയായിരുന്നു.

കരുത്തയും അഴകിയും തമ്മിൽ സ്നേഹിച്ചു കല്യാണംകഴിച്ചതാണ്. കായൽപ്പാടങ്ങളിൽ മീനക്കൊയ്ത്തിനു കുട്ടനാട്ടിൽ പോയപ്പോഴാണ് അവർതമ്മിൽ ആദ്യം കണ്ടത്. ഒരു ദിവസം കൊയ്തുകൊണ്ടിരിക്കുമ്പോൾ കരുത്ത കുനിഞ്ഞുനിന്നുകൊണ്ട് ആരും കേൾക്കാതെ അഴകിയോടു പറഞ്ഞു—

"അഴകീ?"

"ഏ"

"നെനക്കു ഞാനൊ മുണ്ടുതരട്ടെ, എന്താ?"

"ആരു പറഞ്ഞു?"

"ഞാനാ പറഞ്ഞെ, എന്താ?"

അഴകി ഒന്നും മിണ്ടിയില്ല.

മീനക്കൊയ്ത്തുകഴിഞ്ഞു കളംപിരിഞ്ഞു. പുലയരെല്ലാം കിഴക്കുള്ള കരനാട്ടിലേക്കു മടങ്ങിപ്പോയി. കരുത്തയുടെകൂടെ അഴകിയും ഉണ്ടായിരുന്നു.

അവർ ഒരു മാടംവച്ച് അതിൽ കുടിപാർപ്പുതുടങ്ങി. രണ്ടുപേരും രാവിലെ ജോലിക്കുപോകും. കരയിലും കണ്ടത്തിലും അവർ ജോലിചെയ്യും. ജോലിയൊന്നുമില്ലെങ്കിൽ അഴകി പുല്ലുചെത്താൻപോകും. കാളച്ചന്തദിവസങ്ങളിൽ പുല്ലുചെത്തല്ലാതെ മററു ജോലികൾക്കൊന്നും പോവുകയില്ല. അന്നവൾ രണ്ടുരൂപയ്ക്കെങ്കിലും പുല്ലു ചെത്തി വില്ക്കും.

അങ്ങനെ അവർ സുഖമായി കാലയാപനംചെയ്തുപോന്നു.

കരുത്തയും അഴകിയും. ശാന്തിയും സമൃദ്ധിയും; പ്രേമവും അദ്ധ്വാനവും.

കപ്പപ്പുരയിടത്തിൽ അഴകി പുല്ലുചെത്താൻ പോയി. കയ്യാലകുത്തുകാരൻ ചീരനുമായി അവൾ വർത്തമാനംപറയുന്നതു ചിലർ കണ്ടു; ചിരിക്കുന്നതും കണ്ടു. അതേപ്പററി കരുത്ത ചോദിച്ചപ്പോൾ "ആയിരം കൊടത്തിൻെറ വായ് മൂടിക്കെട്ടാം, മനിഷേൻെറ വായ് മൂടിക്കെട്ടാനക്കൊണ്ടു ഒക്കുമോ. മല്ലോരും മല്ലോമൊക്കെപ്പറയുന്നതുകേട്ടു നിങ്ങൾ വെഹിളിപിടിക്കാതെന്ന്. മനിഷേരായാൽ വർത്താനംപറഞ്ഞെന്നിരിക്കും; ചിരിച്ചെന്നിരിക്കും. അയിനെന്താ."

കരുത്തയ്ക്ക് അവളുടെ പറച്ചിൽ അത്രതന്നെ വിശ്വാസമായില്ല. അവൻ ചീരനെക്കണ്ടു. തമ്മിൽ സ്വല്പം കോർത്തു. അടിലഹളയ്ക്കൊരുങ്ങിയപ്പോൾ അയൽക്കാർ ഓടിയെത്തി. അവരെ പിടിച്ചുമാററി. എന്നിട്ടും കരുത്തയും അഴകിയും തമ്മിൽ ശണ്ഠകൂട്ടിയില്ല. കാരണം അവളെ അവൻ അത്രകണ്ടു സ്നേഹിച്ചിരുന്നു.

പിന്നെ കുറേക്കാലം കഴിഞ്ഞപ്പോൾ അവൻെറ തറയുടെ മുററത്തുവച്ച് ഒരു സന്ധ്യാവേളയിൽ ചീരനെക്കണ്ടെന്ന് അയൽക്കാർ പറഞ്ഞു.

ചോദിച്ചപ്പോൾ അഴകി പറഞ്ഞു: "ഞാൻ കണ്ടില്ല; നിങ്ങളിങ്ങനെ മനിഷേരു പറേന്നതൊക്കെകേട്ടു വിശ്വസിക്കാനക്കൊണ്ടിരുന്നാൽ...."

അവളെന്തൊക്കെപ്പറഞ്ഞിട്ടും കരുത്തയുടെ സംശയം നിശ്ശേഷം നീങ്ങുന്നില്ല. മേടത്തിലെ ആകാശക്കോണിൽ തങ്ങിനിൽക്കുന്ന കറുത്തമേഘത്തെപ്പോലെ അവൻെറ ഉള്ളിൽ ആ സംശയം തങ്ങിനിന്നു.

അഴകിക്കു ഗർഭമുണ്ടായി. ഒരു രാത്രിയിൽ ചെററപ്പുരയുടെ വിടവിൽകൂടി കന്നിനിലാവ് തറയ്ക്കുള്ളിലേക്കു കടന്നുവന്ന് തറയിൽ പുള്ളികുത്തി. അവരുടെ കിടക്കപ്പായിലും, ചുളുങ്ങിയ വെള്ളിപ്പണങ്ങൾമാതിരി നിലാവിൻെറ വട്ടങ്ങളുണ്ടായി.

"അഴകീ?"

"എന്തോ"

"നീ എന്നോടു നേരുപറ"

"എന്തോന്നു വർത്താനാണിത്"

"ചീരനു നിന്നോടു സ്നേഹാണോ?"

"എനിക്കറിയാമ്മേല"

"അവൻ നിന്നെ തൊട്ടിട്ടുണ്ടോ? നേരുപറ; തൊട്ടിട്ടൊണ്ടെന്നു പറഞ്ഞാലും എനിക്കു നിന്നോടു വിരോധമില്ല."

"ഇങ്ങനത്തെ ചോത്യം നിങ്ങളെന്നോടു ചോതിക്കല്ല്. ഞാമ്പറഞ്ഞേക്കാം. അവൻ എന്നെ തൊട്ടിട്ടൊങ്കിപ്പിന്നെ അവനീ പൂമിക്കുമോളി ചീവിച്ചിരിക്കേപൊ?"

അഴകി ഒരാൺകുട്ടിയെ പ്രസവിച്ചു. അപ്പോൾ അയൽക്കാർ പറഞ്ഞു അതു് ചീരൻെറ കുട്ടിയാണെന്ന്.

കരുത്തയ്ക്കു വല്ലാത്ത വിഷമംതോന്നി. അവൻെറ മനസ്സ് നീറിപ്പുകഞ്ഞു.

അഴകി പ്രസവിച്ചതിൻെറ പത്താം പക്കം കരുത്ത കിഴക്കെ മേട്ടിൽ തോട്ടപ്പണിക്കുപോയി.

കുഞ്ഞിനെയുംകൊണ്ടു് അഴകി കാത്തിരുന്നു. ദിവസങ്ങൾ കടന്നുപോയി. അവൻ വന്നില്ല. ആഴ്ചകളും മാസങ്ങളും കടന്നുപോയി. അവൻ വന്നില്ല.

കിഴക്കൻമേട്ടിലെ തോട്ടത്തിലുള്ള ചിന്നയെ കരുത്ത കല്യാണംകഴിച്ചു. അതും സ്നേഹിച്ചു കല്ല്യാണം കഴിച്ചതാണു്. അഴകിയെക്കാൾ ചെറുപ്പമായിരുന്നു ചിന്ന; കുറേക്കൂടെ സുന്ദരിയുമായിരുന്നു. പക്ഷെ ചിന്നയുടെ സ്വഭാവം അത്ര നല്ലതല്ലെന്നു് കരുത്തയ്ക്കു മനസ്സിലായി. രണ്ടു കുട്ടികൾ കാലമായപ്പോൾ അവൻ കിഴക്കൻമേട്ടിൽനിന്നു് അവൻെറ നാട്ടിൽ തിരിച്ചെത്തി. അവൻെറ തറയിരുന്നിടത്തു് നെടുമങ്ങാടൻകപ്പകൾ തഴച്ചുവളരുന്നതു കണ്ടു.

മുണ്ടകപ്പാടത്തെ തോട്ടിലെ മണ്ണു കോരിക്കൊണ്ടുനിന്ന ചീരനോടു ചോദിച്ചു: "ചീരാ എൻെറ അഴകിയെങ്ങുപോയി."

"ഞാൻ നിൻെറ അഴകിയെ കണ്ടില്ല; നീ പോയി അന്നേഴിക്ക്."

"അവളിപ്പോളെവ്ടാ ചങ്ങാതീ"

"നീ നിൻെറ പാടുനോക്കെടാ കരുത്തെ"

"എടാ അവള് നിൻെറ തറേലൊണ്ടോ നേരുപറ."

"എൻെറ തറേൽ എൻെറ പെലയീം കിടാങ്ങളും കാണും"

"അഴകിക്ക് ഇപ്പം എത്ര മക്കളൊണ്ടെടാ ചീരോ"

"നീ ചെന്നന്നേഴിക്കെടാ"

ചീരൻെറ ഹൃദയം അലിയുന്ന ലക്ഷണമില്ല. കരുത്തയോടുള്ള അവൻെറ പണ്ടത്തെ ചൊരുക്ക് അവൻ ഇപ്പഴും മറന്നിട്ടില്ല.

നേരെ ചീരൻെറ തറയിലേക്കാണു് കരുത്ത പോയതു്. അവിടെ അഴകിയില്ലായിരുന്നു. മറെറാരു പുലയിയായിരുന്നു.

വീണ്ടും അവൻ ചീരൻെറ അടുത്തെത്തി.

"എൻെറ ചങ്ങാതീ നീ പോയിക്കഴിഞ്ഞു് അവള് അവടെ കുഞ്ഞിനേയും കൊണ്ടു് കുട്ടനാട്ടിപ്പോയി."

"പിന്നെ വന്നില്ലെ?"

"ഇല്ല"

കരുത്ത കിഴക്കൻമേട്ടിലേക്കുതന്നെ മടങ്ങിപ്പോയി. തറയിൽ വേറൊരു പുലയനെ അവൻ കണ്ടു. കരുത്തയും ആ പുലയനുംതമ്മിൽ ശണ്ഠകൂടി. ആ ശണ്ഠയിൽ ചിന്ന കരുത്തയ്ക്കു് എതിരായിരുന്നു. എങ്കിലും കരുത്ത ക്ഷമിച്ചു—ഭൂമിയോളം ക്ഷമിച്ചു.

തല്ലുകൊണ്ടതിൻെറ ഫലമായി കരുത്തയ്ക്കു ചുമ പിടിച്ചു. ഞരങ്ങിഞരങ്ങിയുള്ള ചുമ.

ചിന്ന അവനെ ഗൗനിക്കാതെയായി. ഒരുദിവസം ചിന്നയും കിടാങ്ങളും വേറൊരു പുലയൻെറകൂടെ പൊയ്ക്കളഞ്ഞു.

അവൻ ബസ്സും ബോട്ടും കയറി കുട്ടനാട്ടിലെത്തി. കുംഭം അവസാനിക്കാറായിരുന്നു. പാടങ്ങളെല്ലാം കൊയ്ത്തിനു പാകമായി വിളഞ്ഞുകിടന്നിരുന്നു. കായൽനിലത്തിൻെറ നടുക്കുകൂടി ഒഴുകുന്ന തോട്ടിൽ അന്തിരശ്മികൾതട്ടി തങ്കക്കണ്ണാടിമാതിരി തിളങ്ങി.

അവൻ വള്ളംകയറി. അഴകിയുടെ തറ കണ്ടുപിടിച്ചു. അന്തിമാനത്തു് ആഴികൂട്ടുകയായിരുന്നു പകലോൻ. അഴകി ഒരു ചിക്കുപായ് പൊല്ലുകയായിരുന്നു. പായുടെ ഒരുകിൽ തേവൻകിടാത്തൻ ഇരുപ്പുണ്ടായിരുന്നു.

കരുത്തയെ കണ്ടപ്പോൾ അഴകി എണീററു. അവൾ തറയിൽ തടുക്കിട്ടുകൊടുത്തു.

അവൾ അവനു മുറുക്കാൻകൊടുത്തു. തിളിരുവെററയും; പഴുത്ത അടയ്ക്കായും, വടക്കൻ പുകയിലയും.

"കൊയ്ത്തിനു പോന്നതാണോ?" അഴകി ചോദിച്ചു.

"നിന്നെ കാണാൻ വന്നതാ അഴകീ" കരുത്ത ചുമയടക്കിക്കൊണ്ടു പറഞ്ഞു.

അവൾ അവനു് തെങ്ങുംകള്ളും പഴനെല്ലുകൊണ്ടുണ്ടാക്കിയ അവലും കൊടുത്തു. അപ്പോഴേക്കും നേരം ഇരുട്ടി. മാനത്തെ ചെമപ്പും വെട്ടവും മറഞ്ഞു. എങ്കിലും വെള്ളിയരിവാളിൻെറ തലപ്പുംപോലെ ഒരമ്പിളിക്കല പടിഞ്ഞാറേ ആകാശത്തിൽനിന്നു. വെളുത്തപക്ഷമായിരുന്നു.

"നിങ്ങടെ പൊലയീം വന്നിട്ടൊണ്ടോ?" കുറച്ചു് അവലുംകൂടെ ചട്ടിയിലേക്ക് ഇട്ടുംകൊണ്ടു് അഴകി ചോദിച്ചു.

"എനിക്കെവിടെ പുലയി ഇരുന്നിട്ടാ"

"പിന്നെ അവളെന്ത്യേ, ചിന്ന?"

"നീയെങ്ങനെയറിഞ്ഞു"

"എങ്ങനേലും അറിഞ്ഞെന്നിരിക്കട്ടെ"

"എന്നാ ബാക്കീംകൂടെ അറിഞ്ഞു കാണുമല്ലൊ"

"അറിഞ്ഞെങ്കിൽ പിന്നെ നിങ്ങളോടു ചോദിക്ക്ണോ:"

"അവളെ ഉപേക്ഷിച്ചു"

"അതെന്ത്യേ? ശകലം കള്ളുംകൂടെ മീത്തട്ടെ"

"മീത്തു്. അവള് ചീത്തയാണഴകീ"

"കിടാങ്ങളൊ?"

"ക്ടാങ്ങളേം അവള് കൊണ്ടുപോയി"

"അതുങ്ങളും ചീരൻെറ ക്ടാങ്ങളാണോ?"

"നീയെന്നാ അഴകി അങ്ങനെ കൊള്ളിച്ചു വർത്തമാനം പറേന്നതു്"



"എന്നാ ഞാൻ പറേത്തില്ല. നിങ്ങ ഇവിടിരി; ഞാൻ കഞ്ഞിവെച്ച ചോറ തരാം"

തേവൻ ക്ടാത്തടനേത്തന്നെ നോക്കിക്കൊണ്ടു കടുത്ത ഇരുന്നു; അവൻെറ തലയ്ക്കുള്ളിൽ കള്ളിൻെറ മത്തുകയറി തുടങ്ങിയിരുന്നു. തേവൻ അടുപ്പിലു് തീയൂതുകയായിരുന്നു, അഴകി മീൻ വെട്ടുകയായിരുന്നു. മഞ്ഞപ്പള്ളത്തികളും, വെള്ളപ്പരലുകളും.

ഇവൻെറ പേരെന്താ അഴകീ"

"തേവാന്നു്" മീൻ വെട്ടിക്കൊണ്ടു് അഴകി പറഞ്ഞു.

"തേവൻ ഇങ്ങു വന്നേ ക്ടാത്താ"

"ഏൻ വരുകേലാ" തേവൻ അടുപ്പിൻകരയിൽതന്നെ ഇരുന്നതേയുള്ളു.

"എടാ ഞാനാ വിളിക്കുന്നെ, തേവാ"

"ഏൻ വരുകേലാന്നു്"

"അങ്ങാ ചെല്ലെടാ ക്ടാത്താ ചണ്ടിത്തരം പറയാലക്കൊണ്ടു്" അഴകിയും പറഞ്ഞു.

പക്ഷെ തേവൻ അനങ്ങിയില്ല. അഴകി തോട്ടിൽകൊണ്ടുചെന്നു മീൻ കഴുകി. കറുത്ത ചിന്തിച്ചിന്തി ചുമച്ചു.

മീൻ കഴുകിക്കൊണ്ടു് അടുക്കളയിലേക്കു കയറിയപ്പോഠം അഴകി പറഞ്ഞു. "കിടാത്താ നീ പോയി കാലണായ്ക്കു ബീഡി മേടിച്ചോണ്ടുവാ ആ തണ്ടാൻെറ പീടിയേന്നു്"

രണ്ടു് അടുപ്പുകളിൽ തീ ആളിക്കത്തി, ആ ചെററക്കുടിലിനുള്ളിൽ പ്രകാശത്തിൻെറ പ്രളയം ഉണ്ടായി. കറുത്തയുടെ നിഴൽ ഭീമാകാരത്തിൽ ചുവരിൽ പതിഞ്ഞു.

"പിന്നെന്തേ നിങ്ങള് വന്നു?" ചോറം കറിയും കറുത്തയുടെ മുമ്പിൽ വച്ചുകൊണ്ടു് അഴകി ചോദിച്ചു.

"നീയെന്നെ ചോറതീററാനാണോ തീ തീററാനാണോ പറേന്നതു്?"

"ചോദിച്ചേന്നേയുള്ളു. നമ്മുടെ നാട്ടിലൊക്കെ കൊയ്ത്തുപിടിച്ചോ?"

"കൊയ്ത്തു മുക്കാലും കഴിഞ്ഞു"

"ചോറ് ഉമ്മിണികൂടി ഇടട്ടെ"

"വേണ്ട"

"മീനു്?"

"ഒരു പരലുംകൂടെ. നീ കറിവെച്ച ചോറുണ്ടിട്ടെത്രനാളായി എൻെറ അഴകീ" കറുത്ത പുഞ്ചിരിച്ചു....

"അപ്പംനിങ്ങളിനീം ഈ രാത്രീ എങ്ങടുപോവും?" ഊണുകഴിയാറായപ്പോഠം അഴകി ചോദിച്ചു"

"നീകൂടെ ഇമ്മിണിച്ചോറുകൊണ്ടു എൻെറകൂടെ ഇരുന്നുണ്ണു് അഴകീ"

"ഞാൻ ഉണ്ടോളാം"

"അല്ലേൽ എൻെറ പാത്രത്തീന്നു ഉണ്ണു്"

"ഉണ്ടിട്ടൊണ്ടല്ലോ.... നിങ്ങളിനീം എങ്ങോടാ പോവാ!"



**യൗവനത്തിലേക്ക് കാലൂന്നുന്ന**

**എല്ലാ യുവതീയുവാക്കന്മാരും അത്യാവശ്യം**

**വായിച്ചിരിക്കേണ്ട ഏക ഉത്തമ ദാമ്പത്യശാസ്ത്രം**

# രഹസ്യജീവിതവിജ്ഞാനം

അപേക്ഷിക്കുക:– (വില രൂപാ ഒന്ന്.)

**മാനേജർ, സുവർണ്ണാ ഇലക്ട്രിക്ക് പ്രസ്സ്,**

**കായംകുളം.**

*N. B.* കൊല്ലം എസ്സ്. ററി. റെഡ്യാർ പ്രസ്സിലും, ശ്രീരാമവിലാസം പ്രസ്സ് & ബുക്കുഡിപ്പോയിലും, അവരുടെ മറെറല്ലാ ബ്രാഞ്ചാഫീസുകളിലും ടി ഗ്രന്ഥം കിട്ടുന്നതാണ്.

"ഞാനിനീം നിന്നെ വിട്ട് എങ്ങും പോണില്ലഴകി"

ചന്ദ്രക്കല അസ്തമിക്കുകയും ആകാശത്തിൽ നക്ഷത്രങ്ങൾ തനിച്ചാവുകയും ചെയ്തു.

പാതിരാത്രിയായിട്ടുണ്ടാവും. കായൽത്തോടിന്റെ വരമ്പത്തിരുന്ന് ചീവീടുകൾ ചെലച്ചു.

"നിങ്ങള് ഈ തറേല് കെടക്കണ്ടാ?"

"അതെന്താ അഴകീ എന്നോട് പെണക്കമാണോ?"

"പെണക്കമാണേൽ കള്ളും, അവലും, ചോറും, മീനും, വീഡീം, പൊകലേം തരുവോ?"

"പിന്നെന്താ ഇവിടെക്കെടക്കണ്ടാന്നു പറഞ്ഞതു് നീ?"

"നിങ്ങളീ കിടാത്തന്റെ കണ്ണിലേക്കു നോക്കിക്കേ.... തേവാ, ഇതാടാ നിന്റെ അപ്പൻ, നോക്കെടാ."

കറുത്ത കണ്ടു: തേവനെ. തേവനും കോങ്കണ്ണനായിരുന്നു.

"എന്റെ പൊന്നുമോനേ?" കറുത്ത അവനെ കെട്ടിപ്പിടിച്ചു കരഞ്ഞു. അഴകിയുടെ മുഖത്തു യാതൊരു ഭാവഭേദവും ഉണ്ടായില്ല.

"എന്നാ ഇനീം നിങ്ങളു പൊയ്ക്കോ"

"എങ്ങോട്ട്?"

എനിക്കറിഞ്ഞുകൂടാ. നിങ്ങളു പൊയ്ക്കോ."

നക്ഷത്രങ്ങളുടെ മങ്ങിയ വെളിച്ചത്തിൽ കറുത്ത കായൽവരമ്പത്തുകൂടെ നടന്നുപോകുന്നതു് അഴകി കണ്ടു.

അവൾ മണ്ണെണ്ണവിളക്കെടുത്തുവച്ച് ചിക്കുപായ് പൊല്ലിക്കൊണ്ടിരുന്നു.

ക്ഷണനേരത്തേക്ക് ഒരു കണ്ണുനീർത്തുള്ളി അവളുടെ കാഴ്ചയെ മറച്ചു, അവൾ അതു തുടച്ചുകളഞ്ഞു. അപ്പോൾ വീണ്ടും കാഴ്ചയുണ്ടായി.

പകുതിയായ ചിക്കുപായുടെ ഒരു അരുകിൽ കിടന്ന് തേവൻ ഉറങ്ങിപ്പോയി.

കൊയ്ത്താറായ നെല്ലിന്റെ തലപ്പുകളെ തലോടിക്കൊണ്ടുവന്ന പാതിരാക്കാററ് അഴകിയുടെ മുമ്പിലിരുന്ന മണ്ണെണ്ണവിളക്കിന്റെ നാളത്തെ കെടുത്താൻ ശ്രമിച്ചു. പററിയില്ല.

അവൾ ചിക്കുപായ് നെയ്യുന്നതു നോക്കിക്കൊണ്ട് നക്ഷത്രങ്ങൾ നേരം വെളുക്കുംവരെ ഉറക്കമിളച്ചു.

—o—

# ശ്രീകൃഷ്ണാ വാച്ചുവിതരണപദ്ധതി

## ആദ്യനറുക്കെടുപ്പ് സെപ്റ്റംബർ 15-ന് മാററിയിരിക്കുന്നു!

**1500 രൂപയുടെ വാച്ച് (റേഡിയോ & സൈക്കിൾ) സ്വർണ്ണചെയിൻ, മോതിരം പാർക്കർ പെൻ, ക്യാമറാ എന്നിവ സ്പെഷ്യൽ സമ്മാനങ്ങളായി കൊടുക്കുന്നു.**

| | | | | | |
|---|---|---|---|---|---|
| *A.* | ഗ്രൂപ്പ് | 10 രൂപാ | 20 മാസം | 200 രൂപയുടെ | സവർപ്രൈമാ വാച്ച് (റേഡിയോ & സൈക്കിൾ) |
| *B.* | ,, | 6 ,, | ,, | 120 ,, | റോമർ വാച്ച് (ക്ലോക്ക്) |
| *C.* | ,, | 3 ,, | ,, | 60 ,, | ടൈമക്സ് വാച്ച് |

**നറുക്കുവരുന്നവർ വീണ്ടും തവണ അടയ്ക്കേണ്ടതില്ല.**

20-ാമത്തെ മാസത്തിൽ നറുക്കുവരാത്തവർക്കെല്ലാം വാച്ചുകൾ കിട്ടുന്നു. ഏജൻറന്മാർക്ക് നല്ല പ്രതിഫലം ലഭിക്കുന്നതായിരിക്കും. 8 നയാ പൈസാ സ്ററാമ്പയച്ച് വ്യവസ്ഥകൾ ആവശ്യപ്പെടുക.

**ശ്രീകൃഷ്ണാ വാച്ചുകമ്പനി, കായംകുളം.**

# മിസ്സസ്സ് മഹാബലിയുടെ റിപ്പോർട്ട്

— ചാണക്യൻ —

"പ്രിയേ! നീ പറയുന്ന എന്തും അതേപടി അനുസരിക്കുന്നതിൽ കവിഞ്ഞ് മറ്റൊരാനന്ദം എനിക്കില്ല. എന്നാലും ഇക്കാര്യത്തിൽ നീ എന്റടുത്ത് നിർബന്ധം പിടിക്കരുത്. ഇംഗ്ലീഷുകാരന്റെ ഭരണകാലത്ത് സൽഭരണം ഉണ്ടാവാനിടയില്ലെന്ന് എനിക്ക് തീർച്ചയുണ്ടായിരുന്നതിനാൽ അക്കാലത്ത് ഞാൻ എന്റെ രാജ്യത്തിനേയോ ജനങ്ങളേയോ സന്ദർശിക്കാൻ ഞാൻ പോകയുണ്ടായില്ല—പാവപ്പെട്ട എന്റെ കുട്ടികൾ കിടന്നു നരകിക്കുന്നത് കഴിയുകയില്ലെന്നു വിചാരിച്ച് അവന്മാർ പോയി, എന്റെ കുഞ്ഞുങ്ങൾതന്നെ ഭരണം ഏറ്റെടുത്തു. ഞാൻ ഭരിച്ചിരുന്നകാലത്തെ മാതിരിയുള്ള ഒരു ഭരണം എന്റെ രാജ്യത്തുണ്ടായിക്കാണണമെന്നുവിചാരിച്ച് ഞാൻ 1947-ൽ കേരളത്തിൽ വന്നു. പക്ഷെ അന്നു കണ്ടതോ? പ്രിയെ! നിനക്കറിയാമല്ലൊ, അന്ന് എന്റെ കണ്ണിൽനിന്നും എന്തുമാത്രം രക്തം ഒഴുകിയെന്ന്, ഭരണാരംഭത്തിൽ ചില തെറ്റുകൾ ഉണ്ടാകും അതുകൊണ്ടായിരിക്കണം 1947-ൽ ഞാൻ സ്ഥാപിച്ച ഭരണം നടപ്പിൽ വരാത്തത് എന്നുവിചാരിച്ച് സമാധാനപ്പെട്ടു. തുടർന്ന് പത്തുകൊല്ലം ഞാൻ സംതൃപ്തിയിൽ കഴിഞ്ഞുകൂടുന്ന എന്റെ കുഞ്ഞുങ്ങളെ കാണാൻ, തിരുവോണദിവസം കേരളം സന്ദർശിച്ചു. എന്നിട്ടു കണ്ടതോ? എന്തിന്? അതൊക്കെ ഞാൻ നിന്നോടു വിസ്തരിച്ചു പറഞ്ഞിട്ടുണ്ടല്ലോ. പത്തുവർഷത്തിനുശേഷം വെറും പാവങ്ങളായ എന്റെ കുഞ്ഞുങ്ങളുടെ പുതിയ ഭരണംവന്നു. ഇതു കേട്ടതോടുകൂടി ആഹ്ലാദത്തിന്റേതായ ഒരു നെടുവീർപ്പ് ഞാൻ വിട്ടുപോയി, സുഭിക്ഷതയിൽ കളിയാടുന്ന കേരളത്തേയും ആനന്ദത്തിൽ മുങ്ങിമറിയുന്ന കുട്ടികളേയും കണ്ട് കുളിരണിയാൻ തിരുവോണദിവസം ഞാൻ :കേരളത്തിലേക്കുവന്നു. പ്രിയെ! എനിക്കു ലഭിച്ച കാഴ്ചയെന്താണ്? തേവന്റെ കുടിലിൽ അരിവേവുന്നതുകാണാൻ എനിക്കു കഴിഞ്ഞില്ല. കീറത്തുണിയുടുത്തോണ്ട് പാടത്തു രാപകൽ ജോലിചെയ്യുന്ന മാലയുടെ കണ്ണുനീർ രാപകൽ വറ്റിയിട്ടില്ല. കഴിഞ്ഞ ഭരണകാലത്ത് ഖദറിൽപൊതിഞ്ഞ അഹങ്കാരവും കൊള്ളയുമാണ് ജനങ്ങളെ ശ്വാസംമുട്ടിച്ചിരുന്നതെങ്കിൽ; പാവപ്പെട്ടവന്റേതെന്നു പറയുന്ന പുതിയ ഭരണകാലത്ത് സിൽക്കിൽ പൊതിഞ്ഞ അഹന്തയാണ് ജനങ്ങളെ ഞെരുക്കിക്കൊണ്ടിരുന്നത്. വേണ്ടെടി, ഞാൻ ഇനി കേരളം സന്ദർശിക്കുന്നേയില്ല. അവിടം ഒരിക്കലും നന്നാവാൻ പോകുന്നില്ല. ഇവിടെങ്ങാനും ഒരു മൂലയിൽ ഒതുങ്ങിക്കൂടി ജീവിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്" ആണ്ടുതോറും പതിവായി അനുഷ്ഠിച്ചുവരുന്ന കേരളസന്ദർശനം മഹാബലി 1136-ൽ വേണ്ടെന്നുവച്ചപ്പോൾ, മിസ്സസ്സ് മഹാബലി പതിവാചാരങ്ങൾ മുടക്കരുതെന്ന് ഭർത്താവിനോടു പറയുകയുണ്ടായി. അതിനു മഹാബലി കൊടുത്ത മറുപടിയാണ് മേലുദ്ധരിച്ചിരിക്കുന്നത്. ഏതാനും നിമിഷം മിസ്സസ്സ് മൗനമായിരുന്ന് ആലോചിച്ചതിനുശേഷം

"നാഥാ! അങ്ങ് ഒരു തീരുമാനം എടുത്താൽ, അതിനു പിന്നെ മാറ്റംവരുത്തുകയില്ലെന്ന് എനിക്കറിയാം. എങ്കിലും കീഴ്‌വഴക്കത്തെ ലംഘിക്കുന്നതു ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് അങ്ങേക്കു പകരമായി ഞാൻ കേരളം ഒന്നു സന്ദർശിക്കാൻ അങ്ങെന്നെ ഒന്നനുവദിക്കണം" മിസ്സസ്സ് പറഞ്ഞു,

"പ്രായക്കൂടുതലുള്ള ഒരു സ്ത്രീയായതുകൊണ്ട് അപകടമൊന്നും വരാനില്ലെന്ന് നിനക്കൊരു ധാരണയുണ്ടെന്നുതോന്നുന്നു. പക്ഷെ നീ പോകുന്നത് കേരളത്തിലേക്കാണെന്നും യുവകേരളം സ്ത്രീകളെ സംബന്ധിച്ചിടത്തോളം പ്രായക്കൂടുതലിനെ അത്ര കാര്യമായി ഗണിക്കുന്നവരല്ലെന്നുംകൂടി നിന്റെ ഓർമ്മയിൽ ഇരിക്കുന്നതുകൊള്ളാം. എങ്കിലും നിനക്കു നിർബന്ധമാണെങ്കിൽ നിനക്കു പോകാം" മിസ്റ്റർ മാവേലി അനുവാദംകൊടുത്തു,

മിസ്സസ്സ് കേരളത്തിലേക്കുവന്നു, മൂന്നുദിവസത്തെ പര്യടനത്തിനു ശേഷം ചതയത്തിന്നന്ന് അവർ മഹാബലിക്ക് ഒരെഴുത്തയച്ചു. ആ എഴുത്ത് അടിയിൽ ചേർക്കുന്നു.

"പ്രാണനാഥാ! അങ്ങയുടെ അനുഗ്രഹാശിസ്സുകളോടെ ഞാൻ കേരളത്തിൽ സുഖമായി വന്നുചേർന്ന് അന്തസ്സുറ്റ ഒരു യുവതിയുടെ വേഷത്തിലാണ് ഞാൻ കേരളത്തിൽ ഇറങ്ങിയത്. കോഴിക്കോട്ടങ്ങാടിയിൽവച്ച് മഹമ്മദ്‌കോയയെ ഞാൻ കണ്ടു. ഞാൻ ആരെന്നോ ഏതെന്നോ ഒന്നും അറിയാതെ ആ മുതലാളി എന്നെ അദ്ദേഹത്തിന്റെ പണ്ടകശാലയിലേക്കു ക്ഷണിച്ചു. രണ്ടു രാത്രിയെങ്കിലും അദ്ദേഹത്തിന്റെ അതിഥിയായിട്ടിരിക്കണമെന്ന്, എന്നെ അദ്ദേഹം നിർബന്ധിച്ചു. നാഥാ! അങ്ങയുടെ ഭരണകാലത്തുപോലും ഇത്ര അതിഥിസൽക്കാരകുശലത്വം കേരളം കണ്ടുകാണുകയില്ലെന്നാണ് എന്റെ വിശ്വാസം. അവസാനം തിടുക്ക




— ഉണർവ്വിനും ഉന്മേഷത്തിനും —

"ഭൂഗോള"മാർക്ക്

★ ഷണ്മുഖം മദ്രാസ് പൊടി ★

120 വർഷങ്ങളായി ഗുണം, മണം, വീര്യം എന്നിവയ്ക്ക് പേരും പെരുമയും ആർജ്ജിച്ച് മറ്റെല്ലാ പൊടികളേയും പിന്നിലാക്കിക്കൊണ്ട് വിജയപതാക പാറിപ്പറപ്പിച്ചുകൊണ്ട് മുന്നേറുന്ന ഏക മദ്രാസ് പൊടി.

മൊത്തമായും ചില്ലറയായും ആവശ്യപ്പെടുക—

സി. വിദ്യാധരൻ, ജട്ടി റോഡ്, ആലപ്പുഴ.

മുണ്ടെന്നും, താമസിക്കാൻ നിവൃത്തിയില്ലെന്നുംപറഞ്ഞ, ഞാൻ അവിടെനിന്നും പുറപ്പെട്ടു. എറണാകുളത്തു് സന്ധ്യയോടുകൂടി വന്നിറങ്ങി. സന്ധ്യാസമയത്തിലെ എറണാകുളം കായൽക്കരകണ്ടു് ഞാൻ മതിമയങ്ങിനിന്നുപോയി. അങ്ങിനെ നിൽക്കുമ്പോൾ തോളത്തൊരുതട്ടു്. ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ നല്ല ആരോഗ്യമുള്ള നാലഞ്ചു ചെറുപ്പക്കാർ ചിരിച്ചോണ്ടും ബീടിവലിച്ചോണ്ടും നിൽക്കുന്നതാണു കണ്ടതു്. സത്യം പറയണമല്ലോ ഞാനൊന്നു പരിഭ്രമിച്ചുവെന്നുതന്നെ പറയാം.

“പെങ്ങളെ! ഞങ്ങൾ ഹോംഗാർഡ്സാണു്. സ്ത്രീകളുടെ ചാരിത്ര്യവും മനുഷ്യന്മാരുടെ അന്തസ്സും പണക്കാരുടെ പണവും, തൊഴിലാളികളുടെ ജീവനും ഞങ്ങളെയാണു് സർക്കാർ ഏല്പിച്ചിരിക്കുന്നതു്. ഇവിടിങ്ങനെ ഈ സന്ധ്യമയക്കത്തിനു നിൽക്കുന്നതു ശരിയല്ല. പനമ്പള്ളിയോ മാധവൻനായരോ, മുണ്ടശേരിയോ, വേറെ വല്ല ഗുണ്ടകളോ, ഒരുസമയം ഇതിലെ വന്നേക്കും. വരൂ. ഞങ്ങളുടെ വസതിയിലേക്കു് പോകാം. ഞങ്ങൾ ആറുപേർ മാത്രമേ അവിടുള്ളൂ” അവരിൽ പ്രമാണിയെന്നു തോന്നിക്കുന്ന ആൾ പറഞ്ഞു. ഈ സമയത്തു് വേറെ നാലഞ്ചു ചെറുപ്പക്കാർ അവിടേക്കുവന്നു.

“എടോ! കൂട്ടരെ! ഒരു വിധം തരക്കേടില്ലാത്ത ഇത്തരം രണ്ടു് അതിഥികളെ നിങ്ങൾക്കിന്നത്തേക്കു് കിട്ടിയിട്ടില്ലെ? ഞങ്ങളും ഹോംഗാർഡ്സുകളാടോ. ഞങ്ങൾക്കാണെങ്കിൽ ഇന്നത്തേക്കു് ഒരു പെണ്ണതിഥിയെപ്പോലും കിട്ടിയില്ല. ഈ മാന്യയെ ഞങ്ങൾക്കു വിട്ടുതരിൻ. വന്നാട്ടെ, പെങ്ങളെ! നമുക്കു പോകാം. ഞങ്ങളുടെ വാസസ്ഥലത്തു് ഞങ്ങളൊമ്പതുപേരേയുള്ളു. ആട്ടെ, പെങ്ങൾ പട്ടയടിക്കുമോ? ഒരു നാലെണ്ണം അകത്തിട്ടോണ്ടുപോയാൽ നല്ല ചേലായിരിക്കും.” രണ്ടാമതു വന്ന ഹോംഗാർഡുകളിൽ പ്രമാണി ആദ്യഗാർഡുകളോടായിട്ടും എന്നോടായിട്ടും പറഞ്ഞു.

“പട്ടേടെകാര്യം കള. അഞ്ചോ ആറോ ഡ്രാം കൊടുക്കാൻ ഞങ്ങൾക്കു് കഴിയും. എന്തായാലും ഇവരെ ഇന്നുപചരിക്കേണ്ട ജോലി ഞങ്ങളേറ്റെടുത്തുകഴിഞ്ഞിരിക്കയാണു്. വിട്ടുതരാൻ മനസ്സില്ല.” ആദ്യഗാർഡുകളിൽ ഒരുത്തൻ പറഞ്ഞു. എന്നെ സുരക്ഷിതസ്ഥാനത്തു് എത്തിക്കുന്നതിനെച്ചൊല്ലി. ആ ഗാർഡുകൾതമ്മിൽ ഒരു വാഗ്വാദം നടന്നു. ഒടുവിൽ അതു് അടിപിടി, കുത്തു് മുതലായതിലേക്കു് കടക്കുമെന്നുള്ള ഘട്ടംവരെയെത്തി. അപ്പോഴേക്കു് കോട്ടയം ബോട്ടുവന്നു. ഞാൻ ബോട്ടുകയറി. പ്രിയനെ! ഞാനങ്ങയോടു ചോദിക്കയാണു്; അങ്ങയുടെ ഭരണകാലത്തു് അനാഥസ്ത്രീകളെ രക്ഷിക്കാനുള്ള സേവനമാതൃകയും ഈവിധം ആരെങ്കിലും നടത്തിയിട്ടുണ്ടോ? ഇല്ല. തീർച്ച. കേരളത്തിലെ ഇപ്പോഴത്തെ രണ്ടു പ്രമുഖ കലാകാരന്മാരെ ബോട്ടിൽവച്ചു് എനിക്കു പരിചയപ്പെടാനിടയായി.

“ഒരു നർത്തകിയുടെ മെയ്‌വഴക്കവും ചലനസുഭഗതയും ഞാൻ ഭവതിയിൽ കാണുന്നു. ഭവതി എന്റെ നാടകക്കമ്പനിയിൽചെന്നു് എന്നെ അനുഗ്രഹിക്കണം. കേരള നാടകകല ഭവതിയുടെ സാന്നിദ്ധ്യത്തിനുവേണ്ടി കാത്തിരിക്കുന്നു. ഭവതിയുടെ ഏതാജ്ഞകൾക്കും ഞാൻ വിധേയനായിരിക്കും.” അതിൽ വണ്ണംകൂടിയ ആൾ പറഞ്ഞു.

“ഭവതിയെ എന്റെയും എന്റെ നാടകത്തിന്റെയും നായികയാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മിന്നിവെട്ടുന്ന ഇത്തരം കണ്ണുകൾ എന്റെ നായികയ്ക്കു് കൂടിയേതീരൂ.” ലോലനും അല്പശ നരേയനുമായ മറേറ ആൾ പറഞ്ഞു. പ്രിയനാഥാ! അങ്ങയുടെ വാഴ്ചക്കാലത്തു് സ്ത്രീകളിൽ കുടികൊള്ളുന്ന കലാസൗന്ദര്യത്തെ ഇത്രവേഗം കണ്ടുപിടിക്കാനും ആദരിക്കാനും ആർക്കെങ്കിലും കഴിഞ്ഞിട്ടുണ്ടോ?

പ്രഭാതത്തോടുകൂടി ഞാൻ കോട്ടയത്തെത്തി. ഭർത്താവെ! ഞാൻ എന്തു പറയട്ടെ. പത്തുരൂപാനോട്ടുകളെക്കൊണ്ടും നൂറുരൂപാനോട്ടുകളെക്കൊണ്ടും കോട്ടയം പട്ടണത്തിലെ ഓടകൾ നിറഞ്ഞിരിക്കുന്നു. ഹോട്ടലുകളിലും പത്രമാഫീസുകളിലും മദ്യശാലകളിലും ഇവ കുമ്പാരമായി കൂടിക്കിടക്കയാണെന്നറിയുന്നു. അങ്ങയുടെ ഭരണകാലത്തു് കള്ളപ്പറയില്ല, ചെറുനാഴിയില്ല, കള്ളംപറയുന്നവരില്ല, മനുഷ്യരെല്ലാം ഒന്നുപോലെ സുഭിക്ഷമായി ജീവിച്ചു. ഇതൊക്കെ ശരിതന്നെ. എന്നാൽ ഇത്രമാത്രം നോട്ടുകളെ വാരിവിതറാൻ അങ്ങേക്കു് സാധിച്ചോ? കോട്ടയത്തെ അമ്മമാർ അവരുടെ പിഞ്ചുകുഞ്ഞുങ്ങളുടെ മലം തുടച്ചുകളയുന്നതുപോലും നൂറുരൂപാനോട്ടുകളെക്കൊണ്ടാണെന്നു പറഞ്ഞാൽ അങ്ങു് വിശ്വസിക്കുമോ? ഇപ്പോഴത്തെ കേരളഭരണത്തെപ്പററി അങ്ങേയ്ക്കു് അസൂയതോന്നുന്നുണ്ടെന്നു് എനിക്കറിയാം. ഈ അവസരത്തിൽ ഇവിടം സന്ദർശിക്കാത്തതു് കഷ്ടമായിപ്പോയിയെന്നും അങ്ങിപ്പോൾ വ്യസനിക്കുന്നുണ്ടാവാം.

ഓർക്കുന്തോറും വ്യസനിച്ചുവ്യസനിച്ചു് മരിച്ചുപോകത്തക്കവണ്ണമുള്ള പല അത്ഭുതങ്ങളും ഇപ്പോഴത്തെ ഭരണം കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടു്. അതിൽ പ്രഥമവും പ്രധാനവുമാണു് അശ്ളീലമർദ്ദനം. അങ്ങയുടെ വാഴ്ചക്കാലത്തു് അങ്ങു് കേരളത്തിന്റെ അശ്ളീലത്തിലേക്കു് നോക്കിയിട്ടുണ്ടോ? കൈവെച്ചിട്ടുണ്ടോ? ഇല്ലെന്നു് അങ്ങേയ്ക്കും എനിക്കും അറിയാം. എന്നാൽ ഇപ്പോഴത്തെ ഭരണം അതു കണ്ടുപിടിച്ചുവെന്നുമാത്രമല്ലാ, ഊക്കേറിയ ഒരു പ്രഹരം അതിന്മേൽ ഏല്പിക്കയുംചെയ്തു. അതങ്ങിനെ ഇപ്പോൾ അവശതയിൽ കിടക്കയാണു്. ഇത്ര പ്രചണ്ഡമോഹനമായ ഈ ഭരണം കേരളത്തിൽ എങ്ങനെ വന്നുകൂടി?

പാററമാതാക്കൾ സ്വന്തം കുഞ്ഞുങ്ങളുടെ പിറവിക്കുവേണ്ടി സ്വയം പൊട്ടിത്തെറിക്കുന്നതുപോലെ, ഈ ഭരണത്തിന്റെ പിറവിക്കുവേണ്ടി പാലാസെൻട്രൽബാങ്കു് സ്വയം പൊട്ടിത്തെറിച്ചുകളഞ്ഞുവെന്നു് ചിലർ പറയുന്നു. അങ്ങയുടെ ദുർഭരണത്തിൽനിന്നും കേരളത്തെ മോചിപ്പിക്കാൻ മഹാവിഷ്ണു വാമനനായിപ്പണ്ടവതരിച്ചില്ലെ? അതുപോലെ, കഴിഞ്ഞകാലത്തെ സെൽഭരണം അവസാനിപ്പിച്ചു് സൽഭരണസ്ഥാപനത്തിനായി ആ വിഷ്ണുതന്നെ മന്നത്തുപത്മനാഭനായി അവതരിച്ചു് കാര്യം പററിച്ചുവെന്നു് ചിലർ പറയുന്നു. രണ്ടും ശരിയാവാം. എന്തായാലും ഒന്നു തീർച്ച. മന്നത്തുപത്മനാഭൻ ഒരു ചരിത്രസംഭവമായിത്തീർന്നിരിക്കുന്നതുപോലെ തന്നെ കേരളീയർ ഒരു വിചിത്രജനതയായിത്തീർന്നിരിക്കയാണു്. പ്രാണനാഥാ! നമസ്ക്കാരം. ബാക്കി അങ്ങു വന്നിട്ടു്.

എന്നു്

മിസ്സസ് മഹാബലി.

—o—


## മൃഗമദാദ്യരസായനം

അടി, ഇടി, വീഴ്ച ഇവകൊണ്ടു് ഉണ്ടായിട്ടുള്ള എല്ലാവിധ കേടുകൾക്കും, അമിതവും, അസാധാരണവുമായ വിഷയാസക്തികൊണ്ടും, ശരീരം ക്ഷയിച്ചു് നാഡീബലം കുറഞ്ഞവർക്കും ഏററവും വിശേഷപ്പെട്ട രസായനമാണു് “മൃഗമദാദ്യരസായനം” പത്ഥ്യം ഇല്ല.
വില റാത്തൽ 1-നു് രൂ. 5-50. വി. പി. ചാർജ്ജു് പുറമേ.

ആവശ്യപ്പെടുക:- വൈദ്യൻ, കെ. ജി. കരുണാകരൻ,
കരുണാ ഫാർമസി, തുമ്പോളി-ആലപ്പുഴ.

സ്വർണ്ണാഭരണ ഇൻസ്റ്റാൾമെൻറ് പദ്ധതികളുടെ
ചരിത്രത്തിലൊരു പുതിയ അദ്ധ്യായം കുറിക്കുന്നു!

# ദാമു ജ്വല്ലേഴ്സ്

## മുല്ലയ്ക്കൽ — ആലപ്പുഴ.

പ്രൊപ്രൈറ്റർ— കെ. ദാമോദരൻപിള്ള.

## സ്വർണ്ണാഭരണ ഇൻസ്റ്റാൾമെൻറ പദ്ധതി No. 3

**8 രൂപാ മുടക്കി 200 രൂപായുടെ സ്വർണ്ണാഭരണങ്ങൾ സമ്പാദിക്കുക!**

**പ്രതിമാസസമ്മാനമായ Rs. 200-ന് പുറമെ സ്പെഷ്യൽ സമ്മാനം Rs. 600**

ആദ്യനറുക്കെടുപ്പ്: (1960 നവമ്പർ 30 (1137 വൃശ്ചികം 15)

കുറി വീണാൽ വീണ്ടും പണം അടയ്ക്കേണ്ടതില്ല.

**പ്രത്യേകതകൾ**— 1. ആദ്യനറുക്കെടുപ്പിൽ വിജയിയാകുന്ന അംഗത്തിന് 200 രൂപായുടെ സ്വർണ്ണാഭരണങ്ങൾക്കു പുറമേ 200 രൂപാ വിലപിടിപ്പുള്ള ഉരുപ്പടികൾകൂടി സ്പെഷ്യൽ സമ്മാനമായി നൽകുന്നതാണ്.

2. 12-ാമതു നറുക്കെടുപ്പിൽ വിജയിക്കുന്ന അംഗത്തിന് 200 രൂപായുടെ സ്വർണ്ണാഭരണത്തിനു പുറമേ 200 രൂപായ്ക്കുള്ള സ്വർണ്ണാഭരണങ്ങൾകൂടി പ്രത്യേക സമ്മാനമായി കൊടുക്കുന്നതാണ്.

3. ഒരു തവണയും മുടക്കമില്ലാതെ കൃത്യസമയത്തിനു മുൻപായി പണം അടച്ചിട്ടുള്ളതും, എന്നാൽ 25 തവണവരെ നറുക്കെടുപ്പിൽ വിജയിയാകാത്തതുമായ അംഗങ്ങളുടെ നമ്പരുകൾ ഒടുവിൽ നറുക്കിടുന്നതും, ആ നറുക്കെടുപ്പിൽ വിജയിക്കുന്ന അംഗത്തിന് 200 രൂപായുടെ സ്വർണ്ണാഭരണങ്ങൾക്കു പുറമേ 200 രൂപാ വിലപിടിപ്പുള്ള സ്വർണ്ണാഭരണങ്ങളും സ്പെഷ്യൽസമ്മാനമായി ലഭിക്കുന്നതാണ്.

4. പദ്ധതി:— മാസംതോറും 8 രൂപാവീതം 25 മാസംകൊണ്ടവസാനിക്കുന്നതും പരിപൂർണ്ണ ഉത്തരവാദിത്വമുള്ളതുമായ സ്വർണ്ണാഭരണ ഇൻസ്റ്റാൾമെന്റു പദ്ധതി.

വിശദവിവരത്തിന് 8 ന: പൈസാ സ്റ്റാമ്പുസഹിതം ഇന്നുതന്നെ എഴുതുക.

*N. B.* ടി പദ്ധതിയിലേക്ക് അംഗങ്ങളെ ചേർക്കുന്നതിന് സമർത്ഥന്മാരായ ഏജന്റുന്മാരെ ആകർഷണീയമായ കമ്മീഷൻവ്യവസ്ഥയിൽ ആവശ്യമുണ്ട്. വിവരത്തിന് 15 നയാപൈസാ സ്റ്റാമ്പുസഹിതം എഴുതിച്ചോദിക്കുക.

# 5 രൂപാമുടക്കി 100 രൂപാ വിലക്കുള്ള

- ★ സ്വർണ്ണാഭരണങ്ങൾ
- ★ സ്റ്റെയിൻലസ് സ്റ്റീൽപാത്രങ്ങൾ
- ★ വെങ്കലപാത്രങ്ങൾ

യാതൊരു ബാദ്ധ്യതയും കൂടാതെ സമ്പാദിക്കുക!

**ആദ്യനറുക്കെടുപ്പ്: 1960 നവംബർ 2**

നറുക്കുവീണാൽ വീണ്ടും പണം അടയ്ക്കേണ്ടതില്ല.

വ്യവസ്ഥകൾക്ക്: 8 നയാപൈസാ സ്റ്റാമ്പുസഹിതം അപേക്ഷിക്കുക!

## വി. സദാശിവൻ ആചാരി & സൺസ്

**വെങ്കലപാത്രവ്യാപാരം & ഉഷാ ജ്യൂവലേഴ്സ്**

ഫോൺ: 2247. ആലപ്പുഴ :: കേരളാ. Reg. No. 55.



ഞങ്ങളുടെ തിരുവോണ സമ്മാനം

150 രൂപായുടെ സ്വർണ്ണാഭരണങ്ങൾ!

# രാധാകൃഷ്ണാ സ്വർണ്ണാഭരണപദ്ധതി No 2.

5 രൂപാമുടക്കി 150 രൂപായുടെ സ്വർണ്ണാഭരണങ്ങൾ യാതൊരു ബാദ്ധ്യതയുമില്ലാതെ സമ്പാദിക്കാം.

**നറുക്കുവീണാൽ വീണ്ടും പണം അടയ്ക്കേണ്ടാ!**

ആദ്യനറുക്കെടുപ്പ് 1960 സെപ്തംബർ 3-ാംനു- തിരുവോണദിവസം

കൂടുതൽ വ്യവസ്ഥകൾക്കും മററും 15 ന: പ: സ്റ്റാമ്പുസഹിതം അപേക്ഷിക്കുക —

## — കെ. വി. ടി. ചിട്ടിഫണ്ട് —

മുട്ടം ബസാർ :: ചേർത്തല P. O. :: കേരളാസ്റ്റേററ്

പ്രൊപ്രൈററർ: കെ. വി. തങ്കപ്പൻ.

N. B. ഞങ്ങളുടെ ഇൻസ്റ്റാൾമെൻറപദ്ധതിയുടെ ആദ്യനറുക്കെടുപ്പ്, മുട്ടംബസാറിൽ ഉടനെ തുറക്കുന്ന "രാധാകൃഷ്ണാ ജ്യൂവലേഴ്സി"ൽവച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷ പൂർവ്വം അറിയിക്കുന്നു.

# സത്യാഗ്രഹം ഫലിക്കും



പന്തളം കെ. പി.

പടിയിറങ്ങിനിന്നു ഗോപാലൻനായർ ശകുനംനോക്കി. ആരെയും കണ്ടില്ല. അൽപ്പം അകലെ ഒരാട്ടിൻകുട്ടി റോഡിന്റെ നടുവിൽ നിൽക്കുന്നതു കണ്ടു. ആടിനെ ശകുനംകാണുന്നതു് നല്ലതോ ചീത്തയോ എന്നയാൾക്കറിഞ്ഞുകൂടാ. പശുവിനെയാണെങ്കിൽ കൊള്ളാം. ആഫീസിലേക്കു സമയമായതുകൊണ്ടു് കൂടുതൽ ആലോചിച്ചുനിൽക്കാതെ നടന്നു. അടുത്തുചെന്നപ്പോഴാണു് ആടല്ല വെള്ളപ്പാവാടയുടുത്ത ഒരു പെൺകുട്ടി കുനിഞ്ഞുനിന്നു കൈമോശംവന്ന എന്തോ തിരിയുകയാണെന്നു മനസ്സിലായതു്. ഗോപാലൻനായർക്കു സന്തോഷമായി. പെൺകുട്ടികൾ ശകുനത്തിനു കൊള്ളാം. വിശേഷിച്ചും അവളുടെ ഇടതുകയ്യിൽ ഒരടുക്കു പുസ്തകവുമുണ്ടു്.

എന്താ നോക്കുന്നേ—?

എന്റെ നാലണ ഇവിടെ വീണു.

ചിണുമ്പിക്കരഞ്ഞുകൊണ്ടാണു് അവൾ ഉത്തരം പറഞ്ഞതു്. ഗോപാലൻനായർക്കു സഹതാപം തോന്നി. അയാൾ പോക്കററിൽ പരിശോധിച്ചു. രണ്ടു രൂപയുടെ ഒരു നോട്ടും രണ്ടു നയാപൈസയുടെ നാണയവുമേയുള്ളു. നോട്ടുമാറാൻ അടുത്ത കവലയിലേ സാധിക്കൂ. അയാളുംകൂടി പെൺകുട്ടിയോടൊപ്പം കുനിഞ്ഞുനിന്നു ചുറ്റും ചവറും ചികഞ്ഞുനോക്കി. നാലണ അവിടെയെങ്ങും കണ്ടില്ല. പക്ഷേ മററുചിലതു് അയാൾ കണ്ടു. പെണ്ണിന്റെ കണ്ണുകൊള്ളാം, മൂക്കുകൊള്ളാം, ആകപ്പാടെ കൊള്ളാം. കഴുത്തിനും ബ്ളൗസിനും ഇടയ്ക്കുകൂടിനോക്കിയതിൽ മാറത്തു മൊട്ടിട്ടുവരുന്ന ചെപ്പുടിച്ചെപ്പുകളും കൊള്ളാം. പ്രായം പതിമ്മൂന്നോ പതിന്നാലോ കാണും.

നാലണ എന്തിനാ?

ഡ്റായിംഗ്ബുക്കിനാ.

കവലവരെ വന്നാൽ ഞാൻ തരാം അണ.

വരാം.

കവലയിലെ നാലു കടകളിലും തിരക്കി. ഒരിടത്തും രണ്ടു രൂപാ മാറാനുള്ള ചില്ലറ ഉണ്ടായില്ല. പെണ്ണിനു വീണ്ടും ചിണുമ്പലായി.

സാറു ക്ലാസീന്നെറക്കും. അമ്മൂമ്മ തല്ലുകേംചെയ്യും.

രണ്ടു രൂപാ തന്നാൽ വയ്യിട്ടു ബാക്കികൊണ്ടുതരാമോ?

തരാം. എവിടെ കൊണ്ടരണം?

മുല്ലപ്പുറത്തറീമോ?

പച്ച ഗേററൊള്ളടം?

അതേ.

കൊണ്ടരാം.

വൈകിട്ടു് ഗോപാലൻനായർ ആഫീസിൽനിന്നും വന്നപ്പോൾ പാവാടക്കാരിപ്പെണ്ണു് മുല്ലപ്പുറത്തെ വരാന്തയിൽ ഒരുപൊതി നയാപൈസയുമായി കാത്തുനിൽക്കുന്നു.

നീയെങ്ങനെ കേറി? ഗേററു പൂട്ടിയിരുന്നല്ലോ?

മതിലേക്കൂടെ കേറി.

പെമ്പിള്ളേരങ്ങനെ ചെയ്യാമോ?

ഗേററു പൂട്ടിയിരുന്നാൽ പിന്നെങ്ങനാ.

ഡ്റായിംഗ്ബുക്കു കിട്ടിയോ?

അണ കൊടുത്തു. ബുക്കു് നാളെ കിട്ടും. ദേ ബാക്കി.

ഗോപാലൻനായർ പൊതിവാങ്ങി അഴിച്ചു. മുക്കാലും നയാപൈസാ. അരമതിലിലിരുന്നു എണ്ണിനോക്കി. രണ്ടുരൂപയുടെ ചില്ലറ തികച്ചുമുണ്ടു്.

നീ അണ എടുത്തില്ലേ?

എടുത്തു.

ഇതു രണ്ടുരൂപായുണ്ടല്ലോ?

എന്റെ കളഞ്ഞുപോയ അണ വൈകിട്ടു വന്നപ്പോൾ കിട്ടി.

എന്നാലും നാലണ നീയെടുത്തോ, ഇതാ.

അവൾ അണ വാങ്ങി ഒരു തുണ്ടുകടലാസിൽ പൊതിഞ്ഞു് നോട്ടുപുസ്തകത്തിൽ വച്ചു. വളരെ സാവധാനത്തിലാണു് തുണ്ടെടുത്തതും പൊതിഞ്ഞതും നോട്ടുബുക്കിൽ വച്ചതും. ഏകദേശം അരമണിക്കൂറെടുത്തു അതിനുമാത്രം. നേരം സന്ധ്യയോടടുക്കുകയുമായിരുന്നു. ഗോപാലൻനായർക്കു പരിഭ്രമം തോന്നി.

താമസിച്ചാൽ അമ്മൂമ്മ തല്ലുകില്ലേ—?

തല്ലും.

പിന്നെന്താ പോവാത്തേ—?

പോവ്വാ....ചേട്ടനേതാ?

താലൂക്കുകച്ചേരീലെ ഒരു ക്ലാക്കാ.

ബീ. ഏ—യാന്നോ?

അതേ, നീയേതു ക്ലാസിലാ?

പത്താം സ്റ്റാൻഡേർഡിലാ.

എന്നാ ചെല്ലു് നേരം സന്ധ്യയായി.

പോവ്വാ....ചേട്ടനെന്നാ ഇവിടെ വന്നേ—?

രണ്ടാഴ്ചയായി.

തനിച്ചേ ഒള്ളോ?

അരിവയ്പ്പുകാരൻ പിണങ്ങിപ്പോയി.

അമ്മേംമററുമില്യോ?

ഇല്ല. ഒരമ്മാവനേയുള്ളു.

സംബന്ധം പെയ്തിട്ടില്ലേ—?

സന്ധ്യയായി. ഇനി നിന്നാൽ നിന്റമ്മൂമ്മതല്ലും.

പോവ്വാ....എവിടുന്നാ പാലു വാങ്ങുന്നേ....?

പാലു വാങ്ങുന്നില്ല. കാപ്പീം ഹോട്ടലിലാ.

നാളെമുതൽ പാലു കൊണ്ടരട്ടേ—? ഞങ്ങക്കു പശുവുണ്ടു്?

നാളെ പറയാം. ഇപ്പം പോ.

പോവ്വാ....നാഴി വേണോ ഇരുനാഴി വേണോ?

നാളെ പറയാം. വെളക്കുവയ്ക്കാറായി.

പോവ്വാ....കാച്ചിവേണോ പച്ച മതിയോ?

എനിക്കു പുറത്തേക്കിറങ്ങണം. നീ പോന്നില്ലേ—?

പോവ്വാ.... വടക്കോട്ടോ തെക്കോട്ടോ ചേട്ടൻ പോണതു്?

വടക്കോട്ടാ.

എന്നാ ഒന്നിച്ചു പോവാം. ഞങ്ങടെ വീടും അവിടാ.

വടക്കോട്ടല്ല. തെക്കോട്ടാ. ഞാൻ പോണതു്?

തെക്കോട്ടെനിക്കും പോണം. പഞ്ചാര വാങ്ങണം.

എന്നാ ഞാനെങ്ങും പോണില്ല.

ഞാൻവരുന്നകൊണ്ടാണോ? എന്നാ വരുന്നില്ല.

അവൾ പിണങ്ങി പുസ്തകക്കെട്ടും നെഞ്ചത്തുചേർത്തു് കുനിഞ്ഞു പാവാടത്തുമ്പുപൊക്കി കണ്ണീരുതുടച്ചുകൊണ്ടു് ഇറങ്ങിപ്പോയി. പാവാടത്തുമ്പു പൊക്കിയപ്പോൾ ഗോപാലൻനായർ കണ്ണടച്ചുകളഞ്ഞു. അവൾ പോയിക്കഴിഞ്ഞാണു് അയാൾക്കു ശ്വാസം നേരേ വീണതു്. ഇങ്ങനെയുമുണ്ടോ പെണ്ണു്! എന്തു ചെയ്യും ഇങ്ങനെകേറി ആവേശിച്ചോണ്ടാൽ? മററു ചെറുപ്പക്കാരെപ്പോലെ അതിനൊന്നും വഴിപ്പെടാനുള്ള സ്വാതന്ത്ര്യമോ തൻേറടമോ അയാൾക്കില്ല. അമ്മാവനും അമ്മാവിയുമാണു് അയാളെ വളർത്തിയതു്. അച്ഛനും അമ്മയും അയാളുടെ കുട്ടിക്കാലത്തേ മരിച്ചുപോയി. അമ്മാവൻെറ മകൾ ശാന്തയ്ക്കുവേണ്ടിയാണു് അമ്മാവനും അമ്മായിയും അയാളെ വളർത്തിയതും പഠിപ്പിച്ചതും വമ്പിച്ച ശുപാർശയും മികച്ച കൈക്കൂലിയുംകൊടുത്തു ജോലിനേടിക്കൊടുത്തതും. അവളും പത്താംസ്റ്റാൻഡാർഡിലാണു്. നാലണാക്കാരിയുടെ പ്രായമാണവൾക്കും. പഠിത്തം ഇത്രയുമില്ലെങ്കിലും ഇതുപോലെ തൊട്ടാലൊട്ടുന്ന ശീലക്കാരിയല്ല അവൾ. അന്തസ്സുള്ള തറവാട്ടിൽ പിറന്നവളാണു് ശാന്തമ്മ. പതിനഞ്ചെങ്കിലും തികയാതെ കല്യാണം നടത്തുന്നതു് ശരിയല്ലെന്നുള്ള പൊതുജനാഭിപ്രായം മാനിച്ചാണു് ആ കർമ്മം അടുത്ത വർഷത്തേക്കു മാററിവച്ചിരിക്കുന്നതു്. എങ്കിലും ഗോപാലൻനായർക്കു് അകലെ ജോലിയായി അങ്ങോട്ടു പുറപ്പെടുന്ന ഘട്ടമായപ്പോൾ അമ്മായിക്കു ചില ആശങ്കകൾ തോന്നാതിരുന്നില്ല. ഒരു മോതിരംമാറലെങ്കിലും നടത്തീട്ടു ചെറുക്കനെ വിടുന്നതല്ലേ നല്ലതെന്നു് ഒരാലോചന ഉദിച്ചു. പക്ഷേ മരുമകൻ ചതിക്കില്ലെന്നു് അമ്മാവൻ ഉറപ്പുപറഞ്ഞു. ഇതെല്ലാം ഗോപാലൻനായർക്കറിയാം. ശാന്തമ്മയെപ്പററിയാണെങ്കിൽ അയാൾക്കു പ്രത്യേകിച്ചൊരു തോന്നലുമില്ല. ഇഷ്ടവുമില്ല വെറുപ്പുമില്ല. എല്ലാ പെണ്ണുങ്ങളോടും അയാൾക്കതാണു മനോഭാവം.

പിറേറദിവസം ഗോപാലൻനായർ ഉണർന്നിറങ്ങിയപ്പോൾ കണികണ്ടതു് കാപ്പിമൊന്തയുംതൂക്കി കാത്തുനിൽക്കുന്ന പാവാടക്കാരിയേയാണു്. അയാൾക്കു പെട്ടെന്നൊരു ശ്വാസംമുട്ടലാണുണ്ടായതു്. നെഞ്ചുതടവി ശ്വാസം നേരേ വരുത്തിയിട്ടു് അയാൾ ചോദിച്ചു:

എന്താ ഇതു്?

പാലു്.

ഇന്നു പറയാമെന്നല്ലേപറഞ്ഞതു്?

ഇന്നു പറഞ്ഞാമതി.

പറയാതെ കൊണ്ടുവന്നതു്?

ഇന്നലെ കാശുതന്നതിനാ.

ഏതു കാശു്?

നാലണ.

അതു പാലിനല്ല.

പിന്നെ—?

ചുമ്മാ.

എന്നാ പാലും കാശിനല്ല.

പിന്നെ—?

ചുമ്മാ.

എനിക്കു പാലുവേണ്ടാ. കാച്ചാനും മററുമാളില്ല.

ഇതു കാച്ചിയതാ, പഞ്ചാരേം ഇട്ടതാ.

ഞാൻ രാവിലെ പാലുകുടിക്കാറില്ല.

ഇന്നുമുതൽ തുടങ്ങണം. ദേഹത്തിനു നല്ലതാ.

എൻെറ ദേഹം ഇങ്ങനിരുന്നാമതി.

ഇങ്ങനിരിക്കത്തില്ല, ഹോട്ടലിലെ ശാപ്പാടാണേൽ.

എന്നാലിങ്ങനിരിക്കണ്ടാ. ഏതായാലും അതു മതി.

ഇരുനാഴി പാലും രണ്ടു കോഴിമുട്ടേം ഒരേത്തപ്പഴോം രാവിലെ കഴിക്കണം.

ഇതാരു പറഞ്ഞു നിന്നോടു്?

അങ്ങനാ ഉദ്യോഗമുള്ളോരു്.

ഞാൻ ചെറിയ ഉദ്യോഗസ്ഥനാ.

എന്നാ നാഴിപ്പാലും ഒരു മുട്ടേം ഒരു പഴോം മതി.

എനിക്കതൊന്നും വേണ്ടാ.

പാലും വേണ്ടായോ?

ഇന്നത്തേതെടുത്തോളാം, നാളെമുതൽ വേണ്ടാ.

ഗോപാലൻനായർ കക്കൂസ്പരിപാടിയും മററും വേഗം നിർവ്വഹിച്ചിട്ടു തിണ്ണയ്ക്കു തിരിച്ചെത്തിയപ്പോൾ കാപ്പിമൊന്തമാത്രം അരമതിലിൽ കണ്ടു. പാവാടക്കാരിയെ കണ്ടില്ല. പടിഞ്ഞാറുവശത്തു് എന്തോ അനക്കംകേട്ടു വിളിച്ചുചോദിച്ചു.

ആരാ അവിടെ—?

ഞാനാ.... ചൂലുനോക്കുവാ.... ഇവിടെ ചൂലില്ലേ—?

ഇല്ല. എന്തിനാ?

മുററോം തിണ്ണേമൊക്കെ ഒന്നു തൂക്കാൻ.

ഇവിടാരും തൂക്കണ്ടാ.

പിന്നിങ്ങനെ ചവറായിക്കെടന്നാ മതിയോ?

മതി.

ഇതെന്തു ചേട്ടനാ! നാളെ ഞാൻ ചൂലുംകൊണ്ടുവരാം.

ഗോപാലൻനായർക്കു് ഉത്തരംപറയാൻ സമയം കിട്ടിയില്ല. പാലുകുടിച്ചു പാത്രവുംകൊടുത്തു് പെണ്ണിനെ വേഗം പറഞ്ഞയക്കാനുള്ള ധൃതിയിൽ അയാൾ കാപ്പിപ്പാത്രം കരുതലില്ലാതെ എടുത്തുപോയി. ചൂടാറിയിട്ടില്ലാതിരുന്നതിനാൽ വിരലഞ്ചും പൊള്ളി. അപ്പോഴേക്കും പെണ്ണു് ചിരിച്ചുകൊണ്ടു പ്രത്യക്ഷപ്പെടുകയുംചെയ്തു.

കൈ പൊള്ളിയോ? ഞാനൊഴിച്ചു തരാം.

ചൂടാററാതെ എന്തിനാ കൊണ്ടുവന്നതു്?

നാളെയാകട്ടെ, പാകത്തിനു കൊണ്ടു വരാം.

നാളെമുതൽ പാലേവേണ്ടാ.

മുട്ടയോ? ഞങ്ങളുടെ വീട്ടിൽ കോഴിയുണ്ടു്.

മുട്ടേം വേണ്ടാ.

പഴമോ? ഒരേത്തക്കൊല പഴുത്തിരുപ്പുണ്ടു്.

പഴോം വേണ്ടാ.

ചേട്ടനെന്താ പെണക്കം?

എനിക്കു പെണക്കമൊന്നുമില്ല.

എന്നിട്ടെൻെറ പേരുപോലും ചോദിച്ചില്ലല്ലോ?

എന്താ പേരു്?

ഏതു പേരാ ചേട്ടനിഷ്ടം?

ഒരു പേരും ഇഷ്ടമല്ല.

എന്നാ എനിക്കു പേരേയില്ല.

അമ്മൂമ്മയെന്താ വിളിക്കാ?

എടീന്നും പെണ്ണേന്നും ശാശേന്നും.

പള്ളിക്കൂടത്തിലോ?

പി. കെ. ഭവാനിയമ്മേന്നു്.

പി. എന്തുവാ?

പൊറമ്പോക്കുതറ—അതാ വീട്ടുപേരു്.

കെ—യോ?

കല്യാണി—പശുവിൻെറ പേരാ. അമ്മേടേം അതാരുന്നു.

ഈ സല്ലാപത്തിനിടയിൽ ഭവാനി കാപ്പിമൊന്ത തുറന്നു് അതിൽത്തന്നെ കഴുത്തിൽ തിരുകിയിരുന്ന ചെറിയ ടംബ്ളേറെടുത്തു് പാലു പകർന്നുകൊടുത്തു. ഗോപാലൻനായർ അല്പാല്പം ചുണ്ടും നാക്കും പൊള്ളിച്ചുകൊണ്ടു് അതു കുറേശ്ശയായി കുടിച്ചു.

മധുരം മതിയോ?

മതി. നാളെമുതൽ പാലുവേണ്ടാ. കേട്ടോ?

കേട്ടു.

ഇന്നത്തേതിനെന്താ വില.

ഇന്നലത്തെ നാലണ.

ശരി, എന്നാൽ പാത്രവുമെടുത്തോണ്ടു പോയേക്കു്.

പാത്രമിവിടിരിക്കട്ടെ. പിന്നമ്മൂമ്മ വന്നു കൊണ്ടുപോം.

ഇപ്പം നിനക്കു കൊണ്ടുപോയാലെന്താ?

ഞാൻ വേറൊരിടത്തു പോകുവാ.

അമ്മൂമ്മയേക്കൂടി രംഗപ്രവേശംചെയ്യിച്ച് നുഴഞ്ഞുകയററം പൂർത്തിയാക്കാനുള്ള വിദ്യയാണതെന്നാണു ഗോപാലൻ നായർ വ്യാഖ്യാനിച്ചതു്. പക്ഷേ അയാൾക്കു തെററിപ്പോയി. അഞ്ചിനു് അയാൾ ആഫീസിൽനിന്നും വന്നുനോക്കിയപ്പോഴും കാപ്പിപ്പാത്രം അരമതിലിൽ ഇരിക്കുന്നുണ്ടായിരുന്നു. പക്ഷേ വീടിനാകപ്പാടേ ഒരു ഭാവമാററം കണ്ടു. മുററത്തും തിണ്ണയിലും ചപ്പും ചവറുമില്ല. എല്ലാം തൂത്തുതളിച്ചു വൃത്തിയാക്കിയിട്ടിരിക്കുന്നു. അയാൾ പകച്ചുപോയി. അതിനിടെ കിങ്ങിണിപോലെ ഒരു ചിരി! കിണററുകരനിന്നാണു്. അയാൾ അങ്ങോട്ടു നോക്കി. ഭവാനിക്കുട്ടി ഒരു കയ്യിൽ ഒരുകീറ പച്ചത്തൊണ്ടും മറുകയ്യിൽ വെള്ളംകോരുന്ന തൊട്ടിയുമായി കുളിമുറിയിൽനിന്നും ഇറങ്ങിവരുന്നു.

നീയെന്തെടുക്കുവാ?

കുളിമുറീലെ പായലു തേച്ചുകളേവാരുന്നു

ആരുപറഞ്ഞിട്ടാ?

പായലു തെന്നി ചേട്ടൻ വീണാൽ?

(ഗൗരവത്തിൽ) ഭവാനീ!

(വിനയത്തിൽ) എന്തോ

(മൂത്ത ഗൗരവത്തിൽ) ഇവിടെ വാ.

(കൂടുതൽ വിനയത്തിൽ) ഇതാ വന്നേച്ചു.

പക്ഷേ ഭവാനിക്കുട്ടി അടുത്തു ചെന്നപ്പോൾ മിഴിച്ചു നോക്കിനിൽക്കാനല്ലാതെ ഗോപാലൻനായർക്കു മറെറാന്നിനും കഴിവുണ്ടായില്ല. അവൾ അതിപ്രയത്നംമൂലം അടിമുടി വിയർത്തിരിക്കയാണു്. സ്വതേ സുന്ദരമായ മുഖം വ്യായാമഫലമായി അരുണവും സുന്ദരവുമായവിധം ചേതോഹരവുമായിത്തീർന്നിരുന്നു. കുളിമുറിയിലെ പായലും അഴുക്കും വെള്ളവുംപുരണ്ടു് അവളുടെ പാവാടയും ബ്ലൗസും വൃത്തികേടാവുകയും ചെയ്തിരുന്നു.

എന്താ നോക്കുന്നേ—?

ഒന്നുമല്ല.

എന്തിനാ വിളിച്ചേ—?

ചുമ്മാ

എന്നാപ്പോയി കുളിമുറി കഴുകട്ടേ.?

വേണ്ടാ

ഒരുതൊട്ടി വെള്ളംകൂടൊഴിച്ചാമതി

എന്നാലൊഴിച്ചേച്ചു വാ.

വരാം.

ഭവാനിയെ ഒഴിച്ചുവിടുന്നതിനുള്ള തന്ത്രം ആലോചിക്കാനുള്ള സമയം കിട്ടുന്നതിനുവേണ്ടിയായിരുന്നു ഒരുതൊട്ടി വെള്ളംകൂടൊഴിക്കാൻ അയാൾ അനുവദിച്ചതു്. പക്ഷെ തന്ത്രം രൂപപ്പെടുന്നതിനുമുമ്പേ അവൾ വെള്ളമൊഴിച്ചിട്ടു് തിരിച്ചെത്തി.

അടുക്കളേടെ താക്കോലെന്ത്യേ?

എന്തിനാ?

പാത്രമൊക്കെയൊന്നു തേച്ചു വയ്ക്കാൻ.

വേണ്ടാ

പിന്നെങ്ങനാ നാളെ അരിവയ്ക്കുന്നതു്

നാളെ അരി വയ്ക്കുന്നില്ല.

എന്നാലും പാത്രം തേയ്ക്കരുതോ?

വേണ്ടാ

ഇതെന്തുചേട്ടനാ! താക്കോലുതന്നേ ഞാൻ തേച്ചുവയ്ക്കാം.

(ദേഷ്യത്തിൽ) നീയിവിടുന്നു പോമോ?

(വിനയത്തിൽ) പാത്രംതേച്ചുവച്ചേച്ചു പോയേക്കാം.

(തൊറിട്ടു്) പിന്നെ വരരുതു്.

(അക്ഷമയിൽ) താക്കോലു തന്നാട്ടെ.

(രാജിഭാവത്തിൽ) ഉമ്മറപ്പടിയിൽ കാണും.

അത്യന്തം ഈർഷ്യയിൽ ഗോപാലൻ നായർ പുറത്തേക്കിറങ്ങിപ്പോയി. ഹോട്ടലിൽ അത്താഴം കഴിച്ചിട്ടു് രാത്രി പതിനൊന്നുവരെ അവിടിവിടെ അലഞ്ഞതിനുശേഷം താമസസ്ഥലത്തെത്തി. പാവാടക്കാരിയെ അവിടെ കണ്ടേക്കുമെന്നാണു പേടിച്ചതു്. കണ്ടതു് ഒരമ്മൂമ്മയെ ആയിരുന്നു.

നിങ്ങളേതാ?

പൊറമ്പോക്കിലെ തള്ളയാ.

എന്തിനുവന്നു?

കോതമ്പുപാലു കാച്ചിയതുംകൊണ്ടു്!

ആരുപറഞ്ഞു?

പെണ്ണുപറഞ്ഞു.

ഭവാനീടമ്മൂമ്മയാണോ?

ആന്നേ.

ഞാനവളോടിതൊന്നുംപറഞ്ഞില്ല.

എന്നാ ഞാനങ്ങു ചെല്ലട്ടെ, അവടെ കാലേപ്പിടിച്ചു നെലത്തടിയ്ക്കാം.

അതേതായാലും വേണ്ടാ.

എന്നാലിതു കുടിച്ചാട്ടെ.

കുടിച്ചോളാം. നാളെമുതൽ വേണ്ടാ.

അലഞ്ഞു ക്ഷീണിച്ചിരുന്ന ഗോപാലൻനായർ ഗോതമ്പു കാച്ചിയതു് സാമാന്യം ആർത്തിയോടെ കുടിച്ചു. ചൂടും മാധുര്യവും പാകമായിരുന്നു. അൽപ്പം കൊഴുപ്പുകൂടിയോ എന്നൊരു ശങ്കമാത്രം. ഗ്രഹപ്പിഴയ്ക്കു് അയാളതൊന്നു സൂചിപ്പിച്ചുപോയി.

ഇങ്ങനെ കുറുക്കിപ്പുററിച്ചാലോ?

നാളെ കൂടുതൽ വെള്ളം ചേക്കാം.

നാളെ വേണ്ടാ—ഇന്നത്തേനെന്താ വില?

പെണ്ണു പറഞ്ഞു നേരത്തെ കൊടുത്തെന്നാണല്ലോ?

ഞാൻ കൊടുത്തില്ല.

എന്നാൽ അവളുവന്നു വാങ്ങിച്ചോളും.

അവളു വരണ്ടാ; ഇപ്പൊഴേതന്നേക്കാം.

അവളാ അതു നിശ്ചയിക്കുന്നതു്.

ആ പെണ്ണിവിടെ വരരുതെന്നാ പറഞ്ഞതു്.

അതും ഞാനവളോടു പറയാം.

വരാതിരിക്കാനും പറേണം.

പറയാം. അനുസരിക്കുന്നോളല്ല.

ഇതു ശല്യമായല്ലോ!

എന്നാലവടെ കാലേപ്പിടിച്ചു നെലത്തടിക്കാം.

അതേതായാലും വേണ്ടാ—പറഞ്ഞാൽ മതി.

എന്നാ ഞാമ്പോട്ടെ.

ആവട്ടെ.

വെളുപ്പാൻകാലംവരെ പലതുംചിന്തിച്ചു് ഉറങ്ങാതെ കിടന്നുപോയതുകൊണ്ടു് വെളുപ്പായപ്പോഴാണു് ഗോപാലൻ നായർ ഒന്നു മയങ്ങിയതു്. ഉണർന്നപ്പോൾ നേരം എട്ടുമണിയായി. മുറിയിൽനിന്നും ഇറങ്ങി നോക്കിയപ്പോൾ വിഷുക്കണി ഒരുക്കിയിരിക്കുന്നതുപോലെ ഒരു ഓട്ടുതാലത്തിൽ എന്തൊക്കെയോ കരിലകൊണ്ടു മൂടിയും അതിനടുത്തു് തലേന്നാളത്തെ കാപ്പിപ്പാത്രവും തിണ്ണയിൽ വച്ചിരിക്കുന്നതുകണ്ടു. അടുത്താരെയെങ്കിലും കണ്ടിരുന്നെങ്കിൽ അയാൾ കൊല നടത്തിയേനെ. ആരെയും കണ്ടില്ല. വീടിനുചുററും പരിശോധിച്ചു ധൈര്യപ്പെട്ടതിനുശേഷം താലത്തിന്റെ മൂടി പൊക്കിനോക്കി. മൂന്നു കോഴിമുട്ടയുടെ ബുൾസ്ഐയും ഒരേത്തപ്പഴം പുഴുങ്ങിയതും! കാപ്പിമൊന്ത തുറക്കാതെ അറിയാം അതിൽ കാച്ചിയ പാലാണെന്നു്.

ഗോപാലൻനായർ— (ആത്മഗതം) പോലീസിൽ പറഞ്ഞാലോ?

ടിയാൻ— (ആത്മഗതം) ഒരു പെങ്കൊച്ചിനെതിരായോ? കുറച്ചിൽ!

ടിയാൻ— (അൽപ്പം ഉച്ചത്തിൽ) എങ്കിലും ഇങ്ങനെ കുട്ടിക്കോണ്ടാൽ

ടിയാൻ— (അടക്കത്തിൽ) പണപ്പെട്ടോളല്ലിയോ? വല്ലതും കിട്ടുമെന്നുവിചാരിച്ചാ.

ടിയാൻ— (ഏദയത്തിൽ) എങ്കിലും സൂക്ഷിക്കണം.

ഈ മാനസികവ്യായാമം നടക്കുന്നതിനിടയിൽ ഒരു കൈനിറയെ റോസാപ്പൂവുമായി ഭവാനിക്കുട്ടി തെക്കേ മുററത്തുനിന്നും ഓടിവന്നു.

ഭവാനി— ഇതെന്തൊറക്കമാ? ആഫീസിൽ പോവണ്ടേ—? ഞാനെത്രനേരമായി വന്നുനിൽക്കുന്നു? ഇതെന്താ ഈ റോസാച്ചെടികു വെള്ളമൊഴിക്കാത്തതു്? അതുണങ്ങിപ്പോവില്ലേ—? ദേ എന്തു നല്ല പൂവാ (താലം നോക്കി) ഇതെന്താ എടുത്തു തിന്നാത്തതു്? തണുത്തു മരച്ചുകാണും. പിന്നെ കൊള്ളില്ലാ.

ഗോപാലൻനായർ മിണ്ടിയില്ല. അവൾ ഒരു കാട്ടുകരടിയായിരുന്നെങ്കിൽപോലും അയാൾ കാലിനുപിടിച്ചെടു

ത്തു പുറത്തെറിഞ്ഞേനം. കിങ്ങ്കോങ്ങ് ആയിരുന്നെങ്കിലും അങ്ങിനെ ചെയ്യേനെ. ഇവളോട്ട് എന്തുചെയ്യാനാണ്? കുറേനേരം ഇതികർത്തവ്യതാമൂഢനായിരുന്നശേഷം ഗൗരവത്തിൽ പറഞ്ഞു—

ഭവാനീ. എന്തോ.

ഇതു കൊള്ളുകേല

ഏതാ? മുട്ടയോ പാലോ അതോ ഏത്തപ്പഴമോ—?

നിൻെറ ഈ ശീലം

ഞാനെന്തുചെയ്തു?

ഇവിടെ വരരുതെന്നല്ലേ പറഞ്ഞതു്?

മറുപടിപറയാതെ അവൾ മുററത്തു തന്നെ കുത്തിയിരുന്നു. കൈയ്യിൽ കൊണ്ടുവന്നിരുന്ന റോസ്സാപ്പൂവ് മുററത്തെ മണ്ണിൽ വഴുതിവീണു. മുട്ടിനിടയിൽ തലയുംവച്ച് ഏങ്ങലടിച്ചുതുടങ്ങി. ഗോപാലൻനായർ എന്തുചെയ്യും? അയാളും ഒരു മനുഷ്യനാണ്, യുവാവാണ്. കാൽമണിക്കൂറോളം അയാൾ ക്ഷമിച്ചു. ഭവാനി തലപൊക്കുന്ന ലക്ഷണം കണ്ടില്ല. ഏങ്ങലു നിൽക്കുന്ന ഭാവവുമില്ല.

സ്കൂളിൽ പോവണ്ടേ"

(ഏങ്ങൽ)

നേരമായി

(ഏംഏംഏങ്ങൽ)

ഞാൻ വെറുതേ പറഞ്ഞതാ

(ഏംഏംഏംഏങ്ങൽ)

നിനക്കെപ്പം വേണേലും വരാം.

(ഏംഏംഏംഏംഏങ്ങൽ)

പാലും മൊട്ടേം പഴോം വാങ്ങിച്ചോളാം.

ഉത്തരമുണ്ടായില്ല. എങ്കിലും ഏങ്ങൽ കുറേശ്ശ അടങ്ങി. ഒമ്പതേമുക്കാലായപ്പോൾ നിശ്ശേഷംനിന്നു. ഒന്നുംമിണ്ടാതെ അവൾ തലയുയർത്തിയതും എഴുനേററതും ഗേററിലേക്കോടിയതും ഒരുമിച്ചായിരുന്നു.

## II

ആഫീസിൽവച്ച് ഗോപാലൻനായർക്കൊരെഴുത്തുകിട്ടി. അമ്മാവൻ അന്നുമുതൽ മൂന്നാംദിവസം ക്ഷേമമന്വേഷിച്ചു വരുന്നെന്ന്! ഗോപാലൻനായർ ഒന്നു നടുങ്ങി. ഭവാനിയുടെ സ്വാതന്ത്ര്യം അമ്മാവൻ കാണാനിടയായാൽ എന്തു വിചാരിക്കും? അമ്മാവി അറിഞ്ഞാൽ എന്തുപറയും? ഏതായാലും എല്ലാകാര്യവും ഭവാനിയോടു തുറന്നുപറയുകയല്ലാതെ മറു പോംവഴിയില്ലെന്ന് അയാൾ കണ്ടു. അഞ്ചുമണിക്കു തിരിച്ചുചെല്ലുമ്പോൾ ഭവാനിയെ കാണണമെന്നാണു കരുതിയതു്. പക്ഷേ കണ്ടില്ല. എങ്കിലും അടുക്കളയിൽനിന്നും പതിവില്ലാതെ പുകയുയരുന്നതു ശ്രദ്ധിച്ചു. ആരോ അകത്തു തീകത്തിക്കുന്നുണ്ട്.

അടുക്കളേലാരാ.

ഞാനാ! ഭവാനി.

എന്തെടുക്കുവാ?

നീയിങ്ങുവന്നേ

അരിവാർത്തിട്ടുവരാം

പിന്നെമതി

വാർത്തുതുടങ്ങി

ഗോപാലൻനായർ ക്ഷമിക്കേണ്ടിവന്നു, അര മണിക്കൂർകഴിഞ്ഞാണു കരിയുംപുകയും പററിയ ഭവാനിക്കുട്ടി പ്രത്യക്ഷപ്പെട്ടതു്. പാവാടപൊക്കി മുഖം തുടയ്ക്കാനുള്ള ഭാവം കാണിച്ചപ്പോൾ അയാൾ മുഖംതിരിച്ചുകളഞ്ഞു.

മീൻ മൂത്തില്ല. തോരനു കടുംവറക്കണം.

ഞാമ്പറേന്നതു കേൾക്ക്

പറഞ്ഞോട്ടെ.

നീയൊരു കുഞ്ഞല്ല

അതു പറയാതറിയാം

നിനക്കു കല്യാണപ്രായമായതാ

പപ്പടം കാച്ചിവെച്ചേച്ചാൽ തണുത്തുപോകും

ഞാനതല്ല പറഞ്ഞതു്

പിന്നെന്തുവാ?

നീ ഇങ്ങനെയൊക്കെയായാൽ മനുഷ്യർ പലതും ധരിക്കും

ധരിക്കട്ടെ

എനിക്കൊരമ്മാവനുണ്ട്

ഇന്നാളേ പറഞ്ഞല്ലോ

അങ്ങേർക്കൊരു മോളുണ്ട്

അതിനെന്താ?

അവളെ ഞാൻ കല്ല്യാണംകഴിക്കണമെന്നാ നിശ്ചയം

കഴിക്കണം

നീയിങ്ങനെ ഇവിടെ പെരുമാറിയാൽ അതു മുടങ്ങും.

മുടങ്ങട്ടെ

നെനക്കൊന്നും മനസ്സിലാവില്ലേ?

മനസ്സിലാകും. പറഞ്ഞതെല്ലാം മനസ്സിലായി.

മററന്നാൾ അമ്മാവൻ വരും

എപ്പൊഴാ? കാപ്പിയോ ചായയോ?

നിന്നെ അങ്ങേരു കാണരുതു്

കാണാതിരിക്കാൻ പറേണം

നീ മററന്നാൾ ഇവിടെ വരുമോ?

അമ്മാവൻ വരുമ്പോൾ വരാതിരുന്നാലോ?

ഞാൻ തോററു. നിൻെറമ്മൂമ്മയൊന്നു വരാൻ പറ. പറയാം.

അന്നുരാത്രി ഭവാനിയുടെ അമ്മൂമ്മ വന്നു. ഗോപാലൻനായർ സകലതും തുറന്നുപറഞ്ഞു. തള്ള ഒരു ബുദ്ധിയില്ലാത്തവളേപ്പോലെയാണു മറുപടി പറഞ്ഞതു്. എങ്കിലും അമ്മാവൻെറ സന്ദർശനദിവസം കൊച്ചുമകളെ അയക്കാതിരിക്കാൻ ശ്രമിക്കാമെന്ന് ഒരുവിധം സമ്മതിച്ചു.

അമ്മാവൻ ആഫീസിൽവന്നു ക്ഷേമം തിരക്കിയിട്ട് വൈകിട്ടത്തെ വണ്ടിക്കു തിരിച്ചു പോകുമെന്നാണ് ഗോപാലൻനായർ വിചാരിച്ചതു്. കാപ്പിയും ഉച്ചയ്ക്കു പകർച്ചയും കൊണ്ടുവരാൻ ആഫീസുശിപായിയെ അയാൾ നേരത്തെ ശട്ടംകെട്ടുകയും ചെയ്തു. പക്ഷെ അമ്മാവൻ ആഫീസിൽ ചെന്നില്ല. അഞ്ചുവരെ കാത്തിരുന്നു. ഒടുവിൽ ശിപായിമാർപോലും പിരിഞ്ഞപ്പോൾ ഗോപാലൻനായർ താമസസ്ഥലത്തേക്കുമടങ്ങി. ഭവാനിക്കുട്ടിയുണ്ട് അവിടെ വിജയോന്മത്തയായി തുള്ളിത്തുളുമ്പിനിൽക്കുന്നു!

എവിടായിരുന്നിതുവരെ?

എന്താ?

അമ്മാവനെത്രനേരം കാത്തു!

എന്നിട്ടെവിടെ—?

വൈകിട്ടത്തെ വണ്ടിക്കുപോയി.

നീയിവിടുണ്ടായിരുന്നോ?

അമ്മാവൻ വരുമ്പോൾ ആരുമില്ലാതായാലോ?

എപ്പൊഴാ വന്നതു്?

ഞാനിന്നു സ്കൂളിൽ പോയതേയില്ല.

തുടർന്ന് അവൾ അമ്മാവനെ സൽക്കരിച്ചവിവരം വർണ്ണിച്ചു. ഉച്ചയ്ക്കദ്ദേഹം വന്നു. ഇളം ചൂടുവെള്ളത്തിൽ കുളിപ്പിച്ചു. അതുകഴിഞ്ഞ് പൊടിയരിച്ചോറും പരിപ്പും നെയ്യും സഹിതം ഊണുകൊടുത്തു. വെററില ഇടിയ്ക്കാൻ കല്ലില്ലാത്തതുകൊണ്ട് പാറവിളയിൽചെന്ന് കല്ലും കുഴവിയും കൊണ്ടുവന്ന് ഇടിച്ചുകൊടുത്തു. നാലരയ്ക്ക് അദ്ദേഹംപോയി. പോയപ്പോൾ എനിക്ക് അഞ്ചുരൂപാ സമ്മാനിക്കുകേം ചെയ്തു. രണ്ടുമണിക്കൂർനേരത്തോളം ഗോപാലൻനായർ മരവിച്ചിരുന്നുപോയി. അതുകഴിഞ്ഞ് വിശദീകരണം ചോദിച്ചു.

നീയേതാന്നു ചോദിച്ചോ?

ചോദിക്കാതെ പറഞ്ഞു.

എന്താ പറഞ്ഞതു്?

ചേട്ടനു ചോറും പാലും തരുന്നോളാണെന്ന്.

എന്നിട്ടെന്തുപറഞ്ഞു.

ഞാനിവിടാണോരാത്രീലുമെന്നു ചോദിച്ചു

എന്തുപറഞ്ഞു?

ഒന്നും പറഞ്ഞില്ല, മിണ്ടാണ്ടുനിന്നു

അതെന്താ?

അതൊക്കെയെന്തിനാ അങ്ങേരറിയുന്നതു്

.... .... .... ........

ഇനി കഥ ചുരുക്കാം. പിന്നെ ഒരു മാസത്തേക്ക് അമ്മാവൻെറ കത്തുപോലും വന്നില്ല. ഒരുമാസം കഴിഞ്ഞൊരു കത്തുകിട്ടി. ശാന്തമ്മയും കുഴിവിളാകത്തിൽ കൃഷ്ണൻനായരും തമ്മിലുള്ള വിവാഹം അതിനടുത്ത ശനിയാഴ്ചയാണെന്നും അതിനു ചെന്നുചേരണമെന്നുമുള്ളതായിരുന്നു അതിൻെറസാരം. കത്തുവായിക്കുമ്പോൾ ഭവാനിയും അടുത്തുണ്ടായിരുന്നു.

കുടുംബസഹിതം ചെല്ലണമെന്നാണല്ലോ.

എനിക്കു കുടുംബമില്ലല്ലോ.

ഞാമ്പിന്നാരാ?

ഗോപാലൻനായർ തർക്കിച്ചില്ല. അടുത്തദിവസം തിങ്കളാഴ്ച, ഏററവും അടുത്തുള്ള അമ്പലത്തിൽവച്ച് കരയോഗാഭിമുഖ്യത്തിൽ ഭവാനിക്കുട്ടി മിസ്സസ്സ് ഗോപാലൻനായരായി. ശാന്തയുടെ കല്ല്യാണത്തിന് അവളും ഹാജരായിരുന്നു.

—0—

# പൊതുജനസമക്ഷം



പതിനേഴവർഷക്കാലത്തെ പ്രശസ്തസേവനം കൊണ്ടു് ലോകപ്രശസ്തിയും, അനുഭവസ്ഥരുടെ സംതൃപ്തിയിൽനിന്നും ഉടലെടുത്ത ആശംസാപൂർവ്വമായ അനേകം സാക്ഷിപത്രങ്ങളും, ആർജ്ജിച്ചിട്ടുള്ള വിജയാഫാർമസി വക സിദ്ധൗഷധങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന മൂന്നു സിദ്ധൗഷധങ്ങളെ സംബന്ധിച്ചുള്ള സാമാന്യ വിവരങ്ങൾ പൊതുജനസമക്ഷം സമർപ്പിക്കുന്നു.

## 1 ശശാങ്ക

ഇതു് സാധാരണ സ്ത്രീപുരുഷന്മാരുടെയിടയിൽ കാണാറുള്ള മൂത്രാശയസംബന്ധമായും, ഉഷ്ണസംബന്ധമായുമുള്ള രോഗങ്ങൾക്കു് മികച്ച അനുഭവമുള്ള ഒരു സിദ്ധൗഷധമാണു്. കൂടാതെ ശരീരത്തിൽനിന്നും എല്ലാ രീതിയിലും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സൗമ്യാംശത്തെ തടഞ്ഞുനിർത്തി ശരീരത്തിനു കുളിർമ്മയെ ഉളവാക്കുകയും ആരോഗ്യത്തെ പ്രദാനംചെയ്യുകയും ചെയ്യുന്നു.

24 ഗുളികകൾ അടങ്ങിയ പാക്കററിനു് വില രൂ. 3. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

## 2 ധാതുകൽപ്പ

ഇതു് ധാതുശക്തി ക്ഷയിച്ചവർക്കും ശരീരം മെലിഞ്ഞവർക്കും ദിവ്യാനുഗ്രഹമാണു്. എല്ലുന്തി മെലിഞ്ഞ ശരീരത്തേപ്പോലും ഇതു് ഏററവും മാംസളമാക്കുന്നു. ശരീരത്തിനു് കാന്തിയും ഓജസ്സും ആരോഗ്യവും ഉളവാക്കുന്നു. ക്ഷീണിച്ച നാഡിഞരമ്പുകൾക്കു് നവചൈതന്യം നൽകി ജീവിതം വിജയകരമാക്കുകയും ചെയ്യും. ശ്വാസകോശസംബന്ധമായ എല്ലാവിധ ക്ഷീണത്തേയും ഇല്ലാതാക്കുകയുംചെയ്യും.

റാത്തൽ ഒന്നിനു് 6 രൂപാ മാത്രം. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

## 3 ജാതീകുസുമാദി

ഇതു് അർശ്ശോരോഗികൾക്കു് കൈകണ്ട ഔഷധമാണു്. ഇതു് മലബന്ധത്തെ ഇല്ലാതാക്കുകയും സുഖവിരേചന ഉണ്ടാക്കുകയുംചെയ്യും. മൂട്ടചുടിച്ചിൽ, മൂട്ടകഴപ്പു്, ഗുദവീക്കം, ഗുദഭ്രംശം, ഹേനക്കുറവു്, വായുവികാരം, കൃമിദോഷം, രക്തംപോക്കു് മുതലായി അർശ്ശോരോഗികൾക്കുണ്ടാകുന്ന എല്ലാ അസുഖങ്ങൾക്കും നന്നാണു്. എത്ര ഭയങ്കരമായ ഗ്യാസ്‌ട്രബിളിനേയും വയറുവേദനയേയും ശമിപ്പിക്കും.

റാത്തൽ ഒന്നിനു് 5 രൂപാ മാത്രം. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം

നിർമ്മാതാക്കൾ:—

## വിജയാ ഫാർമസി മാവേലിക്കര, കേരളം.

N. B. രോഗവിവരക്കത്തുകൾ ചീഫ് വൈദ്യൻ, എസ്സ്. എസ്സ്. പിള്ള, വിജയാ ഫാർമസി, മാവേലിക്കര എന്ന വിലാസത്തിൽ എഴുതുക.

**വിജയാഫാർമസിയിൽ വരുന്നവർ തട്ടാരമ്പലം ബസ്സ്സ്റ്റാൻഡിൽ ഇറങ്ങുക**

കാററലോഗിനു് 25 നയാപൈസ സ്റ്റാമ്പയക്കുക.

**സാക്ഷിപത്രങ്ങൾക്കു് അടുത്ത പേജുകൾ നോക്കുക.**

## സ്ഖലനരോഗങ്ങൾ സുഖപ്പെട്ടു.

എം. കെ. നാരായണൻ,

ക്ലോത്തുമർച്ചന്റ്, P. O. മോക്കം, (Via) കുന്നമംഗലം.

മോക്കം, 19—9—1958.

എസ്സ്. എസ്സ്. പിള്ള അവർകൾക്ക്

വിജയാഫാർമസി, മാവേലിക്കര.

സർ,

ശശാങ്ക ഗുളിക ഞാൻ ഉപയോഗിച്ചിട്ട് ഇപ്പോൾ ഏകദേശം ഒന്നരക്കൊല്ലത്തോളമായി. എനിക്ക് മറസ്സിരിക്കുമ്പോൾ മുക്കുമ്പോഴുണ്ടായിരുന്ന ശുക്ലംപോക്കും, സ്വപ്നസ്ഖലനവും ഇതുവരെ ഉണ്ടായിട്ടില്ല.

ശശാങ്കകൊണ്ട് എന്റെ ഉഗ്രമായ രോഗം നശിപ്പിച്ചുതന്ന ചീഫ്‌വൈദ്യൻ എസ്സ്. എസ്സ്. പിള്ള അവർകൾക്ക് എന്റെ അകൈതവമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. മേൽപ്പറഞ്ഞ രോഗമുള്ള യുവതീയുവാക്കന്മാർ ശശാങ്ക ഉപയോഗിക്കുവാൻ ഞാനഭ്യർത്ഥിക്കുന്നു.

എന്നു്, എം. കെ. നാരായണൻ (ഒപ്പ്)

★

## ഉഷ്ണരോഗം സുഖപ്പെട്ടു.

K. A. MATHEW, Karumpinkalil, Chennamkary P. O.

Chennamkarry 15—4—1958.

To, S. S. PILLAI. Chief Vaidyan, Vijaya Pharmacy, Mavelikara.

Dear Sir,

എന്റെ ഭാര്യ ഏകദേശം നാലുവർഷം ഉഷ്ണസംബന്ധമായ രോഗത്താൽ കഷ്ടപ്പെടുകയും, വളരെയധികം പണം ചെലവുചെയ്യുകയും ചെയ്തു. അങ്ങിനെയിരിക്കവേ വിജയാ ഫാർമസി വക ഒരു പരസ്യംകാണുകയും, ഞാൻ താങ്കളുടെപേർക്ക് രോഗവിവരക്കത്തയക്കുകയും വൈദ്യൻ 'ശശാങ്ക' എന്ന മരുന്നു് എനിക്കയച്ചുതരികയുംചെയ്തു. അതോടുകൂടി അയച്ച നിർദ്ദേശക്കത്തിൽ 'ശശാങ്ക'യുടെ കംപ്ലീറ്റ് കോഴ്സ് (അതായതു് 3 മാസം) ആവശ്യമാണെന്നു നിർദ്ദേശിച്ചിരുന്നു. എന്നാൽ ഒരുമാസത്തെ സേവകൊണ്ടു് രോഗം പൂർണ്ണമായി സുഖപ്പെട്ടു. രോഗം ഭേദമായിട്ട് ഇപ്പോൾ രണ്ടുവർഷം കഴിഞ്ഞു. ഇതുവരെയും രോഗം ശമിച്ചതിനു് ഒരു കൃതജ്ഞതക്കത്തു് എഴുതാതിരുന്നതു് രോഗം ശരിയായി ഭേദമായി എന്നു ബോദ്ധ്യംവരട്ടെ എന്നു കരുതിയായിരുന്നു. ഇപ്പോൾ പരിപൂർണ്ണമായും ബോദ്ധ്യമായി. ഇതിന്റെ കൃതജ്ഞതപ്രകാശിപ്പിക്കാൻ കുറെ വാചകങ്ങൾ എഴുതിയതുകൊണ്ടു മതിയാകുമെന്നു് ഞാൻ കരുതുന്നില്ല. ഞാനും ഭാര്യയും കുട്ടികളും എന്നും വൈദ്യനു കടപ്പെട്ടവരാണു്. അങ്ങയെ ദൈവം അനുഗ്രഹിക്കട്ടെ.

എന്നു്, കെ. എ. മാത്യു (ഒപ്പ്)

★

## പ്രമേഹം സുഖപ്പെട്ടു.

From

ചാരുംമൂട്ട്, 19-4-'60.

വിൽഫ്‌റഡ് ഡിക്രൂസ്,

ജി. എസ്സ്. എസ്സ്. കോർപ്പറേഷൻ, ചുനക്കര P. O.

വൈദ്യൻ എസ്സ്. എസ്സ്. പിള്ള അവർകൾക്ക്, മാവേലിക്കര

സർ,



ഞാൻ മൂത്രമൊഴിവു (പ്രമേഹം) രോഗം പിടിപെട്ടു് കഷ്ടപ്പെടുകയും തുടന്നു് താങ്കളെ സമീപിച്ചു് വൈദ്യസഹായം ആവശ്യപ്പെടുകയും നിർദ്ദേശാനുസരണം താങ്കളുടെ ശശാങ്ക ഉപയോഗിക്കുകയും, അതിന്റെ ഫലമായി രോഗം പൂർണ്ണമായി സുഖപ്പെടുകയും ചെയ്തിരിക്കുന്നു. താങ്കളുടെ ഈ ദിവ്യൌഷധം എന്നേപ്പോലെ ഇനിയും പലരേയും ഈ രോഗത്തിൽനിന്നും രക്ഷിക്കുവാൻ കഴിയുമെന്നു് എന്റെ അനുഭവംകൊണ്ടു് ഞാൻ വിശ്വസിക്കുന്നു; എന്നുള്ള വിവരവും സന്തോഷപുരസ്സരം അറിയിച്ചുകൊള്ളട്ടെ.

എന്നു്, നിങ്ങളുടെ വിശ്വസ്തമിത്രം

വിൽഫ്രഡ് ഡിക്രൂസ് (ഒപ്പ്)

## ഗ്യാസ്ട്രബിളും വയററുവേദനയും സുഖപ്പെട്ടു.

എൻ. ഹസ്സൻ, ടീച്ചർ, കോന്നി,
വാർവിളാകം, വെള്ളപ്പാറ. 1-7-1959.

ശ്രീമാൻ, എസ്സ്. എസ്സ്. പിള്ള,
ചീഫ്‌വൈദ്യൻ,
വിജയാഫാർമസി, മാവേലിക്കര.

പ്രിയപ്പെട്ട സർ,



അനേക നാളുകളായി എന്നെ അത്യധികം പീഡിപ്പിച്ചുകൊണ്ടിരുന്ന വിശപ്പില്ലായ്മ, നിദ്രാഭംഗം വായുസ്തംഭനം, മലബന്ധം, ശരീരം മെലിച്ചിൽ, വയററുവേദന, എരിച്ചിൽ തുടങ്ങിയ ഭയങ്കര വ്യാധികളിൽ നിന്നും രക്ഷപ്പെടുത്തിയതിന് അങ്ങേക്കു കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളട്ടെ.

നമ്മുടെ രാജ്യത്തുള്ള പ്രധാനപ്പെട്ട ചികിത്സാകേന്ദ്രങ്ങളിലെല്ലാം ചികിത്സിച്ച് ഫലമാകാതെ നൈരാശ്യത്തിൽ കഴിഞ്ഞുകൂടുമ്പോഴാണ് താങ്കളുടെ പരസ്യം കാണുവാനിടയായത്. ഒരു വിഫലശ്രമംകൂടി എന്ന നിലയിൽ താങ്കളെ പരിചയപ്പെടുകയും താങ്കളുടെ ജാതീകുസുമാദി എന്ന ഔഷധം ഉപയോഗിക്കുവാൻ എന്നെ ഉപദേശിക്കുകയും ചെയ്തതനുസരിച്ച് ക്രമേണ ഞാൻ ഉപയോഗിക്കുവാൻ തുടങ്ങി. ചുരുങ്ങിയ കാലത്തെ സേവകൊണ്ട് എൻെറ രോഗം പരിപൂർണ്ണമായി വിട്ടുമാറുകയും, ഇപ്പോൾ ഞാൻ ആരോഗ്യവാനായിത്തീരുകയും ചെയ്തിരിക്കുന്നുവെന്നുള്ള വിവരം സസന്തോഷം അറിയിച്ചുകൊള്ളുന്നു.

ജാതീകുസുമാദിയുടെ ദിവ്യശക്തിയെപ്പററി അറിഞ്ഞ എൻെറ സ്നേഹിതന്മാരിൽ പലരും പ്രസ്തുത ലേഹ്യം ഉപയോഗിച്ച് സുഖം പ്രാപിച്ചിരിക്കുന്നുവെന്നും അറിയുവാൻ കഴിഞ്ഞിട്ടുണ്ട്.

അങ്ങേക്കും അങ്ങയുടെ മഹൽ സ്ഥാപനത്തിനും വിജയം നേർന്നുകൊള്ളുന്നു.

*

## അർശ്ശസ്സ് സുഖപ്പെട്ടു.

ററി. കെ. ഭദ്രൻ, Karigaon,
ഇ. & ഡി. ക്യാമ്പ്, 1—10—1958
ചമ്പമതി ഡൈവേർഷൻസ്കീം
P O. ഹാൽബിഗോൺ
ഗോൾപാറ ഡിസ്ട്രിക്ട്, ആസ്സാം.

ചീഫ് വൈദ്യൻ അവർകൾക്ക്,
വിജയാഫാർമസി, മാവേലിക്കര.

പ്രിയപ്പെട്ട സർ,

"ജാതീകുസുമാദി"ലേഹ്യം ഉപയോഗിച്ച് അർശ്ശോസംബന്ധമായ എല്ലാ രോഗങ്ങളും സുഖപ്പെട്ടു എന്നറിയിക്കുന്നതിൽ എനിക്കതിയായ സന്തോഷമുണ്ട്.



കഴിഞ്ഞ ഒൻപതു വർഷക്കാലമായി എന്നെ അത്യധികം ക്ലേശിപ്പിച്ച് നൈരാശ്യഗർത്തത്തിലാഴ്ത്തിയ ഈ രോഗം ഇത്ര പെട്ടെന്നു ഭേദമാകുമെന്ന് ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല.

മേലാൽ എൻെറ അറിവിൽപ്പെട്ട ആരെങ്കിലും അർശ്ശസ്സുരോഗബാധിതരാണെങ്കിൽ അവരെ വിജയാഫാർമസി സന്തോഷപൂർവം ചൂണ്ടിക്കാണിക്കുന്നതായിരിക്കും.

എന്നു, ബഹുമാനപൂർവ്വം,
ററി. കെ. ഭദ്രൻ.

*

# അർശ്ശസ്സും വായുകോപവും സുഖപ്പെട്ടു

പി. എസ്സ്. ഗോപാലൻ, ഊരമന,
പുളിമൂട്ടിൽ, 18—11—'59
ഊരമന P. O, മൂവാററുപുഴ.



അങ്ങയുടെ നിർദ്ദേശമനുസരിച്ച് ഞാൻ എന്റെ അസുഖങ്ങൾക്ക് ജാതീകുസുമാദി ലേഹ്യം ഉപയോഗിച്ചതിൽ പരിപൂർണ്ണാശ്വാസം സിദ്ധിച്ചു എന്നറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. താങ്കളുടെ സ്ഥാപനത്തിനും താങ്കൾക്കും എന്റെ ആശംസകൾ അറിയിച്ചുകൊള്ളുന്നു.

എന്ന്,
പി. എസ്സ്. ഗോപാലൻ.

★

JAMES P. G. LAMBART,
Merchant & Com: Agent.
Ellayakovilakom, COCHIN-2.
16th November 1959

Dr. S. S. PILLAI, Chief Physician
Vijaya Pharmacy, Mavelikara.

Dear My Doctor,



I feel extremely sorry, because, I did refer to numerous Dictionaries and am entirely fatifued; yet, I was not able to come across any proper word and/or an expression, as to how, I should thank you for your esteemed services, you have rendered to me, under the guidance of our Supreme Lord above

From the year 1950 onwards, I was in an awful condition having involved with unbearable Gastic troubles, Low Blood Pressure and heart weakness, the effect of which, could only be realised by those who are actually into it and all the while, I was having treatments from very Efficient Doctors in Trivandrum, Varkala, Cochin and Ernakulam and also had some other Ayurvedic treatments from very efficient physicians and thus did waste a loft, yet. my result was abnormally nil and I lost all my hopes of survival.

Thank God, I had an occasion to see your advertisement once and as a last trial measure, I approached you by a letter narating my awful existing conditions and you were very kind enough to guide me to use the following medicines for two months viz:—

JATHIKUSUMADI
SANJEEVANA SUDHA,
SIDHAMAKARADHWAJAM,
BRIHACHAGALADI

and I have already completed one month course

Obviously I am surprised to say that I find miraculous Devine effects and am much released of my troubles and I can boldly say, that your services to the public will surely be a BOON to save so many who are in serious troubles and I sincerely pray our Lord to give you long life and May God help you and your family with entire success in all your careers and enterprises

MAY GOD GRACE
Very sincerely Yours
James. P. G. Lambart (Sd)

## വിജയൻ

# കണ്ണീർക്കണങ്ങൾ



അരിയോരണിബന്ധുവായ് നിനച്ചോ-
രരുമസ്ഥാപനമായ ബാങ്കുനീ!
ഉയിരററു തകൻറു കാണുമീ
നിലകഷ്ടം! കരളംവെന്തിടുന്നുമേ!

കരപററിയതിൻ പ്രവത്തകർ
കഥയോരാതെ കയത്തുമന്ത്രിമാർ
കടിപററിയതിൽ കുടുങ്ങിയോർ
കളിയാക്കല്ലിതു കഷ്ടമല്ലയോ?

നിണമൂററിയൊഴുക്കി നിത്യവും
പണിചെയ്തുള്ളൊരു കാശുനിന്നിലായ്
സ്വരുമിച്ചതു നിൻെറയെന്നു നീ
നിരുപിച്ചായതു നീതിയോ സഖാവെ?

ചെറുമക്കടെ ഭാവിജീവിത-
ക്കരുവായെണ്ണി മുടിഞ്ഞ നിന്നെയും
കരുതിക്കഴിയുന്ന ഞങ്ങളി-
ച്ചതിയുള്ളിൽ കരുതീലമുന്നമേ

ചെറുതെങ്കിലുമിപ്പണത്തെയും
ത്തളിരിങ്കൽ കണികണ്ടുകൊണ്ടുഞാൻ
മരുവീടുകയായിരുന്നു മൽ
ക്കരളംനീറുന്നു, ചതിച്ചു പാപി നീ!

നിലവിട്ടു ഞെളിഞ്ഞിരുന്ന നിൻ
നിലയോ നിത്യമിതെന്നു മുഢരാം
വിലയുള്ളവരെണ്ണി; നിന്നിലീ
നെറികേടുള്ളതറിഞ്ഞതാരഹോ!

പുരുലജ്ജവെടിഞ്ഞു, കണ്ടവൻ-
കരുതിക്കൊണ്ടതുതിന്നു തീത്തഥ-
ഗതിമുട്ടിയടച്ചുപൂട്ടി, പോ-
ട്ടഥയെന്നിട്ടൊരുവാത്തയിങ്ങനെ,

"ചതിചെയ്തു റിസർവ്വുബാങ്കാ
രതിലീഞങ്ങടെ കുററമെന്തുവാൻ?"
അരിതിന്നു; തിരിഞ്ഞു ഹാ! കടി-
ച്ചതുപോരാഞ്ഞു മുറുമ്മൽ നായ്ക്കിതോ?

ചെറുജീവികളെത്ര ചാകണം
നിറയാൻ നിൻവയർ ബാങ്കുഭ്രതമേ?
അലയെത്ര സ്വയം നശിക്കണം
ജലധിക്കൽപരസം ലഭിക്കുവാൻ!

മടിവിട്ടു 'പിടുങ്ങി'യാലുമി-
ല്ലൊരുചുക്കും, വലുനേതൃസേവയാൽ
'തടിതപ്പു'സുസാദ്ധ്യമെങ്കിലു-
ണ്ടിടിവെട്ടെന്നൊരു ശക്തിഭ്രമിയിൽ

ഏവംഹന്തകരഞ്ഞുകൊണ്ടു പലതും
ചൊല്ലീട്ടു നിക്ഷേപക-
പ്പാവം! പോയി വിചാരമോടുമവിടു-
ന്നാഹന്ത! ശോകാന്ധനായ്
ഭാവം മാറി തമസ്സിലാണ്ടു പകലോൻ
ഭഗ്നാശയാൽ; താരക
പ്പൂവുംചൂടി ഞെളിഞ്ഞുവന്നിതുയരേ
ചന്ദ്രൻ പണക്കാരനായ്!

........o........

# കൊത്തൻ മത്തായി

(ശോശാമ്മ ഫിലിപ്പ്)

നട്ടെല്ലു വില്ലുപോലെ വളഞ്ഞ, കണ്ണുകൾ കിണറുപോലെ കുഴിഞ്ഞ, കൈകാലുകൾ ചുള്ളിപോലെ മെലിഞ്ഞ, ആ മനുഷ്യനെ നിങ്ങളറിയുമോ? ഇല്ലെങ്കിൽ പറഞ്ഞുതരാം. അയാളാണ് സർവ്വസമാരാദ്ധ്യനായ കൊത്തൻ മത്തായി.

കിണററിൽ മുങ്ങിയാൽ കുളത്തിൽ പൊങ്ങുകയും, കുടവയ്ക്കുന്നിടത്ത് വടിവയ്ക്കാതിരിക്കുകയും, കവിഴ്ന്നുവീണാൽ കാൽപ്പണവുമായി എഴുന്നേൽക്കുകയും ചെയ്യുന്ന പ്രകൃതി മത്തായിയുടെ പ്രത്യേകതയല്ല, സ്വഭാവമാണ്.

മത്തായി ഇടപെട്ടിട്ടുള്ള വിവാഹാലോചനകളൊന്നും ഇതുവരെ അലസിപ്പോയിട്ടില്ല. ഒരാലോചനയ്ക്ക് ഇരുപത്തഞ്ചു രൂപായും അതിനടുത്ത ഊണും കാപ്പിയുമാണ് അയാളുടെ ഫീസ്. എങ്കിലെന്ത്? മത്തായിയുടെ കയ്യിൽ ആലോചന കിട്ടുമ്പോൾ ചീങ്കണ്ണിയും കോങ്കണ്ണിയും, മാൻകണ്ണിയും മീൻകണ്ണിയും ആകും. കൂനനും കുരുടനുമൊക്കെ കാമനും ഭീമനുമായി മാറും. എന്തിനധികം? ഉള്ളതും ഇല്ലാത്തതുമെല്ലാംകൂടി ഏച്ചുകെട്ടിവച്ചു മുഴപ്പിച്ച് പൊടിപ്പും തൊങ്ങലും കൂട്ടിയിണക്കി രണ്ടുകൂട്ടരെയും സമ്മതിപ്പിച്ച് എങ്ങനെയെങ്കിലും വിവാഹമുറപ്പിച്ചിട്ട് തനിക്കുള്ള ഫീസും വാങ്ങി കീശയിലിട്ടേ ആ മത്തായി പിന്മാറൂ.

മത്തായി കേൾക്കുന്നതുപോലെ തെറി ലോകത്തിലാരുംകേൾക്കുന്നില്ല. ദിവസം പത്തുപേരെങ്കിലും അയാളെ പിടിച്ചുനിർത്തി കല്ലുവച്ച നാലു തെറി പറയാതിരിക്കയില്ല. എങ്കിലും ഇതുവരെ ആരും മത്തായിയെ നുള്ളിനോവിച്ചിട്ടുപോലുമില്ല. മത്തായിയെ ഭയന്നല്ല. സർക്കാരിനെ പേടിച്ചാണ്. അയാളെ തല്ലുവാൻ ആരെങ്കിലും കയ്യോങ്ങിപ്പോയെങ്കിൽ അവൻ കൊലപാതകത്തിനുത്തരം പറയേണ്ടിവരും.

വിവാഹാലോചനയിൽ കൊത്തൻ മത്തായിക്കുള്ള സാമർത്ഥ്യത്തെപ്പററി ഉത്തമവിശ്വാസമുണ്ടായിരുന്നതു കൊണ്ടാണ്, പൈലോച്ചേട്ടൻറെ മകൻറെ കാര്യം അയാളെ ഭരമേല്പിച്ചതു്. ഒരു നയാപൈസാ ഇതുവരെ ആർക്കും വെറുതെ കൊടുത്തിട്ടില്ലാത്ത പൈലോച്ചേട്ടൻ കൊച്ചുവർക്കിയുടെ ആലോചനയ്ക്കുവേണ്ടി നൂറു രൂപാ കൊടുക്കാമെന്നു സമ്മതിച്ചതു് വെറുതെയൊന്നുമല്ല. താൻ പഠിച്ചപണി പതിനെട്ടും നോക്കിക്കഴിഞ്ഞശേഷമാണ് പൈലോച്ചേട്ടൻ ഇങ്ങനെയൊരു നഷ്ടംചെയ്യുവാൻ തീരുമാനിച്ചതു്.

കൊച്ചുവർക്കിക്ക് കുറവൊന്നും പറയാനില്ല; ഒരു കണ്ണിനു കാഴ്ചയില്ലെന്നുള്ളതാണ് പ്രധാന തകരാറ്. അപ്പോൾ മറേറക്കണ്ണുകൊണ്ടു തെങ്ങിൽ നോക്കിയാൽ കമുകിൽ ഇരിക്കും എന്നൊരു സവിശേഷതയും ഉണ്ട്. പല്ല് രണ്ടുമൂന്നു നിരകളിലായി പത്തുപതിനഞ്ചെണ്ണം കൂടുതലാണ്. വയസ്സിനും കുറവില്ല—മുപ്പത്തഞ്ചിനുമേലുണ്ട്. ഇടത്തെ കൈപ്പത്തിയിൽ വിരലുകൾ ആറാണ്. പിന്നെന്താണ് കുറവ്? കുറച്ചു കൂടുതലല്ലേയുള്ളു. എന്നിട്ടും കൊച്ചുവർക്കിയും പൈലോച്ചേട്ടനും പത്തുപന്ത്രണ്ടുവർഷം ആവുന്നത്ര പയററിനോക്കിയിട്ടും പെണ്ണിൻറെ വർഗ്ഗത്തിൽനിന്ന് ഒരെണ്ണത്തിനെ കിട്ടിയില്ല. അവസാനത്തെ പരീക്ഷണമെന്നനിലയിലാണ് ഇപ്പോൾ കൊത്തൻ മത്തായിയുടെ സഹായം അഭ്യർത്ഥിച്ചിരിക്കുന്നതു്.

സംഗതികളുടെ കിടപ്പ് മത്തായി നല്ലവണ്ണം മനസ്സിലാക്കി. കുറച്ചുനേരം ആലോചിച്ചിരുന്നിട്ട് അയാൾ പൈലോച്ചേട്ടനോടു പറഞ്ഞു:

“കാര്യം നടത്തിത്തരാം. പക്ഷേല് ഒരു പച്ച നോട്ടിങ്ങു തരണം.”

പൈലോച്ചേട്ടൻ വായ്പൊളിച്ചു നിന്നു. ഒരു വിവാഹാലോചനയ്ക്ക് നൂറു രൂപാ!

“അതു കുറച്ചു കൂടുതലല്ലേ മത്തായി?” പൈലോച്ചേട്ടൻ ചോദിച്ചു.

“എന്നാൽ വേറെവല്ലോരേംകൊണ്ടാലോചിപ്പിക്ക്. ഞാനങ്ങോട്ടിറങ്ങുവാ.”

“പോകാൻ വരട്ടെ.” പൈലോച്ചേട്ടൻ മകനെ വിളിച്ച് കുറേനേരം കുശുകുശുത്തു. കൊച്ചുവർക്കിയുടെ അഭിപ്രായം, ഇരുനൂറാണെങ്കിലും മത്തായിയെ ഉപേക്ഷിക്കരുതെന്നാണ്.

“മത്തായി!” പൈലോച്ചേട്ടൻ മകനുമായുള്ള ആലോചനകഴിഞ്ഞ് മടങ്ങിവന്നു പറഞ്ഞു “എഴുപത്തഞ്ചു തന്നാൽപ്പോരേ?”

“ഞാനില്ല.” മത്തായി ഒഴിഞ്ഞുപറഞ്ഞു.

“മത്തായി അതു കണ്ടോ—” നിറകുലകൾ തിങ്ങിക്കിടക്കുന്ന തെങ്ങിലേ


സന്ദർശിക്കുക! പൊന്നിൻചിങ്ങമാസത്തിലെ പൊന്നോണത്തിന്

—പുതുമയുള്ള ജൗളിത്തരങ്ങൾക്ക്—

★ ശ്രീ മുരളീ ടെക്സ്റ്റയിൽസ് ★

ഓച്ചിറ :: കേരളാ.

പ്രൊപ്രൈറ്റർ- എസ്. വാസുദേവനുണ്ണി.

കെ. എൻ. പ്രിൻറിംഗ് വർക്ക്സ്, ആററിങ്ങൽ

ആകർഷണീയമായ അച്ചടിവേലകൾക്കും, ഉറപ്പും ഭംഗിയുമുള്ള റബ്ബർമുദ്രകൾക്കും—ഒരു മികച്ച സ്ഥാപനം.

പ്രൊപ്രൈറ്റർ, എൻ. ശ്രീനിവാസൻ.

ക്ക കൈചൂണ്ടിയിട്ട് പൈലോച്ചേട്ടൻ പറഞ്ഞു "ആ മാതിരി അഞ്ഞൂറുതെങ്ങാണെനിക്കുള്ളത്."

അതുകേട്ട് മത്തായി കൊച്ചുവക്കിയുടെ മുഖത്തേക്കു കൈ ചൂണ്ടിയിട്ട് അരിശപ്പെട്ട് മറുപടി പറഞ്ഞു: "ഈ മാതിരി മോന്തക്കൊട്ടയല്ലേ ചെറുക്കന്റേത്."

"ശരി. മത്തായിയുടെ ഇഷ്ടത്തിനു വിട്ടിരിക്കുന്നു" പൈലോച്ചേട്ടൻ പറഞ്ഞു "നൂറെങ്കിൽ നൂറ്. ങ്ഹാ.... പെണ്ണിനെ കണ്ടാൽ കൊള്ളാമോ?"

"കൊള്ളാമോന്ന്. അവടെ മൊകത്ത് എപ്പഴും ചിരിയാ."

"പിന്നേ, സ്ത്രീധനത്തൊക കൊറയ്ക്കരുത്."

"തൊക എന്നാ വേണം?"

"അഞ്ഞൂറ തെങ്ങൊണ്ട്. ആൺമക്കളും രണ്ടാ. അയ്യായിരം കിട്ടത്തില്ലേ മത്തായി."

"കൊച്ചുവർക്കിയുടെ കാര്യത്തിൽ ഞാനാ തൊക നിശ്ചയിക്കുന്നെ" മത്തായി പറഞ്ഞു "അതിനു സമ്മതമാണെങ്കിലേ ഇതാലോചിക്കാൻ പാറ്റൂ."

അതു കേട്ടപ്പോൾ പൈലോച്ചേട്ടൻ വിഷമത്തിലായി. അപ്പൻ മിണ്ടാതെ നിൽക്കുന്നതുകണ്ട് കൊച്ചുവക്കി ഇടയ്ക്കുകയറി പറഞ്ഞു:

"അങ്ങനെയങ്ങു സമ്മതിച്ചേക്കപ്പാ"

ഒരു കല്ല്യാണംകഴിച്ചുകിട്ടാനുള്ള കൊതി എന്താണെന്ന് കൊച്ചുവക്കിക്കല്ലേ അറിയൂ.

അവസാനം എല്ലാം മത്തായിയുടെ തലയിൽ ഭരമേൽപ്പിക്കേണ്ടിവന്നു, പത്തുരൂപാ അച്ചാരംപററിക്കൊണ്ട് നിറഞ്ഞ ഗാംഭീര്യത്തോടെ കൊത്തൻമത്തായി അവിടെനിന്നിറങ്ങി.

അയാൾ മുററത്തിറങ്ങിയപ്പോൾ പൈലോച്ചേട്ടൻ പറഞ്ഞു:

"മത്തായിയേ, തൊക തീരെയങ്ങു കൊറയ്ക്കല്ല്."

അതു കേൾക്കാത്തമട്ടിൽ അയാൾ നടന്നകന്നു. കൊത്തൻ മത്തായി കണ്ണുകളിൽനിന്നു മറയുന്നതുവരെ കൊച്ചുവക്കി നോക്കിനിന്നു. എന്നിട്ട് പള്ളിക്കു രണ്ട് മെഴുകുതിരിയും നേർന്നിട്ട് ദീർഘമായി ഒന്നു നിശ്വസിച്ചുകൊണ്ട് തൂമ്പായുമെടുത്ത് പറമ്പിലേക്കിറങ്ങി.

നടക്കുന്നതിനിടയിൽ മത്തായിയുടെ ചിന്ത കെട്ടിക്കാതെ നിൽക്കുന്ന പെൺപിള്ളേരുടെ വീടുകളിലായിരുന്നു. പല വീടുകളും പല പെൺകുട്ടികളും അയാളുടെ സ്മരണയിൽ ഉയർന്നുമറഞ്ഞു. ഒന്നും ഒക്കുന്നില്ല. ഒന്നൊക്കുമ്പോൾ ഒന്നൊക്കുകയില്ല. അവസാനം ഒരാളുടെ കാര്യം ഓർമ്മയിലെത്തി. അപ്പോൾ ദുഃഖത്തിന്റെ ഗൗരവം കുറഞ്ഞു. ചുണ്ടിലൊരു പുഞ്ചിരി വിടർന്നു. അയാൾ വേഗം ബസ്സുകയറി.


സ്വർണ്ണ-രത്നാഭരണങ്ങൾക്ക്

# ഗോവിന്ദാ ജ്യൂവലേഴ്സ്

**മെയിൻറോഡ് :: കായംകുളം.**

എല്ലാവിധ സ്വർണ്ണഉരുപ്പടികളും ആർഡർ അനുസരിച്ച് ഉത്തരവാദിത്വത്തോടുകൂടി കൃത്യസമയങ്ങളിൽ ചെയ്തുകൊടുക്കുന്നതാണ്.

## ദാമ്പത്യജീവിതം ആനന്ദപ്രദമാക്കുക!

ശീഘ്രസ്ഖലനവും, ലൈംഗിക ബലഹീനതയുംമൂലം സംയോഗസുഖം അനുഭവിക്കാൻ സാധിക്കാത്ത സ്ത്രീപുരുഷന്മാർക്ക് ഒരനുഗ്രഹമാണ്.

**ജീവക്** അസ്ഥിസ്രാവത്തെ നിശ്ശേഷം മാററുകയും ആരോഗ്യത്തെ വർദ്ധിപ്പിച്ച് ഉന്മേഷം നൽകുന്നു.

**മെൻസെൻ** ആർത്തവസമയത്തുണ്ടാകുന്ന കഠിനവേദനയെ ഇല്ലാതാക്കി ആർത്തവം സുഖപ്രദമാക്കുന്നു. ഗർഭകാലങ്ങളിൽ ഉപയോഗിക്കരുത്.

സ്റ്റോക്കിസ്റ്റന്മാരെ ആവശ്യമുണ്ട്.

**ബാപ്പുവൈദ്യർ ഫാർമസി, ആലപ്പുഴ.**



★ കഥാപ്രസംഗം ★

**കാഥികൻ**

# R. K. നെടുംചിറ

**മരുത്തോർവട്ടം,**

**ചേർത്തല—കേരളാ.**

★

പുരാണകഥകൾ, ചരിത്രകഥകൾ, സാമുദായിക കഥകൾ, ഇവ തന്മയത്വമായ രീതിയിൽ ആവിഷ്കരിക്കുന്നു.

## സി. വി. ജോസഫ് & ബ്രദർ

— ഇംഗ്ലീഷ് മരുന്നുവ്യാപാരം —

**മുട്ടം ബസ്സാർ :: ചേർത്തല.**

ബ്രാഞ്ച്:— ശ്രീനാരായണാ മെഡിക്കൽമിഷനു സമീപം **ചേർത്തല.**

ഊണുകഴിഞ്ഞ് മുറുക്കാൻ തുടങ്ങുകയായിരുന്നു, ചാണ്ടിസാർ. അപ്പോഴാണ് മത്തായിയുടെ പ്രവേശനം. ചാണ്ടിസാർ വെളുക്കെ ചിരിച്ചു.

മത്തായിയേ, കണ്ടിട്ടു കൊറച്ചായല്ലോ.

എന്താ സാറേ എപ്പാഴാ നേരം. ഓട്ടമല്ലേ മത്തായിക്ക്. എപ്പഴും ഓട്ടം.

ഈ ഓട്ടമൊക്കെ ഓടിയിട്ടും നമ്മുടെ പെണ്ണിന് ഒരാലോചന ഉറപ്പിക്കാൻ തന്നെക്കൊണ്ടു കഴിഞ്ഞില്ലല്ലോ?

അതിനല്ലേ ഇപ്പഴിങ്ങോട്ടു വന്നെ.

അതുകേട്ടപ്പോൾ ചാണ്ടിസാറിനു സന്തോഷമായി. വേഗം മത്തായിക്ക് ചോറുവിളമ്പുവാൻ ഭാര്യയെ വിളിച്ചുപറഞ്ഞു.

ഊണുകഴിക്കുന്നതിനിടയിൽത്തന്നെ അവർ കാര്യങ്ങളൊക്കെ സംസാരിച്ചു തീർത്തു. അവസാനം ചാണ്ടിസാർ പറഞ്ഞു.

"പെണ്ണിന്റെ കാര്യമൊക്കെ അറിയാമല്ലോ."

"എല്ലാമറിയാം."

"ചെറുക്കനെ കണ്ടാൽ കൊള്ളാമോ മത്തായി?"

"ഒരു തെങ്ങേൽ മുപ്പതു കുല കുറഞ്ഞതു കാണും."

"ചെറുക്കനെങ്ങനിരിക്കുന്നു."

"ഒരു കൊലേൽ എൺപതു വെള്ളയ്ക്കാ കുറഞ്ഞതു കാണും."

"ചോദിച്ചതിന്റെ ശേഷം പറഞ്ഞേ, ചെറുക്കനെക്കണ്ടാൽ കൊള്ളാമോ?"

"മൊകത്തു നോക്കിയാൽ നെലത്തു നോക്കാൻ തോന്നുകേലാ."

അതുകൂടി കേട്ടപ്പോൾ ചാണ്ടിസാറിനു വലിയ ഉത്സാഹമായി. ചാണ്ടിസാറിനോട് മത്തായി ഇരുനൂറുരൂപയാണാവശ്യപ്പെട്ടത്. യാതൊരു മടിയും കൂടാതെ അതു കൊടുക്കാമെന്ന് സാർ സമ്മതിക്കുകയുംചെയ്തു.

അടുത്തതു സ്ത്രീധനപ്രശ്നമാണ്. ചാണ്ടിസാറിന് പെൺമക്കൾ ഏഴാണ്. നാലെണ്ണം കല്ല്യാണപ്രായത്തിൽ നിൽക്കുന്നു. മൂത്തതിനെ പറഞ്ഞയയ്ക്കാതെ ഇളയതിന്റെ കാര്യം എങ്ങനെ തീരുമാനിക്കും! ഏതായാലുംഎല്ലാത്തിനെയും കെട്ടിക്കണമല്ലോ. അതുകൊണ്ട് കൂടിയ തുക മറിയാമ്മയ്ക്ക് കൊടുക്കാൻ നിവൃത്തിയില്ല. എങ്കിലും താരതമ്യേന കുറച്ചു കൂടിയാലും വേണ്ടില്ല. മറിയാമ്മയുടെ കല്യാണമൊന്നു നടന്നുകാണണമെന്നേ ചാണ്ടിസ്സാറിനുള്ളു.

പറഞ്ഞുപറഞ്ഞ് സ്ത്രീധനത്തുക മൂവായിരത്തിൽ സ്ഥിരപ്പെടുത്തി. പെണ്ണിനെ കാണാൻ പിറ്റെ വ്യാഴാഴ്ച ചെറുക്കൻ വരുമെന്നുപറഞ്ഞിട്ട് ഇരുപത്തഞ്ചുരൂപാ അഡ്വാൻസുപററിക്കൊണ്ട് മത്തായി അവിടെനിന്നു പിരിഞ്ഞു.

മറിയാമ്മയ്ക്ക് എന്തെന്നില്ലാത്ത സന്തോഷം. എത്ര ആലോചനകൾ ഉണ്ടായതാണ്. പെണ്ണുകാണലോടെ എല്ലാം അവസാനിക്കും. അവൾ ചിന്തിക്കാറുണ്ട്, കാക്കത്തമ്പുരാട്ടിയുടെ നിറം തനിക്കുണ്ടായതു തന്റെ കുററമാണോ? തലയിൽ മുടി കിളിർക്കാത്തതു തന്റെ കുററമാണോ? ചെറുപ്പത്തിൽ കിണററിൽ വീണ് മുകളിലത്തെ ചിറി മുറിഞ്ഞുപോയതുകൊണ്ടല്ലേ നാലു പല്ല് വെളിയിൽ കാണുന്നതു?........ ആറുമാസമായി ആലോചനയൊന്നുമില്ലാതിരിക്കുകയായിരുന്നു. ഇതാ വീണ്ടും മത്തായിച്ചേട്ടൻ ധൈര്യംപറഞ്ഞിട്ടുപോയിരിക്കുന്നു. ഇരുപത്തഞ്ചുരൂപായും വാങ്ങിയിട്ടുണ്ട്. കല്ല്യാണം നടക്കുന്നമട്ടില്ലെങ്കിൽ മത്തായിച്ചേട്ടൻ പണം വാങ്ങുകയില്ലെന്ന് അവൾക്കറിയാം. അങ്ങനെയൊരു ഗുണമേ അയാൾക്കുള്ളു.

വ്യാഴാഴ്ചത്തേയ്ക്കുള്ള ഒരുക്കങ്ങൾ അപ്പോൾത്തന്നെ മറിയാമ്മ ആരംഭിച്ചു. വമ്പിച്ച തോതിൽ അതിഥികളെ സൽക്കരിക്കുന്നതിനുള്ള പരിപാടികൾ അടുക്കളയിൽ ആസൂത്രണംചെയ്തുകഴിഞ്ഞിരിക്കുന്നു. എങ്കിലും മറിയാമ്മയ്ക്ക് ഉള്ളിൽ ഭയമുണ്ടായിരുന്നു. എത്രപേരെ ഇതിനുമുമ്പ് ഒരുക്കിപ്പെറുക്കി തീററിയതാണ്. എന്നിട്ടെന്തായി?

വ്യാഴാഴ്ച രാവിലെ കൊത്തൻമത്തായി പൈലോച്ചേട്ടന്റെ വീട്ടിലെത്തി. അന്ന് പെണ്ണുകാണാൻപോകണമെന്ന് അറിയിച്ചിട്ടുണ്ടായിരുന്നു. അങ്ങുചെന്നപ്പോൾ കൊച്ചുവർക്കി മുഖംവടിച്ച് തലചീകി സിൽക്കുടുപ്പുമിട്ട് അങ്ങനെ നിൽക്കുന്നു. ഹെയറോയിലും സെൻറും പൗഡറുമൊക്കെ കോരത്തൂകിയിട്ടുണ്ട്. കയ്യിൽ പുതിയ ഒരു കുടയും പിടിച്ചിരിക്കുന്നു.

മത്തായി പറഞ്ഞു: "കൊച്ചുവർക്കി തുണിമാറി തുമ്പായുമെടുത്ത് പറമ്പിലെങ്ങാനുംപോയി കെളയ്ക്ക്."

"ഇന്നല്ലേ പോണമെന്നു പറഞ്ഞതു?" കൊച്ചുവർക്കി ചോദിച്ചു.

"അതെ. പക്ഷേല് കൊച്ചുവർക്കി പോരേണ്ടാ."

"അതെന്താ"

"കല്ല്യാണം നടക്കണമെങ്കിൽ കൊച്ചുവർക്കി പോയി കെളച്ചോ. മററവനെന്തിയേ? കുഞ്ഞപ്പായി?"

"അവനും അപ്പനുംകൂടി കപ്പയ്ക്ക് കെളയ്ക്കുന്നു."

"കൊച്ചുവർക്കിയങ്ങോട്ടുചെന്ന് കുഞ്ഞപ്പായി ഇങ്ങോട്ടു വരാൻപറ."

കൊച്ചുവർക്കിക്ക് അനുസരിക്കേണ്ടിവന്നു. അവൻ ചെന്ന് കുഞ്ഞപ്പായിയെ വിളിച്ചുകൊണ്ടുവന്നു. കുഞ്ഞപ്പായി മത്തായി പറഞ്ഞു, വേഗം കുളിച്ച് തുണിയൊക്കെ മാറിക്കോ"

ഞാനെന്തിനാ വരുന്നെ?

ചെറുക്കൻതന്നെ പെണ്ണിനെ കാണണമെന്നൊന്നുമില്ല. ചെറുക്കന്റെ അനുജൻ കണ്ടാലും മതി.

അപ്പോഴേക്ക് പൈലോച്ചേട്ടനും അങ്ങെത്തി.

കുഞ്ഞപ്പായി അൽപ്പം മടി കാണിച്ചു. പൈലിച്ചേട്ടൻ പറഞ്ഞു.

ചെല്ലടാ മത്തായിയുടെ കൂട്ടത്തിൽ ചെല്ല്.

പെണ്ണുകാണലിനുവേണ്ടി താൻ തയ്പിച്ച സിൽക്കുടുപ്പും മൽമൽമുണ്ടും തേച്ചുമടക്കി അനുജനു കൊടുത്തു. പുത്തൻകുടയും അതെല്ലാം ധരിച്ചുകൊണ്ട് മത്തായിയുടെകൂട്ടത്തിൽ കുഞ്ഞപ്പായി യാത്രതിരിച്ചു.

ഒരുക്കങ്ങളെല്ലാം പൂർത്തിയാക്കിയിട്ട് ചാണ്ടിസാർ കാത്തിരിക്കുകയായിരുന്നു. പത്തുമണിയായപ്പോഴേക്ക് മത്തായിയും ചെറുക്കനും അങ്ങെത്തി. ചെറുക്കന്റെ മുഖത്തുനോക്കിയപ്പോൾത്തന്നെ ചാണ്ടിസാർ സന്തോഷഭരിതനായി. നല്ല പയ്യൻ!—മത്തായിയുടെ കഴിവിനെ ചാണ്ടിസാർ വിലവച്ചു.

മത്തായി വേഗം അടുക്കളയിലേക്കു കയറി, മറിയാമ്മ അവിടെ ഒരുങ്ങി നിൽപ്പുണ്ടായിരുന്നു. പെണ്ണിന്റെ അമ്മയെ വിളിച്ച് മത്തായി രഹസ്യം പറഞ്ഞു.

ചെറുക്കന് ചോറോ കാപ്പിയോ കൊടുക്കാൻനേരത്ത് മറിയാമ്മയെ ഏറ്റാക്കിവിടേണ്ടാ.

പിന്നെങ്ങനാ?

കുഞ്ഞമ്മേമതി.

അതു ചതിവല്ലേ മത്തായിച്ചേട്ടാ.

എന്താ ചതിവ്. കല്യാണം നടക്കണോ?

വേണം

എന്നാലേ പറേന്നതുപോലങ്ങു കേട്ടാട്ട്.

അപ്പോൾ ചാണ്ടിസാറും അടുക്കളയിലേക്കു ചെന്നു.

ഞാൻ പറേന്നതുപോലെ ചെയ്താലേ കാര്യം നടക്കു. മത്തായി പറഞ്ഞു.

അതുകേട്ട് ചാണ്ടിസാർ ഭാര്യയോടു പറഞ്ഞു എടീ, മത്തായി പറേന്നതുപോലൊക്കെ ചെയ്തേരു്.

പെട്ടെന്ന് കാപ്പികുടിക്കുവാനുള്ള ചട്ടവട്ടങ്ങളൊരുക്കി. കൈകഴുകുവാൻ കിണ്ടിയൽ വെള്ളം വന്നു.

കൈകഴുകിയിട്ട് അതിഥികൾ പോയിരുന്നു. പലഹാരങ്ങളുമായി കുഞ്ഞമ്മ ഇറങ്ങിച്ചെന്നു. ചെറുക്കൻ അവളുടെ മുഖത്തു നോക്കുന്നതു് അവൾ കണ്ടു. ചേട്ടന്റെ പെണ്ണല്ലേ, എങ്ങനെയിരിക്കുന്നെന്നു നോക്കേണ്ട ചുമതല തനിയ്ക്കുണ്ടല്ലോ. അതുകൊണ്ടാണ് കുഞ്ഞപ്പായി പിന്നെയും പിന്നെയും അവളുടെ മുഖത്തുനോക്കിയതു്. അവൾക്കാകെ നാണമായി. ചേട്ടത്തിയുടെ ചെറുക്കൻ ത

ന്നെ കൂടെക്കൂടെനോക്കുന്നു. ആരാം എങ്ങനെയിരിക്കുന്നെന്നറിഞ്ഞിട്ട് ചേട്ടത്തിയെ അറിയിക്കേണ്ട ചുമതല തന്നിൽ ഭരമേൽപ്പിക്കപ്പെട്ടിട്ടുള്ളതുകൊണ്ട് കുഞ്ഞമ്മയും അയാളുടെ മുഖത്തേക്കൊന്നുനോക്കി.

കാപ്പികുടികഴിഞ്ഞ് അവർ ഒന്നു വിശ്രമിച്ചു. അപ്പോഴേക്ക് ചോറു കാലമായി, ഊണുകഴിഞ്ഞു യാത്രപറഞ്ഞ് ഇറങ്ങിയപ്പോഴാം ചാണ്ടിസാർ ചോദിച്ചു.

"ഞങ്ങളെന്നാ അങ്ങോട്ടു വരേണ്ടത്."

തിങ്കളാഴ്ചതന്നെയാകട്ടെ— മത്തായി പറഞ്ഞു.

പിറെറ തിങ്കളാഴ്ച ചാണ്ടിസാറും വേറെ രണ്ടുമൂന്ന് വേണ്ടപ്പെട്ടവരുംകൂടി ചെറുക്കന്റെ വീട്ടിലേക്കു യാത്രതിരിച്ചു. മത്തായി നേരത്തേതന്നെ പൈലിച്ചേട്ടന്റെ വീട്ടിൽചെന്ന്, കൊച്ചുവർക്കിയെ കുപ്പായം കിളക്കുവാൻ പറഞ്ഞയച്ചിരുന്നു.

പെണ്ണിന്റെ വീട്ടിലേതിനേക്കാൾ ഒട്ടും മോശമായിരുന്നില്ല ചെറുക്കന്റെ വീട്ടിലെ ഒരുക്കങ്ങളും. ചെന്നയുടനെ അതിഥികളെ സ്വീകരിച്ചിരുത്തിയിട്ട് മത്തായി ചാണ്ടിസാറിനെവിളിച്ചു പുറത്തിറക്കി തെങ്ങുകൾ ചൂണ്ടിക്കാണിച്ചു. എന്നിട്ടുപറഞ്ഞു.

മറിയാമ്മയ്ക്ക് പരമാനന്ദമാ കേട്ടോ.

ചാണ്ടിസാറിന്റെ ഉള്ളിൽ കൃതജ്ഞത കവിഞ്ഞൊഴുകുകയായിരുന്നു.

ഊണുകഴിക്കുന്നതിനിടയിൽ ചാണ്ടിസാർ ചോദിച്ചു.

ആമ്പിള്ളേർ രണ്ടുപേരല്ലേ.

അതെ! മത്തായി പറഞ്ഞു, ചോദ്യങ്ങൾക്കെല്ലാം ഉത്തരം താൻ പറഞ്ഞുകൊള്ളാമെന്ന് നേരത്തേതന്നെ മത്തായി പൈലിച്ചേട്ടനുമായി പറഞ്ഞൊത്തിട്ടുണ്ടായിരുന്നു.

കൊച്ചുവർക്കി മൂത്തതല്ലേ— ചാണ്ടിസാർ ചോദിച്ചു. അതെയതേ, മത്തായി പറഞ്ഞു." ഇളയതു് കുഞ്ഞപ്പായി. അവൻ എന്താണ്ടത്യാവശ്യം പ്രമാണിച്ച് അങ്ങ് എറണാകുളത്തിനു പോയിരിക്കുവാ, ഇന്നലെ പോയതാ. നിങ്ങൾ വരുമ്പോഴേക്ക് ഇങ്ങെത്തുമെന്നു പറഞ്ഞാ പോയെ."

ഊണുകഴിഞ്ഞ് അവർ ഇറങ്ങി. ചാണ്ടിസാറിന് ചെറുക്കനേയും ചെറുക്കന്റെ അപ്പനെയും പറമ്പും തെങ്ങുമെല്ലാം ഇഷ്ടപ്പെട്ടു. പിറെറ വ്യാഴാഴ്ച കല്യാണവും ഉറച്ചു. മൂവായിരം രൂപാ സ്ത്രീധനം. തനിക്കു കിട്ടാനുള്ളത് ഇരുകൂട്ട


## നിങ്ങളുടെ പാസഞ്ചർ, ട്രക്ക് ടയറുകളുടെ തൃപ്തികരമായ സേവനത്തിന്

* കുറഞ്ഞ ചിലവിൽ * കൂടുതൽ മൈലേജിനും,
* വാഹനങ്ങളുടെ സുരക്ഷിതത്വത്തിനും

## ഇൻഡ്യൻ ടയർ റീസോഴ്സ്

(ഫുൾസക്കിൾ റീസോളിംഗ് ആൻഡ് വൾക്കനൈസിംഗ്)

മൂവാററുപുഴ.

## ശ്രീകൃഷ്ണാ ചിട്ടിഫണ്ട്,

മുട്ടം ബസാർ :: ചേർത്തല.

എ. ബി. സി. എന്നീ മൂന്നു ക്ലാസുകളിലായി **1750** രൂപായുടെ പ്രതിമാസ ലേലച്ചിട്ടി ക്യാഷ് സെക്യൂരിറ്റിയിന്മേൽ വീണ്ടും ഉടനെ ആരംഭിക്കുന്നു. വീതപ്പലിശ ഒന്നുപോലെ.

| | | | | | | |
|---|---|---|---|---|---|---|
| എ. | മാസംഒന്നിന് | 20 രൂ: | വീതം | 50 മാസം | രൂ. | 1000 |
| ബി. | ,, | 10 | ,, | 50 | ,, | 500 |
| സി. | ,, | 5 | ,, | 50 | ,, | 250 |

**വർയോലയും വിവരങ്ങളും ആവശ്യപ്പെട്ടാൽ അയച്ചുതരുന്നതാണ്.**

തലയാൾ: സി. എൻ. ദിവാകരൻ,
തയ്യിൽ-ചെറുകാത്തറ, വടക്കുംമുറി-ചേർത്തല.

## ഞങ്ങളോടാവശ്യപ്പെടുക!

മലയാളസാഹിത്യ മലർക്കാവിൽ വിരിയുന്ന ഒരു പുതിയ റോജാപ്പൂവ്.

ചലച്ചിത്രലോകത്തിലും നോവൽസാഹിത്യ നഭോമണ്ഡലത്തിലും ഒന്നുപോലെ വിജയവൈജയന്തി ആർജ്ജിച്ച "ഉമ്മയുടെ കഥാകൃത്തായ മൊയ്തു പടിയത്തു്" ഒരു പുതിയ ജീവിതചിത്രീകരണം അവതരിപ്പിക്കുന്നു.

**★ കരിപുരണ്ട ആൽബം ★**

ഒറാപ്രതിക്ക് ഒന്നേകാൽ ഉറുപ്പിക. തപാൽചിലവ് 12 നയാപൈസാ.

മാനേജർ, മോഡേൺ ബുക്ക്സ്റ്റാൾ, തിരുവമ്പാടി–ആലപ്പുഴ.

## "ലൈസോൾ" കാർബോളിക്ക് സോപ്പ്

ചൊറി, ചിരങ്ങ് ഇവയെ നശിപ്പിക്കുന്നതിനും, രോമകൂപത്തിൽ ഉണ്ടാകുന്ന അഴുക്കുകളെ അത്ഭുതകരമാംവണ്ണം മാററി ശരീരകാന്തി വർദ്ധിപ്പിക്കുന്നതിനും തക്ക ഔഷധവീര്യമുള്ള

**ലൈസോൾ കാർബോളിക്ക്സോപ്പ്** ഉപയോഗിപ്പിൻ

**M. F. A. S. S. Industries Soap Section**
**W. No. 10., ALLEPPEY.**

★ അതിൻെറ രഹസ്യം ★

ഉൽകൃഷ്ടമായ ഉയൎന്നതരം ഔഷധങ്ങളാലും വിദഗ്ദ്ധ ഹസ്തങ്ങളാലും തയ്യാർ ചെയ്യുന്ന

**Spl: സുഗന്ധ നാസികാചൂൎണ്ണം**

തളൎന്നു ക്ഷീണിച്ച നാഡിഞരമ്പുകളെ ഉണൎത്തി തലയിലുള്ള ദുൎന്നീരുകളെ ശമിപ്പിച്ച് എപ്പോഴും ഉന്മേഷവാന്മാരായിരിപ്പാൻ സഹായിക്കുന്നു. വിശിഷ്യാ ജലദോഷത്തിന് അതിവിശിഷ്ടം. ഇന്നുതന്നെ പരീക്ഷിച്ചറിയുക.

കൂടാതെ നല്ല വീര്യവും വാസനയും പുതുമയേറിയതുമായ ഞങ്ങളുടെ

**രാധാ Spl: മദ്രാസ്സ് പൊടി**

മറേറതുതരം പൊടിയേക്കാൾ മെച്ചമാണ്.

ഏക വിൽപ്പനക്കാർ–

**ജനറൽ ട്രേഡിംഗ് കൊ., കവല-ചങ്ങനാശേരി.**

കച്ചവടക്കാൎക്ക് ആകർഷണീയമായ കമ്മീഷൻ.

അഡ്വാൻസ്സ് സഹിതം ഇന്നുതന്നെ വി. പി. യായി അയക്കാനാവശ്യപ്പെടുക.

കലർപ്പില്ലാത്ത കാപ്പിപ്പൊടിയും, വറുത്ത കുരു, പച്ചക്കുരു മുതലായവയും മിതമായ വിലയ്ക്കു് എപ്പോഴും കിട്ടുന്നതാണ്.

**പ്രഭാത് കോഫി & ഇൻഡസ്ട്രീസ്, ചങ്ങനാശേരി.**

Prop:— G. N. PRABHU.

**ഐഡിയൽ വാച്ചുറിപ്പയറിംഗ് ഹൗസ്**

പ്രൈവററ് ബസ്സ്സ്റ്റാൻഡിനു തെക്കുവശം

**കായംകുളം.**

എല്ലാവിധ വാച്ചുകളും, ക്ലോക്കുകളും വിശ്വസ്തതയോടും ഉത്തരവാദിത്വത്തോടുംകൂടി റിപ്പയർചെയ്യിക്കുന്നതിന് ഐഡിയൽ വാച്ചുറിപ്പയറിംഗ്ഹൗസിൽ ഏല്പിക്കുക.

*Prop:* സി. എൻ. ലൂയിസ്.

രോടും വാങ്ങിക്കൊണ്ടു് കൊത്തൻമത്തായി സലാംപറഞ്ഞുപിരിഞ്ഞു.

വിവാഹച്ചടങ്ങിന് ഇരുകൂട്ടരും അയാളെ വിളിച്ചിട്ടുണ്ടായിരുന്നെങ്കിലും ഒരിടത്തും മത്തായി പോയില്ല.

കല്യാണം കേമമായി നടന്നു. ചാണ്ടിസാറിൻെറ മുഖം അട്ടയുപ്പുചേൎത്തതുപോലെയും പൈലിച്ചേട്ടൻെറ മുഖം ഇഞ്ചിതിന്ന കുരങ്ങൻേറതുപോലെയും ആയിരുന്നു. ഇരുട്ടത്തുകൊണ്ട അടിയല്ലേ? ആരോടുപറയും.

കൊച്ചുവക്കി മറിയാമ്മയുടെ കരംഗ്രഹിച്ചുകൊണ്ടു് പന്തലിൽനിന്നു് അകത്തേയ്ക്കുകയറി, പിറേറദിവസം വഴിയിൽ യാദൃശ്ചികമായി പൈലിച്ചേട്ടൻ മത്തായിയെ കണ്ടു.

എൻെറ മത്തായീ നീ എന്നോടിതു ചെയ്തല്ലോ.

എന്നാ പററി?

നീയല്ലേ പറഞ്ഞതു് പെണ്ണിൻെറ മൊകത്തു് എപ്പോഴും ചിരിയാണെന്നു്.

ഞാൻ പറഞ്ഞതു നേരുതന്നെയാ· കണ്ണുതുറന്നു നോക്കു്. ആ പെണ്ണിൻെറ നാലുപല്ലു് എപ്പോഴും വെളിയിലല്ലെങ്കിൽ മത്തായിയുടെ കരണത്തടിച്ചോ.

ഒരുവിധത്തിൽ അവിടെനിന്നു് രക്ഷപെട്ടു് അയാൾ നീങ്ങിയപ്പോൾ എതിരെ വരുന്നു ചാണ്ടിസാറ്. മാറിയൊഴിയുവാൻ ഒരു വഴിയും കാണുന്നില്ല.

ചാണ്ടിസാർ അടുത്തെത്തി.

“എൻെറ മത്തായി എന്നോടിതു വേണ്ടായിരുന്നു.”

“എന്തോപററിസാറേ.”

“നീയല്ലേ പറഞ്ഞതു് ചെറുക്കൻെറ മുഖത്തുനോക്കിയാൽ നിലത്തുനോക്കാൻ തോന്നുകേലെന്നു .”

അല്ലേലും ആ ചെറുക്കൻെറ മൊകത്തു നോക്കിയാൽ നിലത്തു നോക്കാൻ തോന്നുകേലാ.”

“പിന്നെന്നാ തോന്നുമെടാ.” ചാണ്ടിസാർ ദേഷ്യപ്പെട്ടു് ചോദിച്ചു.

“മൊകത്തു് കാർക്കിച്ചൊരു തുപ്പു കൊടുക്കാൻ തോന്നും.”

ചാണ്ടിസാർ മത്തായിയുടെ കരണംതീൎത്തു് ഒരെണ്ണം ഇട്ടുകൊടുത്തു. മത്തായി താഴെ. ആളുകൾ ഓടിക്കൂടി. ബോധശൂന്യനായിക്കിടക്കുന്ന കോത്തൻ മത്തായിയെ ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ കിടക്കുകയാണു്. ഇതുവരെ ബോധം വീണിട്ടില്ല.

★

# Geno-Tone

An excellent general tonic for adults and infants alike. It enriches the blood promotes digestion. A bless for women when bearing Babies.

16 oz Bottle Rs 4 00

## ജെനൊ–ടോൺ

കുട്ടികൾക്കും പ്രായമായവർക്കും ഒരുപോലെ ഗുണപ്രദമായ ഒരു ടോണിക്കു്. രക്തത്തെ പോഷിപ്പിക്കുകയും ദീപനത്തെ വർദ്ധിപ്പിക്കുകയും ചെയ്യും. ഗർഭിണികൾക്കു് അത്യുത്തമം. 16 ഔൺസ്സു് കുപ്പി 1–നു് 4 രൂപാ.

Sole Distributors:—

**MADHAVA MEDICALS**
**PalaceRoad, ALLEPPEY.**

N. B. സ്റ്റോക്കിസ്റ്റന്മാരെ ആവശ്യമുണ്ടു്.

★

# ഒളശ്ശ
# ആയുർവ്വേദ വൈദ്യശാല
## H. O. ഒളശ്ശ

ബ്രാഞ്ചുകൾ: **കോട്ടയം, ചങ്ങനാശേരി, ആലപ്പുഴ, പാലാ, എരുമേലി, അയ്യപ്പൻകോവിൽ.**

ശാസ്ത്രവിധിപ്രകാരം ഒളശ്ശ (നാണപിള്ളവൈദ്യന്റെ) വൈദ്യൻ കെ. നാരായണപിള്ള അവർകളുടെ മേൽനോട്ടത്തിലും പരിപൂർണ്ണ ഉത്തരവാദിത്വത്തിലും ഒളശ്ശയിൽത്തന്നെ പാകപ്പെടുത്തിയിട്ടുള്ള എല്ലാവിധ ഔഷധങ്ങളും എപ്പോഴും തയ്യാറുണ്ടു്. ചികിത്സാപരിചയം സിദ്ധിച്ച വൈദ്യന്മാർ എല്ലാ ബ്രാഞ്ചിലും സ്ഥിരമായി ഉണ്ടായിരിക്കുന്നതും, നാണപിള്ളവൈദ്യൻ തിങ്കൾ, ചൊവ്വാ, വ്യാഴം ഈ ദിവസങ്ങളിൽ കോട്ടയം ബ്രാഞ്ചിലും, ബുധനാഴ്ചതോറും ചങ്ങനാശ്ശേരി ബ്രാഞ്ചിലും, വെള്ളിയാഴ്ചതോറും പാലാ ബ്രാഞ്ചിലും, ശനിയാഴ്ചതോറും എരുമേലി ബ്രാഞ്ചിലും, ഞായറാഴ്ചതോറും ആലപ്പുഴ ബ്രാഞ്ചിലും രോഗികളുടെ സൗകര്യാർത്ഥം ഉണ്ടായിരിക്കുന്നതാണു്.

മാനേജർ.

# S. D. Tutorial College

**Christian Institute,**
**MULLACKAL, ALLEPPEY.**

A LEADING INSTITUTION IN KERALA.

Run by an Experienced COLLEGE LECTURER.

Separate division for boys & girls
Weekly Test Papers
Progress Reports
A band of highly qualified & experienced teachers
Regular classes for School & College going students.
Special class for General English.
You can always depend up on S. D. TUTORIALS.

Principal: N. S. KURUP M. A.

## ഓണം പ്രമാണിച്ച്

ഏററവും ആകർഷണീയങ്ങളായ
എല്ലാവിധ ജൗളിത്തരങ്ങളും
പുതുതായി
ധാരാളം വന്നുചേർന്നിരിക്കുന്നു!

# താജ്മഹാൾ
# ടെക്സ്ററയിൽസ്

മുല്ലയ്ക്കൽ :: ആലപ്പുഴ.

## ആലപ്പിയൻസ് ഡ്രമാററിക്ക് സൊസൈററി, പാലസ് വാർഡ്—ആലപ്പുഴ.



ജീവിതാരാമത്തിലെ വാടിക്കരിഞ്ഞതും പൊട്ടിവിരിഞ്ഞു പുഞ്ചിരിക്കുന്നതുമായ യാഥാർത്ഥ്യത്തിൻെറ കലികകളേയും മലരുകളേയും കലാകാരന്റെ കഴിവുററകൈകൾ, അനുഭവത്തിന്റെ വെളിച്ചത്തിൽ ഇറുത്തെടുത്ത് കമനീയമായി കോർത്തിണക്കിയ കലാമാല്യങ്ങൾ കലാസ്വാദകരായ കേരളീയർക്കു വേണ്ടി, കലാവതിയായ കൈരളിയുടെ കളകണ്ഠത്തിലർപ്പിക്കുവാൻ കവിതയുടെ കൈത്തിരിയും കത്തിച്ച് കലോപാസകരായ **A. D. S.** കലാക്ഷേത്രകവാടത്തിലേക്ക് കരളുറപ്പോടെ കടന്നുവരുന്നു.



# 1 — പങ്കാളികൾ —

**സാമൂഹ്യ സംഗീതനാടകം — By ആലപ്പി ചന്ദ്രമോഹൻ.**

ഇന്നത്തെ ദുഷിച്ചുനാറിയ സാമൂഹ്യവ്യവസ്ഥിതിക്കെതിരായി സുപ്രസിദ്ധ കഥാകൃത്തും നടനുമായ ശ്രീ. ആലപ്പിചന്ദ്രമോഹൻെറ മൂർച്ചയേറിയ തൂലിക പടവാളായി ഉയരുന്നു. അനവദ്യസുന്ദരമായ കഥാഘടന! ആനന്ദസന്ദായകമായ സംഗീതം! ആസ്വാദനീയമായ ഫലിതം! ആരെയും ആകർഷിക്കുന്ന വൈദ്യുതരംഗസജ്ജീകരണങ്ങൾ!

# 2 ★ പടച്ചോൻ വലിയോനാ ★

**സാമുദായിക സംഗീതനാടകം. — By പ്രതാപഭവനം ഭാസ്കരൻനായർ**

(നൂററാണ്ടുകൾക്കപ്പുറം മെക്കായിൽനിന്നു കൊളുത്തിയ സൗഹാർദ്ദത്തിൻെറ കെടാത്ത കൈത്തിരിയുമേന്തി "അല്ലാഹു അക്ബർ" എന്ന വിജയകാഹളവും മുഴക്കി വിശേഷാത്തരമായ ഒരു സംസ്കാരത്തെ പുലർത്തിപ്പോരുന്ന ഇസ്ലാംമതത്തിൻെറ അന്തസ്സത്തയേയും കെട്ടുറപ്പിനേയും കലാപരമായി ചിത്രീകരിക്കുന്ന ഒരു നല്ല നാടകം)

ഗാനരചന: പ്രതാപഭവനം.

സംഗീതസംവിധാനം:
കളർകോട്ട് മഹാദേവൻ.

★

അഭിനയിക്കുന്നവർ:—
ആലപ്പി ചന്ദ്രമോഹൻ
പ്രതാപഭവനം
കളർകോട്ട് ഉണ്ണികൃഷ്ണൻ
ജോസഫ് തയ്യിൽ
സതീശ് ബാബു
ഗംഗ, മാധവൻ
ജോത്സ്നകുമാർ
മിസ്സ്. ആനന്ദവല്ലി
ചെല്ലം
കുമാരി ആനന്ദവല്ലി
പൊന്നമ്മ Etc.



ഡയറക്ഷൻ:
ആലപ്പി ചന്ദ്രമോഹൻ.
ഹാർമ്മോണിയം: വി എ. മാധവൻ
തബല: ബാബു.
ഫിഡിൽ: എൻ. എൽ. അലക്സ്.
ക്ലാർനററ്: ഒ. ജെ. ചാക്കൊ

★

ബുക്കിംഗിന്—
സെക്രട്ടറി, ആലപ്പിയൻസ്
ഡ്രമാററിക്ക് സൊസൈററി,
പാലസ് വാർഡ്, ആലപ്പുഴ.

★

A. D. S. ൻെറ ബി. കമ്പനിയിലെ സംഗീത നൃത്ത നാടകങ്ങളിൽ അഭിനയിക്കുന്നതിനു അപേക്ഷ അയക്കുന്നവർ 15 നയാപൈസാ സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

# കേരളത്തിലെ
# എൻ. ബി. എസ്. പട്ടണങ്ങൾ

നമ്മുടെ ജില്ലാ തലസ്ഥാനങ്ങളായ പ്രധാന പട്ടണങ്ങൾ ഒമ്പതാണ്. ഇവയിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, ഈ പട്ടണങ്ങൾ പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. കാരണം, ഈ പട്ടണങ്ങളിൽ എൻ. ബി. എസ്. പ്രവർത്തിക്കുന്നുവെന്നതു മാത്രമാണ്.

**തിരുവനന്തപുരം**

**കോട്ടയം**

**എറണാകുളം**

**തൃശ്ശൂർ**

എൻ. ബി. എസ്. ഈ പട്ടണങ്ങളുടെ പ്രശസ്തി വർദ്ധിപ്പിക്കുന്നു.

എൻ. ബി. എസ്. സാഹിത്യപ്രവർത്തക സഹകരണസംഘത്തിൻെറ (എസ്. പി. സി. എസ്. എന്നു ചുരുക്കപ്പേര്) സെയിത്സ് വകുപ്പാണ്. എസ്. പി. സി. എസ്. പോലൊരു സ്ഥാപനം ഇന്ത്യയിൽ വേറെ ഇല്ല. അത് എഴുത്തുകാർക്കു വേണ്ടി എഴുത്തുകാർ നടത്തുന്ന എഴുത്തുകാരുടെ സ്ഥാപനമാണ്.

എസ്. പി. സി. എസ്. കേരളത്തിൻെറ സംസ്കാര പുരോഗതിയിൽ അതിപ്രധാനമായ ഒരു പങ്കുവഹിക്കുന്നു.

**NATIONAL BOOK STALL**
Kottayam, Trivandrum, Ernakulam, Trichur.

Edited, Printed & Published by R. Madhavan Pillai at the Sarasan Press, Changanacherry.

# 1001 രൂപായുടെ സ്വൎണ്ണാഭരണങ്ങൾ

## സൌജന്യം.

ചെമ്പകാജ്യൂവലേഴ്സിന്റെ 6-ാമതു സ്വൎണ്ണാഭരണ വിതരണപദ്ധതി.

**ആരംഭദിനം 1961 ജനുവരി 8.**

**നറുക്കുവീണാൽ വീണ്ടും പണം അടയ്ക്കേണ്ടാ.**

| | | | | | |
|---|---|---|---|---|---|
| A | ഗ്രൂപ്പ് | 15 | രൂപാ | മുടക്കി | 375 രൂപായ്ക്കും |
| B | ,, | 10 | ,, | ,, | 250 ,, |
| C | ,, | 5 | ,, | ,, | 125 ,, |

പൂൎണ്ണ ഉത്തരവാദിത്വമുള്ളതും മികച്ച ഫാഷനില്ലുള്ളതുമായ സ്വൎണ്ണാഭരണങ്ങൾ യാതൊരു ബാദ്ധ്യതയും കൂടാതെ സമ്പാദിക്കാം. ഇന്നത്തെ സാമ്പത്തികനിലയെ പരിഗണിച്ചുള്ള വരുമാനത്തിന്റെ ഒരംശം നിങ്ങളുടെ മക്കൾക്കായി മാററിവയ്ക്കുന്നകൂട്ടത്തിൽ സ്വൎണ്ണാഭരണങ്ങളും ഉൾപ്പെടട്ടെ.

25 മാസവും മുടക്കംവരുത്താതെ പണം അടക്കുന്നവരുടെ പേരുകൾ സ്പെഷ്യൽ നറുക്കെടുപ്പിൽ ചേൎത്തു് വിജയിക്കുന്നവൎക്കു് 1001 രൂപായുടെ സ്വൎണ്ണാഭരണങ്ങൾ സൗജന്യമായി നൽകപ്പെടും.

വ്യവസ്ഥകൾക്കു് 15 നയാപൈസാ സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

# ചെമ്പകാജ്യൂവലേഴ്സ്

## മുല്ലയ്ക്കൽ, ആലപ്പുഴ

Tele: "CHEMBAKA" Regd. M. 37 Phone: 2092


Cover Printed at Deepika Press, Kottayam.